

അധികാരം ജനങ്ങളിലേക്ക്

# നീണ്ടകര
# ഗ്രാമ പഞ്ചായത്ത്

---

# വികസനരേഖ 1997

21-5

# നീണ്ടകര

# ഗ്രാമ പഞ്ചായത്ത്

## വികസനരേഖ 1997



സ്വയം സമ്പൂർണ്ണ ഗ്രാമസൃഷ്ടിയിലൂടെ
മാത്രമേ രാഷ്ട്രപുനർനിർമ്മാണം
സാദ്ധ്യമാകൂ

-ഗാന്ധിജി

# നീണ്ടകര
# ഗ്രാമ പഞ്ചായത്ത്
# വികസന സെമിനാർ



# കൊല്ലം ജില്ല

## പഞ്ചായത്തുകൾ




ചിത്രം PRM-CESS

# വികസന റിപ്പോർട്ട് തയ്യാറാക്കിയ സമിതി

ചെയർമാൻ: വി.സുന്ദരേശൻ (പ്രസിഡന്റ്)

കൺവീനർ: സി.പത്മകുമാർ (സെക്രട്ടറി)

സർവ്വശ്രീ: എൻ.ശ്രീകണ്ഠൻപിള്ള

" ജി.രാജീവൻപിള്ള

" കെ.വി.വാസു

" ജി. ചന്ദ്രശേഖരപിള്ള

" വി.എൻ.രവീന്ദ്രൻ പിള്ള

" എസ്.വിജയകുമാർ

" പി.ബാബു

" എം.അംബുജാക്ഷൻ

" കെ.ശിവദാസൻ

" കൊച്ചു ഗോവിന്ദപിള്ള

" കെ. ഗോപിനാഥൻ പിള്ള

" എ.ജോസ്

" കെ.പി.രാമചന്ദ്രൻപിള്ള

"ജേക്കബ് മാരിയോ

ശ്രീമതി മേരിചെറിയാൻ

" പാറുക്കുട്ടിഅമ്മ

" ബി.എസ്.മായാദേവി

"എസ്.ഗീത

# നീണ്ടകര ഗ്രാമപഞ്ചായത്ത് ഭരണസമിതി



വി. സുന്ദരേശൻ
പ്രസിഡന്റ്



എസ്. വിജയകുമാർ
വൈസ് പ്രസിഡന്റ്



മേരി ചെറിയാൻ
സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ



ബി. പ്രസാദ്



ആനന്ദം രത്നദാസ്



പി. ബാബു



സംയുക്തവസുധരൻ



എം. അംബുജാക്ഷൻ



എൻ. എസ്. ബൈജു



സി. പത്മകുമാർ
സെക്രട്ടറി

## ഉള്ളടക്കം


1. ആമുഖം 13
2. ചരിത്രം 14
3. ഭൂപ്രകൃതിയും വിഭവങ്ങളും 17
4. കൃഷി, ജലസേചനം 35
5. മൃഗസംരക്ഷണം 38
6. മത്സ്യബന്ധനം 42
7. വ്യവസായം 46
8. ഗതാഗതം, ഊർജ്ജം, മാർക്കറ്റ് 49
9. വിദ്യാഭ്യാസം 59
10. ഭവന നിർമ്മാണം സാമൂഹ്യക്ഷേമം 65
11. പൊതുജനാരോഗ്യം കുടിവെള്ളം 71
12. വനിതാക്ഷേമം 76
13. പട്ടികജാതി പട്ടികവർഗ ക്ഷേമം 79
14. സംസ്കാരം 82
15. സഹകരണമേഖല 84
16. വിഭവ സമാഹരണം 87

# 1

# ആമുഖം

സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൽ ഭാരതത്തിന്റെ വികസന പ്രവർത്തനങ്ങൾ ആസൂത്രണ പ്രക്രിയയുടെ അടിസ്ഥാനത്തിൽ ആയിരുന്നു. പഞ്ചവത്സരപദ്ധതികൾ ആസൂത്രണം ചെയ്യുകയും കൃഷി, വ്യവസായം, ടെലികമ്യൂണിക്കേഷൻ, ശാസ്ത്ര സാങ്കേതികരംഗം മുതലായ രംഗത്ത് വമ്പിച്ച പുരോഗതി കൈവരിക്കാനും കഴിഞ്ഞിട്ടുണ്ട്. വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹ്യക്ഷേമരംഗങ്ങളിൽ പ്രത്യേകിച്ച് കേരളത്തിന് അഭിമാനാർഹമായ നേട്ടങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ കൃത്യമായ ലക്ഷ്യബോധത്തിന്റെയും ജനപങ്കാളിത്തത്തിന്റെയും അഭാവത്തിൽ മറ്റു പല മേഖലകളിലും കാര്യമായ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. അധികാരകേന്ദ്രീകരണം കാരണം പദ്ധതികൾ അശാസ്ത്രീയവും പ്രാദേശികമായ അനുയോജ്യമല്ലാത്തതും ജനാഭിലാഷം പൂർത്തീകരിക്കാത്തവയുമായി പരിണമിച്ചു.

നമ്മുടെ രാഷ്ട്രപിതാവിന്റെ സ്വപ്നമായിരുന്നു ഗ്രാമസ്വരാജ്. ഓരോ ഗ്രാമവും മുഴുവൻ അധികാരവുമുള്ള ഒരു റിപ്പബ്ലിക്കോ പഞ്ചായത്തോ ആകണം അതിന്റെ അർത്ഥം. ഓരോ ഗ്രാമവും സ്വയം പര്യാപ്തമാകണം: സ്വന്തം കാര്യങ്ങൾ നോക്കാൻ കഴിവുള്ളതാകണം. ഇതായിരുന്നു അദ്ദേഹത്തിന്റെ സമീപനം. ഗാന്ധിജി മരിക്കുന്നതിന് 12 ദിവസം മുൻപ് 'ഹരിജൻ' വാരികയിൽ എഴുതി. "കേന്ദ്രത്തിലിരിക്കുന്ന ഇരുപതുപേർക്ക് (മന്ത്രിമാർക്ക്) ശരിയായ ജനാധിപത്യം നടപ്പിലാക്കാൻ കഴിയുകയില്ല. ഓരോ ഗ്രാമത്തിലെയും ജനങ്ങൾ അതു നടപ്പിൽ വരുത്തണം". ഗാന്ധിജിയുടെ ഈ സ്വപ്നം സാക്ഷാൽക്കരിക്കുന്നതിനുള്ള ആദ്യത്തെ കാൽവെപ്പ് ആണ് 73, 74 ഭരണഘടന ഭേദഗതി.

73, 74 ഭരണഘടന ഭേദഗതികൾ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ ഘടനയിലും അധികാരങ്ങളിലും വലിയ മാറ്റങ്ങളാണ് വരുത്തിയിരിക്കുന്നത്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഭരണഘടന ഉൾപ്പെട്ട സ്ഥാപനമായി തീർന്നു എന്നതാണ് പ്രധാനമായ മാറ്റം. അഞ്ചുകൊല്ലത്തിലൊരിക്കൽ തെരഞ്ഞെടുപ്പിലൂടെ എത്തുന്ന പഞ്ചായത്ത് ഭരണസമിതികൾ സ്ത്രീകൾക്ക് മൂന്നിലൊന്ന് അംഗത്വവും ഭാരവാഹിത്വവും ഉറപ്പാക്കുക, എല്ലാ വോട്ടർമാർക്കും പങ്കാളിത്തമുള്ള ഗ്രാമസഭകൾ, ത്രിതലപഞ്ചായത്തു ഭരണ സംവിധാനം മുതലായ സവിശേഷതകളാണ് ഈ ഭരണഘടന ഭേദഗതിയിലൂടെ ലഭ്യമായത്.

മേൽപറഞ്ഞ ഭേദഗതികൾക്കനുസരണമായി സംസ്ഥാന നിയമസഭ നിയമനിർമ്മാണം നടത്തിയതിന്റെ അടിസ്ഥാനത്തിൽ 1995 ഒക്ടോബർ മാസം 20ം തീയതി സംസ്ഥാനത്താകമാനം പഞ്ചായത്ത് രാജ് സംവിധാനത്തിലുള്ള ത്രിതല ഭരണസംവിധാനം നിലവിൽ വന്നു. സംസ്ഥാന ഗവൺമെന്റ് വിവിധ വകുപ്പുകളുടെ അധികാരങ്ങൾ പഞ്ചായത്തുകൾക്കു കൈമാറുകയും ചെയ്തു.

ഈ സാഹചര്യത്തിലാണ് അധികാര വികേന്ദ്രീകരണം യാഥാർത്ഥ്യമാക്കാൻ ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന് സംസ്ഥാന സർക്കാർ രൂപം നൽകുന്നത്. ഒൻപതാം പദ്ധതി ജനകീയ പദ്ധതിയായി മാറ്റുന്നതിനായി ബഹുജനങ്ങളുടെയും ഉദ്യോഗസ്ഥന്മാരെയും ആസൂത്രണ പ്രക്രിയയിൽ പങ്കാളികളാക്കിക്കൊണ്ട് വികസനപ്രക്രിയയ്ക്ക് രൂപം നൽകുക എന്ന മഹത്തായ ലക്ഷ്യം കൈവരിക്കുന്നതിനുള്ള ശ്രമമാണ്. 9ം പദ്ധതിയുടെ 40 ശതമാനം തുക വിനിയോഗിക്കുന്നതിനായി ജനകീയ മുന്നേറ്റത്തിലൂടെ പദ്ധതികൾ തയ്യാറാക്കുന്ന പ്രക്രിയയിൽ നാം പങ്കാളികളാകുകയാണ്. നീതിപൂർവ്വകവും സ്ഥിരതയുള്ളതുമായ വികസനത്തിനു വേണ്ടിയുള്ള ഈ നൂതനാപരീക്ഷണമാണ് ജനകീയ ആസൂത്രണ പ്രസ്ഥാനം.

നമ്മുടെ ഗ്രാമസഭകൾ അഭൂതപൂർവ്വമായ ജനകീയ പങ്കാളിത്തത്തിന്റെ പ്രതീകങ്ങളായിരുന്നു. 22.8.96ൽ ആരംഭിച്ച ഗ്രാമസഭകൾ 12.10.96 തീയതിയിൽ പൂർത്തിയായി. 1000ൽ ആൾക്കാർ പന്ത്രണ്ട് വിഷയങ്ങളിൽ പരം നടത്തിയ വിശദമായ ചർച്ചകളുടെ അടിസ്ഥാനത്തിലാണ് നിരവധി പ്രശ്നങ്ങളും നിർദ്ദേശങ്ങളും രൂപം കൊണ്ടത്. ഈ വിവരങ്ങളോടൊപ്പം ശേഖരിക്കപ്പെട്ട ദ്വിതീയ വിവരങ്ങളും വിഭവ ഭൂപടനിർമ്മാണത്തിൽ നിന്നും ലഭിച്ച വസ്തുതകളുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ റിപ്പോർട്ട് നിങ്ങളുടെ മുന്നിൽ സവിനയം സമർപ്പിക്കുന്നു.

# 2
# ചരിത്രം

നീണ്ടകര ഗ്രാമപഞ്ചായത്ത് തെക്കുംഭാഗം പഞ്ചായത്തിന്റെ മൂന്നു വാർഡുകൾ ഉൾപ്പെട്ട ഒരു പ്രദേശമായിരുന്നു. 28.01.78ലെ G.O.(Ms) 21/78 നമ്പർ ഉത്തരവിൻ പ്രകാരം 10.02.78മുതൽ ആണ് നീണ്ടകര പഞ്ചായത്ത് പ്രവർത്തനം ആരംഭിച്ചത്.

ഈ പഞ്ചായത്ത് പഴയ വേണാട് രാജ്യത്തിൽ ഉൾപ്പെട്ടിരുന്ന ഒരു ചെറുദ്വീപ് ആയിരുന്നു. പടിഞ്ഞാറ് അറബിക്കടലും തെക്കും കഴിക്കും അഷ്ടമുടിക്കായലും വടക്ക് ചവറ തോടും അതിരുകൾ ആയ ഒരു പ്രദേശമാണ്. കടലിന്റെ വരദാനമായി ലഭിച്ച ഒരു പ്രദേശമായി കരുതുന്നു.

കടലിലേയ്ക്ക് ദർശനമുള്ള ചരിത്ര പ്രസിദ്ധമായ പരിമണം ശ്രീ ദുർഗാദേവി ക്ഷേത്രം കേരളസൃഷ്ടാവ് എന്ന് വിശേഷിക്കപ്പെടുന്ന പരശുരാമൻ പ്രതിഷ്ഠിച്ചതാണ് എന്ന ഒരു ഐതീഹ്യം നിലവിലുണ്ട്.

ധീരദേശാഭിമാനി ആയിരുന്ന ശ്രീ വേലുതമ്പി ദളവ ബ്രിട്ടീഷുകാരുടെ ആക്രമണത്തിൽ നിന്നും രക്ഷപെട്ട് ഒളിവിൽ താമസിച്ചിരുന്നത് ഈ പഞ്ചായത്തിന്റെ തൊട്ടടുത്ത സ്ഥലത്താണ്. ആ പ്രദേശം ഇന്ന് ദളവാപുരം എന്ന നാമധേയത്തിൽ അറിയപ്പെടുന്നു.

പന്ത്രണ്ടോളം പെറുതുരുത്തുകൾ ഉൾപ്പെട്ട ഒരു പ്രദേശമാണ് ഇത്. പന്നയ്ക്കർ തുരുത്ത്, വെളിതുരുത്ത്, നീലേശ്വരം തോപ്പ് എന്നിവയാണ് ഇതിൽ പ്രധാന തുരുത്തുകൾ നീളം കൂടി വീതി കുറഞ്ഞ പ്രദേശമായതിനാൽ നീണ്ടകര എന്ന പേരിൽ ഈ പ്രദേശം അറിയാനിടയായതു പഴയകാലത്ത് എണ്ണപ്പെട്ട തറവാട്ടുകാരുടെ കൈവശമായിരുന്നു ഈ പ്രദേശം.

ഭൂരിഭാഗം ഹിന്ദുക്കളും ക്രിസ്ത്യാനികളും നാമമാത്രമായി മുസ്ലീങ്ങളും ഏകോദര സഹോദരങ്ങളെപോലെ കഴിഞ്ഞുകൂടുന്ന സ്ഥലമാണ് ഇത്.

പോർട്ടുഗീസുകാർ കേരളത്തിൽ വന്നപ്പോൾ സ്ഥാപിച്ചതാണ് പ്രധാന ക്രൈസ്തവ ദേവാലയമായ നീണ്ടകരപള്ളി. ഈ പള്ളിയിലെ പെരുന്നാളും പരിമണം ക്ഷേത്രത്തിലെ ഉത്സവവും എല്ലാ മതസ്ഥരും ഒന്നുപോലെ ആഘോഷിക്കുന്ന ചടങ്ങുകളാണ്. ഇന്നാട്ടിലെ സാംസ്കാരിക പൈതൃകത്തിന്റെ ഉദാഹരണങ്ങളാണ് മണ്ണാത്തറ, കണ്ണാട്ടുകുടി, ആൽത്തറമൂട് ക്ഷേത്രങ്ങൾ. പഴയപ്രൗഢികൾ വിളിച്ചറിയിക്കുന്ന സ്മാരകങ്ങളായ കളരികളും കാവുകളും ഇന്നും പലഭാഗത്തും സ്ഥിതി ചെയ്യുന്നു.

ഈ നാട്ടിലെ പഴയകാലത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളായ സെന്റ് സെബാസ്റ്റ്യൻ എൽ.പി.എസ്. ഗവൺമെന്റ് എൽ.പി.എസ്, പരിമണം, എ. എസ്. യു.പി.എസ്. പുത്തൻതുറ എന്നിവയായിരുന്നു. സാംസ്കാരിക പുരോഗതിക്കു സഹായകമായത്. ദേശീയ സ്വാതന്ത്ര്യ സമരത്തിനുശേഷം ഐതിഹാസികമായ പല സമരങ്ങൾക്കും സാക്ഷ്യം വഹിച്ച ഒരു പ്രദേശമാണ് ഇത്. സ്വാതന്ത്ര്യ സമരത്തിലും, ഗാന്ധിജിയോടൊപ്പം ഉപ്പു സത്യാഗ്രഹ സമരത്തിലും പങ്കെടുത്ത ഒരു സമര സേനാനിയായിരുന്നു പരേതനായ സ്രീ.വിറ്റിമോറിസ്, അയ്യപ്പൻ കാട്ടിൽ. സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്ത വീരസേനാനികളെ സംഭാവന ചെയ്ത ഒരു പ്രദേശമാണ് ഇത്. അവരിൽ പ്രമുഖരാണ് ശ്രീമാൻമാർ. അങ്ങനെ 29.7.79 മുതൽ 1984 വരെ ശ്രീ.എഫ്.ആന്റണി പ്രസിഡന്റായും ശ്രീ.ദാമോദരൻമേശിരി വൈസ് പ്രസിഡന്റായും സേവനമനുഷ്ഠിച്ചു. 1984-88 വരെ ഉദ്യോഗസ്ഥഭരണമായിരുന്നു. 4.2.1988 മുതൽ 1995 സെപ്റ്റംബർ വരെ ശ്രീ.വി.സുന്ദരേശൻ പ്രസിഡന്റായും ശ്രീമതി.മേരി ചെറിയാൻ വൈസ് പ്രസിഡന്റായും സേവനമനുഷ്ഠിച്ചു. 1995 ഒക്ടോബർ 2 മുതൽ പുതിയ ഭരണ സമിതി നിലവിൽ വന്നു.

പഞ്ചായത്തിന്റെ ഗതകാല ചരിത്രം പരിശോധിക്കുന്ന ഈ വേളയിൽ നമ്മൾ എത്തിനിൽക്കുന്നത് ഒട്ടും ആശാവഹമായ ഒരു അവസ്ഥയിൽ അല്ല. എല്ലാ തുറകളിലും വികസനം കാത്തു നിൽക്കുന്ന പ്രദേശമാണ്. കാർഷിക മേഖലയിൽ പിന്നോക്കം പോകുന്ന ഒരു പ്രവണതയാണ് നിലനിൽക്കുന്നത്. വ്യവസായ രംഗം പരിശോധിച്ചാൽ പൊതുമേഖലയിൽ ആരംഭിച്ച വ്യവസായങ്ങൾ അടച്ചുപൂട്ടുകയും സ്വകാര്യമേഖലയിൽ

ചുരുക്കം ചില ആളുകളിൽ മാത്രം കേന്ദ്രീകരിക്കുന്നതുമായ അവസ്ഥയാണ് റോഡുകളുടെ കാര്യവും വളരെ ശോചനീയമായ അവസ്ഥ. വികസനത്തിന് നാനാരീതിയിൽ വെല്ലുവിളികൾ നേരിടുന്ന ഒരു സാഹചര്യത്തിലൂടെയാണ് നാം ഇന്ന് കടന്നുപോകുന്നത്.

ഒത്തൊരുമിച്ചുള്ള ഒരു ജനകീയ മുന്നേറ്റത്തിലൂടെ സന്നദ്ധ സേവനത്തിലൂടെ ഈ വെല്ലുവിളികളെ അതിജീവിക്കാൻ കഴിയും എന്ന ചരിത്രത്തിന്റ പാഠം ഉൾക്കൊണ്ട് നമുക്കു പ്രവർത്തിക്കാം. അസോസിയേറ്റ് മിനറൽ കമ്പനി എന്ന പേരിൽ വ്യവസായം ആരംഭിച്ചുവെങ്കിലും പിൽക്കാലത്ത് അതിന്റെ പ്രവർത്തനം ഈ പഞ്ചായത്തിൽ നിലക്കുകയാണ് ഉണ്ടായത്.

ഈ പ്രദേശത്തെ പുരോഗതിയിലേക്കു നയിച്ച ഒരു പ്രധാന പദ്ധതിയായിരുന്നു നോർവ്വേ സർക്കാരുമായി നടപ്പിലാക്കിയ മത്സ്യബന്ധന ആരോഗ്യപദ്ധതി. ഇതിന്റെ ഭാഗമായി 1994 കാലഘട്ടത്തിൽ മത്സ്യബന്ധന വ്യവസായം പരിപോഷിപ്പിക്കുന്നതിനായി നീണ്ടകരയിൽ ഒരു ഫ്രീസിംഗ് പ്ലാന്റും വർക്ക്ഷോപ്പും പരിമണത്ത് ഒരു ഫൗണ്ടേഷൻ ആശുപത്രിയും സ്ഥാപിച്ചു. 60 കിടക്കകളും ഓപ്പറേഷൻ തിയേറ്റർ മുതലായ സജ്ജീകരണങ്ങളോടുകൂടിയ ഈ ആശുപത്രിയും ഫ്രീസിംഗ് പ്ലാന്റും പിൽക്കാലത്ത് സ്തംഭനാവസ്ഥയിൽ ആയി. എന്നാൽ ജനകീയ മുന്നേറ്റത്തിന്റെ ഫലമായി ആശുപത്രിയുടെ പ്രവർത്തനം പുനരാരംഭിച്ചു.

കരിമണൽ ഖനനം, കയർപിരി, കാർഷികവൃത്തി, മത്സ്യബന്ധനം എന്നിവയായിരുന്നു പുരാതന പരമ്പരാഗത തൊഴിലുകൾ. മത്സ്യബന്ധന രംഗത്ത് യന്ത്രവൽക്കരണം വന്നതോടുകൂടി നല്ല പുരോഗതി നേടാൻ കഴിഞ്ഞിട്ടുണ്ട്. ഇന്ന് നീണ്ടകര ഒരു മത്സ്യബന്ധന തുറമുഖമാണ്.

1978 ഫെബ്രുവരി മാസം നീണ്ടകര പഞ്ചായത്ത് രൂപം കൊണ്ടതിനുശേഷം വാടകക്കെട്ടിടത്തിൽ പ്രവർത്തിച്ചു വരികയായിരുന്നു. സ്വതന്ത്ര നായർ കരയോഗം സൗജന്യമായി നൽകിയ 10 സെന്റ് സ്ഥലത്ത് 17-09-84 മുതൽ പരിമണത്തുള്ള സ്വന്തമായ ആഫീസ് മന്ദിരത്തിൽ പ്രവർത്തിച്ചുവരുന്നു. മാടത്തറ കുമാരൻ, തയ്യിൽ ഭാസ്കരൻ, ഇടപ്പുതുവൽ മാധവൻ. എം.എസ്.നാരായണപിള്ള. തിരുവിതാംകൂർ മിനറൽസ് വർക്കേഴ്സ് യൂണിയന്റെ ആദ്യകാല പ്രവർത്തകനും ദീർഘകാലം ട്രേഡ് യൂണിയൻ രംഗത്ത് തൊഴിൽ സമരങ്ങൾക്ക് നേതൃത്വം നൽകിയ ശ്രീ.ഓ.പി.ഭാസ്ക്കരൻപിള്ളയുടെ ജന്മനാടാണ് നീണ്ടകര. കാൽ നൂറ്റാണ്ടിലധികമായി ഈ മണ്ഡലത്തെ പ്രതിനിധീകരിച്ച് നിയമസഭയിലെ അംഗമായിരിക്കുകയും ഇപ്പോഴത്തെ സംസ്ഥാനമന്ത്രിസഭയിലെ അംഗമായ ശ്രീ.ബേബിജോണിന്റെ ജന്മനാടും ഈ പഞ്ചായത്തിലാണ്.

കൊല്ലത്തു നടന്ന കോട്ടൺ മിൽ തൊഴിലാളികളുടെ സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് ഇന്നാട്ടിലെ കരിമണൽ തൊഴിലാളികളും ത്യാഗോജ്ജ്വലമായ സമരത്തിൽ പങ്കാളികളായിട്ടുണ്ട്. ഈ സമരത്തെ അടിച്ചമർത്താനായി പോലീസ് ഭീകരമായ തേർവാഴ്ചയും, ലോക്കപ്പ് മർദ്ദനവും നടത്തുകയുണ്ടായി. ഇതിനെ തുടർന്ന് അനേകം ആൾക്കാർ രോഗബാധിതരായി പിൽക്കാലത്ത് മരണപ്പെടുകയുണ്ടായി. ഈ നരനായാട്ട് കൊല്ലവർഷം 1124 ഇടവം 12-നാണ് നടന്നത്. ആയതിനാൽ ഈ ദിനം 'ഇടവം 12' ആയി ഇന്നും അനുസ്മരിക്കുന്നു.

കേന്ദ്ര ഗവൺമെന്റിന് വമ്പിച്ച വിദേശനാണ്യം നേടിക്കൊടുക്കുന്ന കരിമണൽ വ്യവസായത്തിന് ആരംഭം കുറിച്ചത് ഈ പഞ്ചായത്തിലാണ്. ആദ്യം നീണ്ടകരയിൽ മാസ്സില മണി എന്നയാൾ മണ്ണുകമ്പനി ആരംഭിച്ചു. പിന്നീട് അത് കൈമാറ്റം ചെയ്യുകയും സർക്കാർ അധീനതയിൽ ആകുകയും ചെയ്തു.

## പഞ്ചായത്ത് പൊതുവിവരണം

പഞ്ചായത്തിന്റെ പേര് - നീണ്ടകര ഗ്രാമ പഞ്ചായത്ത്

ഉൾപ്പെടുന്ന വില്ലേജ് - നീണ്ടകര

ബ്ലോക്ക് പഞ്ചായത്ത് - ചവറ

താലൂക്ക് - കരുനാഗപ്പള്ളി

അസംബ്ലി മണ്ഡലം - ചവറ

വിസ്തീർണ്ണം - 10.19 ച:കി:മീറ്റർ

## അതിരുകൾ

വടക്ക് - ചവറതോട്

കിഴക്ക് - അഷ്ടമുടിക്കായൽ

തെക്ക് - അഷ്ടമുടിക്കായൽ

പടിഞ്ഞാറ് - അറബിക്കടൽ

ജനസംഖ്യ - 15424

പുരുഷൻ - 7727

സ്ത്രീ - 7697

ജനസാന്ദ്രത - 1514

സാക്ഷരർ പുരുഷൻ - 6170

സ്ത്രീകൾ - 5868

നിയോജക മണ്ഡലങ്ങൾ - 9

# 3

## നീണ്ടകര പഞ്ചായത്ത്

# ഭൂപ്രകൃതിയും വിഭവങ്ങളും

ഒരു പ്രദേശത്തിന്റെ വികസനം എന്നതകൊണ്ടുദ്ദേശിക്കുന്നത് ആ സ്ഥലത്തിന്റെ സ്ഥായിയും, നീതിപൂർവ്വകവുമായ ദ്രുതഗതിയിലുള്ള സാമ്പത്തിക വളർച്ചയെയാണ്. ഈ വികസനം സാദ്ധ്യമാകുക വികസന പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുമ്പോഴാണ്. പ്രാദേശികമായുള്ള ആസൂത്രണത്തിലൂടെ മാത്രമേ വികസനപദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുവാൻ കഴിയുകയുള്ളൂ. ഇതിനുവേണ്ടി അതതുപ്രദേശത്തിന്റെ പരിതസ്ഥിതിപരമായ പ്രത്യേകതകൾ കണക്കിലെടുത്ത്, അവിടുത്തെ വിഭവങ്ങൾക്കനുസൃതമായ പദ്ധതികൾക്ക് രൂപം നൽകുകയും, അവ ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുകയുമാണ് വേണ്ടത്.

വികേന്ദ്രീകൃത ആസൂത്രണം ഊർജ്ജിതമായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ പഞ്ചായത്തുകളെ വികസനയൂണിറ്റുകളാക്കിക്കൊണ്ടുള്ള സമീപനമാണ് ഏറ്റവും പ്രായോഗികം. ഇത്തരത്തിൽ ആസൂത്രണത്തിനു വേണ്ടുന്ന അടിസ്ഥാനവിവരങ്ങൾ വളരെ ശാസ്ത്രീയവും സൂക്ഷ്മവുമായിരിക്കണം. ഈ ലക്ഷ്യത്തോടെയാണ് കേരളസർക്കാർ പഞ്ചായത്തുതല വിഭവഭൂപടനിർമ്മാണം എന്ന പദ്ധതി ആവിഷ്ക്കരിച്ചിരിക്കുന്നത്.

വിഭവ ഭൂപടങ്ങൾ പ്രകൃതി വിഭവങ്ങളുടെ സ്ഥിതിവിവരങ്ങൾ വളരെ വിശദമായും, സക്ഷ്മമായും ചിത്രീകരിക്കുന്നു. ഇക്കാരണത്താൽ തന്നെ പഞ്ചായത്തുതലത്തിൽ വിഭവങ്ങളുടെ സൂക്ഷ്മതല വിവരണം ചിത്രീകരിക്കുന്ന ഭൂപടങ്ങൾ ആസൂത്രണ പ്രക്രിയയിൽ ഒരു സുപ്രധാന പങ്കുവഹിക്കുന്നു.

കെഡസ്റ്റൽ സ്കെയിലിൽ തയ്യാറാക്കുന്ന ഈ ഭൂപടത്തിൽ പഞ്ചായത്തിലെ ആസ്തികളും, നിലവിലുള്ള ഭൂവിനിയോഗരീതിയും രേഖപ്പെടുത്തുന്നു. ഈ ഭൂപടങ്ങളിലൂടെ ഓരോ പഞ്ചായത്തിന്റെയും സൂക്ഷ്മവും, സ്പഷ്ടവും, പൂർണ്ണവുമായ സമഗ്രാവലോകനം സാധ്യമാകുന്നു. നിലവിലുള്ള സ്ഥിതിവിശേഷം പഞ്ചായത്തധികൃതർക്കും, ജനപ്രതിനിധികൾക്കും മനസിലാകുന്നു. യുക്തമായ ജലോപഭോഗവും ഭൂവിനിയോഗ പരിവർത്തനവും കൊണ്ട് ഭൂമിയുടെ പരിപാലനംഉത്പാദനക്ഷമത ലക്ഷ്യമാക്കിയുള്ള വികസനോന്മുഖ പദ്ധതികൾ തയ്യാറാക്കുന്നതിനു സാധിക്കുന്നു.

കേരളത്തിന്റെ കശുവണ്ടി മേഖലയായ കൊല്ലം ജില്ലയിലെ ഒരു തീരദേശ പഞ്ചായത്താണ് നീണ്ടകര. ഇത് കരുനാഗപ്പള്ളി താലൂക്കിൽ, ചവറ ബ്ലോക്കിൽ, നീണ്ടകര വില്ലേജിൽ സ്ഥിതി ചെയ്യുന്നു. ഈ പഞ്ചായത്തിനെ 9 വാർഡുകളായി തിരിച്ചിരിക്കുന്നു. ചിത്രം (1)

ലക്ഷദ്വീപ് കടൽ തീരത്ത് സ്ഥിതിചെയ്യുന്ന നീണ്ടകര പഞ്ചായത്ത് കൊല്ലംആലപ്പുഴ ദേശീയപാതയിൽ കൊല്ലത്തു നിന്ന് 9 കി.മീ. ദൂരത്തു സ്ഥിചെയ്യുന്നു. ചിത്രം (2)

അക്ഷാംശം 8° 56' വടക്കും 8° 58' വടക്കും, രേഖാംശം 76° 32' കിഴക്കും 76 33' കിഴക്കും മധ്യേ കൊല്ലം ജില്ലയുടെ പടിഞ്ഞാറ് ഭാഗത്തായി നീണ്ടകര പഞ്ചായത്ത് സ്ഥിതിചെയ്യുന്നു. പഞ്ചായത്തിന്റെ അതിരുകൾ വടക്ക് ചവറ പഞ്ചായത്തും, തെക്ക് ശക്തികുളങ്ങര പഞ്ചായത്തും, കിഴക്ക് തെക്കുംഭാഗം പഞ്ചായത്തും പടിഞ്ഞാറ് അറബിക്കടലമുാണ്. നീണ്ടകര പഞ്ചായത്തിന്റെ വിസ്തീർണ്ണം 10.19 ച:കി:മീ: ആണ്. ചിത്രം (3)

കേരളത്തിലെ ഒരു പ്രമുഖ ഉൾനാടൻ മത്സ്യബന്ധന കേന്ദ്രമാണ് ഈ പഞ്ചായത്ത്. 1953ൽ ഇന്തോംനോർവീജിയൻ ഫിഷറീസ് കമ്മ്യൂണിറ്റി പ്രോജക്ടിന് തുടക്കം കുറിച്ചത് നീണ്ടകരയിലാണ്. ഇവിടെ ഫിഷിംഗ് ഹാർബർ തുറന്നിട്ടുണ്ട്. നീണ്ടകര പോർട്ടായും പ്രവർത്തിക്കുന്നു.

### ഭൂപ്രകൃതി:- അവലംബം: വിഭവ ഭൂപടങ്ങൾ, ടോപോഷീറ്റ് PRM CESS

ഒരു പ്രദേശത്തിന്റെ വികസനത്തെ സ്വാധീനിക്കുന്ന ഘടകങ്ങളിൽ ഭൂപ്രകൃതിയും ഒരു പ്രധാന പങ്ക് വഹിക്കുന്നു. ഭൂപ്രകൃതിയനുസരിച്ച് കേരളത്തെ മലനാട്, ഇടനാട്, തീരപ്രദേശം എന്നിങ്ങനെ മൂന്നായി തിരിച്ചിരിക്കുന്നു. ഇതിൽ തീരപ്രദേശത്തു വരുന്ന ഒരു പഞ്ചായത്താണ് നീണ്ടകര. സമുദ്രനിരപ്പിൽ നിന്നും 8 മീറ്ററിൽ താഴെമാത്രം ഉയരമുള്ള പ്രദേശങ്ങളാണ് ഈ വിഭാഗത്തിൽപ്പെടുന്നത്. നീണ്ടകര ഒരു തീരസമതലമാണ്. ഉയരം കൂടിയ സ്ഥലങ്ങൾ, നിരപ്പായ സ്ഥലങ്ങൾ എന്നിങ്ങനെയുള്ള വിഭജനം ഈ പഞ്ചായത്തിൽ പ്രായോഗികമല്ല. എല്ലാ


നീണ്ടകര പഞ്ചായത്ത്
ഭൂപ്രകൃതി
250 0 250 500 750 മീ.
8° 58'
8° 57'
8° 56'
76° 32'
ചവറ പഞ്ചായത്ത്
NH
സൂചിക:
പഞ്ചായത്ത് അതിര്
സമതലങ്ങൾ
ചരിവ്
PRM - CESS
ചിത്രം (4)


നീണ്ടകര പഞ്ചായത്ത്
വാർഡുകൾ
ചവറ പഞ്ചായത്ത്
തെക്കുംഭാഗം പഞ്ചായത്ത്
അഷ്ടമുടി കായൽ
സൂചിക:
പഞ്ചായത്ത് അതിര്
ദേശീയ പാത
പഞ്ചായത്ത് ഓഫീസ്
വാർഡുകൾ
76°32'
PRD - CESS

ചിത്രം (3)



നീണ്ടകര പഞ്ചായത്ത്
അഡ്മിനിസ്ട്രേറ്റീവ് ഭൂപടം
ചവറ പഞ്ചായത്ത്
മണ്ണാച്ചാടൻ കായൽ
പരിമണം
ലക്ഷദ്വീപ് കടൽ
തെക്കുംഭാഗം പഞ്ചായത്ത്
സൂചിക:
പഞ്ചായത്ത് അതിർത്തി
ദേശീയ പാത
പഞ്ചായത്ത് ഓഫീസ്
അഷ്ടമുടി കായൽ
76°32'
ചിത്രം (2)

ഭാഗവും ഏതാണ്ട് ഒരേ ഉയരമുള്ളവയാണ്. ഇടുങ്ങിയ ഈ ഭൂപ്രദേശത്തിന്റെ കിഴക്ക്, തെക്ക് ഭാഗങ്ങൾ അഷ്ടമുടിക്കായാലാൽ ചുറ്റപ്പെട്ടുകിടക്കുന്നു.

പടിഞ്ഞാറുഭാഗം ലക്ഷദ്വീപ് കടലാണ് ചിത്രം (4)

കേരളത്തെ 23 കാർഷികമേഖലകളായി തിരിച്ചിട്ടുണ്ട്. ഇതിൽ ഓണാട്ടുകര കാർഷിക മേഖലയിൽ ഉൾപ്പെടുന്നതാണ് നീണ്ടകര പഞ്ചായത്ത്. മണൽ നിറഞ്ഞ പശിമരാശിമണ്ണാണ് ഈ മേഖലയിൽ സാധാരണ കാണപ്പെടുന്ന മണ്ണ്. നീണ്ടകര പഞ്ചായത്തിൽ ഉയർന്ന സ്ഥലങ്ങളൊന്നുമില്ല. ഒരു ചതുപ്പു പ്രദേശമായാണ് ഈ പഞ്ചായത്ത് കാണപ്പെടുന്നത്. മണലാണ് ഈ പഞ്ചായത്തിലുള്ളത്. ഇതുകൂടാതെ കൃഷിക്കുപയുക്തമായ തരിശുഭൂമിയും, മണ്ണെടുക്കുന്ന സ്ഥലങ്ങളും ജലാശയങ്ങളുമുണ്ട്.

## കാലാവസ്ഥ:- അവലംബം: കാലാവസ്ഥ നിരീക്ഷണകേന്ദ്രത്തിൽ നിന്നും കിട്ടിയ റിപ്പോർട്ടുകൾ

കാലവസ്ഥയ്ക്കനുസരിച്ച് ഉഷ്ണമേഖലയിൽപ്പെടുന്ന പ്രദേശമാണെങ്കിലും സമുദ്രത്തിന്റെ സാമീപ്യം കൊണ്ട് ഈ പഞ്ചായത്തിൽ മിതോഷ്ണ കാലാവസ്ഥയാണനുഭവപ്പെടുന്നത്. ഭൂപ്രകൃതി ഒരു പരിധിവരെ കാലാവസ്ഥയെ സ്വാധീനിക്കുന്നതുപോലെ സമുദ്രം, ജലാശയങ്ങൾ എന്നിവയും താപനില ക്രമീകരിക്കുന്നതിൽ ഒരു പ്രധാന പങ്കു വഹിക്കുന്നു.

കൊല്ലം ജില്ലയിലനുഭവപ്പെടുന്ന അതേ കാലാവസ്ഥ മാറ്റങ്ങളാണ് ഈ പഞ്ചായത്തിലും അനുഭവപ്പെടുന്നത്. ഏറ്റവും ചൂടുകൂടിയ സമയം മാർച്ചു മുതൽ മേയ് വരെയാണ്. ഈ വേനൽകാല സമയത്ത് താപനില 38 മുതൽ 39 വരെ ഉയരുന്നു. ഇതേത്തുടർന്ന് ജൂൺ മാസം മുതൽ താപനില താഴ്ന്നു തുടങ്ങുന്നു. ഈ സമയത്ത് തെക്കു പടിഞ്ഞാറൻ കാലവർഷക്കാറ്റ് അടിച്ചുതുടങ്ങുന്നതാണ് കാരണം. ഇതിന്റെ ഫലമായി ഇടവപ്പാതി മഴ ലഭിക്കുന്നു. ഈ മഴക്കാലം സെപ്റ്റംബർ മാസം വരെ നീണ്ടുനിൽക്കുന്നു. വീണ്ടും ഒക്ടോബർ-നവംബർ മാസങ്ങളിൽ താപനിലയിൽ നേരിയ ഉയർച്ച അനുഭവപ്പെടുന്നു. ഒക്ടോബർ ഡിസംബർ മാസങ്ങളിൽ വടക്കു കിഴക്കൻ കാലവർഷക്കാറ്റിന്റെ ഫലമായി തുലാവർഷം ലഭിക്കുന്നു. ഇതിനെത്തുടർന്ന് ഡിസംബർ ജനുവരി മാസങ്ങളിൽ താപനിലയിൽ താഴ്ചയുണ്ടാകുന്നു. ഡിസംബർ മധ്യം മുതൽ ഫെബ്രുവരി മധ്യം വരെ മഞ്ഞുകാലമാണ്. ഈ സമയത്ത് ചില അവസരങ്ങളിൽ താപനില 27 ലും താഴെ എത്തുന്നു.

തീരപ്രദേശമായ നീണ്ടകരയിൽ ദിനാന്തരീക്ഷസ്ഥിതിയും, കാലാവസ്ഥയും തമ്മിൽ വലിയ വ്യത്യാസം അനുഭവപ്പെടാറില്ല. ഈ പഞ്ചായത്തിന്റെ ദിനാന്തരീക്ഷ സ്ഥിതി പരിശോധിച്ചാൽ പഞ്ചായത്തിന്റെ എല്ലാ ഭാഗത്തും ഒരേ താപനിലയും, മഴയുമാണെന്ന് കാണാം.

പഞ്ചായത്തിൽ അനുഭവപ്പെടുന്ന കാലാവസ്ഥാ മാറ്റങ്ങൾ

| | |
|---|---|
| മാർച്ച്-മെയ് | വേനൽകാലം |
| ജൂൺ-സെപ്റ്റംബർ | ഇടവപ്പാതി |
| ഒക്ടോബർ-നവംബർ | തുലാവർഷം |
| ഡിസംബർ-ഫെബ്രുവരി | മഞ്ഞുകാലം |

കൊല്ലം ജില്ലയിൽ ലഭിക്കുന്ന ശരാശരി മഴ 200-300 സെ.മീ.വരെയാണ്. ലഭ്യമാകുന്ന മഴയുടെ അടിസ്ഥാനത്തിൽ മഴക്കാലത്തെ മൂന്നായി തിരിച്ചിരിക്കുന്നു.

### മഴക്കാലങ്ങൾ

(i) ഇടവപ്പാതി:- ജൂൺ മുതൽ സെപ്റ്റംബർ വരെ

(ii) തുലാവർഷം:- ഒക്ടോബർ മുതൽ ഡിസംബർ വരെ

(iii) ഇടമഴ:- ജനുവരി മുതൽ മേയ്വരെ

കൊല്ലം ജില്ലയിൽ ഇടവപ്പാതി സമയത്തും, തുലാവർഷകാലത്തും ലഭിച്ച മഴയുടെ തോത് 1988-1993 വരെയുള്ള കണക്കുകൾ പരിശോധിച്ചാൽ മനസ്സിലാകും. പട്ടിക 1 ചിത്രം (5)

ഇതുകൂടാതെ 1991-ലും 1993-ലും കൊല്ലം ജില്ലയിൽ ഓരോ മാസവും ലഭിച്ച മഴയുടെ തോത് കാലാവസ്ഥ നിരീക്ഷണ കേന്ദ്രത്തിൽ നിന്നും ലഭിച്ച മഴയുടെ കണക്കുകൾ സൂചിപ്പിക്കുന്നു. ഈ കണക്കുകൾ പരിശോധിച്ചാൽ ഈ രണ്ടു വർഷവും ഏതു മഴയാണ് ഇടവപ്പാതിയോ, തുലാവർഷമോ കൂടുതൽ കിട്ടിയതെന്ന് മനസിലാക്കാം. ഇടമഴ ലഭിച്ച മാസവും അറിയാൻ കഴിയും. 1993 ഇടവപ്പാതിക്ക് ഏറ്റവും കൂടുതൽ മഴ ലഭിച്ചത് ജൂലൈ മാസത്തിലാണ്. തുലാവർഷം ഏറ്റവും കൂടുതൽ ലഭിച്ചത് ഒക്ടോബർ മാസത്തിലാണെന്നു കാണാം. പട്ടിക 2 ചിത്രം (6)

### ജലലഭ്യത:

വളരെ നല്ല രീതിയിൽ ഇടവപ്പാതിയും തുലാവർഷവും ലഭിക്കുന്ന ഒരു പഞ്ചായത്താണ് നീണ്ടകര. ഇവിടെ ലഭിക്കുന്ന ശരാശരി മഴ 200-300 സെ.മീ. വരെയാണ്.

കുടിവെള്ളത്തിന് ഈ പഞ്ചായത്ത് പ്രധാനമായും ആശ്രയിക്കുന്നത് പൈപ്പുവെള്ളത്തെയാണ്. പൈപ്പ് ലൈൻ പഞ്ചായത്തിന്റെ എല്ലാ ഭാഗത്തും എത്തിയിട്ടില്ല. നീണ്ടകര പഞ്ചായത്തിൽ ഇപ്പോഴുള്ള പൈപ്പ്ലൈനുകൾ എല്ലാംതന്നെ വളരെ പഴകിയതാണ്. ഇത് ഇന്നേവരെ നവീകരിച്ചിട്ടില്ല. എല്ലാ സമയത്തും ഈ പൈപ്പ്ലൈൻ വഴി വെള്ളം വരുന്നില്ല. ഏകദേശം ഇരുപത്തിയഞ്ചോളം വറ്റാത്ത കിണറുകൾ ഒന്നാം വാർഡിലുണ്ട്. എന്നാൽ കിണറുകളിലെ വെള്ളം വളരെ മോശമാണ്. അതിനാൽ കുടിവെള്ളക്ഷാമത്തിനു പരിഹാരമായി കിണറുകൾ കുഴിക്കുവാൻ കഴിയില്ല. പൊതു കുഴൽകിണറുകൾ ഈ വാർഡിലുണ്ട്. കുളങ്ങൾ ഒന്നുമില്ല. കായലിൽ നിന്നും ഓരുജലം കയറുന്നു. തോടുകൾ പലതും നികത്തി റോഡാക്കി മാറ്റിയിരിക്കുന്നു. ഏകദേശം 14 ടാപ്പുകൾ കൂടി ഈ വാർഡിനാവശ്യമുണ്ട്. 2-ാം വാർഡിൽ പൈപ്പ്ലൈൻ വാർഡിന്റെ എല്ലാ ഭാഗത്തും എത്തിയിട്ടില്ല. ചില അവസരങ്ങളിൽ രണ്ടുംമൂന്നു ദിവസം വെള്ളം ലഭിക്കാതിരുന്നിട്ടുണ്ടെന്ന് ജനങ്ങൾ അഭിപ്രായപ്പെടുന്നു. ഈ പ്രദേശങ്ങളിലും കായലിൽനിന്ന് ഓരുജലം കയറുന്നു. കൊല്ലം-ആലപ്പുഴ കനാൽ ഈ വാർഡിന്റെ കിഴക്കുഭാഗത്തുകൂടി കടന്നുപോകുന്നു. പൈപ്പ്ലൈൻ കൂടുതൽ ഭാഗത്തേക്കെത്തിച്ചാൽ കുടിവെള്ളക്ഷാമം പരിഹരിക്കാനാകും.

## പട്ടിക. 1.

### കൊല്ലം ജില്ല

വർഷപാതം 1988 മുതൽ 1993 വരെ

| വർഷം | ഇടവപ്പാതി | തുലാവർഷം |
|---|---|---|
| 88 | 1119 | 671 |
| 89 | 307 | 987 |
| 90 | 714 | 585 |
| 91 | 1879 | 704 |
| 92 | 1435 | 1418 |
| 93 | 1363 | 1008 |

## പട്ടിക. 2.

### കൊല്ലം ജില്ല

മഴ – 1991 , 1993 വർഷം

| മാസം 1991 | % | മാസം 1993 | % |
|---|---|---|---|
| J–97 | 3.2 | J–0 | 1 |
| F–5 | 0.16 | F–50.3 | 1.7 |
| M–85 | 2.8 | M–49.1 | 1.7 |
| A–139 | 4.5 | A–158.6 | 5.5 |
| M–118 | 3.9 | M–179.8 | 6.2 |
| J–1168 | 38.1 | J–571 | 19.6 |
| J–485 | 16 | J–587.3 | 20.3 |
| A–236 | 7.8 | A–204.7 | 7.1 |
| S–16 | 0.5 | S–162.3 | 5.6 |
| O–481 | 15.8 | O–477.3 | 16.5 |
| N–207 | 6.8 | N–368 | 12.7 |
| D–8 | 0.2 | D–91.1 | 3.1 |




ചിത്രം (5)

PRM - CESS.

## കൊല്ലം ജില്ല

മഴ - 1991-1993 വർഷം




ചിത്രം (6)

PRM - CESS.

പട്ടിക 3

| വാർഡ് | പേരുകൾ |
|---|---|
| ഒന്ന് | പുത്തൻതുറ |
| രണ്ട് | പുത്തൻതുറ തെക്ക് |
| മൂന്ന് | പരിമണം വടക്ക് |
| നാല് | പരിമണം |
| അഞ്ച് | നീണ്ടകര വടക്ക് |
| ആറ് | ബീച്ച്‌വാർഡ് |
| ഏഴ് | പോർട്ടു വാർഡ് |
| എട്ട് | നീണ്ടകര |
| ഒൻപത് | വേട്ടുതറ |

മൂന്നാം വാർഡിലും പൈപ്പ്‌ലൈൻ എല്ലാ ഭാഗത്തും എത്തിയിട്ടില്ല. കൂടുതലും വറ്റാത്ത കിണറുകളാണ് ഈ വാർഡിലുള്ളത് എന്നാൽ വെള്ളം ഉപയോഗയോഗ്യമല്ല. പന്നക്കതുരുത്തും ഈ വാർഡിലുൾക്കൊള്ളുന്നു.

നാലാം വാർഡിൽ കിണറുകൾ വളരെ കുറവാണ്. വറ്റാത്ത കിണറുകളാണുള്ളത്. എങ്കിലും വെള്ളം അത്ര ഉപയോഗയോഗ്യമല്ല. കുടിവെള്ളക്ഷാമം ഈ വാർഡിലും അനുഭവപ്പെടുന്നു. പൈപ്പ്‌ലൈൻ എല്ലാ ഭാഗത്തും എത്തിച്ചേർന്നിട്ടില്ല. പൊതുടാപ്പുകൾ ഇനിയും കൂടുതലായി ആവശ്യമുണ്ട്.

അഞ്ചാംവാർഡിലും കുടിവെള്ളക്ഷാമം ഉണ്ട്. പൈപ്പ്‌ലൈൻ എല്ലാഭാഗത്തും എത്തിയിട്ടില്ല. പൈപ്പ്‌ലൈനിന് എന്തെങ്കിലും പണി വന്നുകഴിഞ്ഞാൽ വെള്ളം കിട്ടാറേയില്ല. ഇവിടുത്തെ ഹരിജൻ കോളനിയിലും കുടിവെള്ളക്ഷാമമുണ്ട്. കിണറുകൾ കുടിവെള്ളക്ഷാമത്തിന് ഒരു പരിഹാരമാകുന്നില്ല.

ബീച്ച്‌വാർഡാണ് ആറാം വാർഡ്. ഇത് തീർദേശവാർഡാണ്. ഈ വാർഡിൽ വറ്റാത്ത കിണറുകളുണ്ടെങ്കിലും, കിണറുകളിലെ ജലം അത്ര നന്നല്ല. പൈപ്പ്‌ലൈൻ വാർഡിന്റെ എല്ലാ ഭാഗത്തും എത്തിയിട്ടില്ല. കുടിവെള്ളക്ഷാമം ഈ വാർഡിലും അനുഭവപ്പെടുന്നു.

പോർട്ട്‌വാർഡെന്നു ഏഴാം വാർഡിലും വറ്റാത്ത കിണറുകളാണുള്ളത്. എന്നാൽ വെള്ളം നല്ലതല്ല. ഓരുജലം ആയതിനാൽ കിണറുകളിലെ വെള്ളം ഉപയോഗയോഗ്യമല്ല. പൈപ്പ്‌ലൈൻ വാർഡിന്റെ എല്ലാഭാഗത്തും എത്തിയിട്ടുമില്ല.

തീരദേശ വാർഡായ വേട്ടുതറ വാർഡിലും വറ്റാത്ത കിണറുകളാണുള്ളത്. എന്നാൽ കുടിവെള്ളക്ഷാമം ഈ വാർഡിലും അനുഭവപ്പെടുന്നു. പൈപ്പ്‌ലൈൻ വാർഡിന്റെ എല്ലാഭാഗത്തും എത്തിയിട്ടില്ല. കുളങ്ങൾ ഉപയോഗയോഗ്യമായവ ഒന്നും ഈ പഞ്ചായത്തിലില്ല എന്നുതന്നെ പറയാം.

കുടിവെള്ളത്തിന്റെ ലഭ്യതയും, ഗുണനിലവാരവും നോക്കിയാൽ നീണ്ടകര പഞ്ചായത്തിന്റെ പ്രധാനപ്രശ്നങ്ങൾ (i) എല്ലാ വാർഡുകളിലും കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു. (ii) കുഴൽക്കിണറുകളിൽ പലതിലും പ്രതീക്ഷിച്ചത്ര വെള്ളം കിട്ടുന്നില്ല (iii) തീരപ്രദേശങ്ങളിൽ ഓരു കയറ്റം കാരണം കുടിവെള്ളക്ഷാമം ഉണ്ടാകുന്നു. (iv) പൈപ്പുവെള്ളം വല്ലപ്പോഴുമേ കിട്ടുന്നുള്ളൂ. (v) ടാപ്പുകളുടെ തകരാറുകാരണം ധാരാളം കുടിവെള്ളം നഷ്ടപ്പെടുന്നു. (vi) പൊതു ടാപ്പുകൾ ഇനിയും ആവശ്യമുണ്ട്. ഇപ്പോഴുള്ളവ അപര്യാപ്തമാണ്. (vii) പുതിയ ടാപ്പുകൾ അനുവദിച്ചുകിട്ടാൻ കാലതാമസം നേരിടുന്നു. (viii) കിണറുകളിലെ വെള്ളം ഉപയോഗയോഗ്യമല്ല.

കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനും, ജലലഭ്യത വർദ്ധിപ്പിക്കുവാനും നിരവധി പരിഹാരമാർഗങ്ങൾ ആലോചിച്ച് നടപ്പിലാക്കേണ്ടതുണ്ട്. (i) പൈപ്പ്‌ലൈൻ എല്ലാ ഭാഗത്തും എത്തിക്കുവാനാവശ്യമായ തരത്തിൽ പൈപ്പ്‌ലൈൻ നീട്ടുക. (ii) പൈപ്പ്‌ലൈൻ പൊട്ടി ജലവിതരണം തടസ്സപ്പെടുത്തുന്നതിനെതിരെ നടപടി എടുക്കുക. (iii) എല്ലാ പൊതു ടാപ്പുകളുടേയും അറ്റകുറ്റപ്പണികൾ നടത്തുക. (iv) കൂടുതൽ പൊതുടാപ്പുകൾ സ്ഥാപിക്കുക. (v) പൊതുവിതരണത്തിനുള്ള വെള്ളം അണുവിമുക്തമാണെന്ന് ഉറപ്പുവരുത്താനുള്ള സംവിധാനം ഉണ്ടാക്കുക. (vi) കുഴൽക്കിണറുകൾ ഉപയോഗ്യമാക്കുക. (vii) പഞ്ചായത്തിലാകെ ജലസംരക്ഷണപ്രവർത്തനങ്ങൾ ഏറ്റെടുക്കുക.

മണ്ണ്:- ഭൂമിയുടെ ഉപരിതലം വിവിധതരം മണ്ണിനാൽ മൂടപ്പെട്ടിരിക്കുന്നു. മണ്ണ് മനുഷ്യന്റെ ജീവൻ നിലനിർത്തുന്നതിൽ ഒരു സുപ്രധാന പങ്കുവഹിക്കുന്നു. എല്ലാ ജീവജാലങ്ങളും പ്രത്യക്ഷമായോ പരോക്ഷമായോ മണ്ണിനെ ആശ്രയിക്കുന്നു. ചെടികൾ മണ്ണിൽ വളരുന്നു. ജന്തുക്കൾ ചെടികളെ ആശ്രയിച്ചു ജീവിക്കുന്നു. വിവിധ തരത്തിലുള്ള പ്രകൃതിശക്തികളുടെ പ്രവർത്തനഫലമായി വലിയ പാറകൾ പൊടിഞ്ഞുണ്ടാകുന്ന തരികളും, നശിച്ച ചെടികളുടെയും, ജന്തുക്കളുടെയും അവശിഷ്ടങ്ങളും കൂടിക്കലർന്നതാണ് മണ്ണ്. മണ്ണ് ധതുലവണങ്ങളുടെയും, ജീവജാലങ്ങളുടെയും മിശ്രിതമാണ്.

മണൽ, ലാറ്ററൈറ്റ്, വനപ്രദേശത്തെ പശിമരാശിമണ്ണ് എന്നിങ്ങനെ മൂന്നുതരത്തിലുള്ള മണ്ണാണ് കൊല്ലം ജില്ലയിൽ പ്രധാനമായും കാണപ്പെടുന്നത്. മണൽ നിറഞ്ഞ മണ്ണ് കരുനാഗപ്പള്ളി താലൂക്ക് മുഴുവനും, കൊല്ലം താലൂക്കിന്റെ തീരപ്രദേശത്തുമാണുള്ളത്. ഈ മണൽ നിറഞ്ഞ മണ്ണുതന്നെ അതിന്റെ ഘടനയിൽ മണൽ നിറഞ്ഞ പശിമരാശി മണ്ണുമുതൽ വെറും മണൽവരെയുള്ള രൂപങ്ങളിൽ കാണുന്നു. ഈ മണ്ണിന് ഈർപ്പം നിലനിർത്താനുള്ള കഴിവ് പൊതുവേ കുറവാണ്.ഈ മണ്ണിൽ നൈട്രജൻ, ഫോസ്ഫറസ്, പൊട്ടാഷ്, എന്നിവയുടെ അംശം വളരെ കുറവാണ്. നീണ്ടകര പഞ്ചായത്തിൽ കാണപ്പെടുന്നത് മണലാണ്. ഇതിൽ മിശ്രിതവിളകാണ് കൂടുതലായും കാണപ്പെടുന്നത്. തെങ്ങു കൃഷിയുമുണ്ട്.

നീണ്ടകര പഞ്ചായത്തിന്റെ തീരപ്രദേശത്തുടനീളം ഇൽമനൈറ്റ്, മോണസൈറ്റ് എന്നീ ധാതുക്കളടങ്ങിയ മണലാണുള്ളത്. നീണ്ടകരയിലെ മോണസൈറ്റ് ശേഖരം ലോകത്തിലെ തന്നെ ഏറ്റവും സമൃദ്ധമായ മോണസൈറ്റ് ശേഖരമാണ് മാത്രവുമല്ല ഏറ്റവും കൂടുതൽ തോറിയം അടങ്ങിയിരിക്കുന്നതും ഇവിടുത്തെ ശേഖരത്തിലാണെന്നാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. തോറിയമടങ്ങിയതാണെന്നതിനാൽ ഒരു ന്യൂക്ലിയർ മിനറൽ എന്ന നിലയ്ക്ക് ഇതിന്റെ സാദ്ധ്യതയേറുന്നു. ന്യൂക്ലിയർ റിയാക്ടേഴ്സിലും, റെയർ എർത്ത് ഇൻഡസ്ട്രിയിലും ഇതുപയോഗിക്കുന്നു. ടൈറ്റാനിയത്തിന്റെയും, അയണിനെയും ഡബിൾ ഓക്സൈഡാണ് ഇൽമനൈറ്റ്. ടൈറ്റാനിയം ഡെ ഓക്സൈഡ് പ്ലാസ്റ്റിക്, പെയിന്റ്, പേപ്പർ എന്നിവയുടെ നിർമ്മാണത്തിൽ ഒരു പ്രധാന പങ്കുവഹിക്കുന്നു. ഇൽമനൈറ്റ് മണലിനൊപ്പം കാണുന്ന റുടൈലും, സിർക്കോണും ഹൈ ടെംപ്രേച്ചർ റിഫ്രാ

കൂറീസിൽ ഉപയോഗിക്കുന്നു. ഈ ധാതു വിഭവങ്ങൾ ഖനനം ചെയ്യുന്നതും ഉപയോഗിക്കുന്നതും ഐ.ആർ.ഇ.ലിമിറ്റഡാണ്.

ഏതൊരു പ്രദേശത്തിന്റെയും സമ്പദ്ഘടനയെ സ്വാധീനിക്കുന്ന ഒരു പ്രധാനഘടകമാണ് ധാതുലവണങ്ങളുടെ ലഭ്യത. അതുകൊണ്ടുതന്നെ നീണ്ടകര പഞ്ചായത്തിൽ കാണപ്പെടുന്ന ധാതുലവണങ്ങളുടെ സാന്നിദ്ധ്യം വളരെയേറെ പ്രാധാന്യമർഹിക്കുന്നു. ഈ ധാതുവിഭവം ഉപയോഗിക്കുന്നവർ പഞ്ചായത്തിനു ദോഷകരമായിത്തീരാത്ത വിധത്തിൽ അവ ഖനനം ചെയ്യുവാനും, അത് ഉപയോഗിക്കാനും വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ലോഹമണൽ കാണപ്പെടുന്ന സ്ഥലങ്ങൾ, ആ മണൽ ഉപയോഗിക്കുന്നവർക്ക് വിട്ടുകൊടുക്കുകയോ അതിന്റെ അവകാശം കൊടുക്കുകയോ ചെയ്യുന്നത് പഞ്ചായത്തിലെ ജനങ്ങളുടെ ഭാവി കൂടി കണക്കിലെടുത്തായിരിക്കണം. ഈ ലോഹമണൽ പഞ്ചായത്തിന് ഏതെങ്കിലും തരത്തിൽ സഹായമാകുന്ന തരത്തിൽ വേണം സംസ്കരിക്കാനെന്ന് പഞ്ചായത്തധികൃതർ ആവശ്യപ്പെടുന്നു. ഈ സ്ഥലത്തെ സംബന്ധിക്കുന്ന എന്തു നടപടിയും വളരെയേറെ ശ്രദ്ധിച്ചു ചെയ്യേണ്ടതാണ്. ഇത് വളരെയേറെ ശ്രദ്ധ പതിയേണ്ടുന്ന ഒരു മേഖലയാണ്.

## ഭൂവിനിയോഗം

കൊല്ലം ജില്ലയുടെ പടിഞ്ഞാറുഭാഗത്ത് 10.19 ച:കി:മീറ്ററിൽ നീണ്ടകര പഞ്ചായത്ത് വ്യാപിച്ചു കിടക്കുന്നു. ഈ മൊത്തം ഭൂമിയുടെ ഇന്നത്തെ വിനിയോഗ രീതിയെയാണ് ഭൂവിനിയോഗം കൊണ്ടുദ്ദേശിക്കുന്നത്.

മനുഷ്യന്റെ വിവിധതരത്തിലുള്ള ആവശ്യങ്ങൾ നിറവേറ്റാനുതകുന്ന തരത്തിൽ മണ്ണിൽ അവൻ ചെയ്യുന്ന പരമ്പരാഗതശൈലിയിലുള്ളതും, ശാസ്ത്രീയമായ നൂതനരീതിയിലുള്ള പ്രവർത്തനങ്ങളുമാണ് കൃഷികൊണ്ട് അർത്ഥമാക്കുന്നത്. കാർഷികഭൂമി മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റുന്ന വിഭവങ്ങളുടെ ആസ്ഥാനമാണ്.

നീണ്ടകര പഞ്ചായത്തിന്റെ വിസ്തൃതിയിൽ ഏകദേശം 46.7% തെങ്ങുകൃഷിയാണ്. ഈ പഞ്ചായത്തിൽ ഏറ്റവും കൂടുതൽ ഭാഗം കൈയടക്കിയിരിക്കുന്നതും ഇതുതന്നെയാണ്. പുത്തൻതുറ വാർഡിൽ തെങ്ങ് ധാരാളമായുണ്ട്. അതുപോലെ തന്നെ പുത്തൻതുറ തെക്ക്, പരിമണം വടക്കു വാർഡുകളിലും തെങ്ങ് ധാരാളം കാണപ്പെടുന്നു. ഇതുകൂടാതെ ആറാം വാർഡിലും, ഒൻപതാം വാർഡിലും എട്ടാം വാർഡിലും കുറച്ച് ഭാഗങ്ങളിൽ തെങ്ങു മാത്രം കൃഷിയുണ്ട്. എന്നാൽ തെങ്ങുകൃഷി മുൻപത്തേതുപോലെ ഭംഗിയായി നടക്കുന്നില്ല. തെങ്ങുകൾക്ക് കാറ്റുവീഴ്ചയും അതുപോലെ മറ്റുരോഗങ്ങളും പിടിപെട്ടിരിക്കുന്നു. കൃഷിക്കുപയുക്തമായ ഭൂമി കൃഷി ചെയ്യാതെയിട്ടിരിക്കുന്നു. കൃഷി ലാഭകരമല്ലാത്തതാണ് കാരണം. കൂലിയിൽ ഉണ്ടായിരിക്കുന്ന വർദ്ധനവ് വളരെ കൂടുതലാണ്. കായലോരപ്രദേശങ്ങളിൽ ഓരുജലം കയറി വെള്ളക്കെട്ടുകളുണ്ടാകുന്നു. മഴ പെയ്തു കഴിഞ്ഞാൽ വെള്ളം തിരിച്ചും ഒഴുകിപ്പോകുന്നില്ല. ഇങ്ങനെ കൃഷിഭൂമികൾ വെള്ളക്കെട്ടു പ്രദേശങ്ങളായി മാറുന്നു. വളരെ കുറച്ചു ശതമാനം ആളുകൾ മാത്രമേ ഇപ്പോൾ കൃഷി കൊണ്ടു ജീവിക്കുന്നുള്ളു. കൃഷി നശിച്ചുകൊണ്ടിരിക്കുന്ന ഒരു പഞ്ചായത്താണ് നീണ്ടകര. തെങ്ങിൽ നിന്നുള്ള ഉത്പാദനവും വളരെ കുറഞ്ഞു. വാർഡ് ഒന്ന്, വാർഡ് നാല്, വാർഡ് ആറ് എന്നിവിടങ്ങളിൽ ഉപ്പുരസം കയറുന്നു. വളരെക്കൂടുതൽ ഉപ്പുരസം മണ്ണിനുണ്ടാകുന്നതു വഴി തെങ്ങുകളുടെ വളർച്ച മുരടിക്കുന്നു. അങ്ങനെ ഈ പ്രദേശങ്ങളിൽ തെങ്ങുകൃഷി മുന്നോട്ടു കൊണ്ടുപോകുവാൻ കഴിയാത്ത അവസ്ഥയിൽ എത്തി നിൽക്കുന്നു. പട്ടിക 3. ചിത്രം (7)

നീണ്ടകര പഞ്ചായത്തിന്റെ കായൽവാരപ്രദേശങ്ങളിൽ ജൂലൈ-നവംബർ മാസങ്ങളിൽ പച്ചക്കറി ഇടവിളയായി കൃഷി ചെയ്തിരുന്നു. പായലാണ് ഇതിനു വളമായി ഉപയോഗിച്ചിരുന്നത്. വളരെനല്ല തീരിയിൽ ഈ കൃഷി നടന്നുവന്നിരുന്നതാണ്. ഇപ്പോൾ പായൽവളത്തിനു ദൗർലഭ്യം നേരിടുന്നു. കൂടാതെ ഈ പ്രദേശങ്ങളിൽ ഉപ്പുരസം കയറി കൃഷി നശിക്കുന്നു. ഈ രണ്ടു കാരണങ്ങൾ കൊണ്ട് ഇന്ന് നീണ്ടകര പഞ്ചായത്തിൽ കൃഷി ഏതാണ്ട് നിലച്ച മട്ടാണ്. ഈ പ്രദേശങ്ങളിലെല്ലാം തന്നെ ഓരുവെള്ളക്കയറ്റം തടയുന്നതിനുള്ള മാർഗങ്ങളും, ജലനിർഗമനത്തിനുള്ള മാർഗങ്ങളും അവലംബിക്കേണ്ടത് അത്യാവശ്യമാണ്. ഉപ്പുവെള്ളക്കയറ്റം ഇല്ലാതാക്കാൻ സ്ലൂയിസുകൾ ഉണ്ടാക്കുക.

പഞ്ചായത്തിന്റെ 40.6% മിശ്രിതവിളകളാണ്. മിശ്രിത വിളകളിൽ പയർ, പച്ചക്കറി, തെങ്ങ്, വാഴ, മരച്ചീനി, കുരുമുളക്, കശുമാവ്, മാവ്, കവുങ്ങ് എന്നിവ ഉൾപ്പെടുന്നു. മിശ്രിത വിളകളിലും തെങ്ങാണ് ഏറ്റവും കൂടുതൽ. മിശ്രിതവിളകൾ മിക്കവാറും എല്ലാ വാർഡിലുമുണ്ട്. നാലാം വാർഡിലും, അഞ്ചാം വാർഡിലും മിശ്രിതവിളകളാണ് കൂടുതൽ. മിശ്രിതമരങ്ങൾ പഞ്ചായത്തിന്റെ 2.6% ഉൾക്കൊള്ളുന്നു. തേക്കു മരങ്ങളുള്ള പ്രദേശങ്ങൾ 0.06% മാണ്. കൃഷിക്കുപയുക്തമായ തരിശുഭൂമി പഞ്ചായത്തിന്റെ 1.7% ഭാഗത്തു കാണുന്നു. ചതുപ്പുപ്രദേശങ്ങൾ 0.3.% മാണ്. ലോഹമണൽ ഖനനം ചെയ്യുന്ന പ്രദേശം 0.5% വരും. ഇത് ഒന്നാം വാർഡിലാണ്. പഞ്ചായത്തിന്റെ വിസ്തൃതിയുടെ ബാക്കിഭാഗം ജലമാണ്. ജലാശയങ്ങൾ 8.14% മാണ്. ജലസേചനസൗകര്യക്കുറവും കൃഷി നശിക്കാൻ ഒരു പ്രധാന കാരണമാണ്. നീണ്ടകര പഞ്ചായത്തിൽ കൃഷി നശിച്ചുകൊണ്ടിരിക്കുന്നു. കൃഷിക്കുപയുക്തമായ തരിശുഭൂമികൾ കൃഷിചെയ്യുവാൻ തക്കവിധത്തിൽ ഉപയോഗ്യമാക്കണം. അങ്ങനെ കൂടുതൽ കൃഷിഭൂമികൾ ഉണ്ടാക്കേണ്ടിയിരിക്കുന്നു. അവലംബം: വിഭവഭൂപടങ്ങൾ PRM CESS ഈ പഞ്ചായത്തിലെ പ്രധാന തൊഴിൽ കയർപിരിക്കലാണ്. ഇത് ഇപ്പോൾ വളരെ ശോചനീയാവസ്ഥയിലാണ്. തൊണ്ടിനെ അഭാവമാണ് കാരണം. ചെറുകിട ഉല്പാദകരാണ് കൂടുതലും. ഇവർക്ക് സ്വന്തമായി പുറത്തുനിന്നും തൊണ്ട് അമിതവില കൊടുത്തു വാങ്ങേണ്ട സ്ഥിതിയാണുള്ളത്. തൊണ്ടിന്റെ അഭാവം മൂലം രണ്ടു കയർ പിരിസംഘങ്ങളുള്ളതും പ്രവർത്തിക്കുന്നില്ല. തീരദേശത്തുള്ളവർ പരമ്പരാഗതമായി മത്സ്യബന്ധനം നടത്തി ജീവിക്കുന്നു. കരിത്രപള്ളിമുതൽ ഐ.ആർ.ഇ. റെസ്റ്റ് ഹൗസ് വരെയുള്ള കടപ്പുറമാണ് പ്രധാന മത്സ്യബന്ധനകേന്ദ്രം. ഐ.ആർ.ഇ. കടൽഭിത്തി കെട്ടി മത്സ്യബന്ധനം തടഞ്ഞിരിക്കുന്നു. കടലോരതീരം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന അവസ്ഥയാണ്. മത്സ്യബന്ധനത്തിനായുള്ള വള്ളം, വല, യമഹ എൻജിൻ ഇവ വാങ്ങാനുള്ള ധനസഹായം കിട്ടിയാൽ മത്സ്യബന്ധനം നടത്തുന്നവർക്ക് അത് വളരെ സഹായകമാകും.

1:4000 എന്ന തോതിൽ തയ്യാറാക്കുന്ന ആസ്തിഭൂപടത്തിൽ കിണറുകളും, കുളങ്ങളും, അതുപോലുള്ള മറ്റ് ജലസേചന സ

## പട്ടിക. 4.

### നീണ്ടകര പഞ്ചായത്ത് - ഭൂവിനിയോഗം

| ഭൂവിനിയോഗം | വിസ്തീർണ്ണം | % |
|---|---|---|
| തെങ്ങ് കൃഷി | 4.76 | 46.7 |
| മിശ്രിത വിളകൾ | 4.134 | 40.6 |
| കൃഷിക്കുപയുക്തമായ തരിശുഭൂമി | 0.17 | 1.7 |
| മിശ്രിതമരങ്ങൾ | 0.21 | 2.06 |
| തേക്ക് മരങ്ങൾ | 0.007 | 0.06 |
| ചതുപ്പു പ്രദേശം | 0.03 | 0.3 |
| മണ്ണ് ഖനന പ്രദേശം | 0.05 | 0.5 |
| ജലാശയങ്ങൾ | 0.83 | 8.14 |
| **ആകെ** | **10.19** | **100** |

## പട്ടിക. 7

### നീണ്ടകര പഞ്ചായത്ത്

സ്ത്രീപുരുഷന്മാരുടെ ജനസംഖ്യാനിരക്ക്
1981, 1991

| 1991 | | 1981 | |
|---|---|---|---|
| പുരുഷൻ | 7727 (50.1%) | പുരുഷൻ | 6900 (50.6%) |
| സ്ത്രീ | 7697 (49.9) | സ്ത്രീ | 6723 (49.4%) |
| ആകെ | 15424 | ആകെ | 13623 |

## നീണ്ടകര പഞ്ചായത്ത്

### ഭൂവിനിയോഗം.




A. തെങ്ങ് കൃഷി
B. മിശ്രിത വിളകൾ
C. കൃഷിക്കുപയുക്തമായ തരിശുഭൂമി
D. മിശ്രിതമരങ്ങൾ
F. ചതുപ്പ് പ്രദേശം
G. മണ്ണ് ഖനനപ്രദേശം
H. ജലാശയങ്ങൾ

ചിത്രം (7)

RM - CESS.

വിധാനങ്ങളും, ഭരണംസേവന സ്ഥാപനങ്ങൾ, വിനോദ വിശ്രമ കേന്ദ്രങ്ങൾ എന്നിവയും അടയാളപ്പെടുത്തിയിരിക്കുന്നു. റോഡുകളെ കുറിച്ചുള്ള വിവരങ്ങളും വിഭവ ഭൂപടത്തിലുണ്ട്. തോത് കൃത്യമായി അറിയാവുന്നതുകൊണ്ട് ആസ്തിവിവരങ്ങൾ ശേഖരിക്കുവാനും, ഭാവിയിൽ കൂടുതൽ വിവരങ്ങൾ കൃത്യമായി ചേർക്കുവാനും കഴിയും. ഒരു പഞ്ചായത്തിന്റെ നിലവിലുള്ള അവസ്ഥ ഈ ഭൂപടങ്ങൾ പ്രസിദ്ധീകരിക്കുകയാണ് ചെയ്യുന്നത്.

നീണ്ടകര പഞ്ചായത്തിലെ റോഡുഗതാഗതം വളരെ മോശപ്പെട്ട നിലയിലാണ്. കൊല്ലം-ആലപ്പുഴ ദേശീയപാത ഈ പഞ്ചായത്തിൽ കൂടി കടന്നുപോകുന്നു. എന്നാൽ മറ്റു റോഡുകളൊന്നും തന്നെ നല്ല രീതിയിലല്ല. ഒന്നാം വാർഡിൽ ഒരു ടാർ ചെയ്ത റോഡു പോലുമില്ല. റോഡിനുള്ള സ്ഥലം (Amc-കായൽവാരം) എടുത്തെങ്കിലും ഇതുവരെ പണി നടന്നിട്ടില്ല. Amc ബോട്ട്ജെട്ടി കടവിലേക്കുള്ള റോഡ് 40 വർഷം പഴക്കമുള്ളതാണ്. ഈ റോഡ് മെറ്റൽ ചെയ്തിട്ടില്ല. ബോട്ട്ജെട്ടിക്ക് പടിഞ്ഞാറ് പാലക്കടവ് വരെ റോഡിന് സ്ഥലം എടുത്തതല്ലാതെ റോഡ് വന്നിട്ടില്ല. റോഡുകൾ പലതും മഴ മഴക്കാലത്ത് തോടായി മാറുന്നു. ഇവിടെയുള്ള പ്രീമോ പൈപ്പ് ഫാക്ടറി പ്രവർത്തനരഹിതമായികിടക്കുന്നു. കായൽവാരത്ത് ഏകദേശം 200മീ. നീളത്തിൽ സൈഡ്ഭിത്തി കെട്ടി സംരക്ഷിക്കേണ്ടതുണ്ട്. കായലിൽ നിന്നും ഓരുജലം കയറി വെള്ളക്കെട്ടുകളായി മാറുന്നു. മഴക്കാലത്ത് വെള്ളം ഒഴുകുന്നില്ല. ഈ പഞ്ചായത്തിൽ ഓടകൾ നിർമ്മിക്കേണ്ടത് അത്യാവശ്യമായിത്തീർന്നിരിക്കുന്നു. ഇരുപത്തഞ്ച് വർഷം പഴക്കമുള്ള ഒരു ഓട വാർഡ് ഒന്നിൽ വൃത്തിയാക്കൽ പരിപാടികളൊന്നും നടക്കാത്തതിനാൽ ഉപയോഗശൂന്യമായിക്കിടക്കുന്നു.

രണ്ടാം വാർഡിലും റോഡുകൾ വളരെ കുറവാണ്. റോഡുഗതാഗതം ഇവിടെയും വളരെ മോശമാണ്. ഇടത്തുരുത്തും ഈ വാർഡിൽ ഉൾപ്പെടുന്നു. മണ്ണിടിഞ്ഞ് നശിച്ച നടപ്പാതയാണ് ഈ വാർഡിന്റെ കിഴക്കുഭാഗത്ത് ഇടത്തുരുത്തിലുള്ളത്. ഫിഷർമെൻ കോളനി ഈ വാർഡിലാണ്.

ഇവിടെ ഗതാഗതസൗകര്യം കുറവാണ്. ഇടത്തുരുത്തും രണ്ടാം വാർഡിനേയും ബന്ധിപ്പിക്കുവാൻ കടത്തു സർവീസുണ്ട്. പുത്തൻതുറ ജംഗ്ഷനിൽ നിന്നും ഒരു റോഡ് കിഴക്കോട്ട് പോകുന്നു.

മൂന്നാം വാർഡിൽ ആൽത്തറമൂട് നിന്നും ഒരു റോഡ് മൂടുവിളയിലേക്കുപോകുന്നു. ഈ റോഡ് ഈ പ്രദേശത്തെ ദേശീയപാതയുമായി ബന്ധിപ്പിക്കുന്നു. ഇവിടുത്തെ ഉള്ളിലുള്ള പ്രദേശങ്ങൾ ശരിയായ ഗതാഗത സൗകര്യം ഇല്ലാതെ വളരെയേറെ വിഷമിക്കുന്നു. അഷ്ടമുടിക്കായലിന്റെ ഭാഗമായ മഞ്ഞപ്പാടൻ കായൽ ഈ വാർഡിന്റെ കിഴക്കേ അതിരാണ്. ഈ പ്രദേശങ്ങളിൽ കായൽ ഭിത്തി ഒരാവശ്യമാണ്. കൊല്ലം ആലപ്പുഴ കനാലിന്റെ ഭാഗം ഇവിടെയുണ്ട്. ഈ വാർഡ് ഒരു മത്സ്യകൃഷി കേന്ദ്രമായോ ബോട്ട് സർവീസ് നടത്താനുള്ള സ്ഥലമായോ വികസിപ്പിച്ചെടുക്കാവുന്നതാണ്. കനാലിന്റെ വശങ്ങൾ പലഭാഗത്തും നശിച്ചിട്ടുണ്ട്. മൂന്നാം വാർഡിൽ നിന്നും പന്നക്കൽ തുരുത്തിലേക്കു ഗതാഗത സൗകര്യമുണ്ട്.

നാലാം വാർഡിലും റോഡുഗതാഗതം അത്ര മെച്ചമല്ല. പരിമണം ജംഗ്ഷനിൽ നിന്നും ഒരു റോഡ് കിഴക്കോട്ട് പോകുന്നു. പരിമണം ജംഗ്ഷനിൽ നിന്നും ഒരു റോഡ് പടിഞ്ഞാറോട്ടു പോകുന്നു. ഈ റോഡുകളെല്ലാം തന്നെ ടാർ ചെയ്യാത്തവയാണ്. ഗതാഗതസൗകര്യം ഇവിടെയും വളരെ കുറവാണ്. വളരെ അധികം ജനസാന്ദ്രതയുള്ള ഈ വാർഡിൽ യാതൊരു ആസൂത്രണവുമില്ലാതെയാണ് റോഡുകൾ നിർമ്മിച്ചിരിക്കുന്നത്. അതിനാൽ അവ വേണ്ട ഫലവും ചെയ്യുന്നില്ല.

വെളിത്തുരുത്ത് അഞ്ചാംവാർഡിൽ ഉൾപ്പെടുന്നു. ഉൾപ്രദേശങ്ങൾ ഗതാഗത സൗകര്യമില്ലാത്തതിന്റെ പ്രയാസങ്ങൾ അനുഭവിക്കുന്നു. ഇവിടെ കടത്ത് ഉണ്ട്. വെള്ളക്കെട്ടുള്ള പ്രദേശങ്ങൾ നികത്തി കൃഷി ചെയ്യാൻ പോലും സാധിക്കുന്നില്ല. ഗതാഗത സൗകര്യമില്ലാത്തതാണ് ഇതിനു കാരണം. വെള്ളം ഒഴുകിപ്പോകുന്നതിന് ഓട അത്യാവശ്യമായിത്തീർന്നിരിക്കുന്നു. ഇവിടുത്തെഹരിജൻ കോളനിയിൽ എല്ലാത്തരത്തിലുള്ള സൗകര്യങ്ങളും വളരെ കുറവാണ്. ഗതാഗതയോഗ്യമായ ഒരു റോഡുപോലും ഈ വാർഡിലില്ല.

ആറാം വാർഡ് തീരദേശവാർഡാണ്. ബാക്കി വാർഡുകളെ അപേക്ഷിച്ചു ഇവിടെ സൗകര്യങ്ങളുണ്ട്. റോഡ് ഗതാഗതം അത്ര മെച്ചമല്ല. വില്ലേജ് ആഫീസ് ഈ വാർഡിലാണ് സ്ഥിതി ചെയ്യുന്നത്. ഏഴാം വാർഡിലും റോഡുകൾ അത്ര മെച്ചപ്പെട്ട നിലയിലല്ല. ദേശീയ പാതയിൽ നിന്നും ഒരു റോഡ് പടിഞ്ഞാറോട്ട് തിരിഞ്ഞ് തെക്കോട്ട് ഏഴാം വാർഡിലൂടെ കടന്നുപോകുന്നു. എഴാം വാർഡിലും ഉപ്പുരസം കയറുന്നുണ്ട്. എട്ടാം വാർഡിലും റോഡുഗതാഗതം മോശമാണ്. നീലേശ്വരം തോപ്പ് ഈ വാർഡിലുൾപ്പെടുന്നു. ഒൻപതാം വാർഡിലും ഗതാഗത സൗകര്യം മെച്ചപ്പെടേണ്ടിയിരിക്കുന്നു. അഷ്ടമുടിക്കായലിന്റെ വേളൂർ കായൽ ഭാഗം ഒൻപതാം വാർഡിലാണ്.

നീണ്ടകര പഞ്ചായത്തിന്റേതായ പ്രശ്നങ്ങൾ നിരവധിയുണ്ട്. ഒരു തീരദേശ പഞ്ചായത്തിന്റേതായ ബുദ്ധിമുട്ടുകളും എന്നാൽ അതുകൊണ്ടുതന്നെ അനേകം വികസന സാദ്ധ്യതകളുള്ളതുമായ ഒരു പഞ്ചായത്താണിത്.

കായൽവാര പ്രദേശങ്ങളിൽ ഓരുജലം കയറി വെള്ളപ്പൊക്കമുണ്ടാകുന്നു. കൃഷിനാശവും ഇതുമൂലം സംഭവിക്കുന്നു. കൃഷിഭൂമിയിൽ നിന്നുള്ള ഉല്പാദനം കുറയുന്നു. മഴ പെയ്താൽ ചാലുകളിൽക്കൂടി കയറുന്ന വെള്ളം തിരിച്ച് ഇറങ്ങിപ്പോകുന്നില്ല. ഇതിനു വേണ്ട സംവിധാനങ്ങൾ ചെയ്യേണ്ടതുണ്ട്. ഓട നിർമ്മാണം ഈ പഞ്ചായത്തിൽ അത്യാവശ്യം വേണ്ടുന്ന ഒരു നടപടിയാണ്. ഈ പഞ്ചായത്ത് തുരുത്തുകൾ ധാരാളമുള്ളതാണ്. പന്ത്രണ്ട് തുരുത്തുകൾ ചേർന്നതാണ് നീണ്ടകര പഞ്ചായത്തുതന്നെ ഉണ്ടായിരിക്കുന്നത്. ഈ തുരുത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന കലുങ്കുകൾ, പാലങ്ങൾ എന്നിവ ഉണ്ടാക്കേണ്ടതുണ്ട്. ഈ തരത്തിൽ ഗതാഗതസൗകര്യം വർദ്ധിച്ചാൽ അത് തുരുത്തുകളുടെ വികസന സാദ്ധ്യത വർദ്ധിപ്പിക്കും. ഇപ്പോൾ തടിപ്പാലങ്ങളാണ് ഇവയെ കരയുമായി ബന്ധിപ്പിക്കുന്നത്. അതുതന്നെ ഇനിയും ഏഴ് തടിപ്പാലങ്ങൾ കൂടി വന്നാൽ കുറച്ചുകൂടി ഗതാഗതം എളുപ്പമാകും. തുരുത്തുകളെ ടൂറിസ്റ്റ് കേന്ദ്രങ്ങളാക്കി മാറ്റാവുന്നതാണ്. കായൽത്തീരങ്ങളിൽ മണ്ണിടിച്ചിലും, ഓരുജല കയറ്റവും വളരെ രൂക്ഷമായി അനുഭവപ്പെടുന്നു. നാലാം വാർഡിൽ ഇവ വളരെ കൂടുതലാണ്. മണ്ണാത്തറ പാലം മുതൽ തെക്കോട്ട് തെക്കേടത്ത് പുതുവൽവരെയുള്ള ഭാഗത്ത് സൈഡ് ഭിത്തി അത്യാവശ്യമാണ്. കൈതമരങ്ങൾ വച്ചു പിടിപ്പിക്കുന്ന

തും ഒരു നല്ല ഉപാധിയാണ്. ഉപ്പുവെള്ളകയറ്റം തടയാനായി തോടുകളിൽ വിയർ ഉണ്ടാക്കാം. സംഭരണ വിയറുകളും., ഇൻ ടേക്ക് വിയറുകളും നിർമ്മിക്കാം. ഇതുപോലുള്ള ചെറിയ അ ണകൾ വേണ്ടത് പറ്റേഴത്തുക്ക്-കായൽവാരം കായൽമുഖത്തും, തട്ടാശേരി പുതുവൽ ഭാഗം കായൽതീരത്തുമാണ്. ജലനിർഗമ നത്തിൽ ഓടകൾ ഒരു പ്രധാന പങ്കു വഹിക്കുന്നു. മാതേരത്ത് മുക്ക്-ചാവക്കാട് കായൽവാരം, പാറ്റേഴത്തുമുക്ക് കായൽവാ രം, പൊന്നാരമുക്ക് കായൽവാരം, കേച്ചേരിമുക്ക് മുതൽ കൈ തോല കിഴക്കുവശം വരെ, അംബീസ് നിവാസുമുതൽ പടി ഞ്ഞാറ് തറമേൽ പുതുവൽ വരെയും ഓടകൾ അത്യാവശ്യമാ ണ്. കായൽ നികത്തൽ ഈ പഞ്ചായത്തിൽ നടക്കുന്നു. ഇതി നെതിരെ നടപടിയുണ്ടാകേണ്ടതാണ്.

ഈ പഞ്ചായത്തിൽ ഗതാഗതയോഗ്യമായ റോഡുകൾ വളരെ കുറവാണ്. ഉൾപ്രദേശങ്ങളിൽ ചില ഭാഗങ്ങളിൽ മൂന്ന് കി.മി. നടന്നാണ് ആളുകൾ റോഡിലെത്തിച്ചേരുന്നത്. എല്ലാ വാർഡുകളെയും ബന്ധിപ്പിച്ചുകൊണ്ടുള്ള ഒരു റോഡുഗതാഗത മാർഗമാണ് ജനങ്ങൾ ആവശ്യപ്പെടുന്നത്. കടത്തുവള്ളങ്ങൾ വഴിയാണ് ജലഗതാഗതം. പഞ്ചായത്ത് ആവശ്യപ്പെടുന്ന പ്ര ധാന റോഡുകൾ (1) പള്ളാക്കമുക്ക് പരിമണം (2) പള്ളാക്കമു ക്ക്-ടാഗോർ നഗർ (3) പരിമണം-പന്നക്കതുരുത്ത് വഴി വെളിതു രുത്ത് ഈ റോഡു വന്നാൽ നാല്, അഞ്ച്, എട്ട് വാർഡുകൾ തമ്മിൽ ബന്ധിക്കപ്പെടും. (4) പന്നക്കത്തുരുത്തിനേയും, വെളി ത്തുരുത്തിനേയും ബന്ധിപ്പിച്ചുകൊണ്ട് പാലം. ബസ്റൂട്ടുകൾ പഞ്ചായത്തിനകത്തും ഉണ്ടാകണം.

പട്ടിക 5

### നീണ്ടകര പഞ്ചായത്ത്-തുരുത്തുകൾ

| എണ്ണം | തുരുത്തുകൾ |
|---|---|
| 1 | വെളിത്തുരുത്ത് |
| 2 | പന്നക്കൽതുരുത്ത് |
| 3 | പുച്ചത്തുരുത്ത് |
| 4 | മാമൻ തുരുത്ത് |
| 5 | മെരിലാൻഡ് തുരുത്ത് |
| 6 | നീലേശ്വരം തോപ്പ് |
| 7 | താഴെ തുരുത്ത് |
| 8 | പട്ടന്റെ തുരുത്ത് |
| 9 | പുതിയ തുരുത്ത് |
| 10 | മദാമ്മ തുരുത്ത് |
| 11 | കുരിശടി തുരുത്ത് |
| 12 | ഇട തുരുത്ത് |

മത്സ്യബന്ധനം തൊഴിലായി സ്വീകരിച്ചിരിക്കുന്ന നീ ണ്ടകര പഞ്ചായത്തിൽ വിവിധതരത്തിലുള്ള മത്സ്യകൃഷിക്കനു യോജ്യമായ സ്ഥലമാണ്. കായൽ കടലുമായി ചേരുന്ന അഴിമു ഖം നീണ്ടകരയിലുണ്ട്. അവയോടടുത്തു കിടക്കുന്ന ചതുപ്പു നിലങ്ങളും, കണ്ടലുമെല്ലാം ജലകൃഷിക്കു പറ്റിയ സ്ഥലങ്ങളാ ണ്. ജലാശയങ്ങളിൽ നിന്നു ലഭിക്കുന്ന ജൈവസമ്പത്തുകളിൽ പ്രധാനപ്പെട്ട മത്സ്യം, ചെമ്മീൻ, കൊഞ്ച്, ഞണ്ട്, കക്ക, ചിപ്പി മുതലായ കടൽജീവികളാണ്. കുറഞ്ഞ ചിലവിൽ കിട്ടുന്ന പോ ഷകപ്രാധാന്യമുള്ള മാംസ്യാഹാരം, കയറ്റുമതി സാധ്യതയുള്ള വാണിജ്യവിഭവം എന്നീ നിലകളിൽ ജലജീവികൾ പ്രാധാന്യമർ ഹിക്കുന്നു.

വിവിധ തരത്തിലുള്ള ജലകൃഷി പ്രദേശങ്ങൾ ഈ പഞ്ചാ യത്തിലുണ്ട്.

(1) കടൽജല പ്രദേശങ്ങൾ: തിരക്കടലും, തിരക്കടലിനോടു ചേർന്ന് സ്ഥിതി ചെയ്യുന്ന കടൽജലം ലഭിക്കുന്ന പ്രദേശങ്ങളാ ണിവ. കടലിൽ വളരുന്ന മത്സ്യങ്ങൾ, കക്കകൾ, ചിപ്പികൾ, ചെമ്മീൻ, പായലുകൾ മുതലായവ കടൽജല പ്രദേശങ്ങളിൽ കൃഷി ചെയ്യാൻ കഴിയും.

(2) ഓരുജല പ്രദേശങ്ങൾ: കടലുമായി സമ്പർക്കമുള്ളതി നാൽ ഉപ്പിന്റെ അംശം കലർന്നിട്ടുള്ള വേലിയേറ്റവും, വേലിയി റക്കവും അനുഭവപ്പെടുന്ന താരതമ്യേന ലവണസാന്ദ്രത കുറഞ്ഞ ജലമാണ് 'ഓരുജലം'

കായൽ മത്സ്യങ്ങളെയും ലവണസാന്ദ്രത കുറഞ്ഞ ജല ത്തിൽ വളരാൻ കഴിവുള്ള കടൽ മത്സ്യങ്ങളെയും ഓരുജല ത്തിൽ കൃഷി ചെയ്യുവാൻ കഴിയും. ഇത്തരം കൃഷിയെ 'ഓരു ജലക്കൃഷി' എന്നുപറയുന്നു. ഈ കൃഷി നീണ്ടകര പഞ്ചായ ത്തിന്റെ കായൽവാര പ്രദേശങ്ങളിൽ സമൃദ്ധമായി ചെയ്യുവാൻ കഴിയും.

ജലക്കൃഷി സാധ്യതകളുടെ അടിസ്ഥാനത്തിൽ തരംതി രിച്ചാൽ നീണ്ടകരപഞ്ചായത്ത് ഒരു കടലോര പഞ്ചായത്താണ്. എന്നാൽ അതേസമയം അഷ്ടമുടിക്കായലാൽ ചുറ്റപ്പെട്ടു കിട ക്കുന്ന തുരുത്തുകളും, കരയും ചേർന്ന ഒരു കായലോര പഞ്ചാ യത്തും കൂടിയാണിത്. ഈ പ്രാദേശിക പ്രത്യേകത കണക്കി ലെടുത്താൽ നീണ്ടകരയിൽ കടൽജല പ്രദേശത്തു ചെയ്യുന്ന കടൽക്കൃഷി, കടലോരക്കൃഷി എന്നിവയും ഓരുജല പ്രദേശത്തു ചെയ്യുന്ന കൃഷിയും ചെയ്യുവാൻ കഴിയും.

## I കടൽജല പ്രദേശങ്ങൾ

(1) കടൽക്കൃഷി

(i) ചെമ്മീൻ കൃഷി
(ii) ചിപ്പി കൃഷി
(iii) മുത്തു വളർത്തൽ (iv) കല്ലുറാൾ വളർത്തൽ
(v) കടൽ മത്സ്യക്കൃഷി (vi) അലങ്കാര മത്സ്യക്കൃഷി
(vii) കടൽപ്പായൽ കൃഷി

2. കടലോര കൃഷി

(i) ചെമ്മീൻ കൃഷി
(ii) ഞണ്ടുകൃഷി
(iii) മുരിങ്ങകൃഷി

## II. ഓരുജല പ്രദേശങ്ങൾ

(i) ചെമ്മീൻ കൃഷി (ii) ഓരുജലമത്സ്യ കൃഷി
(iii) ഞണ്ട് കൃഷി (iv) മുരിങ്ങ കൃഷി (v) കക്ക കൃഷി

നീണ്ടകര പഞ്ചായത്തിന്റെ ഭുപ്രകൃതിയും, ജലാശയങ്ങ ളുടെ പ്രത്യേകതകളും കണക്കിലെടുത്തുകൊണ്ട്-ഭുപ്രദേശത്തി ന്റെ വികസനം തൊഴിലവസരങ്ങളുണ്ടാക്കൽ-മത്സ്യോല്പാദന


നീണ്ടകര പഞ്ചായത്ത്
തൊഴിൽ മേഖല
ചവറ പഞ്ചായത്ത്
തെക്കുംഭാഗം
പഞ്ചായത്ത്
അഷ്ടമുടി കായൽ
സൂചിക:
പഞ്ചായത്ത് അതിർ
ദേശീയ പാത
പഞ്ചായത്ത് ഓഫീസ്
കയർ പിരിക്കൽ
76°32'
PRM - CESS.

**നീണ്ടകര പഞ്ചായത്ത്**

സ്ത്രീപുരുഷ ജനസംഖ്യാ നിരക്ക് 1981, 1991




ചിത്രം(9)

PRM - CESS.

## നീണ്ടകര പഞ്ചായത്ത്

### സ്ത്രീപുരുഷന്മാരുടെ [illegible] നിരക്ക്




ചിത്രം (10)

PRM. CESS.

വർദ്ധന എന്നിവ ലക്ഷ്യമാക്കി ആവിഷ്ക്കരിക്കാവുന്ന വിവിധ മത്സ്യക്കൃഷി മാതൃകകൾ ഇവയാണ്.

(1) നാട്ടിൻ കുളം (2) മത്സ്യഗ്രാമം (3) ചെമ്മീൻ ഗ്രാമം
(4) പൊയ്ക കൃഷി (5) മത്സ്യക്കൂടുകൾ
(6) മത്സ്യ വളപ്പുകൾ (7) വീട്ടുക്കുളം (8) സാമൂഹ്യ കൃഷി
(9) ഫിഷറി എസ്റ്റേറ്റ് (10) സീവേജ് ഫിഷറീസ്.

മത്സ്യകാർഷിക മേഖലയിൽ ആവിഷ്ക്കരിക്കാവുന്ന അനുബന്ധ സംരംഭങ്ങൾ:

(1) മത്സ്യ വിത്തുല്പാദന കേന്ദ്രങ്ങൾ
(2) ചെമ്മീൻ/കൊഞ്ച് വിത്തുല്പാദന കേന്ദ്രങ്ങൾ
(3) പിന്നാമ്പുറ ഹാച്ചറികൾ
(4) അക്വാസ്റ്റോറുകൾ (5) അക്വാസർവീസ്
(6) പിസി ക്ലബുകൾ (7) ഫിഷ്ഫീഡ് യൂണിറ്റ്
(8) ഫിഷ്-മീൽ യൂണിറ്റുകൾ (9) അക്വാംപെറ്റ്ഷോപ്പ്
(10) അക്വാ-ഇൻഡസ്ട്രീസ്.

വിനോദ സഞ്ചാരികൾക്കും വിദേശ സഞ്ചാരികൾക്കും ഇഷ്ടപ്പെടുന്ന ഒരു പദ്ധതിയാണ് ടൂറിസം ഫിഷറീസ്. ടൂറിസം ഫിഷറീസ് സംരംഭങ്ങൾ വിജയിപ്പിക്കുന്നതിന് ചിലതരം മത്സ്യങ്ങളുടെ വാണിജ്യാടിസ്ഥാനത്തിലുള്ള കൃഷി നടത്താം.

ടൂറിസം ഫിഷറീസ് വികസനത്തിന് ആവിഷ്ക്കരിക്കാവുന്ന ചില പദ്ധതികളാണ്.

(1) മറൈൻ പാർക്കുകൾ (2) അക്വാറിയം
(3) ആംഗ്ലിംഗ് ക്ലബ് (4) സ്പോർട്ട് ഫിഷിംഗ്
(5) പയാവോ ഫിഷിംഗ്

നീണ്ടകര പഞ്ചായത്ത് മേൽ പറഞ്ഞ കാര്യങ്ങൾ കൊണ്ടുതന്നെ അനേകം വികസന സാധ്യതകളുള്ള ഒരു പഞ്ചായത്താണ്. ഹാർബർ ഒട്ടും തന്നെ വികസിച്ചിട്ടില്ല. കൊച്ചിയെപ്പോലെ ഈ ഹാർബറും വികസിപ്പിക്കാനാവും.ചെമ്മീൻകൃഷി ഗവൺമെന്റ് ഫാക്ടറികൾ വഴി കുറച്ചെങ്കിലും നടത്തണമെന്ന് പഞ്ചായത്ത് അധികൃതർ ആവശ്യപ്പെടുന്നു.

പട്ടിക 6

### നീണ്ടകര പഞ്ചായത്ത് റോഡുകൾ

| റോഡുകൾ | നീളം |
|---|---|
| ടാർ ചെയ്ത റോഡ് | 3.120 കി.മീ |
| മെറ്റൽ റോഡ് | 5.57 കി.മീ |
| ഗ്രാവൽ റോഡ് | 12.690 കി.മീ |
| മണ്ണ് റോഡ് | 700 മീ. |

## മനുഷ്യവിഭവം:

നാടിന്റെ ഏറ്റവും വലിയ വിഭവമായി കണക്കാക്കുന്ന മനുഷ്യസമ്പത്തിനെക്കുറിച്ചുള്ള വിവരങ്ങൾ മനസിലാക്കേണ്ടത് അത്യാവശ്യമാണ്.

കൊല്ലം ജില്ലയിലെ മൊത്തം ജനസംഖ്യ 2407566 ആണ്. ജില്ലയുടെ വിസ്തീർണ്ണമെന്നു പറയുന്നത് 2491 ച:കി.മീറ്ററാണ്. സ്ത്രീപുരുഷാനുപാതം 1035 ആണ്. കൊല്ലം ജില്ലയിൽ ആകെ 1182810 പുരുഷന്മാരും, 1224756 സ്ത്രീകളുമാണുള്ളത്.

കൊല്ലം ജില്ലയിലെ നീണ്ടകര പഞ്ചായത്തിലെ മൊത്തം ജനസംഖ്യ 1981ലെ സെൻസസ് അനുസരിച്ച് 13623 ആണ്. ഇതിൽ 6900 പുരുഷന്മാരും 6723 സ്ത്രീകളുമാണ്.

ജനസാന്ദ്രത 1336 ച:കി.മീറ്ററാണ്. പട്ടിക ചിത്രം

1991ലെ സെൻസസ് അനുസരിച്ച് നീണ്ടകര പഞ്ചായത്തിലെ ജനസംഖ്യ 15424 ആണ്. ഇതിൽ 7727 പുരുഷന്മാരും, 7697 സ്ത്രീകളുമാണുള്ളത്. ജനസാന്ദ്രത 1514 ച:കി.മീറ്ററാണ്. ആകെയുള്ള ജനസംഖ്യയിൽ 617 പുരുഷന്മാരും, 5868 സ്ത്രീകളും സാക്ഷരരാണ്. എന്നാൽ തൊഴിലില്ലായ്മ ഈ പഞ്ചായത്തിൽ കൂടുതലാണ്. ചെറുകിട വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുകയും, മത്സ്യക്കൃഷി വികസിപ്പിക്കുകയുമാണ് വേണ്ടത്.

പട്ടിക 8

### നീണ്ടകര പഞ്ചായത്ത്
### സ്ത്രീ പുരുഷന്മാരുടെ സാക്ഷരതാ നിരക്ക്

| പുരുഷന്മാർ | സ്ത്രീകൾ | ആകെ |
|---|---|---|
| 6170 | 5868 | 12038 |

അധികാരം ജനങ്ങളിലേക്ക്

# വികസനമേഖലകൾ

# 4
# കൃഷി, ജലസേചനം

പടിഞ്ഞാറു ഭാഗത്ത് അറബിക്കടലും മറ്റ് മൂന്ന് വശവും അഷ്ടമുടിക്കായലാൽ ചുറ്റപ്പെട്ടുകിടക്കുന്ന ഗ്രാമപ്രദേശമാണ്. നീണ്ടകര ഗ്രാമപഞ്ചായത്ത്. 12 തുരുത്തുകൾ ഉൾപ്പെട്ട 10.19 ച: കി:മീറ്റർ വിസ്തീർണ്ണമുള്ള ഈ പഞ്ചായത്ത് ഓണാട്ടുകര മേഖലയിലെ തെക്കേ അറ്റത്തെ പ്രദേശമാണ്.

ഈ പ്രദേശത്തെ മുഖ്യകൃഷി തെങ്ങ് ആണ്. ഭാഗികമായി കമുകും ഇടവിളയായി വാഴ, ചേമ്പ്, ചേന, പച്ചക്കറികൾ മുതലായവയും കൃഷി ചെയ്യുന്നു.

പഴയ കാലത്ത് ഈ പ്രദേശത്തെ ജനങ്ങൾ കൃഷിയെ ആശ്രയിച്ചാണ് ജീവിച്ചിരുന്നത്. ആ സമയത്ത് കൃഷിസ്ഥലങ്ങൾ കുറച്ച് ജന്മികുടുംബങ്ങളുടെ കൈവശത്തിൽ ആയിരുന്നു. ജനസംഖ്യ വർദ്ധനവിന്റെ അടിസ്ഥാനത്തിലും, ഭൂമി തുണ്ടുതുണ്ടായി മാറിയതിനാലും, താമസ സൗകര്യത്തിനായി തോടുകൾ നികത്തി വീടുകൾ നിർമ്മിക്കുന്ന സാഹചര്യം വന്നതോടുകൂടിയും കൃഷി മേഖല പ്രധാന തൊഴിൽ അല്ലാത്ത അവസ്ഥ സംജാതമായി.

മുൻകാലത്ത് ഇവിടെ നെല്ല് കൃഷി ചെയ്തിരുന്നു. കൃഷിയ്ക്ക് ഉപയുക്തമായ ജലസേചനസൗകര്യത്തിന്റെ അഭാവത്തിലും മറ്റും നെൽകൃഷി ലാഭകരമല്ലാത്തതായതിനാൽ നെൽകൃഷിയിൽ നിന്നും ആൾക്കാർ പിന്നോക്കം പോകുകയുണ്ടായി. ജനസംഖ്യാ വർദ്ധനവു കാരണം ജനങ്ങൾ പാടങ്ങൾ നികത്തി താമസിക്കാൻ ആരംഭിച്ചതോടെ നെൽകൃഷി പൂർണ്ണമായും ഈ പഞ്ചായത്തിൽ നിന്നും അപ്രത്യക്ഷമായി.

ഈ പഞ്ചായത്തിന്റെ പ്രധാനവിളയായ തെങ്ങ് കൃഷിയ്ക്ക് നാടൻതെങ്ങുകളായിരുന്നു കൃഷി ചെയ്തിരുന്നത്. അക്കാലത്ത് നല്ല വിളവും ലഭിച്ചിരുന്നു. അര നൂറ്റാണ്ടിനുമുൻപ് ഒരു തെങ്ങിൽ നിന്നും ഒരു വർഷത്തിൽ 300 നാളികേരം ലഭിച്ചിരുന്ന സ്ഥാനത്ത് ഇപ്പോൾ 30 എണ്ണം മാത്രമാണ് ലഭിക്കുന്നത്. കാറ്റുവീഴ്ച, കൂമ്പുചീയൽ, ഓലചീയൽ, ചെന്നീരൊലിപ്പു മുതലായ രോഗങ്ങളും ചെമ്പൻചെല്ലി, കൊമ്പൻചെല്ലി എന്നിവയുടെ ആക്രമണം മൂലവും ആണ് ഉല്പാദനശേഷി ഇത്രയേറെ കുറയാൻ കാരണം.

മറ്റൊരു പ്രധാനവിള കമുക് ആണ്. മഹാളിരോഗം, ഓലചീയൽ, മഞ്ഞളിപ്പ് മുതലായ രോഗങ്ങൾ കാരണം കമുകിന്റെ ഉല്പാദനക്ഷമതയിലും ഗണ്യമായ കുറവ് ഉണ്ടായിട്ടുണ്ട്.

പ്രധാന ഇടവിളകൃഷിയായി വാഴ വ്യാപകമായി കൃഷി ചെയ്തുവരുന്നു. കുറിനാമ്പ്, ഇലപ്പുള്ളി രോഗം എന്നിവ ഈ കൃഷിയിലും വലിയ നഷ്ടം വരുത്തുന്നു. വെള്ളരി, വെണ്ട, പയർ, ചീര, പടവലം, പാവൽ മുതലായ പച്ചക്കറികൾ ആദായകരമായി കൃഷി ചെയ്തിരുന്നു. കാലാവസ്ഥയിൽ ഉണ്ടായമാറ്റം പാർപ്പിട പ്രശ്നം, ആളോഹരി ഭൂവിനിയോഗത്തിലുള്ള കുറവ്. തോടുകളൊക്കെ നികത്തുന്ന പ്രവണത, കൃഷിഭൂമിയിൽ ഉപ്പുവെള്ളം കയറുക എന്നീ കാരണങ്ങളാൽ കൃഷിയിൽ നിന്നും, ആൾക്കാർ വിമുഖത കാണിക്കുന്നതിനാൽ കാർഷികോല്പന്നങ്ങളുടെ ഉല്പാദനത്തിൽ ഗണ്യമായ കുറവുണ്ടായി.

വളം, കീടനാശിനികൾ എന്നിവയ്ക്കുള്ള വിപണനകേന്ദ്രങ്ങൾ ഒന്നും ഈ പഞ്ചായത്തിൽ ഇല്ല.

ഈ പഞ്ചായത്തിൽ രജിസ്റ്റേഡ് നീണ്ടകര കേരവികസന സമിതി(താൽക്കാലികം) പ്രവർത്തിച്ചു വരുന്നു.

## കാർഷികോപകരണങ്ങൾ

മരുന്നുതളി ഉപകരണങ്ങളായ 18 റോക്കർഡ്രയറും 11 നാപ്സ്സകാറ്റ് സ്പ്രെയറും 4 തെങ്ങുകയറ്റ യന്ത്രങ്ങളും കൃഷിഭവനിൽ നിന്നും വിതരണം ചെയ്തിട്ടുണ്ട്.

പട്ടിക 3.5 നടീൽവസ്തു വിതരണം

| | എണ്ണം | | |
|---|---|---|---|
| ഇനം | 1993–94 | 1994–95 | 1995–96 |
| തെങ്ങ് | 360 | 750 | 490 |
| കശുമാവ് | | | |
| കുരുമുളക് | 2000 | – | 1000 |
| കവുങ്ങ് | – | – | 180 |
| ഗ്രാമ്പൂ | – | – | 180 |
| ജാതി | – | – | 180 |
| മാവ് | 75 | 60 | – |
| പേര | 25 | 100 | – |

## കൂലി നിരക്ക് പട്ടിക

| തൊഴിൽ | 1 ദിവസത്തേയ്ക്കുള്ള കൂലി |
|---|---|
| കിളയ്ക്കൽ | 125/ രൂപ |
| തേങ്ങ ഇടീൽ | 100-ന് 12 തേങ്ങ |

### വിപണന സൗകര്യം

കാർഷിക മേഖലയിലെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള സൗകര്യങ്ങൾ ഒന്നും തന്നെയില്ല. അതിന് പ്രധാനമായും കൊല്ലം പട്ടണത്തെയാണ് ആശ്രയിക്കുന്നത്. ആയതിനാൽ നാളികേരം, അടയ്ക്ക, പച്ചക്കറി എന്നീ ഉല്പന്നങ്ങൾ ന്യായമായ വില ലഭിക്കുന്നതിനായി പഞ്ചായത്ത് തലത്തിൽ ഒരു വിപണനകേന്ദ്രം ആരംഭിക്കുന്നത്മൂലം കർഷകരെ ചൂഷണത്തിൽ നിന്നും സഹായിക്കുന്നതിനു സാധിക്കും.

### കൃഷിഭവൻ

നീണ്ടകര പഞ്ചായത്തിൽ പരിമണത്ത് ഒരു കൃഷിഭവൻ പ്രവർത്തിക്കുന്നുണ്ട്. ഒരു കൃഷി ആഫീസറും 2 കൃഷി അസിസ്റ്റന്റും പ്രവൃത്തി ചെയ്യുന്നു. സ്വന്തമായി വസ്തുവും കെട്ടിടവും ഇതുവരെ ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. കൃഷിഭവനിൽ നിന്നും തെങ്ങിൻതൈ, പച്ചക്കറി വിത്തുകൾ, വളങ്ങൾ എന്നിവ പരിമിതമായി മാത്രമേ ലഭ്യമാകുന്നുള്ളൂ. കൂടുതൽ ഉല്പാദനക്ഷമതയുള്ള വിത്തിനങ്ങളും, പരിശീലനം ലഭിച്ച കൂടുതൽ ഉദ്യോഗസ്ഥരുടെയും സേവനങ്ങളും ലഭ്യമാക്കാനുണ്ട്. ഈ പ്രദേശത്ത് വളം, കീടനാശിനി എന്നിവയുടെ വിപണന കേന്ദ്രങ്ങൾ ഇല്ലാത്തതിനാൽ കർഷകർക്ക് അത്യാവശ്യം വേണ്ട കീടനാശിനി, വളം, സ്പ്രേയറുകൾ എന്നിവ കൃഷിഭവനിൽ ലഭ്യമാക്കേണ്ടതാണ്.

### ജലസേചനം

മഴയെ ആശ്രയിച്ചു മാത്രമാണ് ഈ പഞ്ചായത്തിൽ കൃഷി ചെയ്തുവരുന്നത്. പൊതുവേ ജലസേചന സൗകര്യങ്ങൾ ഒന്നുമില്ലാത്ത ഒരു പ്രദേശമാണ്. ഇവിടെയുള്ള തോടുകകൾ അഷ്ടമുടിക്കായലുമായി ബന്ധപ്പെട്ടു കിടക്കുന്നതിനാൽ പുരയിടങ്ങളിൽ ഉപ്പുവെള്ളം കയറിയിറങ്ങുന്ന സാഹചര്യം ഉണ്ട്. ഇത് തടയുന്നതിനായി തോടുകളിൽ സ്ലയിസ് സ്ഥാപിക്കണം. ജലസേചനത്തിനാവശ്യമായ കുളങ്ങളോ, തോടുകളോ, കിണറുകളോ ഈ പഞ്ചായത്തിൽ ഇല്ല. ഇരുപതോളം കുടുംബങ്ങൾ ജലസേചനത്തിനായി പമ്പുസെറ്റുകൾ ഉപയോഗിക്കുന്നുണ്ട്. മറ്റു സ്ഥലങ്ങളിലെ പ്രധാന ജലസ്രോതസ്സ് കിണറുകളാണ്. എന്നാൽ ഭൂരിഭാഗം പ്രദേശത്തും കിണറ്റിൽ നിന്നും ഉപ്പുവെള്ളം ലഭ്യമാകുന്നതിനാൽ ജലസേചനത്തിന് കിണറ് കുഴിക്കുന്നതും അപ്രായോഗികമാണ്.

### പ്രശ്നങ്ങൾ

1) ഇന്ന് കാർഷിക മേഖലയിൽ ജോലിചെയ്യുന്നവരുടെ എണ്ണം വളരെ കുറവാണ്. തൊഴിൽ ദിനങ്ങളുടെ കുറവും ആണ് പ്രധാന കാരണം.

2) കൂലിയും വളത്തിന്റെ വിലയും അടിയ്ക്കടി വർദ്ധിച്ചുവരുന്നു.

3) മണ്ണ് വേണ്ടത്ര ഫലപുഷ്ടിയുള്ളതല്ല.

4) കൃഷി പ്രായേണ നഷ്ടമാണ്.

5)കൃഷി പ്രധാന തൊഴിലായി സ്വീകരിച്ചിട്ടുള്ളവർ വളരെ വിരളമാണ്.

6) ഭൂരിപക്ഷം കർഷകരും ഉപതൊഴിലായി കൃഷിയെ കാണുന്നു.

7) മണ്ണ് പരിശോധനയുടെ ആവശ്യകത എല്ലാ കർഷകർക്കും ബോദ്ധ്യം വന്നിട്ടില്ല.

8) വിള ഇൻഷ്വറൻസിനെ സംബന്ധിച്ച് കർഷകർ ബോധവാന്മാരല്ല.

9) തെങ്ങിന് കൂമ്പ് ചീയൽദ മഞ്ഞളിപ്പ്, കാറ്റ് വീഴ്ച മുതലായവയും കവുങ്ങിന് മഹാളി, മണ്ടയടപ്പ്, വാഴയ്ക്ക് കുഴിനാമ്പ് രോഗം എന്നിവ സർവ്വസാധരണമാണ്.

10) യമഹ ഇൻജിൻ വച്ചുള്ള വള്ളങ്ങളും ബോട്ടുകളും നിരന്തരം അമിതവേഗത്തിൽ പോകുന്നതിനാൽ കായൽ തീരപ്രദേശങ്ങളിലെ മണ്ണ് ഇടിഞ്ഞ് തെങ്ങ് മുതലായവ കടപുഴകി വീഴുന്നു.

11) കൃഷിഭവന്റെ പ്രവർത്തനം എല്ലാ കർഷകരിലും എത്തുന്നില്ലാ

12) സങ്കരയിനം വിത്തുകൾ, നടീൽവസ്തുക്കൾ വേണ്ട സമയത്ത് നൽകാൻ കൃഷിഭവന് കഴിയുന്നില്ല.

13 കർഷകന് രാസവളം, ജൈവവളം, കീടനാശിനി എന്നിവയുടെ ശാസ്ത്രീയമായ ഉപയോഗത്തെ കുറിച്ച് അറിവില്ല.

14 കൂൺകൃഷി, ഔഷധകൃഷി, ഇവയെപ്പറ്റി കർഷകർക്ക് വേണ്ടത്ര അറിവില്ല.

15) തുണ്ടു ഭൂമിയായതിനാൽ പച്ചക്കറി കൃഷി കുറഞ്ഞുവരുന്നു.

16) കൃഷിയിടങ്ങളിൽ ഉപ്പുവെള്ളം കയറുന്നത് തടയണം.

17) കൃഷിഭവനിൽ നിന്നും കർഷകർക്ക് അത്യാവശ്യത്തിന് വേണ്ട മരുന്നുകളോ വാടകയ്ക്ക് സ്പ്രേയറുകളോ ലഭിക്കുന്നില്ല.

### സാദ്ധ്യതകൾ

1) എല്ലാ കൃഷിസ്ഥലങ്ങളിലേയും മണ്ണ് പരിശോധിച്ച് ശാസ്ത്രീയമായ വളപ്രയോഗത്തിന് സൗകര്യമുണ്ടാക്കുക.

2) പഞ്ചായത്ത് അടിസ്ഥാനത്തിൽ രോഗബാധിത തെങ്ങുകൾ മുറിച്ചു മാറ്റുന്നതിനും മറ്റുള്ളവയ്ക്ക് രോഗം വരാതിരിയ്ക്കുന്നതിനും സമഗ്രമായ മരുന്നുതളി നടത്തുന്നതിനുള്ള മാസ്റ്റർപ്ലാൻ ഉണ്ടാക്കണം.

3) കാർഷികവൃത്തിയോട് ജനങ്ങളുടെ മനോഭാവം മാറ്റാൻ സംഘടിതമായ ബോധവൽക്കരണ സെമിനാറുകൾ വാർഡുകൾ തോറും സംഘടിപ്പിക്കണം

4) കൃഷിഭവൻ മുഖേന നൽകുന്ന വിത്തുകളും നടീൽ വസ്തുക്കളും കർഷകർക്ക് യഥാസമയം ലഭിക്കുന്നതിനുള്ള സൗകര്യമുണ്ടാക്കണം.

5) വേനൽകാലകൃഷികൾ ചെയ്യുന്നതിന് ആവശ്യമായ ജലസേചനം വാർഡുകൾ തോറും ലഭ്യമാക്കുക.

6) കൃഷിയിടങ്ങളിൽ ഉപ്പുവെള്ളം കയറുന്നത് തടയുന്നതിന് ബണ്ടുകൾ കെട്ടണം

7) വ്യാവസായിക അടിസ്ഥാനത്തിൽ പച്ചക്കറി വിപണനകേന്ദ്രങ്ങൾ കൃഷിഭവൻ മുഖേന ഉണ്ടാകണം.

8) മരച്ചീനി, കമുക് മുതലായവ വ്യാപകമായി കൃഷിചെയ്യുന്നതിന് പദ്ധതി ആവിഷ്ക്കരിക്കുക.

9) കൃഷിക്കാർ ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറി സാധനങ്ങൾ വിറ്റഴിക്കുന്നതിന് ആഴ്ച ചന്ത തുടങ്ങണം.

10) ഈർച്ചപ്പൊടി, ചകിരിചോറ് ഇവ ഉപയോഗിച്ച് ജൈവവളം നിർമ്മിക്കുന്നതിനുള്ള സാദ്ധ്യത ഉണ്ടാക്കണം.

11) പ്രകൃതിക്ഷോഭം മൂലം കർഷകർക്ക് ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് സാമ്പത്തിക സഹായം ലഭ്യമാക്കണം.

12) കായൽതീരങ്ങൾ സൈഡ്‌വാൾ കെട്ടി സംരക്ഷിക്കണം

13) നല്ല രീതിയിൽ കൃഷിചെയ്യുന്ന കർഷകർക്ക് പഞ്ചായത്ത് അടിസ്ഥാനത്തിൽ സാമ്പത്തിക സഹായവും അവാർഡും ഏർപ്പെടുത്തണം.

14) പൂവ് കൃഷി, ഔഷധകൃഷി, കൂൺകൃഷി മത്സ്യകൃഷി എന്നിവയ്ക്ക് പഞ്ചായത്തിലുള്ള സാദ്ധ്യത പ്രയോജനപ്പെടുത്തണം.

15) വിത്തും വളവും സൗജന്യമായി നൽകി പച്ചക്കറി കൃഷി വ്യാപകമാക്കുന്നതിന് നടപടി സ്വീകരിക്കണം. അങ്ങനെ ഈ പഞ്ചായത്തിനെങ്കിലും ആവശ്യമുള്ള പച്ചക്കറികൾ ഇവിടെ നിന്നുതന്നെ ഉല്പാദിക്കാനുള്ള പദ്ധതി ആവിഷ്ക്കരിക്കണം.

16) തരിശ്ശായി കിടക്കുന്ന ഭൂമി പഞ്ചായത്തിന്റെ മേൽനോട്ടത്തിൽഏറ്റെടുത്ത് കൃഷിചെയ്യുവാൻ താല്പര്യമുള്ളവരെ ഗ്രൂപ്പ് അടിസ്ഥാനത്തിൽ ഏർപ്പെടുത്തണം. പ്രത്യേകിച്ച് വാഴകൃഷി ഈ രീതിയിൽ ഏറ്റെടുത്തു നടത്താവുന്നതാണ്.

18) രോഗങ്ങൾക്കെതിരെയുള്ള മരുന്നു തളിയ്ക്കാവശ്യമായ മരുന്നും സ്പ്രേയറുകളും കൃഷിഭവനിൽ നിന്ന് ലഭ്യമാക്കണം.

# 5
# മൃഗസംരക്ഷണം

## A ആമുഖം

ഭൂപ്രകൃതിയുടെ പ്രത്യേകത കൊണ്ട് മത്സ്യത്തൊഴിലാളികളും കയർ തൊഴിലാളികളും അധികം ഉള്ള ഒരു പഞ്ചായത്താണ് നീണ്ടകര ഗ്രാമ പഞ്ചായത്ത്. സ്ഥലത്തിന്റെ നല്ലൊരു ഭാഗം കായലുകളും വെള്ളക്കെട്ടുകളുമാണ്. പശു, ആട് എന്നിവയാണ് ഇവിടുത്തെ പ്രധാന വളർത്തുമൃഗങ്ങൾ. വളർത്തു പക്ഷികളിൽ പ്രധാനം താറാവും കോഴികളുമാകുന്നു. മൃഗസംരക്ഷണ മേഖലയുടെ വികസനം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് പോഷകപ്രദമായ പാൽ, മുട്ട, മാംസം എന്നീ ആഹാര സാധനങ്ങൾ വ്യവസായത്തിനാവശ്യമുള്ള തുകൽ, എല്ല്, ജലാറ്റിൻ, ഓസീൻ, കൊഴുപ്പ്, ഹോർമോൺ, വാക്സിൻ, എൻസൈമുകൾ തുടങ്ങിവയ കാർഷികമേഖലയ്ക്കാവശ്യമുള്ള ജൈവവളം, നിലം ഒരുക്കുന്നതിനും/ ഭാരം വലിക്കുന്നതിനുമുള്ള മൃഗശക്തി, ഊർജ്ജോല്പാദനത്തിനുള്ള ബയോഗ്യാസ് എന്നിവയുടെ വർദ്ധനവ് പേവിഷബാധ നിയന്ത്രണം, മാംസ പരിശോധനയിലൂടെ ശുദ്ധമായ മാംസോല്പാദനം നടത്തി പൊതുജനാരോഗ്യ സംബന്ധമായ സേവനം തൊഴിൽ സാദ്ധ്യതയിലൂടെ വരുമാന വർദ്ധനവ് പ്രത്യേകിച്ച് ഗ്രാമീണ ജനതയുടെ സമ്പത്ത് വർദ്ധനവ് എന്നിവയാണ്.

## B. പഞ്ചായത്തിലെ മൃഗസംരക്ഷണ മേഖല

പണ്ടുകാലത്ത് ഉല്പാദനക്ഷമത കുറഞ്ഞ നാടൻ കറവമാടുകളായിരുന്നു അധികവും. ഇപ്പോൾ ആ സ്ഥാനത്ത് ഉല്പാദനക്ഷമത കൂടിയ സങ്കരയിനം കറവമാടുകളാണ് ഉള്ളത്. മുൻകാലങ്ങളിൽ കുളമ്പുരോഗം മൂലം കർഷകർ വളരെ കഷ്ടപ്പെട്ടിട്ടുണ്ട്. മുമ്പ് ഈ പഞ്ചായത്തിൽ ആധുനിക ചികിത്സയ്ക്കാവശ്യമായ മൃഗാശുപത്രിയില്ലായിരുന്നു. ഒരു കൃത്രിമ ബീജ സങ്കലന കേന്ദ്രം മാത്രമേ ഉണ്ടായിരുന്നുള്ളൂ. 1996 മാർച്ച് മാസം മുതൽ ഈ പഞ്ചായത്തിൽ ഒരു മൃഗാശുപത്രി പ്രവർത്തിക്കുന്നുണ്ട്. മറ്റു പല പഞ്ചായത്തുകളെയും അപേക്ഷിച്ച് ഇവിടെ പക്ഷം മൃഗ സമ്പത്ത് കുറവാണ്. ബ്രോയിലർ കോഴി വളർത്തൽ സ്വകാര്യമേഖലയിൽ മാത്രമായി ഒരെണ്ണമേയുള്ളൂ. കോഴി, താറാവ്, ആട്, പശു എന്നിവയുടെ വളർത്തലും പരിപാലനവും ഇനിയും കൂടുതൽ വിപുലീകരിക്കേണ്ടിയിരിക്കുന്നു.

മൃഗങ്ങളുടെയും പക്ഷികളുടെയും 1996ലെ സെൻസസ് അനുസരിച്ചുള്ള ഏകദേശ വിവരം താഴെച്ചേർക്കുന്നു.

| ഇനം | വർഷം-1996 |
|---|---|
| പശു | 515 എണ്ണം |
| എരുമ | 30 " |
| കാള | 25 " |
| ആട് | 310 " |
| ചെമ്മരിയാട് | 10 " |
| പന്നി | 15 " |
| കോഴി | 6000 " |
| താറാവ് | 2000 " |
| പട്ടി | 350 " |

## C. മൃഗസംരക്ഷണ സ്ഥാപനങ്ങൾ

ഇവിടുത്തെ മൃഗാശുപത്രി 1996 മാർച്ച് മാസം 30ം തീയതി മുതലാണ് പ്രവർത്തനം ആരംഭിച്ചത്. പഞ്ചായത്ത് വാടകയ്ക്കെടുത്ത് നൽകിയ കെട്ടിടത്തിലാണ് ഇപ്പോൾ ആശുപത്രിയും കൃത്രിമ ബീജസങ്കലന കേന്ദ്രവും പ്രവർത്തിക്കുന്നിത്. ഈ ആശുപത്രിയിൽ ഒരു ഡോക്ടർ, ഒരു ലൈവ്സ്റ്റോക്ക് അസിസ്റ്റന്റ്, ഒരു അറ്റൻഡർ, ഒരു പാർട്ട് ടൈം സ്വീപ്പർ എന്നീ തസ്തികകൾ ഉള്ളതിൽ ഒരു ഡോക്ടറും ഒരു അറ്റൻഡറും മാത്രമേ ഇപ്പോൾ ഉള്ളൂ. ഈ ആശുപത്രി കെട്ടിടത്തിൽ ഇപ്പോൾ പ്രാഥമിക സൗകര്യങ്ങൾ ഇല്ല. ആശുപത്രിയ്ക്കാവശ്യമായ ലാബ്, ഓപ്പറേഷൻ തിയേറ്റർ, കർഷക പരിശീലനഹാൾ, റെഫ്രിജറേറ്റർ, സ്റ്റെറിലൈസർ, മൈക്രോസ്കോപ്പ്, ഫർണിച്ചർ, വാഹനം, ടെലഫോൺ എന്നിവയില്ല. ഈ ആശുപത്രി കെട്ടിടത്തിൽ ഒരു ഐ.സി.ഡി.പി സബ്സെന്റർ കൂടി പ്രവർത്തിക്കുന്നുണ്ട്. അവിടെ ഒരു ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ കൂടി ഉണ്ട്.

## D. പഞ്ചായത്തിൽ കഴിഞ്ഞ പഞ്ചവത്സരപദ്ധതിക്കാലത്ത് നടപ്പാക്കിയ സ്കീമുകൾ

ഈ പഞ്ചായത്തിൽ മുമ്പ് മൃഗാശുപത്രി ഇല്ലാതിരുന്നതിനാൽ ചവറ മൃഗാശുപത്രിയിലൂടെ കഴിഞ്ഞവർഷം ഐ.എച്ച്.ഡി.പി കോളനിയിൽ 2 കിടാരിയേയും 5 ആടിനേയും 10 യൂണിറ്റ് കോഴിയേയും കൊടുത്തിട്ടുണ്ട്.

## E. പാലുല്പാദന രംഗം

ഈ പഞ്ചായത്തിൽ പരിമണത്തുള്ള APCOS മാത്രമേ പാൽവിപണന കേന്ദ്രമായിട്ടുള്ളൂ. അവിടെ പ്രതിദിനം 30 മുതൽ 50 ലിറ്റർ പാൽ വിപണനം ചെയ്യുന്നുണ്ടെന്നാണ് കണക്ക്. ഈ ഗ്രാമപഞ്ചായത്തിലെ ഒരു വർഷത്തെ മൊത്തം പാലുൽപാദനം ഏകദേശം 5 ലക്ഷം ലിറ്റർ ആണെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. APCOS വഴി വിപണനം ചെയ്യുന്നതൊഴിച്ചുള്ള പാൽ കർഷകർ നേരിട്ട് അടുത്തുള്ള വീടുകളിലും ഹോട്ടലുകളിലും കൊടുക്കുന്നു. ബാക്കിയുള്ളത്. സ്വന്തം ആവശ്യത്തിന് കർഷകർ ഉപയോഗിക്കുന്നു. അങ്ങനെ ഏകദേശം 55 ലക്ഷം രൂപയുടെ പാൽ ഈ പഞ്ചായത്തിൽ പ്രതിവർഷം ഉല്പാദിപ്പിക്കുന്നുണ്ട്. ഈ രംഗത്ത് പാൽ വിപണന സൗകര്യം തീരെ അപര്യാപ്തമാണ്. കാലിത്തീറ്റയുടെ വില കർഷകർക്ക് ഒരു ഭാരമാണ്. കർഷകരുടെ സൗകര്യാർത്ഥം ഡയറിയൂണിറ്റുകൾ, മിനി ഡയറി യൂണിറ്റുകൾ, വനിതാ സംരംഭകർക്കുള്ള പശുവളർത്തൽ കിടാരി വളർത്തൽ യൂണിറ്റ് എന്നിവ തുടങ്ങണം.

## F. മാംസോല്പാദനം

ഈ രംഗത്ത് ഇന്നത്തെ സ്ഥിതി വളരെ ശോചനീയമാണ്. ഈ പഞ്ചായത്തതിർത്തിയിൽ അറവുശാല ഇല്ല. വിൽക്കപ്പെടുന്ന മാംസം സമീപ പഞ്ചായത്തിലെ അറവുശാലകളിൽ നിന്നുമാണ് കൊണ്ടുവരുന്നത്. മാംസോല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിന്, ആടുവളർത്തൽ, കോഴിവളർത്തൽ, പന്നിവളർത്തൽ, താറാവു വളർത്തൽ എന്നിവ നടപ്പിലാക്കണം.

## G. ബ്രോയിലർ കോഴിവളർത്തൽ

ഈ പഞ്ചായത്തിന്റെ മേഖലയിൽ ബ്രോയിലർ കോഴി വളർത്തൽ സ്വകാര്യ മേഖലയിൽ മാത്രമായിട്ട് ഒരെണ്ണമേയുള്ളൂ. അവിടെ പ്രതിമാസം 500 കോഴികളെ വളർത്തുന്നുണ്ട്. അതിൽ നിന്നും പ്രതിമാസം 30,000 രൂപയുടെ കോഴിമാംസം ഉല്പാദിപ്പിക്കുന്നുണ്ട്. ഇവിടെ ഉപയോഗിക്കുന്ന കോഴി മാംസത്തിന് തികയുകയില്ല. ബ്രോയിലർ കോഴി വളർത്തലിൽ താല്പര്യമുള്ളവരുണ്ട്. കുഞ്ഞുങ്ങളുടെ ലഭ്യതയുണ്ട്. കോഴിത്തീറ്റ കമ്പോളത്തിൽ ലഭ്യമാണ്. പരിശീലനം, ചികിത്സ എന്നിവയുടെ സൗകര്യങ്ങൾ ഉണ്ട്. ഈ രംഗത്ത് കൂടുതൽ യൂണിറ്റുകൾ തുടങ്ങുന്നതിനുള്ള പ്രോത്സാഹനം കൊടുക്കണം.

## H. മുട്ടയുല്പാദന രംഗം

ഈ പഞ്ചായത്തിലെ മുട്ട ഉല്പാദനം പ്രതിവർഷം ഉദ്ദേശം 35000 എണ്ണം ആകുന്നു. ഇത് ഇവിടുത്തെ ഉപഭോഗത്തിന് തികയുകയില്ല. മുട്ട ഉല്പാദനത്തിൽ സ്വയം പര്യാപ്തത ആവശ്യമാകുന്നു. കോഴിവളർത്തലിൽ താല്പര്യമുള്ളവർ ധാരാളം ഉണ്ട്. ഈ മേഖലയിൽ വീട്ടുമുറ്റത്തെ കോഴിവളർത്തൽ സമ്പ്രദായം, സ്കൂൾ പൗൾട്രി ക്ലബ് സംവിധാനം എന്നിവ വിജയകരമായി നടപ്പിലാക്കാൻ കഴിയും.

## I. കർഷക പരിശീലനം

കർഷക പരിശീലനത്തിനാവശ്യമായ സൗകര്യം (എൽ.എം.റ്റി.സി) ജില്ലയിൽ കൊട്ടിയത്തുണ്ട്. പരിശീലനത്തിന് കർഷകർക്കുവേണ്ട പ്രോത്സാഹനം കൊടുക്കണം.

## J. പേവിഷബാധ നിർമ്മാർജ്ജനം

ഈ പഞ്ചായത്തതിർത്തിക്കുള്ളിൽ പേപ്പട്ടി ശല്യം സ്ഥിരമായി അനുഭവപ്പെടുന്നുണ്ട്. നായ്ക്കളുടെ വാക്സിനേഷൻ ലൈസൻസ് കർശനമായി നടപ്പാക്കണം. അലഞ്ഞുതിരഞ്ഞു നടക്കുന്ന നായ്ക്കളുടെ ശല്യമുണ്ട്. ഇക്കാരണത്താൽ പേവിഷബാധ നിർമ്മാർജ്ജനത്തിനുള്ള സമഗ്ര പദ്ധതിയുടെ ആവശ്യമുണ്ട്.

## K. കന്നുകാലികളുടെ ആകസ്മിക മരണം

മൂലമുണ്ടാകുന്ന നഷ്ടങ്ങളിൽ നിന്നും കർഷകർക്ക് പരിരക്ഷ നൽകണം. സമഗ്ര ഇൻഷ്വറൻസ് സംവിധാനം ഇല്ല. നഷ്ടം മുഴുവനും കർഷകൻ താങ്ങേണ്ടിവരുന്നു. ഇൻഷ്വറൻസ് പ്രീമിയം വളരെ വലുതാണ്. അതുകൊണ്ട് സമഗ്ര കന്നുകാലി ഇൻഷ്വറൻസ് ഏർപ്പെടുത്തണം.

## L. കർഷകർക്ക് അംഗീകാരം/അവാർഡ്

മൃഗസംരക്ഷണ മേഖലയിലെ കർഷകരെ പ്രത്യേകം ആദരിക്കണം. അതിനായി പഞ്ചായത്തുതല അവാർഡുകൾ ഏർപ്പെടുത്തണം.

## മൃഗാശുപത്രിയിൽ റിപ്പോർട്ടുചെയ്ത രോഗവിവരങ്ങൾ 1995-96

| രോഗങ്ങൾ | പശു | എരുമ | ആട് | കോഴി | താറാവ് |
|---|---|---|---|---|---|
| ദഹനസംബന്ധമായ | 147 | 3 | 12 | 20 | |
| ശ്വാസകോശ സംബന്ധം | 13 | | | 50 | |
| ഉപാചയ സംബന്ധം | 27 | | | | |
| ത്വക്ക്‌രോഗം | 7 | | | | |
| ധാതുലവണങ്ങളുടെ അഭാവം | 1 | | 1 | | 8 |
| പരാദരോഗങ്ങൾ | 111 | | 7 | | 15 |
| പ്രത്യുല്പാദനമായി ബന്ധപ്പെട്ടവ | 78 | | 2 | | |
| അകിടുവീക്കം | 11 | | | | |
| മുടന്തൻപനി | 48 | | | | |

## പേവിഷബാധ-പ്രതിരോധവും ചികിത്സയും

| വിവരം | പശു | എരുമ | ആട് | പട്ടി | പൂച്ച |
|---|---|---|---|---|---|
| പ്രതിരോധ കുത്തിവെയ്പ്പ് നൽകിയവയുടെ എണ്ണം | | | | 16 | |
| കടിയേറ്റതിന് ശേഷം കുത്തിവെയ്പ്പ് നൽകിയവയുടെ എണ്ണം | | | | | |

## കൃത്രിമബീജ സങ്കലനം

| വളർത്തുമൃഗം ഇനം | ആകെ എണ്ണം | കൃത്രികബീജ സങ്കലനം നടത്തിയവ | ഗർഭധാരണത്തിന് രണ്ടിലധികം തവണ ബീജസങ്കലനം വേണ്ടിവന്നവ |
|---|---|---|---|
| പശു CB | 615 | 535 | |
| എരുമ | 25 | 20 | |

ക്ഷീരവികസന വകുപ്പിന്റെ ഒരു ആഫീസ് ചവറബ്ലോക്കിലുണ്ട്. ഒരു ഡയറി എക്സ്റ്റൻഷൻ ഓഫീസറും രണ്ട് ഡയറി ഫാം ഇൻസ്ട്രക്ടർമാരും ജോലിനോക്കുന്നു.

## ഈ വകുപ്പുമുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

### 1. മാതൃകാഡയറി യൂണിറ്റ്

രണ്ട് പശു വാങ്ങുന്നതിനും ഒരു കന്നുകാലി തൊഴുത്ത് നിർമ്മിക്കുന്നതിനും 50 സെന്റ് പുരയിടത്തിൽ പുൽക്കൃഷി ചെയ്യുന്നതിനും 25% സബ്സിഡി തുകയായ 7000 രൂപ നൽകുക. ഈ സ്കീം അനുസരിച്ച് 1995–96ലെ ഒരാൾക്ക് ധനസഹായം ലഭിച്ചു.

### 2. മാതൃകാ കന്നുകാലി തൊഴുത്ത്

മാതൃകാ കന്നുകാലി തൊഴുത്ത് നിർമ്മിക്കുന്നതിന് സബ്സിഡി തുകയായ 1250 രൂപ നൽകുക. 1995–96 വർഷം ഒരാൾക്ക് ഈ പദ്ധതിപ്രകാരം സഹായം ലഭിച്ചു.

### 3. പാൽ ഉല്പാദന കിറ്റ് വിതരണം ചെയ്യുക.

### 4. പുൽക്കൃഷിവ്യാപന പദ്ധതി

### 5. ക്ഷീരകർഷക സമ്പർക്ക പരിപാടി

### 6. ക്ഷീര സംഘങ്ങൾക്ക് ആനുകൂല്യങ്ങൾ നൽകുക.

ക്ഷീരവികസന വകുപ്പിന്റെ പ്രവർത്തനം നാമമാത്രമായി മാത്രമേ നടക്കുന്നുള്ളൂ. നിലവിലുള്ള പദ്ധതികൾക്ക് കൂടുതൽ തുക അനുവദിക്കുകയും സബ്സിഡി തുക വർദ്ധിപ്പിച്ച് കൂടുതൽ ആൾക്കാർക്ക് നൽകുകയും ചെയ്താൽ പാൽ ഉല്പാദന രംഗം പരിപോഷിപ്പിക്കാൻ സാധിക്കും. പഞ്ചായത്തുതലത്തിൽ ഒരു ആഫീസ് ആരംഭിച്ച് പ്രവർത്തനം വിപുലമാക്കേണ്ടതാണ്.

### പ്രശ്നങ്ങൾ

1. ആശുപത്രിക്ക് സ്വന്തമായി കെട്ടിടമില്ല.
2. വാഹനസൗകര്യം ലഭ്യമല്ല.
3. ആശുപത്രി ഉപകരണങ്ങളുടെ അപര്യാപ്തത
4. പേവിഷത്തിനുള്ള മരുന്നു യഥാസമയം ലഭിക്കുന്നില്ല.
5. കന്നുകാലികളുടെ അസുഖങ്ങൾ
6. പശു, ആട്, കോഴി, ഇറച്ചിക്കോഴി, പന്നി എന്നിവയുടെ വളർത്തൽ വ്യാപകമല്ല.
7. പുൽക്കൃഷി കുറവാണ്.
8. കാലിത്തീറ്റ നിർമ്മാണവും വിപണന കേന്ദ്രവും ഇല്ല.
9. കുറഞ്ഞ പലിശനിരക്കിൽ സഹായധനം ലഭിക്കുന്നില്ല.
10. ക്ഷീരോല്പാദന സഹകരണസംഘത്തിന്റെ പ്രവർത്തനത്തിന്റെ പോരായ്മ.

### സാദ്ധ്യതകൾ

1. ആശുപത്രിക്കു സ്വന്തമായ കെട്ടിടം നിർമ്മിക്കണം.
2. ആശുപത്രിക്കു വാഹനസൗകര്യം ഉണ്ടാക്കണം.
3. ആശുപത്രിക്കു ആവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കണം.
4. പ്രത്യേക കന്നുകുട്ടി പരിശീലന പദ്ധതി നടപ്പിലാക്കണം.
5. പേവിഷ നിർമ്മാർജ്ജന പദ്ധതി നടപ്പിലാക്കണം.
6. കോഴിവസന്ത നിർമ്മാർജ്ജനപദ്ധതി നടപ്പിലാക്കണം.
7. ഊർജ്ജിത പന്നിവളർത്തൽ വികസന പരിപാടി നടപ്പിലാക്കണം.
8. ആടുവളർത്തൽ പദ്ധതി നടപ്പിലാക്കുക.
9. കാലിരോഗ വിമുക്തമേഖലാ പദ്ധതി നടപ്പിലാക്കുക.
10. ഹാച്ചറി, കന്നുകാലിവളർത്തൽ, തീറ്റ ഉല്പാദനം എന്നിവ നടപ്പിലാക്കുക.
11. വിജ്ഞാനവ്യാപനവും പരിശീലനവും നൽകുക.
12. ഗോരക്ഷാ ക്യാമ്പുകൾ നടത്തുക.
13. ഇറച്ചിക്കോഴി വളർത്തൽ വ്യാപകമാക്കുക.
14. ഡയറി യൂണിറ്റുകൾ സ്ഥാപിക്കുക.
15. പശു വളർത്തൽ വ്യാപകമാക്കുക.
16. വീട്ടുമുറ്റത്തെ കോഴിവളർത്തൽ പദ്ധതി നടപ്പാക്കുക.
17. എഗ്ഗർ നഴ്സറികൾ സ്ഥാപിക്കുക.
18. സ്കൂൾ പൗൾട്രി ക്ലാസ്സുകൾ നടപ്പിലാക്കുക.
19. വീട്ടുവളപ്പിലെ താറാവുവളർത്തൽ പദ്ധതി നടപ്പിലാക്കുക.
20. സമഗ്ര ഇൻഷ്വറൻസ് സംവിധാനം ഏർപ്പെടുത്തുക.
21. ഗോബർഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിന് ആവശ്യമായ പരിശീലനവും ധനസഹായവും നൽകണം.
22. കാലിത്തീറ്റ നിർമ്മാണ യൂണിറ്റും വിപണന കേന്ദ്രം എന്നിവ ആരംഭിക്കണം.
23. മുയൽ വളർത്തൽ കേന്ദ്രം സ്ഥാപിക്കണം.
24. ഉല്പാദിപ്പിക്കുന്ന പാൽ സംഭരിച്ച് വിതരണം ചെയ്യുന്ന സംവിധാനം ഏർപ്പെടുത്തണം.
25. ക്ഷീരോല്പന്ന സഹകരണസംഘത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കണം.

# 6
# മത്സ്യബന്ധനം

പടിഞ്ഞാറ് 5 കിലോമീറ്ററോളം നീളത്തിൽ അറബിക്കട ലും തെക്ക് കിഴക്ക് അഷ്ടമുടിക്കായലും വടക്ക് ചവറ തോടും അതിരുകളായ നീണ്ടകര പഞ്ചായത്തിൽ ജനസംഖ്യയിൽ 70 ശതമാനവും മത്സ്യം പിടിച്ച് ഉപജീവനം നടത്തുന്ന മത്സ്യതൊ ഴിലാളികളാണ്. ഇൻഡ്യയിലെ തന്നെ ഏറ്റവും വലിയ ഫിഷിം ഗ് ഹാർബർ നീണ്ടകരയിൽ സ്ഥാപിച്ചിരിക്കുന്നതിൽ തന്നെ മത്സ്യവ്യവസായത്തിൽ ഈ സ്ഥലത്തിന്റെ പ്രാധാന്യം എടു ത്തു പറയേണ്ടതില്ലല്ലോ. ആദ്യകാലങ്ങളിൽ പരമ്പരാഗത മത്സ്യ ബന്ധനമായിരുന്നു നടന്നിരുന്നത്. താങ്ങവള്ളം, കൊച്ചുവള്ളം, കമ്പവല, കുറ്റിവല, നീട്ടുവല, കട്ടമരം, വീശുവല തുടങ്ങിയ പരമ്പരാഗതരീതിയിൽ മത്സ്യം പിടിച്ചിരുന്ന ഇവിടെ 1953-ൽ നോർവീജിയൻ സർക്കാരിന്റെ സഹായത്തോടുകൂടി ചെറിയ യന്ത്രവൽക്കൃതബോട്ടുകളും ആധുനികരീതിയിലുള്ള നൈലോൺ വലകളും മത്സ്യതൊഴിലാളികൾക്ക് നൽകി. ഇവ ഉപയോഗിച്ച് ആഴക്കടൽ മത്സ്യബന്ധനത്തിനാവശ്യമായ പരിശീലനവും നോർ വീജിയൻ സർക്കാർ നൽകി. ഇതേതുടർന്ന് മത്സ്യബന്ധനമേ ഖലയിൽ ഒരു വിപ്ലവകരമായ മാറ്റം ഈ പ്രദേശത്ത് ഉണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ ഇൻഡ്യയിലെ തന്നെ പ്രധാന മത്സ്യബന്ധന വിപണന സംസ്കരണ കേന്ദ്രമായി നീണ്ടകര മാറി.

എന്നാൽ മത്സ്യം പിടിക്കുന്ന പാവപ്പെട്ട തൊഴിലാളി കൾക്ക് ഇന്ന് ഇതുകൊണ്ട് യാതൊരു പ്രയോജനവും ഉണ്ടാ യിട്ടില്ല. ഇടത്തട്ടുകാരുടേയും വൻമുതലാളിമാരുടേയും ചൂഷണം നിമിത്തം പാവപ്പെട്ട മത്സ്യത്തൊഴിലാളികൾ ഇന്നും ദാരിദ്ര്യ ത്തിലാണ്. മത്സ്യസമ്പത്ത് ചൂഷണം ചെയ്യുന്നതിനും അതിന്റെ ഗുണം പാവപ്പെട്ട തൊഴിലാളികൾക്ക് ലഭിക്കുന്നതിനുമായി ഫി ഷറീസ് വകുപ്പ് പലപദ്ധതികളും കക്ഷിരാഷ്ട്രീയം അതിപ്രസ രവും മറ്റു സ്വാധീനങ്ങൾ മൂലവും യഥാർത്ഥ മത്സ്യത്തൊഴിലാ ളിയെ അവഗണിക്കുക.ാണ്. അവിടെനിന്നും പിടിച്ച് സംസ്ക രിച്ച് സമുദ്രോൽപന്നങ്ങൾ വിദേശത്തയച്ചു കോടിക്കണക്കിന് വിദേശനാണ്യം നേടുമ്പോൾ ഈ പഞ്ചായത്തിനോ ഇവിടു ത്തെ അദ്ധ്വാന ശീലരായ മത്സ്യത്തൊഴിലാളികൾക്കോ യാ തൊരു പ്രയോജനവും ഉണ്ടാകുന്നില്ല. വിദേശനാണ്യം നാമമാ ത്രമായി ചെമ്മീൻ കുത്തക മുതലാളിമാർക്ക് മാത്രം ലഭിക്കുന്ന സ്ഥിതിയിലാണ്. യന്ത്രവൽകൃതബോട്ടുകൾ വർദ്ധിച്ചതോടെ പരമ്പരാഗത മത്സ്യബന്ധനം വൻവെല്ലുവിളി നേരിടുകയാണ്. ഇപ്പോൾ പരമ്പരാഗതരീതിയിലുള്ള മത്സ്യബന്ധനം നാമമാത്ര മായി മാറിയിരിക്കുന്നു. മത്സ്യതൊഴിലാളികളുടെ ക്ഷേമത്തിനാ യി ഒരു ഫിഷിംഗ് ഹാർബർ സ്ഥാപിച്ചിട്ടുണ്ടങ്കിലും മണ്ണ്വീണ് നികന്നത് മൂലം എല്ലാവർഷവും ബോട്ടുതകർന്ന് അനേകം മ ത്സ്യത്തൊഴിലാളികൾ മരിക്കുകയും ഉപകരണങ്ങൾ നശിച്ചു പോകാറുമുണ്ട്.അതുപോലെതന്നെ ഇന്ന് മത്സ്യതൊഴിലാളികൾ ക്ക് വെല്ലുവിളിയാണ് തീരദേശ ഖനനം ഇതുമൂലം ഈ പ്രദേ ശത്തെ പരമ്പരാഗത മത്സ്യതൊഴിലാളികൾക്ക് തൊഴിലും കിട പ്പാടവും നഷ്ടപ്പെടാൻ സാദ്ധ്യതയുണ്ട്. മത്സ്യതൊഴിലാളികളു ടെ ക്ഷേമം മുൻനിർത്തി മാത്രമേ ഇത്തരം പദ്ധതികൾ നട പ്പിൽ വരുത്താവൂ.

തീരദേശപരിപാലനനിയമനവും തീരദേശഖനനവും ഈ പഞ്ചായത്തിൽ നിന്നും ഒഴിവാക്കണം. മുരിങ്ങ, ഞണ്ട്, കക്ക തുടങ്ങി വിദേശ രാഷ്ട്രങ്ങളിൽ കയറ്റുമതിക്ക് സാദ്ധ്യതയുള്ള ഉൽപന്നങ്ങൾ കായലിൽ നിന്നും ലഭിക്കുന്നുണ്ട്. ശാസ്ത്രീയ അടിസ്ഥാനത്തിൽ മത്സ്യ കൃഷി നടത്തുവാൻ സാദ്ധ്യതയുള്ള പഞ്ചായത്താണിത്. ഇവിടെയുള്ള പൊതുസ്വകാര്യ കുളങ്ങളി ലും തോടുകളിലും ശാസ്ത്രീയാടിസ്ഥാനത്തിൽ മത്സ്യകൃഷി നട ത്തിയാൽ ഇവിടുത്തെ തൊഴിലില്ലായ്മക്ക് ഒരു പരിധിവരെ പരി ഹാരമാകും. അതുപോലെ തന്നെയാണ് ശാസ്ത്രീയമായ രീതി യിലുള്ള മുരിങ്ങവളർത്തൽ. ഇതിനാവശ്യമായ നിർദ്ദേശങ്ങളും സഹായങ്ങളും സർക്കാരിൽ നിന്നും ഉണ്ടാകണം. കായലിൽ നിന്നും മത്സ്യം പിടിച്ച് ഉപജീവനം നടത്തുന്ന തൊഴിലാളിക ളും ഈ പഞ്ചായത്തിൽ ധാരാളം ഉണ്ട്. യന്ത്രവൽകൃതവാഹ നങ്ങളിൽ നിന്നും കായൽവെള്ളത്തിൽ കലങ്ങുന്ന മണ്ണെണ്ണ കായൽ മത്സ്യങ്ങൾക്ക് വൻ ഭീഷണിയാണ്.

മത്സ്യതൊഴിലാളികളുടെ ക്ഷേമത്തിനായി ഇവിടെ ഫി ഷറീസ് വകുപ്പ്, മത്സ്യഫെഡ്, വനിതാ ബാങ്ക്, ഒരു ജലമത്സ്യ വികസന ഏജൻസി തുടങ്ങിയവ പ്രവർത്തിക്കുന്നു. മേൽപ്പറഞ്ഞ വിവിധ ഏജൻസികളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതി നായി ഒരു മത്സ്യഭവൻ ഈ പഞ്ചായത്തിൽ സ്ഥാപിക്കേണ്ടതാ ണ്. ഇന്ന് ഇവിടെ പ്രവർത്തനരഹിതമായ ഡിപ്പാർട്ട്മെന്റിന്റെ ഫ്രീസിംഗ് പ്ലാന്റ് പ്രവർത്തിപ്പിച്ച് ഇവിടുത്തെ പാവപ്പെട്ട മത്സ്യ ത്തൊഴിലാളികളുടെ മത്സ്യം ഫ്രീസ് ചെയ്യുന്നതിനുള്ള സൗക ര്യം ഉണ്ടാക്കേണ്ടതാണ്.

## മത്സ്യഫെഡ് പ്രവർത്തനങ്ങൾ

നീണ്ടകര പഞ്ചായത്ത് അതിർത്തിക്കുള്ളിൽ പ്രവർത്തിക്കുന്ന മൂന്ന് പ്രാഥമിക മത്സ്യതൊഴിലാളി വികസനക്ഷേമസഹകരണ സംഘങ്ങൾ വഴിയാണ് മത്സ്യഫെഡിന്റെ പദ്ധതികൾ നടപ്പിലാക്കുന്നത്.

### സംഘങ്ങൾ

1. നീണ്ടകര- പുത്തൻതുറ മത്സ്യതൊഴിലാളി വികസന ക്ഷേമ സഹകരണസംഘം ക്ലിപ്തം.

2. നീണ്ടകര മത്സ്യതൊഴിലാളി വികസന ക്ഷേമ സഹകരണ സംഘം.

3. പുത്തൻതുറ മത്സ്യതൊഴിലാളി വികസന ക്ഷേമ സഹകരണ സംഘം.

### പ്രധാനപ്പെട്ട പദ്ധതികൾ

1. ദേശീയ സഹകരണ വികസന കോർപറേഷനിൽനിന്നും പണം കടം കൊണ്ട് മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിലേക്കായി വായ്പ കൊടുക്കുക ( ഐ. ആർ. ഡി.പി)

### കണക്കുകൾ

25 അംഗങ്ങൾക്കായി നൽകുന്ന താങ്ങു വള്ള ഗ്രൂപ്പ്-5.
നാളിതുവരെ അനുവദിച്ച തുക- രൂപ- 1951455
5 അംഗങ്ങൾക്കായി നൽകുന്ന " ടിങ്കി വള്ളങ്ങൾ " 11
നാളിതുവരെ അനുവദിച്ച തുക- രൂപ- 3768192

### ഭവനനിർമ്മാണ വായ്പാ പദ്ധതി

ഭവനനിർമ്മാണ വായ്പാ പദ്ധതിയുടെ നാലാം ഘട്ടമാണ് ഇപ്പോൾ നിലവിൽ ഉള്ളത്. സ്വന്തമായി ഒരു സെന്റ് ഭൂമി സ്വന്തമായിട്ടുള്ള മത്സ്യതൊളിലാളികൾക്ക് വായ്പ്പയ്ക്കായി അപേക്ഷിക്കാം. വായ്പാ അപേക്ഷ സംഘങ്ങൾ വഴി സമർപ്പിക്കാവുന്നതാണ്. ആകെ തുക-രൂപ- 15000.00

ഇതിൽ ഗുണഭോക്താവ് കണ്ടെത്തേണ്ടത് 1000 രൂപ, 14000 രൂപ നാലു ഗഡുക്കളായി പ്രോജക്റ്റ് ആഫീസർ ശുപാർശ ചെയ്യുന്ന മുറയ്ക്ക് കൊടുക്കുന്നതാണ്.

ആദ്യഗഡു-രൂപ-3000

രണ്ടാം ഗഡു-രൂപ-4000 (അടിസ്ഥാനം കെട്ടിയതിന് ശേഷം).

മൂന്നാം ഗഡു-രൂപ-5000(ലിൻഡൽ വാർത്തതിനുശേഷം)

നാലാം ഗഡു-രൂപ-2000 (മേൽക്കൂരകെട്ടിയതിന് ശേഷം) ഇതിൽ 1500 രൂപ സബ്സിഡിയാണ്.

അവസാനതുക കൈപ്പറ്റി 75-ാം ദിവസം മുതൽ തിരിച്ചടവ് നടത്തണം. മാസം 135 രൂപ എന്നക്കണക്കിന് മുടങ്ങാതെ 168 മാസങ്ങളായിട്ടാണ് തിരിച്ചടവ് നടത്തേണ്ടത്. ഏകദേശം 25 വീടുകൾ നാലാം ഘട്ടത്തിൽ അനുവദിച്ച് വിതരണം നടത്തിയിട്ടുണ്ട്. ഭവനനിർമ്മാണ വായ്പ്പയുടെ തുക വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ എടുത്തിട്ടുണ്ട്.

വീട് പുതുക്കി പണിയുന്നതിന് 3000 രൂപയും കക്കൂസ് കെട്ടുന്നതിന് 2000 രൂപയും വായ്പയായി മത്സ്യഫെഡ് ആവശ്യപ്പെടുന്നവർക്ക് അനുവദിക്കുന്നുണ്ട്.

ദേശീയ പിന്നോക്ക വികസന കോർപറേഷന്റെ വായ്പാ പദ്ധതി (N B C F D C)

ഈ പദ്ധതികൾ പ്രകാരം തഴപ്പായ് നെയ്യുന്ന സ്ത്രീകൾക്ക് 5000 രൂപ വായ്പാ അനുവദിക്കുന്നുണ്ട്. ഇതിന് പുറമേ Cold storage, Auto cassion എന്നിവയ്ക്ക് വേണ്ടിയുള്ള അപേക്ഷകളും പരിഗണനയിലാണ്.

മേൽ പറയുന്ന പദ്ധതികൾക്ക് പുറമേ അതാത് മേഖലകൾക്ക് യോജിക്കുന്ന ലാഭകരമായി നടത്താവുന്ന ചെറുവ്യവസായങ്ങൾക്കുള്ള പ്രോജക്റ്റ് സംഘങ്ങൾ തയ്യാറാക്കി മത്സ്യഫെഡിൽ സമർപ്പിക്കുന്ന പക്ഷം പ്രവർത്തന മൂലധന വായ്പ്പയ്ക്കായി അടങ്കൽ തുകയുടെ 20 ശതമാനം മത്സ്യഫെഡ് നൽകിവരുന്നുണ്ട്. മത്സ്യബന്ധനത്തിന് ആവശ്യമായ മണ്ണെണ്ണ ഇറക്കുമതി ചെയ്ത് പ്രാഥമിക സംഘങ്ങൾ വഴി വിതരണം നടത്തുന്നതിനായി ഒരു പദ്ധതി മത്സ്യഫെഡ് ആസൂത്രണം ചെയ്യുന്നുണ്ട്. നിലവിലുള്ള കണക്കനുസരിച്ച് നീണ്ടകര പഞ്ചായത്തിലെ ആകെ മത്സ്യതൊഴിലാളികൾ -2200- നും 2250 നും ഇടയ്ക്ക്.

സംഘത്തിൽ അംഗത്വമുള്ളവർ- 1793

### മത്സ്യതൊഴിലാളി അപകട ഇൻഷ്വറൻസ് പദ്ധതി

പ്രാഥമിക സംഘത്തിൽ 30-4-96 വരെ അംഗങ്ങളായിട്ടുള്ള മത്സ്യതൊഴിലാളികളെ മത്സ്യഫെഡ്, നാഷണൽ ഇൻഷ്വറൻസ് കമ്പനിവഴി അപകട ഇൻഷ്വറൻസ് സംരക്ഷണം നൽകുന്നുണ്ട്. ഇതിലായ്ക്കായി ഓരോ അംഗം സംഘത്തിൽ 15 രൂപാ വീതം പ്രീമിയം അടയ്ക്കേണ്ടതാണ്. ഏതെങ്കിലും അപകടത്തിൽപ്പെട്ട വ്യക്തി മരണപ്പെടുന്നപക്ഷം പ്രസ്തുത വ്യക്തിയുടെ ആശ്രിതർക്ക് ഒരു ലക്ഷം രൂപ ഇൻഷ്വറൻസ് തുക ലഭിക്കുന്നതാണ്. എല്ലാ വർഷവും 15 രൂപാവീതം സംഘത്തിൽ അടച്ച് ഓരോ അംഗവും ഇൻഷ്വറൻസ് പുതുക്കേണ്ടതാണ്. അപകടത്തിൽപെട്ട അവയവങ്ങൾ വിഛേദിക്കപ്പെടുന്ന പക്ഷം ആനുപാതികമായി തുക ലഭിക്കുവാനും വ്യവസ്ഥയുണ്ട്.

### അപകട ഇൻഷ്വറൻസ് പദ്ധതി

മത്സ്യത്തൊഴിലാളികളുടെ പണി ഉപകരണങ്ങൾ ഈ പദ്ധതിപ്രകാരം ഇൻഷ്വർ ചെയ്യാം. 2.92% ആണ് പ്രീമിയം ഒരു വർഷത്തേയ്ക്കുള്ള പ്രീമിയം തുക മൂന്നു ഗഡുക്കളായും അഥവാ മുഴുവനായും അടയ്ക്കാം. ഗഡുക്കളായി അടയ്ക്കുമ്പോൾ 40:30:30 എന്ന അനുപാതത്തിൽ മൂന്നുമാസം ഇടവിട്ട് അടയ്ക്കാം.

മേൽ പറഞ്ഞിരിക്കുന്ന പദ്ധതികൾ കൂടുതൽ കാര്യക്ഷമമായി നടത്തുവാൻ മത്സ്യഫെഡ് ശ്രമിക്കുന്നതാണ്.

### പ്രശ്നങ്ങൾ

1. യഥാർത്ഥ മത്സ്യത്തൊഴിലാളികൾക്ക് സ്വതന്ത്രമായി മത്സ്യം പിടിക്കുന്നതിനും വിപണനം ചെയ്യുന്നതിനും ഉള്ള സൗകര്യം.

2. മത്സ്യസഹകരണ സംഘങ്ങൾ വഴി മത്സ്യത്തൊഴിലാളികൾക്ക് ആവശ്യമായ ഉപകരണങ്ങൾ ലഭിക്കുന്നില്ല.

3. ചെമ്മീൻകൃഷിക്ക് വളരെയേറെ സാദ്ധ്യത ഉണ്ടെങ്കിലും ചെമ്മീൻ കൃഷി ഫലപ്രദമല്ല.

4. മത്സ്യത്തൊഴിലാളികൾക്ക് മതിയായ താമസസൗകര്യവും ശുചീകരണവും ഇല്ല.

5. മത്സ്യത്തൊഴിലാളികൾക്ക് ആവശ്യമായ സാമ്പത്തിക, സാങ്കേതിക സഹായങ്ങൾ മതിയായി ലഭിക്കുന്നില്ല.

6. മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് പഠിക്കുന്നതിന് ബോയ്സ് ഹൈസ്ക്കൂളോ, ഫിഷറീസ് ടെഗ്നിക്കൽ സ്കൂളുകളോ ഇല്ല.

7. ഇവിടെ നിലവിലുള്ള ഫിഷർമെൻ ടെഗ്നിക്കൽ സ്കൂൾ ശരിയായ രീതിയിൽ നടക്കുന്നില്ല.

8. ഫിഷിംഗ് ഹാർബറിൽ മണ്ണടിയുന്നതുമൂലം ബോട്ടുകൾ തകർന്ന് ജീവാപായം ഉണ്ടാകുന്നു.

9. സ്വന്തമായി വീടും സ്ഥലവും ഇല്ലാത്ത തൊഴിലാളികൾക്ക് സൗജന്യമായി സ്ഥലവും വീടും നൽകണം

10. പട്ടയങ്ങൾ നൽകാത്തതുകൊണ്ട് മത്സ്യതൊഴിലാളികൾക്ക് അനേകം ബുദ്ധിമുട്ടുകൾ ഉണ്ട്.

11. മത്സ്യതൊഴിലാളികൾക്ക് സ്വയംതൊഴിൽ ചെയ്യാനുള്ള സാമ്പത്തിക സാങ്കേതിക സഹായങ്ങൾ ലഭ്യമല്ല.

12. മത്സ്യതൊഴിലാളികൾക്ക് നീണ്ടകര സർക്കാർ ആശുപത്രിയിൽ പ്രത്യേക വാർഡ് ഏർപ്പെടുത്തണം.

13. കടലിൽ ഉണ്ടാകുന്ന സംഘർഷാവസ്ഥ തക്കസമയത്ത് ഒഴിവാക്കുവാനാവശ്യമായ സംവിധാനങ്ങൾ ഇല്ല.

14. ഈ മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് മണ്ണെണ്ണയും മറ്റുപകരണങ്ങളും വാങ്ങുന്നതിനുള്ള സംവിധാനങ്ങൾ ഇല്ല.

15. മത്സ്യസംസ്കരണത്തിന് സൗകര്യമില്ലായ്മ നിലനിൽക്കുന്നു.

16. കോൾഡ് സ്റ്റോറേജിന്റെ അഭാവം.

17. മത്സ്യവിപണനരംഗം വേണ്ടവിധം സംരക്ഷിച്ച് പച്ചമത്സ്യം തന്നെ വിൽക്കുന്നതിന് സംവിധാനങ്ങൾ ഉണ്ടാകുന്നില്ല.

## സാദ്ധ്യതകൾ

1. മത്സ്യബന്ധനത്തിന് ആവശ്യമായ വള്ളം, വല മുതലായ ഉപകരണങ്ങൾ ഏർപ്പെടുത്തി കൊടുക്കണം.

2. മത്സ്യസഹകരണ സംഘങ്ങൾ വഴി തൊഴിലാളികൾക്ക് ആവശ്യമായ ധനസഹായം ഏർപ്പാടുകൾ ലഭ്യമാകണം.

3. ചെമ്മീൻകൃഷിക്ക് വളരെ ഏറെ സാധ്യത ഉണ്ടെങ്കിലും കൃഷി ഫലപ്രദമായി നടക്കുന്നില്ല. അതിനായി കായലുകളിൽ സൗകര്യപ്രദമായ സ്ഥലങ്ങളിൽ ബണ്ടുകൾ കെട്ടിത്തിരിച്ച് ചെമ്മീൻ കൃഷി ചെയ്യുന്നതിന് ആവശ്യമായ ധനസഹായവും വിദഗ്ദ്ധോപദേശങ്ങളും കൊണ്ടുള്ള ചെമ്മീൻ കൃഷി വിപുലപ്പെടുത്തേണ്ടതാണ്.

4. മത്സ്യത്തൊഴിലാളികൾ കടലോരത്ത് തിങ്ങിഞെരുങ്ങിയാണ് ഇപ്പോൾ താമസിക്കുന്നത്. ചെറിയ കുടിലുകളിൽ ആറും ഏഴും അംഗങ്ങൾ ഉള്ളതുകൊണ്ട് വളരെയേറെ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നു. പൊതു സ്ഥലങ്ങളിൽ മലമൂത്ര വിസർജ്ജനം നടത്തുന്നതുകൊണ്ട് പകർച്ചവ്യാധികളും മറ്റു മാറാരോഗങ്ങളും മത്സ്യത്തൊഴിലാളികളിൽ കണ്ടുവരുന്നു. മത്സ്യത്തൊഴിലാളികൾക്ക് വാസയോഗ്യമായ വീടുകളും കക്കൂസുകളും പ്രത്യേകമായോ ഫ്ലാറ്റ് അടിസ്ഥാനത്തിലോ നിർമ്മിച്ചു നൽകേണ്ടതാണ്.

5. മത്സ്യത്തൊഴിലാളികൾക്ക് ആവശ്യമായ സാങ്കേതിക പരിജ്ഞാനവും സാമ്പത്തിക സഹായങ്ങളും ലഭ്യമാക്കണം. മത്സ്യത്തൊഴിലാളികളുടെ സാങ്കേതിക പരിജ്ഞാനത്തിനും, സാക്ഷരതയ്ക്കും വേണ്ടി ട്രെയിനിംഗ്സെന്ററുകൾ സ്ഥാപിക്കേണ്ടതാണ്.

6. മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് പഠിക്കാനായി പൊതുമേഖലയിൽ ഒരു ഹൈസ്ക്കൂളും ഫിഷറീസ് ടെക്നിക്കൽ സ്കൂളും സ്ഥാപിക്കണം.

7. ഇവിടെ നിലവിലുള്ള ഫിഷർമാൻ ട്രെയിനിംഗ് സെന്റർ ശരിയായ രീതിയിൽ പ്രവർത്തിക്കുവാനുള്ള നടപടികൾ എടുക്കണം.

8. ഫിഷിംഗ് ഹാർബറിൽ മണ്ണടിയുന്നതുമൂലം ബോട്ടുകൾ തകർന്ന് ജീവാപായം ഉണ്ടാകാറുണ്ട്. ഇതിനു പരിഹാരമായി ഫിഷിംഗ് ഹാർബർ സ്ഥിരമായി ഡ്രസ്സു ചെയ്യുന്നതിന് ഫിഷറീസ് ഡിപ്പാർട്ടുമെന്റ് തന്നെ ഒരു ഡ്രസ്സ്ജർ വാങ്ങിക്കേണ്ടതാണ്.

9. സ്വന്തമായി വീടും സ്ഥലവും ഇല്ലാത്തവർക്ക് സൗജന്യമായി സ്ഥലവും വീടും നൽകുന്നതിനുള്ള നടപടികൾ ഉണ്ടാകണം. ഇപ്പോൾ മത്സ്യഫെഡ് മുഖേന 35000 രൂപ ധനസഹായം നൽകുന്നതുകൂടാതെ ഭൂമിയില്ലാത്തവർക്ക് ഭൂമി നൽകുന്നതിന് നടപടികൾ ഉണ്ടാകണം.

10. നീണ്ടകര പ്രദേശത്ത് ഫിഷിംഗ് ഹാർബർ മുതൽ ഐ.ആർ.ഇ. ഗസ്റ്റ് ഹൗസ് വരെയുള്ള പ്രദേശത്ത് താമസിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് പട്ടയം ഇല്ലാത്തതിനാൽ അവരുടെ അടിസ്ഥാന ആവശ്യങ്ങൾ ഒന്നുംതന്നെ സാധിക്കാൻ കഴിയുന്നില്ല. ആയതിനാൽ തീരദേശത്തു താമസിക്കുന്ന എല്ലാ മത്സ്യത്തൊഴിലാളികൾക്കും പട്ടയം കൊടുക്കുവാനുള്ള നടപടികൾ ഉണ്ടാകണം.

11. അഭ്യസ്തവിദ്യരായ മത്സ്യത്തൊഴിലാളികൾക്ക് സ്വയം തൊഴിൽ ചെയ്യുവാനുള്ള സാമ്പത്തിക സാങ്കേതിക സഹായം നൽകുവാനുള്ള ഏർപ്പാടുകൾ ഉണ്ടാകുന്നതോടൊപ്പം ഒരു മത്സ്യബാങ്കും സ്ഥാപിക്കേണ്ടതാണ്.

12. മത്സ്യത്തൊഴിലാളികളുടെ ചികിത്സയ്ക്കായി നീണ്ടകര ഗവൺമെന്റാശുപത്രിയിൽ ഒരു വാർഡു തുറക്കേണ്ടതാണ്.

13.മത്സ്യത്തൊഴിലാളികൾ തമ്മിൽ കടലിൽ സംഘട്ടനം നിത്യസംഭവമാണ്. ഇത് തക്ക സമയത്തുതന്നെ തടയുവാൻ ഫലപ്രദമായ സംവിധാനം നിലവിലില്ല. ഇപ്പോൾ ഇതിലേക്കായി മറൈൻ ഇൻഫോഴ്സ്മെന്റിന്റെ ഒരു യൂണിറ്റ് നിലവിലുണ്ടെങ്കിലും ആവശ്യമായ സ്പീഡ്ബോട്ടോ, വാർത്താവിനിമയ സൗകര്യങ്ങളോ നിലവിലില്ല. അതിനാവശ്യമായ ഉപകരണങ്ങൾ നൽകി പ്രവർത്തനം സജ്ജമാക്കുക.

14. എഞ്ചിൻ ഘടിപ്പിച്ചിട്ടുള്ള എല്ലാ വള്ളങ്ങൾക്കും മണ്ണെണ്ണ പെർമിറ്റ് നൽകുക.

15. മത്സ്യം കൂടുതൽ ലഭ്യമാകുന്ന ദിവസങ്ങളിൽ മത്സ്യത്തിനു വിലയിടിയുകയും തൊഴിലാളികൾക്ക് ന്യായമായ വില ലഭ്യമാകാതെയും വരിക സാധാരണയാണ്. തൊഴിലാളികളെ ചൂഷണത്തിൽ നിന്നും രക്ഷിക്കുന്നതിനും അധികം വരുന്ന മത്സ്യം സൂക്ഷിക്കുന്നതിനും ആവശ്യമായ കോൾഡ്സ്റ്റോറേജുകൾ ഫിഷിംഗ് ഹാർബറിൽ സ്ഥാപിച്ച് സഹായം ഏർപ്പെടുത്തുക. നിലവിലുള്ള ഫിഷറീസ് വക സ്റ്റോറേജ് പ്രവർത്തിപ്പിക്കുകയും ചെയ്താൽ ഇതിനു പരിഹാരമുണ്ടാകും.

16. കായൽ മത്സ്യങ്ങളും മുരിങ്ങഞണ്ട്, കക്ക ഇവ വളർത്തുന്നതിനുള്ള സഹായവും സാങ്കേതിക വിജ്ഞാനവും ലഭ്യമാക്കേണ്ടതാണ്.

# 7

# വ്യവസായം

നീണ്ടകര പഞ്ചായത്തിൽ അതിപുരാതന കാലം മുതൽ ഉണ്ടായിരുന്ന വ്യവസായം കയർവ്യവസായമായിരുന്നു. ഭൂപ്രകൃതിയുടെ ആനുകൂല്യം മൂലം നീണ്ടകരയിലെ കൂടുതൽ ആളുകളും മത്സ്യബന്ധനവും കയർ പിരിയും പ്രധാന തൊഴിലുകളായി ചെയ്തുവന്നിരുന്നു. ആധുനിക കാലത്തും പ്രധാന തൊഴിൽ മത്സ്യബന്ധനവും കയർ തൊഴിലും തന്നെ. വ്യവസായികമായി തീരെ പിന്നോക്ക നിൽക്കുന്ന ഒരു പഞ്ചായത്താണ് നീണ്ടകര എന്ന് കണക്കാക്കുന്നത് ശരിയല്ല. മത്സ്യബന്ധന മേഖല പുരോഗമിച്ചതോടുകൂടി ഒട്ടേറെ അനുബന്ധവ്യവസായങ്ങൾക്ക് കാരണമായി.

പരമ്പരാഗത വ്യവസായം കയർവ്യവസായം തന്നെ. അഷ്ടമുടിക്കായലിന്റെ നീണ്ടതീരം ഈ വ്യവസായത്തെ പരിപോഷിപ്പിക്കുന്നതിന് ഏറെ സഹായിച്ചിരുന്നു. പക്ഷെ ഇപ്പോൾ നീണ്ടകരയുടെ കിഴക്കൻ മേഖലയിൽ കുറച്ചുപേർ മാത്രമേ ഈ വ്യവസായത്തിലേർപ്പെടുന്നുള്ളൂ. അനുകൂല പരിതസ്ഥിതി ഉണ്ടെങ്കിലും പ്രധാന അസംസ്കൃത വസ്തുവായ തൊണ്ട് ദുർലഭമാണ്. ആകർഷകമല്ലാത്ത തൊഴിൽ രീതികളും കുറഞ്ഞ കൂലിയും കയർ വ്യവസായ മേഖല പിൻതള്ളപ്പെടാൻ പ്രധാന കാരണങ്ങളാണ്.

കയർവ്യവസായത്തെ പരിപോഷിപ്പിക്കുന്നതിനുവേണ്ടി രൂപീകരിക്കപ്പെട്ട രണ്ടു കയർ വ്യവസായ സഹകരണ സംഘങ്ങളും ലക്ഷ്യം കണ്ടില്ല. പുത്തൻതുറ കയർവ്യവസായ സഹകരണസംഘം ക്ലിപ്തം നമ്പർ 379 ഇപ്പോൾ പ്രവർത്തന രഹിതമാണ്. നീണ്ടകര കയർ വ്യവസായ സഹകരണ സംഘം ക്ലിപ്തം Q634 നാമമാത്രമായി പ്രവർത്തിക്കുന്നു.

നോർവേ ഗവൺമെന്റിന്റെ സഹായസഹകരണത്തോടുകൂടി നീണ്ടകര പഞ്ചായത്തിൽ 1953ൽ ആധുനിക വ്യവസായത്തിന് അടിത്തറയിട്ടു. പഞ്ചായത്തിന്റെ തെക്കേഅറ്റത്ത് ഒരു മത്സ്യ സംസ്കൃതശാലയും വടക്കേ അറ്റത്ത് ശുദ്ധജലവിതരണത്തിന് പൈപ്പുകൾ നിർമ്മിക്കുന്ന പ്രിമോ പൈപ്പ് ഫാക്ടറിയും സ്ഥാപിച്ചു. ഈ രണ്ട് ഫാക്ടറികളും സംസ്ഥാന സർക്കാരിന് പിന്നീട് കൈമാറി. 1972ൽ മത്സ്യസംസ്ക്കരണ ശാലയുടെ പ്രവർത്തനം നിലച്ചു. പ്രിമോ പൈപ്പ് ഫാക്ടറി 1993 മുതൽ പ്രവർത്തന രഹിതമാകുകയും ചെയ്തു. പഞ്ചായത്തിൽ ആകെയുള്ള പൊതുമേഖലാ സ്ഥാപനമായ പ്രിമോ പൈപ്പ് ഫാക്ടറി പ്രവർത്തന രഹിതമായത് നമ്മുടെ പഞ്ചായത്തിന്റെ സാമൂഹ്യ ജീവിതത്തിനു തന്നെ ഭീഷണിയാണ്. തൊഴിലില്ലാതായ ഫാക്ടറി ജീവനക്കാർ ഇന്ന് ഒരു ചോദ്യചിഹ്നമാണ്. അവിദഗ്ദ്ധമായ മാനേജ്മെന്റും ദീർഘവീക്ഷണമില്ലായ്മയുമാണ് ഫാക്ടറി പ്രവർത്തന രഹിതമായതിന് പ്രധാനകാരണം.

മത്സ്യബന്ധ മേഖല ആധുനികവൽക്കരിക്കപ്പെട്ടതോടെ നമ്മുടെ പഞ്ചായത്തിൽ മത്സ്യബന്ധനമേഖലയിൽ പുതിയ വ്യവസായങ്ങൾക്ക് തുടക്കമായി. ഇപ്പോൾ മത്സ്യ സംസ്ക്കരണ രംഗത്ത് കിംഗ് ഫിഷറീസ് ലിമിറ്റഡ്, കേരളാ സീഫുഡ്, എജീസ്, അമാൽഗം, കപ്പിത്താൻസ് എന്നീ ഇടത്തരം കമ്പനികൾ പ്രവർത്തിക്കുന്നു.

മത്സ്യബന്ധന മേഖലയിലെ പുരോഗതി നമ്മുടെ പഞ്ചായത്തിലെ ചെറുകിട വ്യവസായ മേഖലയ്ക്കും പുത്തനുണർവു നല്കി. ചെറുകിട വ്യവസായ മേഖലയിൽ ഐസ് ഫാക്ടറികളും പീലിംഗ് ഷെഡുകളും തുടങ്ങുന്നതിന് കാരണമായി. കൂടാതെ ഫിഷിംഗ് ബോട്ടുകളുടെ റിപ്പയറിംഗിനും പുതിയ ബോട്ടുകളുടെ നിർമ്മാണത്തിനും ആയി ചെറുകിട വ്യവസായ യൂണിറ്റുകൾ നമ്മുടെ പഞ്ചായത്തിൽ ആരംഭിച്ചു.

പട്ടിക

## നിലവിലുള്ള ചെറുകിട വ്യവസായ യൂണിറ്റുകൾ

| നമ്പർ | ഇനം | എണ്ണം | തൊഴിലെടുക്കുന്നവർ | | |
|---|---|---|---|---|---|
| | | | പുരുഷൻ | സ്ത്രീ | ആകെ |
| 1. | ഐസ്പ്ലാന്റ് | 17 | 85 | – | 85 |
| 2. | പീലിംഗ് ഷെഡ് | 30 | 90 | 360 | 450 |
| 3. | കട്ട നിർമ്മാണം | 2 | 6 | 4 | 10 |
| 4. | പൊടിപ്പുമില്ലുകൾ | 9 | 9 | 9 | 18 |
| 5. | സാമിൽ | 2 | 12 | | 12 |
| 6. | ബോട്ട് ബിൽഡിംഗ് യാഡ് | 4 | 32 | | 32 |
| 7. | ബോട്ട് റിപ്പയറിംഗ് | 2 | 12 | | 12 |
| 8. | ടയർ റീടെഡിംഗ് | 2 | 6 | | 6 |
| 9. | ഫർണിച്ചർ | 2 | 6 | | 6 |
| 10. | കോൺക്രീറ്റ് റിംഗ് | 2 | 6 | | 6 |
| 11. | ഇലക്ടോണിക്സ് | 1 | | 15 | 15 |

### പ്രശ്നങ്ങൾ

കയർവ്യവസായ മേഖലയ്ക്ക് ആവശ്യമായ തൊണ്ട് ലഭിക്കുന്നില്ല.

പ്രാചീനമായ കയറുല്പാദന രീതികൾ

കയർ തൊഴിലാളികൾക്ക് ന്യായമായ കൂലി ലഭിക്കുന്നില്ല.

പുതിയ ആളുകൾ കയർമേഖലയിലേക്ക് വരുന്നില്ല.

ചെറുകിട കയറുല്പാദകർക്ക് ന്യായമായ വില ലഭിക്കുന്നില്ല

പ്രിമോ പൈപ്പ് ഫാക്ടറി പ്രവർത്തന രഹിതമായി കിടക്കുന്നത് പഞ്ചായത്തിന്റെ, തൊഴിൽ സാമൂഹിക ബന്ധങ്ങളെ തകിടം മറിക്കുന്നു.

അതിവിദഗ്ദ്ധമായ മാനേജ്മെന്റും ദീർഘവീക്ഷണമില്ലായ്മയും പ്രിമോ പൈപ്പ് ഫാക്ടറി നേരിടുന്ന പ്രശ്നങ്ങളാണ്.

ചെറുകിട വ്യവസായ മേഖലയിൽ പുതിയ പരീക്ഷണങ്ങൾക്ക് തയ്യാറാകുന്നില്ല.

കുറഞ്ഞകൂലി

പുതിയ പദ്ധതികളെയും സ്കീമുകളെയും കുറിച്ച് അറിവില്ല.

വിദ്യുച്ഛക്തി, വെള്ളം എന്നിവയുടെ കുറവ്

ചെറുകിട വ്യവസായ മേഖലയിൽ വിപണനത്തിന്റെ പ്രശ്നങ്ങൾ. വിദൂരമാർക്കറ്റ് കണ്ടെത്തുന്നതിന് കഴിയുന്നില്ല. ഉല്പന്നങ്ങളിൽ ഉപഭോക്താവിന് അനുകൂലമായ രൂപഭേദങ്ങൾ വരുത്താൻ കഴിയുന്നില്ല.

മത്സ്യസംസ്കരണ മേഖലയിൽ ഐസ്പ്ലാന്റ്, പീലിംഗ് ഷെഡ് തുടങ്ങിയ വ്യവസായങ്ങളിൽ ഒതുങ്ങുക.

ആധുനിക സങ്കേതങ്ങളും മാർഗങ്ങളും പ്രയോഗത്തിൽ വരുത്താൻ കഴിയുന്നില്ല.

സ്വയം തൊഴിൽ മേഖല അവഗണിക്കുന്നു.

പരിശീലനം ലഭിക്കാനുള്ള സാധ്യതകളുടെ കുറവ്.

### സാധ്യതകൾ

1. ആധുനിക യന്ത്രവൽക്കരണ നടപടികൾ സ്വീകരിച്ചുകൊണ്ട് കയർപിരി മേഖല ആധുനീകവൽക്കരിക്കണം.

2. കയറുല്പന്ന ഫാക്ടറികൾക്ക് രൂപം നൽകണം.

3. നിലവിലുള്ള 2 കയർ സഹകരണ സംഘങ്ങളും ശക്തിപ്പെടുത്തണം.

4. കയറിന്റെ വിപണത്തിനുവേണ്ടി കയർഫെഡിന്റെ ഡിപ്പോയോ സംഭരണ കേന്ദ്രമോ സ്ഥാപിക്കണം.

5. ചെറുകിട വ്യവസായികളെയും സ്വയം തൊഴിൽ സംരംഭകരെയും സഹായിക്കുന്നതിന് ഒരു ഇൻഫർമേഷൻ സെന്റർ പഞ്ചായത്തിൽ സ്ഥാപിക്കണം.

6. പരിശീലനത്തിന് സംവിധാനം ഏർപ്പെടുത്തണം.

7. സ്വയം തൊഴിൽ പദ്ധതികളിലേക്ക് ഗുണഭോക്താവിനെ തെരഞ്ഞെടുക്കുന്നതിൽ പഞ്ചായത്ത് കൂടി അറിയുക.

8. പഞ്ചായത്തു തലത്തിൽ ചെറുകിട കുടിൽ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് പഞ്ചായത്തു തല വ്യവസായ വികസന സമിതി രൂപീകരിക്കണം

9. നീണ്ടകരയുടെ പടിഞ്ഞാറേ തീരപ്രദേശത്ത് ലഭ്യമായ ലോഹമണൽ ചവറ ഐ.ആർ.ഇ. വേർതിരിച്ചെടുക്കുന്നതുകൊണ്ട് അനുബന്ധ വ്യവസായങ്ങൾ സ്ഥാപിക്കണം.

10. പ്രവർത്തനം സ്തംഭിച്ചുകിടക്കുന്ന പ്രിമോ പൈപ്പ് ഫാക്ടറി ഉടൻ തുറന്നു പ്രവർത്തിപ്പിക്കണം. പൈപ്പിനു പുറമെ ഹോളോ ബ്രിക്സ്, കെട്ടിടനിർമ്മാണ സാമഗ്രികൾ, ഇലക്ട്രിസിറ്റി ബോർഡിനാവശ്യമായ കോൺക്രീറ്റ് പോസ്റ്റുകൾ തുടങ്ങി ഉല്പന്നങ്ങളിൽ വൈവിദ്ധ്യവൽക്കരണം വരുത്തണം. പൈപ്പുകൾ നിർബന്ധമായും കേരള ജല അതോറിട്ടി വാങ്ങുമെന്ന് ഉറപ്പു വരുത്തണം. സർക്കാർ ഉദ്യോഗസ്ഥരേക്കാൾ മാനേജ്മെന്റ് വിദഗ്ദ്ധനെ ഈ കമ്പനിയുടെ ഉത്തരവാദിത്വം എൽപ്പിക്കണം.

11. കേരളത്തിലെ ഏറ്റവും വലിയ ഫിഷിംഗ് ഹാർബറാണ് നീണ്ടകര. പക്ഷേ മത്സ്യസംസ്ക്കരണ മേഖലയിൽ ഐസ്പ്ലാന്റ്, പീലിംഗ് ഷെഡ് എന്നിവയല്ലാതെ മൂല്യാധിഷ്ഠിത ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിന് നമുക്കു കഴിയുന്നില്ല. ഈ മേഖലയിൽ താഴെപ്പറയുന്ന വ്യവസായങ്ങൾ സാധ്യതയുണ്ട്.

1. ഫിഷ്പ്രോസസ്സിംഗ്
2. മെക്കനൈസ്ഡ് ബോൺലെസ് ഫിസ്മാസ് പ്രൊഡക്ഷൻ
3. ഫിഷ്മീലും ഫിഷ്ഓയിലും
4. ഫിഷ്നെറ്റ്
5. മറൈൻ പെയിന്റ് ഷിപ്പ്പെയിന്റ്
6 മീൻ അച്ചാറുകൾ
7. യന്ത്രവല്ക്കൃത ബോട്ടുകൾ
8. യന്ത്രം ഉപയോഗിച്ച് മീൻ ഉണക്കി വില്ക്കൽ
9. ഐ.ക്യു.എഫ്.
10. സംസ്ക്കരിച്ച സുദ്രോല്പന്നങ്ങൾ കൺസ്യൂമർ പായ്ക്കിൽ

11. ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് പശ്ചാത്തല സൗകര്യം ഏർപെപ്പടുത്തുന്നതിന്റെ ഭാഗമായി നമ്മുടെ പഞ്ചായത്തിൽ ഒരു മിനി ഇൻഡസ്ട്രീസ് എസ്റ്റേറ്റ് സ്ഥാപിക്കണം.

12. ചെറുകിട വ്യവസായങ്ങളുടെയും സ്വയം തൊഴിൽ സംരംഭകരുടെയും ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിന് പഞ്ചായത്തടിസ്ഥാനത്തിൽ വിപണന കേന്ദ്രങ്ങൾ തുടങ്ങണം.

13. നീണ്ടകര പോർട്ടിപ്പോൾ ലോഹമണൽ കയറ്റി അയക്കുന്നതിനു മാത്രമേ ഉപയോഗിക്കുന്നുള്ളു. പോർട്ട് വികസിപ്പിക്കണം. ലോഹമണൽ കൂടാതെ മറ്റുല്പന്നങ്ങളും കയറ്റി അയക്കാനും ഇറക്കുമതിയ്ക്കും സൗകര്യങ്ങൾ ഏർപ്പെടുത്തി നീണ്ടകര തുറമുഖം വികസിപ്പിക്കുന്നത് നീണ്ടകര പഞ്ചായത്തിനു മാത്രമല്ല കൊല്ലം ജില്ലയുടെ വ്യാവസായ പുരോഗതിയ്ക്ക് ഏറെ സഹായിക്കും.

14. വനിതകളെ വ്യവസായ രംഗത്ത് പ്രോത്സാഹിപ്പിക്കുന്നത് വനിതാ വ്യവസായ സഹകരണസംഘങ്ങൾ രൂപീകരിക്കുക.

15. വ്യവസായ സെമിനാറുകൾ, സിംപോസിയങ്ങൾ ചലച്ചിത്ര പ്രദർശനങ്ങൾ എന്നിവ സംഘടിപ്പിച്ച് ചെറുകിട വ്യവസായ മേഖലയിലെ നൂതന പ്രവണതകൾ മനസ്സിലാക്കുന്നതിന് സഹായിക്കുക.

16.പഞ്ചായത്തിൽ തുടങ്ങാവുന്ന എതാനും വനിതാ വ്യവസായ പദ്ധതികൾ ചുവടെ ചേർക്കുന്നു.

റെഡിമെയ്ഡ് വസ്ത്രനിർമ്മാണം

അച്ചാർ നിർമ്മാണം

പ്രിന്റിംഗ് പ്രസ്, ധാന്യങ്ങളും പരിപ്പുകളും സംസ്ക്കരിക്കൽ, ബുക്ക് ബയന്റിംഗ്, പേപ്പർ കവർ നിർമ്മാണം, ബനാന ചിപ്പ്സ്, പൈനാപ്പിൾ ജാം, വ്യവസായ കയ്യുറകൾ, ഇഡ്ഡലിപ്പൊടി, ദോശപ്പൊടി, പുട്ടുപൊടി, സ്കൂൾ ബാഗ്, ചകിരിനാരു കൊണ്ട് ബ്രഷ് തുടങ്ങിയവ

അനുഗ്രഹീതമായ സൗകര്യങ്ങൾ ചെറുകിട വ്യവസായ മേഖലയിൽ നമ്മുടെ പഞ്ചായത്തിനുണ്ട്. ഈ മേഖലയിൽ മുഖ്യതാല്പര്യം നമ്മുടെ പഞ്ചായത്തിന്റെയും ജനങ്ങളുടെയും ഉണ്ടായാൽ നമ്മുടെ പഞ്ചായത്തിന്റെ സാമ്പത്തിക, തൊഴിൽ മേഖലകളിൽ അഭൂതപൂർവ്വമായ മാറ്റം ഉണ്ടാകുമെന്ന് തീർച്ചയാണ്.

## ടൂറിസം

പ്രകൃതിരമണീയമായ നീണ്ടകര പഞ്ചായത്തിന്റെ ഭൂമിശാസ്ത്രപരമായ കിടപ്പ് ടൂറിസം മേഖലയിൽ വികസനത്തിന് സഹായിക്കുന്നതാണ്. ടൂറിസ്റ്റുകൾക്ക് സഹായകമായ വിധത്തിൽ ഉല്ലാസ ബോട്ടുയാത്രയ്ക്ക് ആവശ്യമായ ബോട്ടുകൾ, ഐസ്ക്രീം പാർലറുകൾ എന്നിവയ്ക്ക് സാധ്യതയുണ്ട്. ഏഴാം വാർഡിൽ പാലത്തിനു സമീപം ഇപ്പോൾ ഉപയോഗ്യശൂന്യമായി കിടക്കുന്നസ്ഥലത്ത് ഒരു പാർക്ക് നിർമ്മിക്കണം.

# 8 (1)

# ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

ഏതൊരു നാടിന്റെയും വികസനത്തിന്റെ പ്രധാന ഘടകം ഗതാഗതസൗകര്യം ആശ്രയിച്ചാണല്ലോ. എന്നാൽ, നീണ്ടകര പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ഗതാഗതസൗകര്യത്തിന്റെ കാര്യത്തിൽ വളരെ പിന്നിലാണ്.

ഈ പഞ്ചായത്തിന്റെ പടിഞ്ഞാറ് കടൽത്തീരം ചേർന്നാണ് നാഷണൽ ഹൈവേ കടന്നുപോകുന്നത്. ഈ ഹൈവേ റോഡിന്റെ ഗുണം ഈ പഞ്ചായത്തിന്റെ വളരെ ചുരുങ്ങിയ ഭാഗങ്ങളിൽ മാത്രമേ ലഭിക്കുന്നുള്ളൂ. ഇവിടുത്തെ ജനസംഖ്യയുടെ മുക്കാൽഭാഗവും N.H. നിന്നും ഉദ്ദേശം 3 കി.മീ കിഴക്കുമാറി വസിച്ചുവരുന്നു. ഈ മുക്കാൽഭാഗം ജനങ്ങളുടെയും യാത്രാസൗകര്യം വളരെ ദുസ്സഹമാണ്. 1978ൽ രൂപീകൃതമായ നീണ്ടകര പഞ്ചായത്തിന് ഈ ഗ്രാമപ്രദേശങ്ങളിലേക്ക് ഗതാഗത സൗകര്യം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ റോഡു നിർമ്മാണത്തിനുള്ള വിഭവശേഷിയുടെ അഭാവമാണ്. വരുമാനം തീരെ കുറവുള്ള ഒരു പഞ്ചായത്താണെന്ന് എടുത്തു പറയേണ്ടിയിരിക്കുന്നു.

ഈ പഞ്ചായത്തിന്റെ തെക്ക് നീണ്ടകര ശക്തികുളങ്ങര പാലവും നീണ്ടകര ചവറ പാലവും കിഴക്ക് നീണ്ടകര ദളവാപുരം പള്ളിക്കോടി വേർതിരിക്കുന്നു അഷ്ടമുടിക്കായലും സ്ഥിതിചെയ്യുന്നു. ചുരുക്കി പറഞ്ഞാൽ നീണ്ടകര ഒരു കൊച്ചു ദ്വീപാണ്.

ചവറ ബ്ലോക്കിൽ സ്ഥിതിചെയ്യുന്ന മറ്റു പഞ്ചായത്തുകളാൽ (ചവറ, തെക്കുംഭാഗം, തേവലക്കര, പന്മന) പൊതുമരാമത്തു വകുപ്പിന്റെ സഹായത്തോടെ നിരവധിറോഡുകൾ നിർമ്മിച്ചിട്ടുണ്ട്. എന്നാൽ നീണ്ടകര പഞ്ചായത്തിനെ പൊതുമരാമത്തു വകുപ്പ് അവഗണിച്ചതായി കാണപ്പെടുന്നു. കാരണം ഈ പഞ്ചായത്തിൽ 24കി.മീ റോഡുണ്ടെങ്കിലും വെറും 2കി.മീ റോഡു മാത്രമേ P.W.D. ഏറ്റെടുത്തിട്ടുള്ളൂ. (ദളവാപുരം വേട്ടുതറ റോഡ്)

ഈ പഞ്ചായത്തിന്റെ ഗ്രാമവികസനത്തിന് ഗതാഗത സൗകര്യം നടപ്പാക്കുന്നതിന് മുകളിൽ പ്രസ്താവിച്ചിട്ടുള്ള NH യ്ക്ക് സമാന്തരമായി ഗ്രാമപ്രദേശത്തു കൂടി അതായത് 3, 4, 5, 6, 7, 8, 9 എന്നീ വാർഡുകളായി ബന്ധപ്പെട്ടു കിടക്കുന്ന ഉദ്ദേശം 5 കി.മീ നീളത്തിൽ തെക്കു വടക്കായി വേട്ടുതറ ദളവാപുരം, വെളിത്തുരുത്ത് വഴി പണയ്ക്കത്തുരുത്ത്, പുത്തൻതുറ, ഫൗണ്ടേഷൻ ഹോസ്പിറ്റൽ വഴി, ഒരു റോഡു നിർമ്മിച്ച് ബസ് സർവീസ് നടത്തിയാൽ യാത്രാബുദ്ധിമുട്ട് പരിഹരിയ്ക്കാൻ കഴിയും. (ഈ റോഡിന് ഉദ്ദേശം P.W.D. എടുത്തിട്ടുള്ള എസ്റ്റിമേറ്റ് പ്രകാരം 25 ലക്ഷം രൂപ വേണ്ടിവരും.)

ടി പഞ്ചായത്തിലെ ഒന്നാം വാർഡിൽ നിലവിലുള്ള A.M.C. കായൽവാരം റോഡ് നീണ്ടകര പഞ്ചായത്ത് രൂപം കൊള്ളുന്നത് മുൻതെക്കുംഭാഗം പഞ്ചായത്തിന്റെ കാലം മുതൽ സഞ്ചാരയോഗ്യമല്ലാത്ത രീതിയിൽ തുടരുകയും ഏതാണ്ട് 40 വർഷമായി യാതൊന്നും ചെയ്യാൻ കഴിയാത്ത അവസ്ഥ പഞ്ചായത്തിലെ മറ്റൊരിടത്തും കാണാൻ പറ്റാത്ത ഒരു ചിത്രമാണ്. കൂടാതെ പഞ്ചായത്തിന്റെ ഒന്നാം വാർഡിൽ നിലവിലുള്ള ഒരു റോഡുപോലും നല്ല രീതിയിൽ ഗ്രാവൽ പോലും ചെയ്തിട്ടില്ല. കൂടാതെ ഈ പഞ്ചായത്തിന്റെ വടക്കു കിഴക്ക് ഭാഗത്തായി ഒന്നും രണ്ടും വാർഡുകളിലെ ജനങ്ങൾക്ക് ഒരുപോലെ ഉപകാരപ്രദമാണ്. പഞ്ചായത്തിന്റെ വടക്കു നിലവിലുള്ള 1, 2, 6ഉം വാർഡുകളിൽ ഇന്ന് ജനങ്ങൾ നേരിടുന്ന ക്ളേശത്തിന്റെ കാരണം പഞ്ചായത്തിന്റെ സാമ്പത്തിക കുറവുമൂലമാണ്. മുകളിൽപ്പറഞ്ഞ ഒന്നാം വാർഡിലും രണ്ടാം വാർഡിലും പല ഭാഗങ്ങളിലായി പുതിയ ഓടകൾ നിർമ്മിക്കുന്നതിന്റെ ആവശ്യകത ശ്രദ്ധിക്കപ്പെടുന്നതാണ്. കൂടാതെ പഞ്ചായത്തിൽ മറ്റൊരു വാർഡിലും കാണാൻ കഴിയാത്ത ഒരു റോഡിന്റെ ദയനീയാവസ്ഥയേക്കുറിച്ചു പറഞ്ഞാൽ ഏതാണ്ട് ആറുവർഷക്കാലമായി അവിടുത്തെ ജനങ്ങൾ ഫലപുഷ്ടിയുള്ള തെങ്ങുകൾ ഒരു കിലോമീറ്റർ വരുന്ന റോഡിന്റെ ആവശ്യത്തിനായി മുറിച്ചു മാറ്റി യാത്രാസൗകര്യത്തിനുള്ള എല്ലാ നീക്കങ്ങൾക്കും അവിടുത്തെ ജനങ്ങൾ സഹകരിച്ചു. പക്ഷേ നാളിതുവരെയും റോഡിനായി വിട്ടുതന്ന ആ ഭാഗങ്ങളിൽ യാതൊന്നും ചെയ്യുന്നതിനു കഴിഞ്ഞിട്ടില്ല. ഈ ഭാഗങ്ങളിൽ മത്സ്യത്തൊഴിലാളികൾ വളരെ കൂടുതലുള്ള പഞ്ചായത്തിന്റെ വടക്ക് യാത്രാസൗകര്യം ഇന്ന് തികച്ചും വളരെ ബുദ്ധിമുട്ടായി നിൽക്കുന്നു.

മത്സ്യത്തൊഴിലാളികളുടെ തൊഴിലിൽ യാത്രാസൗകര്യം രാവും പകലും വ്യത്യാസമില്ലാതെ ഉപയോഗിക്കേണ്ടി വരുന്നതിനാൽ ഈ ഭാഗം എന്നു വളരെ കൂടുതൽ യാത്രാസൗകര്യത്തിൽ പിന്നിലാണ്.

ജലഗതാഗതം

ജലഗതാഗതത്തിന് വളരെയധികം സാദ്ധ്യതകൾ ഉള്ള ഒരു പ്രദേശമാണ് നീണ്ടകര. തെക്കുംഭാഗം പഞ്ചായത്തിൽ പോകുന്നതിനും ഗുഹാനന്ദപുരം സ്കൂളിലേക്ക് വിദ്യാർത്ഥികൾ പോകുന്നതിനും പ്രധാനമായും ആശ്രയിക്കുന്നത് ജലഗതാഗതമാർഗമാണ്. കൂടാതെ പഞ്ചായത്തിനുള്ളിൽ തുരുത്തുകളുമായി ബന്ധപ്പെടുന്നതിന് മൂന്ന് കടത്തുകൾ ഉപയോഗിക്കുന്നതുണ്ട്. ഈ പഞ്ചായത്തിൽ ഇപ്പോൾ 4 കടത്തു സർവീസുകൾ നടത്തിവരുന്നുണ്ട്.

1. കച്ചേരിക്കടവ് വെളിത്തുരുത്ത്
2. മാമൻ തുരുത്ത് ഇടത്തുരുത്ത്
3. കുമ്പളംച്ചിറ നീലേശ്വരംതോപ്പ്
4. പുത്തൻ തുറ ഇടത്തുരുത്ത് കടത്ത്

ഇതിൽ കച്ചേരിക്കടവ് വെളിത്തുരുത്ത് എന്ന കടത്ത് പഞ്ചായത്ത് ജീവനക്കാരായ പാർട്ട്ടൈം ഫെറിമാൻ ആണ്. മറ്റ് കടത്തുകൾ വർഷം തോറും ക്വട്ടേഷൻ വ്യവസ്ഥയിൽ കടത്തുകാർക്ക് വേതനം നൽകിയാണ് നടത്തിവരുന്നത്. ഈ ഇനത്തിൽ പ്രതിവർഷം പഞ്ചായത്തിന് 27500 രൂപ ഈ ഇനത്തിൽ ചിലവാകുന്നുണ്ട്.

പണ്ടുകാലത്ത് ചരക്കുകൾ ഈ പഞ്ചായത്തിലെ പ്രവർത്തിച്ചിരുന്നത് ജലഗതാഗത മാർഗമായിരുന്നു. റോഡു ഗതാഗത സൗകര്യം വർദ്ധിച്ചതിൽ നാമമാത്രമായി മാത്രമാണ് വള്ളങ്ങൾ ഉപയോഗിക്കുന്നത്.

ഈ പഞ്ചായത്തിന്റെ ചുറ്റുപാടും വെള്ളമാണെങ്കിലും ബോട്ടുസർവീസിനുള്ള സൗകര്യം ലഭിക്കാതിരിക്കുന്നത് വലിയൊരു അവഗണനയാണ്. പന്നയ്ക്കൽ തുരുത്ത്, കടകത്ത്ഭാഗം, ഫിഷർമെൻ കോളനിയുടെ വടക്കുംഭാഗം എന്നീ സ്ഥലങ്ങളിൽ ബോട്ടുജെട്ടി നിർമ്മിക്കുകയാണെങ്കിൽ കൊല്ലം ആലപ്പുഴ ജലഗതാഗതം സൗകര്യവും ഈ പഞ്ചായത്തിലെ ജനങ്ങൾക്ക് ലഭ്യമാകുന്നതാണ്.

## നീണ്ടകര പഞ്ചായത്തിലെ റോഡുകളുടെ വിവരങ്ങൾ

Iാം വാർഡ്

| ക്രമനമ്പർ പേരുവിവരം | നീളം | വീതി | ഇനം |
|---|---|---|---|
| 1 ഏ.എം.സി ജംഗ്ഷൻ മുതൽ കിഴക്കോട്ട് കായൽവാരം വരെ | 350 മി. | 4 മി | ഗ്രാവൽ |
| 2 ഏ.എം.സി പടിഞ്ഞാറു ജംഗ്ഷനിൽ നിന്നും , വടക്കോട്ട് താഴെത്തുരുത്ത് വരെ | 1 കി.മീ 4മീ 300 മീ | | ഗ്രാവൽ ബാക്കി ഫോർമേഷനായിട്ടില്ല. |
| 3 എൻ.എച്ച്.ൽ പ്രീമോ പൈപ്പ് ഫാക്ടറിയുടെ കിഴക്കു ഭാഗത്തുനിന്നുള്ള റോഡ് | 200മീ | ആദ്യത്തെ 100മീ: 3മീ: രണ്ടാമത്തെ 100മീ: 1മീ | ഗ്രാവൽ |
| 4 എൻ.എച്ച് ൽ, ഏ.എം.സി. ജംഗ്ഷനിൽ നിന്നും ഐ.ആർ.ഇ റോഡിൽ ചേരുന്ന റോഡ് | 200മീ | 8മീ | ടാർ |
| 5 പുത്തൻതുറ സ്കൂളിനടുത്തു നിന്നും ഐ.ആർ.ഇ.യിലേക്കുള്ള റോഡ് | 900മീ | 8മീ | ടാർ |
| 6 എൻ.എച്ച്.ൽ നിന്നും പ്രീമോ പൈപ്പ് ഫാക്ടറിയുടെ മുന്നിൽക്കൂടി ഇന്ദിരാഐലന്റിലേക്ക് | 300മീ | 4മീ | ഗ്രാവൽ |

### IIാം വാർഡ്

| | | | |
|---|---|---|---|
| എൻ.എച്ച്.ൽ ബേക്കറി ജംഗ്ഷൻ മുതൽ ഫിഷർമെൻ കോളനി പാലം വഴി ഓടവരെ | 700മീ | 5മീ | ആദ്യത്തെ 250മീ മെറ്റലിംഗും ബാക്കി ഗ്രാവലും |
| 2. അംഗനവാടി മുതൽ ശ്മശാനം വഴി കായൽവാരം വരെ | 320മീ | 4മീ | ഗ്രാവൽ |
| 3. ഫിഷർമാൻ കോളനി പാലം മുതൽ തെക്കോട്ട് മുനമ്പം വരെ | 500മീ | 5മീ | ഗ്രാവൽ |
| 4. ഫിഷർമെൻ കോളനി പടിഞ്ഞാറേ കായൽവാരം മുതൽ കിഴക്കോട്ട് കോളനിയുടെ മദ്ധ്യഭാഗത്തുകൂടി ഓടവരെ | 150മീ | 4മീ | ഗ്രാവൽ |

### IIIാം വാർഡ്

| | | | |
|---|---|---|---|
| 1. എൻ.എച്ച്. പരിമണത്തുനിന്നും പന്നയ്ക്കൽ തുരുത്ത് പാലം വരെ | 1400മീ | 6മീ | മെറ്റിൽഡ് |
| 2. പരിമണം പന്നയ്ക്കൽ തുരുത്ത് റോഡിൽ കുട്ടകുളഞ്ഞിയിൽ നിന്നും വടക്കോട്ട് | | | |

| | | | |
|---|---|---|---|
| കടകത്ത് കായൽവാരം വരെ | 170മീ. | 4.5മീ. | മെറ്റിൽഡ് |
| 3. ആൽത്തറ മുട് മുതൽ കിഴക്കോട്ട് മുനമ്പം വരെ | 800മീ. | 5മീ | മെറ്റിൽഡ് |
| 4. കൈപ്പവിള കഴിക്കുവശത്തുനിന്നും വടക്കോട്ട് കായർവാരം വരെ | 200മീ. | 4മീ. | ഗ്രാവൽ |
| 5. ഫിഷർമെൻ കോളനിറോഡിൽ നിന്നും മീനത്തെൽ പുരയിടത്തിന്റെ വടക്കുവശത്തുകൂടി കിഴക്കോട്ട് കൊച്ചയ്യത്ത് കിഴക്കുവരെ | 230മീ. | 3മീ | ഗ്രാവൽ |

## IVാം വാർഡ്

| | | | |
|---|---|---|---|
| 1. പള്ളാക്കമുക്കു മുതൽ വേണുവിലാസം വരെ | 1.4കി.മീ. | 6മീ | മെറ്റിൽഡ് |
| 2. ആക്കാശേരിമുക്കുമുതൽ ഡയറി ഫാം കലുങ്ക് വരെ | 500മീ. | 6മീ. | മെറ്റിൽഡ് |
| 3. മഠത്തിൽമുക്കു മുതൽ കായൽവാരം വരെ | 500മീ | 4മീ | ഗ്രാവൽ |
| 4. പാട്ടിയേഴത്തുമുക്കു മുതൽ കായൽവാരം വരെ | 300മീ | 4മീ | മെറ്റിൽഡ് |
| 5. കേച്ചേരിമുക്കു മുതർ അംബീസ്സുക്കു വഴി പൊന്നാറ വരെ | 350മീ. | 6മീ | ഗ്രാവൽ |
| 6. പൊന്നാറ മുതൽ കായൽവാരം വരെ | 350മീ. | 6മീ. | ഗ്രാവൽ |
| 7. കേച്ചേരിമുക്ക്ചുരലിൽ വഴി വല്ലിലാത്തു വരമ്പുവരെ | 850മീ. | 4മീ | ഗ്രാവൽ |
| 8 വടക്കേപല്ലാടത്തു തട്ടാശ്ശേരി പുതുവൽ വരെ | 620മീ | 4മീ | ഗ്രാവൽ |
| 9. വടക്കേപല്ലാടത്തു മുതൽ പരിമണം വരെ | 500മീ | 3.5മീ | ഗ്രാവൽ |
| 10. കാവിൽമുക്കു തിരുവശ്ശേരിൽ മുക്കു | 250മീ. | 3മീ | ഗ്രാവൽ |

## Vാം വാർഡ്

| | | | |
|---|---|---|---|
| 1. വെളിത്തുരുത്ത് ഗിരിജൻ കോളനി മുതൽ വേട്ടുതറ ദളവാപുരം റോഡിൽ ചേരുന്നതുവരെ | 700മീ. | 6മീ. | ടാർ |
| 2. ടാഗോർ നഗറിൽ നിന്നും പടിഞ്ഞാറോട്ട് ഉപ്പൂട്ടിയിൽ ക്ഷേത്രം വഴി കുട്ടനഴികം പാലം വരെ | 660മീ. | 5മീ | ഗ്രാവൽ |
| 3. ടാഗോർ നഗർ മുതൽ ഡയറി ഫാം കലുങ്കു വരെ | 400മീ. | 5മീ | മെറ്റൽ |
| 4. ഉപ്പൂട്ടിൽ ക്ഷേത്രം മുതൽ പുതുവൽ റോഡുവരെ | 450മീ | 5മീ | ഗ്രാവൽ |
| 5. ടാഗോർ നഗർ മുതൽ കിഴക്കോട്ട് കുമ്പളം ചിറ വരെ | 350മീ. | 4മീ | ഗ്രാവൽ |
| 6. ആനാകണ്ഡം മൈക്കിൽ നഗർ മുതൽ ആനാകണ്ഠം കായൽ വരെ | 140മീ. | 3മീ | ഗ്രാവൽ |
| 7. വെളിത്തുരുത്തു കോളനി പമ്പുഹൗസ് മുതൽ കിഴക്കോട്ടും പടിഞ്ഞാറോട്ടും | 350മീ. | 5മീ | മണ്ണ് |
| 8. വെളിത്തുരത്ത് സിരിമാവോ മന്ദിരം മുതൽ കുന്നത്ത് പുതവൽ കായൽവാരം വരെ | 230മീ. | 5മീ | |
| 9 വെളിത്തുരുത്ത് ഷൈനിഭവനിൽ നിന്നും പടിഞ്ഞാറ് സെന്റ് ആന്റണി മന്ദിരം വരെ | 150മീ | 3മീ | |
| 10. ഡയറിഫാം കലുങ്ക്മുതൽ വടക്കേകുന്നേൽ വഴി ചന്ദ്രവിലാസം പാലം വരെ | | | |

## VI ാം വാർഡ്

| | | | |
|---|---|---|---|
| 1. എൻ.എച്ച്. മുതൽ പടിഞ്ഞാറ് ലക്ഷം വീട് കടൽത്തീരം വരെ | 110മീ. | 5മീ | ഗ്രാവൽ |
| 2. ലക്ഷംവീടു കോളനിക്കകത്തു തെക്കു വടക്ക് റോഡ് | 120മീ | 4.5മീ | ഗ്രാവൽ |
| 3. ലക്ഷംവീടു കോളനി ആദ്യത്തെ പൈപ്പു മുതൽ പൊതുകിണർ വരെ | 70മീ. | 4.5മീ | ഗ്രാവൽ |
| 4. ആൽത്തറമുടു മുതൽ പടിഞാറും അവിടെ നിന്നുംവടക്കോട്ട് എൻ.എച്ച് വരെ | 430മീ. | 5മീ ആദയത്തെ 100മീ. മെറ്റൽഡ് | |
| 5. ചന്ദ്രവിലാസം മുതൽ ശ്രീകൃഷ്ണ സ്വാമിക്ഷേത്രം വരെ | 260മീ | 4മീ | ഗ്രാവൽ |

## VII ാം വാർഡ്

| | | | |
|---|---|---|---|
| 1. കണ്ണാട്ടുകുടിക്ഷേത്രത്തിൽ നിന്നും കിഴക്കോട്ട് ഇടങ്കുന്നത്ത് കലങ്കു വരെ | 350മീ | 5മീ | മെറ്റൽഡ് |
| 2. കണ്ണാട്ടുകുടി ക്ഷേത്രം മുതൽ ഹരിജൻ കോളനി വരെ | 120 മീ | 5മീ | ടാർ |
| 3. മുസലിയാർ ബീച്ചുവരെ | 240മീ | 5മീ | ഗ്രാവൽ |
| 4. മുസലിയാർ റോഡിൽ നിന്നും തേക്കോട്ടു ഫിഷിംഗ് ഹാർബറിന്റെ രണ്ടാമത്തെ ഗേറ്റുവരെ | 120മീ | 5മീ | ഗ്രാവൽ |
| 5. ഫിഷിംഗ് ഹാർബറിന്റെ പടിഞ്ഞാറേ ഗേറ്റുമുതൽ വടക്കോട്ട് യേശുദാസിന്റെ വീടിന്റെ പടിഞ്ഞാറു വശം വരെ | 770മീ | 4മീ | ഗ്രാവൽ |
| 6. വേട്ടുതറ മുക്കുമുതൽ പടിഞ്ഞാറ് ലയത്തിൽ മുക്കുവരെ | 90മീ | 5മീ | ഗ്രാവൽ |

## VIIIാം വാർഡ്

| | | |
|---|---|---|
| 1. എൻ.എച്ചിൽ പള്ളിയുടെ കിഴക്കു നിന്നും മേരിലാന്റ് വഴി ടാഗോർ നഗർ വരെ | | മെറ്റൽഡ് |
| 2. എൻ.എച്ച് സെന്റ് സെബാസ്റ്റ്യൻ ചർച്ച് മുതൽ മാമൻ തുരുത്ത് വരെ | 600മീ മുതൽ 6മീ | ടാർ |
| 3. എൻ.എച്ച്. മുതൽ അമാൽഗം സീഫുഡ് വഴി മാമൻ തുരുത്ത് വരെ | 700മീ 5മീ | ഗ്രാവൽ |
| 4. എൻ.എച്ചിൽ നിന്നും സെന്റ് ജോർജ്ജ് ഹോട്ടൽ മുതൽ കിഴക്കോട്ടുള്ള റോഡ് | 200മീ 3മീ | ഗ്രാവൽ |
| 5. ഹോളിക്രോസ് ഹോസ്പിറ്റലിൽ നിന്നും കിഴക്കോട്ട് സൂര്യമംഗലം വരെ | 300മീ 4മീ | ഗ്രാവൽ |

## IXാം വാർഡ്

| | | | |
|---|---|---|---|
| കളിയിലിൽ മുക്കു മുതൽ കുട്ടനഴികം വരെ | 200മീ | 4മീ | ഗ്രാവൽ |
| 2. എൻ.എച്ച്.ൽ നിന്നും കിഴക്കോട്ട് കുട്ടനഴികം വീടുവരെ | | | |
| 3. കണ്ണാട്ടുകുടിക്ഷേത്രത്തിന്റെ പടിഞ്ഞാറേമതിൽ മുതൽ മുൻവടക്കോട്ട് ഉപ്പൂട്ടിൽ പാലം വരെ | | | |
| 4. ലയത്തിൽ നിന്നും തെക്കോട്ട് മുസലിയാർ റോഡുവരെ | | | |

## നിലവിലുള്ള റോഡുകൾ

പഞ്ചായത്തിൽ ആകെയുള്ള റോഡുകളുടെ നീളം 28. 940 ആണ് അതിൽ 4.7 കി.മീ. നീളം വരുന്ന നാഷണൽ ഹൈ വേയുടെ ഭാഗവും 2കി.മീ നീളം വരുന്ന P.W.D.-റോഡും 28. 940 നീളം വരുന്ന മൊത്തം റോഡുകളുടെ സ്ഥിതി വിവര പട്ടിക താഴെ ചേർക്കുന്നു.

## നിലവിലുള്ള റോഡിന്റെ പട്ടിക

ക്രമനമ്പർ ഉമസ്ഥത റോഡുകളുടെ എണ്ണം ടാർചെയ്തനീളം കി.മീ മെറ്റൽ ചെയ്ത നീളം കി.മി. ഗ്രാവൽ കി.മി. മണ്ണ് കി.മി

| | | | | | |
|---|---|---|---|---|---|
| 1 പഞ്ചായത്ത് | 52 | 3.120 | 6.130 | 12.190 | 0.800 |
| 2 പി.ഡബ്ലിയൂ.ഡി | 1 | 2 | | | |
| 3 ദേശീയപാത | | 4.7 | | | |

കൂടാതെ 50 ഫൂട്ടാത്തുകളും ഈ പഞ്ചായത്തിൽ നിലവിലുണ്ട്.

## പ്രശ്നങ്ങൾ

1. ഈ പ്രദേശത്ത് 40ൽ പരം റോഡുകൾ ഉണ്ടെങ്കിലും ടാർ ചെയ്ത് സഞ്ചാര യോഗ്യമായ റോഡുകൾ ഇല്ല.

2. നീണ്ടകരയെ സംബന്ധിച്ചിടത്തോളം മിക്ക റോഡുകളുടെയും വീതി കുറവായതിനാൽ ജെ.ആർ.വൈ എം.പി.ഫണ്ട് തുടങ്ങിയ സ്കീമിൽ ഉൾപ്പെടുത്തുന്നതിന് സാധിക്കുന്നില്ല.

3. വെള്ളം കെട്ടിക്കിടക്കാൻ വളരെ സാധ്യതയുള്ള ഈ പ്രദേശത്തെ റോഡുകളിലെ വെള്ളം ഒഴുക്കി വിടുന്നതിന് കലങ്കുകളോ ഓടകളോ ഇല്ല.

4. ഫണ്ടിന്റെ അപര്യാപ്തത മൂലം റോഡിന്റെ അറ്റകുറ്റപ്പണികൾ യഥാസമയം നടക്കുന്നില്ല.

5. റോഡിന്റെ നിർമ്മാണത്തിലും അറ്റകുറ്റപ്പണിയിലും ശാസ്ത്രീയമായ രീതി അവലംബിക്കുന്നില്ല.

6. എല്ലാ വാർഡുകളിലും പല ഭാഗങ്ങളിലും സഞ്ചാര യോഗ്യമായ പുതിയ റോഡുകൾ പലതും ഉണ്ടാകേണ്ടതുണ്ട്.

7. നീണ്ടകരയിൽ പതിനൊന്നിൽ പരം തുരുത്തുകളുണ്ട്. ഈ തുരുത്തുകൾ തമ്മിൽ യോജിപ്പിച്ചുകൊണ്ട് ഇടറോഡുകളും പാലങ്ങളും ഇല്ല.

8. റോഡുകൾ ഗതാഗതയോഗ്യമല്ലാത്ത രീതിയിൽ മരങ്ങൾ വളർത്തുകയും അതിർത്തിയിൽ വേലി ഇറക്കി കെട്ടുകയും ചെയ്യുന്നു.

## സാധ്യതകൾ

1. പ്രധാനപ്പെട്ട എല്ലാ റോഡുകളും മുൻഗണനാ ക്രമത്തിൽ ടാർ ചെയ്യണം.

2. നീണ്ടകരയിലെ സ്ഥലപരിമിതിയും ജനബാഹുല്യവും കണക്കിലെടുത്ത് ജെ.ആർ.വൈ. എം.പി.ഫണ്ട് തുടങ്ങിയ പദ്ധതി പ്രകാരം നിഷ്കർഷിച്ചിട്ടുള്ള റോഡുകൾ വീതി 6മീ., 8മീ എന്നത് 4മീ ആയി കുറയ്ക്കുക.

3. റോഡുകളുടെ സൈഡിൽ കെട്ടിക്കിടക്കുന്ന വെള്ളം ഒഴുക്കി വടുന്നതിന് സ്ലാബുകൾ ഉള്ള ഓടകൾ നിർമ്മിക്കുക.

4. ഈ പ്രദേശത്തെ പ്രധാന റോഡുകൾ P.W.D. ഏറ്റെടുക്കുക.

5. പുതിയ റോഡുകൾ നിർമ്മിക്കുന്നതിനും, നിലവിലു റോഡുകൾ സംരക്ഷിക്കുന്നതിനും മതിയായ ഫണ്ട് അനുവദിക്കുക.

6. വി.ആർ.എം. ഗ്രാന്റും, വെഹിക്കിൾ ടാക്സും മറ്റു ഗ്രാന്റുകളും (ഫ്ലഡ് റിലീഫ് ഫണ്ട്, എ.പി. ഫണ്ട്) തുടങ്ങി വർദ്ധിപ്പിക്കുകയും യഥാസയം ലഭ്യമാക്കുകയും ചെയ്യുക.

7. തുരുത്തുകൾ തമ്മിൽ യോജിപ്പിക്കുന്നതിനും റോഡുകൾ തമ്മിൽ യോജിപ്പിക്കുന്നതിനും പാലങ്ങളും കലങ്ങുകളും നിർമ്മിക്കുക.

8. റോഡിന്റെ വശങ്ങളിൽ തടസ്സമായി നിൽക്കുന്ന മരങ്ങൾ വളരാൻ അനുവദിക്കാതിരിക്കുകയും വേലികൾ റോഡിൽ കയറ്റിക്കെട്ടാതിരിക്കുന്നതിനും വേണ്ട ബോധവൽക്കരണവും നിയമനടപടികളും സ്വീകരിക്കുക.

9. കടകത്ത്, പന്നയ്ക്കൽ തുരുത്ത്, വെളുത്തുരുത്ത് എന്നീ സ്ഥലങ്ങളിൽ ജെട്ടി നിർമ്മിച്ചും ജലഗതാഗതം പ്രോത്സാഹിപ്പിക്കാനും അതുവഴി ടൂറിസ്റ്റുകളെ ആകർഷിക്കാനും കഴിയും.

## ഗതാഗത സാധ്യതയുള്ളതും വികസിപ്പിക്കേണ്ടതുമായ റോഡുകൾ

1. പരിമണത്തു നിന്നും പന്നയ്ക്കൽ തുരുത്തു വഴി ദളവാപുരത്തിന് പോകുന്ന റോഡിൽ പന്നയ്ക്കൽ തുരുത്തിനും വെളിത്തുരുത്തിനും ഇടയിൽ പാലം നിർമ്മിച്ച് റോഡ് ടാർ ചെയ്താൽ ദളവാപുരത്തിനും ഭാവിയിൽ തെക്കുഭാഗത്തിനും കരുനാഗപ്പള്ളി, കായംകുളം തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും ബസ്സർവീസ് നടത്തുകയും ഈ പ്രദേശത്തിന്റെ മുഖച്ഛായ മാറ്റുന്നതിനും കഴിയും.

2. ടി റോഡിന്റെ അനുബന്ധമായും ഹൈവേയ്ക്ക് സമാന്തരമായും വികസിപ്പിക്കാവുന്ന റോഡാണ് മണ്ണാത്തറ ക്ഷേത്രത്തിനുപടിഞ്ഞാറു വശം മുതൽ പള്ളാക്കൽ മുക്കുവഴി ടാഗോർ നഗർ റോഡ്. ഇതിൽ ആക്കാശ്ശേരി മുതൽ ടാഗോർ നഗർ റോഡ് P.W.D യ്ക്ക് ഏറ്റെടുക്കാവുന്ന രീതിയിൽ വീതി കൂട്ടിയിരിക്കുകയാണ്.

3. നീണ്ടകര പള്ളിയുടെ മുന്നിലുള്ള സ്റ്റോപ്പിൽ നിന്ന് ആരംഭിച്ച് വടക്കോട്ടു മെരിലാന്റ് വഴി ടാഗോർ നഗറിൽ വന്നു ചേരുന്ന റോഡ് ടാർ ചെയ്താൽ ഇവിടെനിന്നും മറ്റു തുരുത്തുകൾക്കുള്ള ബസ് സൗകര്യം വർദ്ധിക്കും.

4. ഏ.എം.സി. മുക്കിൽ നിന്നും കഴിക്കോട്ടുള്ള റോഡ് നേരെ തെക്കോട്ട് ഫിഷർമാൻ കോളനിയിലേക്കുള്ള റോഡ് ടാർ ചെയ്യുക.

5. ഐ.ആർ.ഇ. മുതൽ നീണ്ടകര ഹാർബർ വരെ എത്തുന്ന (ദേശീയപാതയ്ക്ക് സമാന്തരമായ) ഒരു തീരദേശ റോഡ് നിർമ്മിച്ചാൽ മത്സ്യവ്യവസായത്തിനും ലോഹമണൽ വ്യവസായത്തിനും വളരെ പ്രയോജനപ്രദമായിരിക്കും.

6. ഇപ്പോൾ കായംകുളത്ത് അവസാനിച്ചിരിക്കുന്ന തീരദേശ റെയിൽവേ ലൈൻ നീണ്ടകര വഴി കൊല്ലം വരെ നീട്ടി ഹാർബർ ഉൾപ്പടെയുള്ള വികസനത്തിനും യാത്രാസൗകര്യത്തിനും സൗകര്യമായിരിക്കുന്നു.

7. കൊച്ചി കഴിഞ്ഞാൽ കേരളത്തിലെ ഏറ്റവും കൂടുതൽ വികസന സാധ്യതയുള്ള ഒരു തുറമുഖമാണ് നീണ്ടകര. ഈ തുറമുഖം വികസിപ്പിക്കുന്നതു വഴി കൊല്ലം ജില്ലയുടെ പ്രധാന ഭാഗങ്ങൾക്കും വിശിഷ്യാ നീണ്ടകരയുടെ വികസനത്തിന് തൊഴിലില്ലായ്മയ്ക്കും പരിഹാരം ഉണ്ടാകുന്നതാണ്. ഇവിടെനിന്നും മത്സ്യം, കയർ, ലോഹമണൽ, മലഞ്ചരക്കുകൾ, കൊപ്ര മുതലായവ കയറ്റി അയക്കുന്നതിനും കശുവണ്ടി, ഭക്ഷ്യസാധനങ്ങൾ തുടങ്ങിയവ ഇറക്കുമതി ചെയ്യുന്നതിനും സാധിക്കും.

## ടാർ ചെയ്യേണ്ട റോഡുകൾ

1. ഏ.എം.സി. മുക്ക് കായൽവാരം
2. വടകേപല്ലാടത്തു തട്ടാശ്ശേരി പുതുവൽ വഴി പുതുവിള
3. എൻ.എച്ച്. മുതൽ കിഴക്കോട്ട് ഫിഷർമാൻ കോളനിവരെയുള്ള റോഡും അവിടെ നിന്നും തെക്കുകിഴക്കായി കായൽവാരം വരെയുള്ള റോഡും
4. കടകത്തുമുക്ക് റോഡ്.
5. മഠത്തിൽമുക്ക് കായൽവാരം
6. ഉപ്പൂട്ടിൽ കുട്ടനഴികം
7. വെളിത്തുരുത്ത് മുതൽ ചന്ദ്രവിലാസം വഴി പാട്ടിയേഴത്തു മുക്ക് റോഡ്.
8. ആൽത്തറമൂട് അമ്പലത്തിന്റെ പടിഞ്ഞാറുവശം മുതൽ ഐ.ആർ.ഇ. ഗസ്റ്റ്ഹൗസ് റോഡ്
9. കണ്ണാട്ടുകുടിക്ഷേത്രത്തിന്റെ കിഴക്കുനിന്നും കലങ്ങുവഴി പള്ളിയുടെ അടുത്ത് ചേരുന്ന റോഡ്.
10. കേച്ചേരിമുക്കു മുതൽ പാറേകിഴക്കേ പുതുവൽ വരെ
11. പരിമണം ക്ഷേത്രം മുതൽ ബീച്ച് വരെ
12. നീണ്ടകര പള്ളിമുക്ക് സമീപം പുതിയ എൻ.എച്ചും പഴയ എൻ.എച്ചും തമ്മിൽ ബന്ധിപ്പിക്കുന്ന റോഡ്.
13. മുസലിയാർ റോഡ്
14. മേരിലാന്റ് നീലേശ്വരംതോപ്പുമായി ബന്ധിപ്പിക്കുന്ന റോഡ്
15. ജോയിന്റ് ജംഗ്ഷൻ കുട്ടനഴികം റോഡ്
16. ഏ.എം.സി. മുക്കിനു പടിഞ്ഞാറു മുതൽ ചമ്പോളി വഴി താഴെത്തുരുത്ത് റോഡ്
17. ജോയിന്റ് ജംഗ്ഷൻ മുതൽ ഹാർബർ വെരയുള്ള റോഡ് റീടാർ ചെയ്യുക.

18. വേട്ടുതറമുക്കിൽ എൻ.എച്ച്.പഴയറോഡും പുതിയറോഡും തമ്മിൽ ബന്ധിപ്പിക്കുന്ന ലായത്തിൽ മുക്ക് റോഡ്.

19. എൻ.എച്ചിൽ നിന്നും മാമൻ തുരുത്ത് റോഡ്

20. കളിയിലക്ഷേത്രം കുട്ടനഴികം റോഡ്

21. കലങ്ങു മുതൽ ജെട്ടി വരെയുള്ള റോഡ്

22. കലങ്ങ് മുതൽ വടക്കോട്ട് പടിഞ്ഞാറേ വീട്ടിൽ പുരയിടത്തിന്റെ കിഴക്കുവശം വരെ

23. വേണുവിലാസം കൈപ്പവിള വീട്.

24. ദളവാപുരം റോഡിൽ നിന്നും തെക്കോട്ട് ആനാകണ്ടം വഴി കായൽവാരം റോഡ്.

25. നീണ്ടകര കണ്ണാട്ടുകുടി ഹരിജൻ കോളനിയിലുള്ള P.W.D. റോഡ് ടാർ ചെയ്യുക.

26. ഹോളിക്രോസ് ആശുപത്രിയുടെ കിഴക്കുവശത്തു നിന്നും കിഴക്കോട്ട് പൂച്ചത്തുരുത്ത് റോഡ്.

27. സെന്റ്ജോർജ്ജ് ഹോട്ടലിന്റെ തെക്കുവശം മുതൽ കായൽ വാരം വരെ

28. പുതിയ എൻ.എച്ചും. പഴയ എൻ.എച്ചും തമ്മിൽ ബന്ധിപ്പിക്കുന്ന റോഡ്.

29. ജി.എസ്.എഫിന്റെ തെക്കുവശത്തു നിന്നും കായൽവാരം വരെ

30. വേട്ടുതറ ദളവാപുരം റോഡിൽ ടാൻസ്ഫോർമർ ജംഗ്ഷനിൽ നിന്നും മെരിലാന്റ് റോഡുവരെ

31. മുസലിയാർ റോഡിൽ പടഞ്ഞാറോട്ട് തീരദേശ റോഡ്.

## പുതിയ റോഡുകൾ

1. കേച്ചേരിമുക്ക് ചൂരലിൽ റോഡ് പാട്ടിയേഴത്ത് മുക്കിൽ എത്തിക്കുക.

2. നീലേശ്വരം തോപ്പിൽ റോഡ് നിർമ്മിക്കുക.

3. എൻ.എച്ച്. തറമേൽ മുക്കിൽ നിന്നും പുതുവിള്ളാറ മുക്കു വരെ

4. മണ്ണേൽ പുതുവൽറോഡ്

5. പുത്തൻതുറ സ്കൂളിന് തെക്കുവശം.

6. തറയിൽ മുക്ക് കൊന്നയിൽ ക്ഷേത്രം

7. അമ്പീസ് മുക്കിൽ നിന്നും രാധാകൃഷ്ണവിലാസത്തു വരെയും അവിടെ നിന്നും തറമേൽ മുക്കുവരെ

8. വടക്കേപല്ലാടത്തു നിന്നും പരിമണം ക്ഷേത്രത്തിന്റെ അടുത്തുനിന്നും തെക്കോട്ട് തറമേൽ മുക്ക് വരെ

9. ചെക്കുംമൂട്ടിൽ പുരയിടത്തു നിന്നും കിഴക്കോട്ട് കായൽ വാരത്തുകൂടി കുട്ടപ്പന്റെ പുരയിടം വരെ.

10. ചന്ദ്രമംഗലത്തുവീടിനു സമീപത്തുനിന്നും ബീച്ച് റോഡിൽ ചേരുന്ന റോഡ്

11. എൻ.എച്ചിൽ നിന്നും പുതുവാക്കൽ പുരയിടത്തിന്റെ തെക്കുവശത്തുകൂടി പടിഞ്ഞാറോട്ട്

12. മേനാത്തുമുക്ക് മുതൽ ശാന്തവിലാസം വരെ

13. വല്ലിലാത്ത് കലങ്ങ് കായൽവാരം

14. കൈതവന പൊന്നാറ മുക്ക്

15. തൂപ്പണക്കാട് വസന്തവിലാസം

16. കട്ടക്കമ്പനിയുടെ പടിഞ്ഞാറുവശത്തുനിന്നും വടക്കോട്ട് എൻ.എൻ.പണിക്കരുടെ കിഴക്കുവശം വരെ.

17. ലക്ഷംവീട്ടിൽ എൻ.എച്ചിൽ നിന്നും വടക്കേ അറ്റം വരെ

18. ഉപ്പൂട്ടിൽ നിന്നുംവടക്കോട്ട്, കൂട്ടുംവാതുക്കൽ പുരയിടത്തിന്റെ അരികിൽകൂടി ഡയറിഫാം കലങ്ങിൽ വരുന്ന റോഡ്.

19. ഫിഷർമെൻ കോളനിക്ക്പടിഞ്ഞാറുവശം മുതൽ വടക്കോട്ട് ഏ.എം.സിമുക്ക് കായൽവാരം റോഡിൽ ബന്ധിപ്പിക്കുക.

## പാലങ്ങളും കലങ്ങുകളും

1. പന്നയ്ക്കൽ തുരുത്തും വെളിത്തുരുത്തുമായി ബന്ധിപ്പിക്കുന്ന പാലം

2. കുമ്പളം ചിറ നീലേശ്വരം തോടുമായി ബന്ധിപ്പിക്കുന്ന പാലം

3. ചന്ദ്രവിലാസം കലങ്ങ്

4. ഇടത്തുരുത്ത് മാമൻ തുരുത്ത് പാലം

5. കുട്ടനഴികം കലങ്ങ്

6. കുരിശടി തുരത്ത് നീലേശ്വരം പാലം

7. ഉപ്പൂട്ടിൽ കലങ്ങ്

8. ചന്ദ്രവിലാസത്തുനിന്നും തെക്കോട്ട് ആക്കാശ്ശേരി പുതുവൽ കലങ്ങ്.

9. ഫിഷർമെൻ കോളനിയിലേക്കുള്ള പാലം

10. ഫിഷർമെൻ കോളനിയിൽ നിന്നും പടിഞ്ഞാറോട്ടുള്ള പാലം

11. ഡയറിഫാം കലങ്ങിൽ നിന്നും തെക്കോട്ടു പാലം

12. മഠത്തിൽ മുക്ക് കായൽവാരം റോഡ് അവസാനിക്കുന്ന റോഡിൽ കൂട്ടുംഗൽ പുതുവൽ ആയി ബന്ധിപ്പിക്കുന്ന പാലം.

നീണ്ടകര പഞ്ചായത്തിലെ എല്ലാ പ്രധാന റോഡുകളും തോടു നികത്തിയാണ് ഉണ്ടാക്കിയിട്ടുള്ളത്. മഴ പെയ്യുമ്പോൾ വെള്ളം കായലിലേക്ക് ഒഴുകിപോകുന്നതിനും വേലിയേറ്റം നിയന്ത്രിക്കുന്നതിനും ഈ തോടുകൾ ഒരു പരിധിവരെ സഹായിച്ചിട്ടുണ്ട്. എന്നാൽ ഇപ്പോൾ റോഡുകളിലും, പുരയിടങ്ങളിലും വെള്ളം കെട്ടിക്കിടന്ന് റോഡുകളും കൃഷിയും നശിക്കുക പതിവാണ്. ആയതിനാൽ നിലവിലുള്ള എല്ലാ റോഡുകളിലും ഇടവഴികളിലും ഓടനിർമ്മിച്ച് ഇതിനു പരിഹാരം കാണേണ്ടതാണ്. ഓടകൾ നിർമ്മിക്കേണ്ട സ്ഥലങ്ങൾ ചുവടെ ചേർക്കുന്നു.

## ഓടകൾ നിർമ്മിക്കേണ്ട ഭാഗങ്ങൾ

1. മാദരയ്യത്ത് മുക്കിൽ നിന്നും വല്ലിലാത്ത് വരെ

2. താഴെത്തുരുത്ത് ഏ.എം.സി.ക്ക് കിഴക്കു ഭാഗത്ത് ചിറക്കാല വീട്ടിന് പടിഞ്ഞാറായി കൂടാതെ ഐ.ആർ.ഇ. റോഡിന് തെക്കുഭാഗത്ത് ചിലങ്ക വീടിനടുത്ത് വടക്ക് ഐ.ആർ.ഇ തോടിൽ എത്തിച്ചേരുന്ന ഓടയും കൂടാതെ നിവിലുള്ള ഓട റിപ്പയറിംഗ്

3. കേച്ചേരിമുക്കു മുതൽ കൈതവനക്കായൽ വരെ

4. ഏ.എം.സി. മുക്കുമുതൽ കായൽവാരം വരെ.

5. ഫിഷർമെൻ കോളനി കായൽവാരം

6. ഏഎം.സി. മുക്കിൽ ചിത്രാംഗദന്റെ വീടിനു തെക്കോട്ടു പഴയ ഓടയുമായി ബന്ധിപ്പിക്കുക.

7. പരിമണക്ഷേത്രത്തിൽ പടിഞ്ഞാറുവശം മുതൽ നിലവിലുള്ള ബർക്കിലി മുക്ക് ഓടയിൽ ചേരുന്ന ഓട

8. പരിമണം പന്നയ്ക്കൽ തുരുത്ത് റോഡ് സൈഡിൽ ഓട നിർമ്മിക്കണം.

9. ആൽത്തറ മൂട് ക്ഷേത്രം മുതൽ കായൽവാരം വരെയുള്ള റോഡിൽ ഓട നിർമ്മിക്കുക.

10. പാട്ടിയേഴത്ത് മുക്ക് കായൽവാരം റോഡിൽ കൈതവന തെക്ക് ഭാഗം മുതൽ വരമ്പേൽ കിഴക്ക് കായൽവാരം വരെ ഓടയും സ്ലാബും നിർമ്മിക്കുക.

11. കൈതവന തെക്കു വശം മുതൽ കായൽവാരം ഓട നിർമ്മിക്കുക.

12. അമ്പീസ്സുക്കിൽ വടക്കു വശം മുതൽ തട്ടാശ്ശേരി പുതുവൽ ഗീതാഭവനം വരെ ഓട നിർമ്മിക്കുക.

13. മഠത്തിൽ മുക്കു കായൽവാരം റോഡിൽ കാവനാഴുത്ത് വടക്കുവശം മുതൽ കായൽവരെയുള്ള ഓട

14. തെക്കേ തറമേൽ മുതൽ ജയഹിന്ദ് ഭവൻ കിഴക്കുവശം കൂടി വല്ലിലാത്ത് കലുങ്ക് വരെയുള്ള ഓട.

15. പല്ലാടത്തു മുതൽ കായൽവാരത്തു വരെ

16. ജി.കെ ഭവനം മുതൽ വടക്കോട്ടു കായൽവാ.രം വരെയുള്ള ഓട പൂർത്തീകരിക്കുക.

17. തറമേൽ പുതുവൽ മുതൽ കായൽവാരം തീരം

18. തട്ടാശ്ശേരി പുതുവൽ മുതൽ കായൽ വരെ

19. പാറയിൽ പുതുവൽ മുതൽ കായൽ വരെ.

20. ആക്കശ്ശേരിമുക്ക് ടാഗോർ നഗർ റോഡിന്റെ സൈഡിൽ ഓട നിർമ്മിക്കുക.

21. പന്നയ്ക്കൽ തുരുത്തിൽ നിലവിലുള്ള ഓടയുടെ വടക്കേ അറ്റത്തു നിന്ന് കിഴക്കോട്ട് Q.S.S. തോടു വരെ ഓട നിർമ്മിക്കുക.

22. കൂട്ടുങ്ങൽ തെക്കുവശം മുതൽ വേളൂർ കായൽ വരെ ഓട നിർമ്മിക്കുക.

23. വേണുവിലാസം മുതൽ മണ്ണാന്തറ ക്ഷേത്രത്തിനു തേക്കുവശം കായൽ വരെ

24. ആനകാണ്ടം മുതൽ കായൽ വരെ

25. ടാഗോർ നഗറിൽ കിഴക്കോട്ട് ഓട നിർമ്മിച്ച് സ്ലാബ് ഇടണം.

26. വെളിത്തുരുത്ത് റോഡിൽ കെട്ടിക്കിടക്കുന്ന ജലം കായലിൽ വിടുന്നതിനുള്ള ഓട.

27. ഉപ്പൂട്ടിൽ ക്ഷേത്രത്തിനു വടക്കുവശം പടിഞ്ഞാറേകായൽ വരെ

28. വയലിൽ വീടിനു കിഴക്കുവശത്തു നിന്നും കണ്ണാട്ടുകുടി ക്ഷേത്രത്തിനു തെക്കുവശം നിലവിലുള്ള ഓടവരെ

29. നീണ്ടകര പബ്ലിക് മാർക്കറ്റിന്റെ വടക്കുവശം മുതൽ കായൽവാരം വരെയും, കൂടാതെ പള്ളിയുടെ കിഴക്കുവശത്തുള്ള റോഡിൽ ഓട നിർമ്മിച്ച് സ്ലാബ് ഇടണം.

30. ശാന്തിനികേതൻ മുതൽ ജി.എസ്.എച്ച് വരെ

31. മണമേൽ വീടിന് മുന്നിൽ നിന്നും കായൽ വരെ

32. എൻ.എച്ചിൽ മഴപെയ്യുന്ന വെള്ളം ഒഴുകിപോകുന്നതിന് ആവശ്യമായ ഓട നിർമ്മിക്കുക.

33. നീണ്ടകര മണ്ണേൽ പുരയിടത്തിലുള്ള ഓടകൾ പുനർനിർമ്മിക്കുക.

34. പഞ്ചായത്തിന്റെ വടക്കേ അറ്റത്തായി ഒന്നാം വാർഡിൽ 35 വർഷത്തിനു മുൻപ് നിർമ്മിച്ച ഓടയുടെ പൂർണമാകാതെ കിടക്കുന്ന നിർമ്മാണവും അറ്റകുറ്റപ്പണികളും.

36. എൻ.എച്ചിന് കിഴക്കുഭാഗത്തായി ഒന്നാം വാർഡിൽ കൃഷി സ്ഥലങ്ങൾ കൂടുതലുള്ള ഭാഗമായ ചിറക്കാല വീടിനു പടിഞ്ഞാറുഭാഗത്ത് 12ംമാസവും വെള്ളക്കെട്ടിൽ കിടക്കുന്ന ഭാഗത്തുനിന്നും തുടങ്ങി കായലിൽ എത്തുന്ന ഒരു ഓടനിർമിക്കണം.

37. എൻ.എച്ച് 2 ഐ.ആർ.ഇ. റോഡിന്റെ തെക്കുഭാഗത്തായി ചിലങ്ക വീടിനു വടക്കുഭാഗത്തു നിന്നും തുടങ്ങി ഐ.ആർ.ഇ. തോടിൽ എത്തുന്ന ഓട നിർമ്മാണം.

38. പ്രിമോ പൈപ്പ് ഫാക്ടറിയുടെ മുന്നിൽ നിലവിലുള്ള ഓട എൻ.എച്ചിന്റെ പടിഞ്ഞാറ് ഏ.എം.സി.ജംഗ്ഷനിൽ കൂടിയ പടിഞ്ഞാറോട്ട് ഐ.ആർ.ഇ. തോട്ടിൽ ബന്ധപ്പെടുത്തുന്ന ഓട മുൻകാലത്ത് ഉണ്ടായിരുന്നത് ഇന്ന് പലരും നികത്തിയ ഭാഗത്ത് ഓട നിർമ്മിക്കുക.

39. നീണ്ടകര പഴയ എൻ.എച്ചിൽ ഉഷസ് ഐസ് പ്ലാന്റിനടുത്തുനിന്നും തെക്കോട്ട് ഫിഷിംഗ് ഹാർബറിന്റെ ഓടയുമായി ബന്ധിപ്പിക്കുന്ന ഓട.

40. നീണ്ടകര കന്നിട്ട ഐസ്പ്ലാന്റിന്റെ പുറകുവശത്തുനിന്നും തെക്കോട്ട് ഫിഷിംഗ് ഹാർബറിന്റെ ഓടയുമായി ബന്ധിപ്പിക്കുന്ന ഒരു ഓട നിർമ്മിക്കണം.

41. വേട്ടുതറ ജംഗ്ഷനിൽ ഗാനം തിയേറ്ററിന്റെ വടക്കുവശത്ത് സ്ഥിരിമായി കെട്ടിനിൽക്കുന്ന വെള്ളം ഒഴുക്കി കായലിലേക്ക് പോകുന്നതിൽ ഓട നിർമ്മിക്കണം.

42. ഒന്നാം വാർഡിൽ ഏ.എം.സി. ജംഗ്ഷനിൽ നിന്നും കിഴക്കോട്ട് കട്ടക്കമ്പനിക്ക് പടിഞ്ഞാറ് തങ്ങളത്തു വീടിന് സമീപം വരെ ഓട നിർമ്മിക്കണം.

43. എസ്.എൻ. കലങ്ങിന്റെ മുമ്പിൽ നിന്നും പടിഞ്ഞാറോട്ട് രവീന്ദ്രവിലാസം വീടുവരെ ഓട നിർമ്മിച്ച് സ്ലാബ് ഇടണം.

# 8 (2)

# ഊർജ്ജം

നാടിന്റെ പുരോഗതിക്ക് വേഗത കൂട്ടുന്ന ഒരു ഘടകമാണ് ഊർജം. സമൂഹത്തിന്റെ ഭൗതികനിലവാരം കുറിക്കുന്നത് ഒരളവുവരെ ഉപയോഗിക്കുന്ന വൈദ്യുതിനിലവാരം ആസ്പദമാക്കിയാണ്. ഗാർഹികരംഗത്തെ വൈദ്യുതി ഉപഭോഗം ജീവിത സൗകര്യങ്ങൾക്കാണെങ്കിൽ വ്യവസായരംഗത്ത് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനാണ്.

വൈദ്യുതിയുടെ ഉല്പാദനത്തിലും ഉപയോഗത്തിലും പിന്നോക്കം നിൽക്കുന്ന സംസ്ഥാനമാണ് കേരളം. അതിലും പിന്നോക്കമാണ് നമ്മുടെ ജില്ല.

പഞ്ചായത്ത് പ്രദേശത്ത് ആകെ 4250 വീടുകൾ ഉണ്ട്. വൈദ്യുതീകരിച്ച വീടുകളുടെ എണ്ണം ആണ്. ബോർഡിന്റെ നിലവിലുള്ള നിയമം അനുസരിച്ച് എല്ലാ പഞ്ചായത്തിലും സെക്ഷൻ ആഫീസ് ഉണ്ടായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. നാളിതുവരെ സെക്ഷൻ ആഫീസ് ഇല്ല എന്നത് മാത്രവുമല്ല കറന്റ് ചാർജ്ജ് അടക്കുന്നതിനും ഒരു സൗകര്യം പോലും ചെയ്തിട്ടില്ല. ഈ പ്രദേശത്തെ വൈദ്യുതി ലഭ്യമാക്കുന്നത് 110 കെ.വി. സബ്സ്റ്റേഷനിൽ നിന്നാണ്. ഫിഷർമെൻ കോളനി, പന്നക്കൽ തുരുത്ത്, പാട്ടിയേഴുത്ത് മുക്ക് ഏഴാംവാർഡിൽ പടിഞ്ഞാറുഭാഗം, ഡയറിഫാമിൽ പുതുവൽഭാഗം തുടങ്ങി പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ വോൾട്ടേജ് ക്ഷാമം രൂക്ഷമാണ്. പഴകി ദ്രവിച്ചതും ആടിക്കൊണ്ടിരിക്കുന്നതും പോസ്റ്റുകളും, കാലപ്പഴക്കം കൊണ്ട് ദ്രവിച്ചതും കറന്റ് സപ്ളേയില്ലാത്തതും ആയ സ്ട്രീറ്റ്ലൈറ്റുകൾ ധാരാളം ഉണ്ട്. പഞ്ചായത്ത് കമ്മറ്റി പലതവണ അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെങ്കിലും യാതൊരു നിവാരണ മാർഗങ്ങളും സ്വീകരിച്ചിട്ടില്ല. പഞ്ചായത്തിൽ ആകെ 400 സ്ട്രീറ്റ് ലൈറ്റുകൾ ഉണ്ട്. ഇവയിൽ 1/3 പോലും സ്ഥിരം കത്താറില്ല. ബോർഡിൽ നിന്നും സപ്ളേ ചെയ്യുന്ന ബൾബുകളും ട്യൂബുകളും ഗുണനിലവാരം കുറഞ്ഞതാകയാൽ മാറ്റം ചെയ്താൽ ഉടൻ തന്നെ ഫ്യൂസായിപോവുക സാധാരണമാണ്. പഞ്ചായത്ത് പ്രതിമാസം കറന്റ്ചാർജിനത്തിൽ 5252രൂപ അടയ്ക്കുന്നുണ്ട്. ഇലക്ട്രിസിറ്റി ബോർഡിന്റെ അനാസ്ഥകാരണം ഈ പഞ്ചായത്തിലെ സ്ട്രീറ്റ് ലൈറ്റുകൾ നോക്കുകുത്തിയായി മാറിയിരിക്കുകയാണ്. തെരുവുവിളക്കുകളുടെ പേരിൽ കണക്കില്ലാതെ വാങ്ങുന്ന തുകയ്ക്കു പകരം കത്തുന്ന ലൈറ്റിന്റെ മീറ്റർ പ്രകാരമുള്ള തുക ഈടാക്കുന്നതിന് നടപടികൾ ഉണ്ടാകേണ്ടതാണ്. പഞ്ചായത്തിൽ ജോയിന്റ് ജംഗ്ഷൻ മുതൽ നീണ്ടകരപാലം വരെയുള്ള പുതിയ നാഷണൽ ഹൈവേയുടെ പണി തീർത്ത ശേഷം സ്ട്രീറ്റ് ലൈറ്റുകൾ ഒന്നും തന്നെ സ്ഥാപിച്ചിട്ടില്ല. ഈ പ്രദേശം ഉൾപ്പടെ പഞ്ചായത്തിന്റെ പലഭാഗങ്ങളിലും വൈദ്യുതി എത്തേണ്ടതുണ്ട്.ഈ പ്രദേശത്തെ ആളുകൾ വിറകിന്റെ ക്ഷാമം മൂലം മണ്ണെണ്ണ സ്റ്റൗവിനെയാണ് ആശ്രയിക്കുന്നത്. ഈ പ്രദേശത്ത് ഇതുവരെ ഗ്യാസ് കണക്ഷൻ ലഭിച്ചിട്ടില്ലാത്തതിനാൽ കണക്ഷൻ ലഭിക്കുന്നതിനു നടപികൾ സ്വീകരിക്കേണ്ടതുണ്ട്. ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന പാരമ്പര്യേതര ഊർജ്ജ കേന്ദ്രത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കിയാൽ ഒരു പരിധിവരെയുള്ള ഇന്ധക്ഷാമം പരിഹരിക്കാവുന്നതാണ്. ചവറ ഐ.ആർ.ഇ.പി. ഓഫീസിന്റെ പ്രവർത്തനം 1993 ഫെബ്രുവരി മാസം ആരംഭിച്ചു. പുകയില്ലാത്ത പരിഷത്ത് അടുപ്പ് നിർത്തണം. സൗരോർജ്ജ ഉപകരണങ്ങളുടെ വിതരണം ഊർജ്ജസംരക്ഷണ ഉപകരണങ്ങളുടെ വിതരണം എന്നിവയാണ് ഈ ഓഫീസിന്റെ പരിധിയിൽ വരുന്നത്. താഴെപ്പറയുന്ന കാര്യങ്ങൾ ഇതുവരെ നീണ്ടകര പഞ്ചായത്തിൽ നടപ്പാ

ക്കിയിട്ടുണ്ട്.

1. (2+1) ചൂള 322
2. വിറക് സ്റ്റൗ 978
3. പീകോക്ക് സ്റ്റൗ 320. പ്രഷർകുക്കർ 468
5. ഇലക്ട്രോണിക് ചോക്ക് 463
6. കോംപാക്ട് ഫ്ലൂറസെന്റ് ലാംപ് 388
7. സൂര്യ റാന്തൽ 77

## പ്രശ്നങ്ങൾ

1. വോൾട്ടേജ് ക്ഷാമം.
2. തെരുവുവിളക്കു കത്തിക്കുന്നതിന്റെയും മെയിന്റനൻസ് നടത്തുന്നതിന്റെയും അനാസ്ഥ.
3. ജീവനക്കാരന്റെ കുറവുമൂലം ലൈനിൽ ഉണ്ടാകുന്ന അത്യാഹിതങ്ങൾ പരിഹരിക്കുന്നില്ല.
4. പുതിയ കണക്ഷനു തുക അടച്ചാലും കിട്ടുന്നതിനുള്ള കാലതാമസം
5. ബില്ലടയ്ക്കുന്നതിനും പരാതികൾ പരിഹരിക്കുന്നതിനും ഇലക്ട്രിസിറ്റിബോർഡിന്റെ ഒരു ആഫീസ് ഇല്ല.
6. വിറകു ക്ഷാമം രൂക്ഷമാണ്.
7. ഈ പഞ്ചായത്തിൽ ഗ്യാസ് കണക്ഷൻ ഇല്ല.
8. ഊർജ്ജത്തിന്റെ ദുരുപയോഗം

## സാധ്യതകൾ

1. വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് ആവശ്യമുള്ള സ്ഥലങ്ങളിൽ ത്രീഫെയ്സും ട്രാൻസ്ഫോർമറുകളും സ്ഥാപിക്കുക.
2. നിലവിലുള്ള എല്ലാ തെരുവുവിളക്കുകളും കത്തിക്കുകയും ജീർണ്ണിച്ച പോസ്റ്റുകളും മറ്റും മാറ്റി പുതിയവ സ്ഥാപിക്കുക.
3. അടിയന്തിരമായി ഈ പഞ്ചായത്തിൽ ഒരു സെക്ഷൻ ആഫീസ് സ്ഥാപിക്കുക.
4. പുതിയ കണക്ഷന് പണം അടയ്ക്കുന്ന എല്ലാവർക്കും ഉടൻ കണക്ഷൻ കൊടുക്കുക.
5. പഞ്ചായത്തിൽ നിന്നും സൗജന്യമായി വയർ ചെയ്ത ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ആളുകൾക്കും ഹരിജനങ്ങൾക്കും മുൻഗണനാപ്രാധാന്യം നോക്കാതെ അടിയന്തിരമായി കണക്ഷൻ കൊടുക്കുക.
6. ഈ പഞ്ചായത്തിൽ ഗ്യാസ് കണക്ഷൻ ലഭ്യമാക്കുന്നതിന് സർക്കാർ മേഖലയിൽ ഒരു ഗ്യാസ്ഏജൻസി അനുവദിക്കണം.
7. പാരമ്പര്യേതര ഊർജവകുപ്പിന്റെ സഹായത്തോടെ പുകയില്ലാത്ത അടുപ്പ്, ഊർജ്ജസംരക്ഷണ ഉപകരണങ്ങൾ എന്നിവ കൂടുതൽ വിതരണം ചെയ്യണം.

# 8 (3)

# മാർക്കറ്റ്

നീണ്ടകര പഞ്ചായത്തിന് ഒരു മാർക്കറ്റ് നാളിതുവരെ പ്രവർത്തിക്കാൻ കഴിഞ്ഞിട്ടില്ല. ഇതിനു പ്രധാനകാരണം പഞ്ചായത്തിന്റെ വരുമാനക്കുറവും ആവശ്യമായ സ്ഥലപരിമിതിയും ആണ്. ധാരാളം ഉപയോഗശൂന്യമായ ഗവൺമെന്റ് പുറംപോക്കുകളും മറ്റു സ്വകാര്യ ഭൂമിയും നാഷണൽ ഹൈവേയുടെ ഇരുവശങ്ങളിലായി കിടക്കുന്നുണ്ട്. ഈ ഭൂമികൾ ഗവൺമെന്റിൽ നിന്നും വിട്ടുതരുന്നതിനും മറ്റു സ്വകാര്യഭൂമികൾ വാങ്ങുന്നതിനും പഞ്ചായത്തിനു കഴിഞ്ഞിട്ടില്ല.

ഇപ്പോൾ ഈ പഞ്ചായത്തിന് നാമമാത്രമായി പ്രവർത്തിക്കുന്ന മാർക്കറ്റിനുള്ള സ്ഥലം നീണ്ടകര ക്രിസ്ത്യൻ പള്ളിവകയിൽ നിന്നും ദാനമായി ലഭിച്ചിട്ടുള്ളതാണ്. എന്നാൽ ടി സ്ഥലത്ത് ഒരു മാർക്കറ്റ് സ്ഥാപിക്കുന്നതിന് ആവശ്യമായ കെട്ടിടങ്ങളും മറ്റു സൗകര്യങ്ങളും ചെയ്യാനും കഴിഞ്ഞിട്ടില്ല. ഈ പ്രദേശത്ത് ഉല്പാദിക്കപ്പെടുന്ന വിഭവങ്ങളായ നാളീകേരം, കയർ, പച്ചക്കറി മറ്റു നിത്യോപയോഗ സാധാനങ്ങളും ഇവിടുന്നു മൊത്തമായി വില്ക്കപ്പെടുന്നുവെങ്കിലും ഈ പഞ്ചായത്തിലുള്ള സാധാരണ ജനങ്ങൾ പുറത്ത് നിന്നും ഇരട്ടിവിലയ്ക്ക് വാങ്ങേണ്ടി വരുന്നു. പ്രധാനമായും നീണ്ടകരയിൽ സുലഭമായി ലഭിക്കുന്ന മത്സ്യംപോലും മാർക്കറ്റില്ലാത്ത കാരണം കൂടുതൽ വിലകൊടുത്ത് മറ്റുപ്രദേശത്തുള്ള മാർക്കറ്റിൽ നിന്നും വാങ്ങേണ്ട അവസ്ഥയാണ് ഇന്നുള്ളത്. ആയതിനാൽ നിത്യോപയോഗ സാധനങ്ങൾ മിതമായ വിലക്ക് സുലഭമായി ലഭിക്കുന്നതിനും എല്ലാ സാധനങ്ങളുടെ ലഭ്യതയ്ക്കും വേണ്ടി ഈ പഞ്ചായത്തിന്റെ ചുമതലയിലുള്ള ഒരു വിപണന കേന്ദ്രം ഉൾപ്പെട്ട ഒരു പൊതു മാർക്കറ്റ് അത്യാവശ്യമാണ്.

# 9

# വിദ്യാഭ്യാസം

വിദ്യാഭ്യാസപരമായി ഉയർന്നാൽ മാത്രമേ ജനക്ഷേമം നല്ല രീതിയിൽ മുന്നോട്ടുകൊണ്ടുപോകാൻ പറ്റുകയുള്ളൂ. ധാരാളം പ്രഗത്ഭമതികളായ വ്യക്തികളെ രാജ്യത്തിന് സംഭാവന ചെയ്ത ഒരു പ്രദേശമാണ് നീണ്ടകര. ഇന്ന് ഇവിടുത്തെ വിദ്യാഭ്യാസ നിലവാരം വളരെ ശോചനീയാവസ്ഥയിലാണ്. വിദ്യാഭ്യാസ പുരോഗതിയാണ് ഒരു നാടിന്റെ സാംസ്ക്കാരിക ഉന്നതിക്ക് ആധാരം.

പണ്ടുകാലങ്ങളിൽ ഈ നാട്ടിലുടനീളം കുടിപ്പള്ളിക്കൂടങ്ങളും എഴുത്തുപഠിപ്പിക്കുന്ന ആശാന്മാരും ഉണ്ടായിരുന്നു. ഇന്ന് ആ സ്ഥാനം നേഴ്സറി സ്കൂളുകൾ കയ്യടക്കിയിരിക്കുകയാണ്. നമ്മുടെ പഞ്ചായത്തിലിപ്പോൾ സ്വകാര്യമേഖലയിൽ രണ്ട് നേഴ്സറി സ്കൂളുകൾ പ്രവർത്തിക്കുന്നു. പഞ്ചായത്തിലെ ആദ്യത്തെ വിദ്യാലയമായ നീണ്ടകര ഗവൺമെന്റ് ലോവർ പ്രൈമറി സ്കൂൾ 1917 ൽ പരിമണത്തു സ്ഥാപിക്കപ്പെട്ടു. പിന്നീട് പഞ്ചായത്തിന്റെ തെക്കും വടക്കും രണ്ട് L.P. സ്കൂളുകൾ സ്ഥാപിതമായി. അവ യഥാക്രമം നീണ്ടകര സെന്റ് സെബാസ്റ്റ്യൻ L.P.S.ും പുത്തൻതുറ എ.എസ്.എൽ.പി.എസുമാണ്. ഈ മൂന്നു വിദ്യാലയങ്ങളാണ് ആദ്യകാലത്ത് ഈ പഞ്ചായത്തിലെ ആളുകളുടെ അന്ധകാരം അകറ്റാനുള്ള കെടാവിളക്കായി ശോഭിച്ചത്. ഉപരിപഠനത്തിന് സൗകര്യങ്ങൾ ഇല്ലാത്തതുകൊണ്ട് കൂടുതലാളുകളും പ്രൈമറിതലത്തിൽ തന്നെ വിദ്യാഭ്യാസം അവസാനിപ്പിച്ചിരുന്നു. പിന്നീട് സ്വകാര്യ മേഖലയിൽ നീണ്ട സെന്റ് ആഗ്നസ് യു.പി.എസ് സ്ഥാപിതമായി. ആ കാലഘട്ടങ്ങളിൽ ഇവിടെയുള്ളവർക്ക് ഏഴാം ക്ലാസ്സുവരെ പഠിക്കാനുള്ള സാഹചര്യങ്ങളേ ഉണ്ടായിരുന്നുള്ളു. ഉപരിവിദ്യാഭ്യാസത്തിന് ഇവിടെയുള്ളവർ ദൂരെയുള്ള സ്കൂളുകളിൽ പോകേണ്ട അവസ്ഥയാണുള്ളത്. അതുകൊണ്ട് കൂടുതൽ വിദ്യാർത്ഥികളും ഹൈസ്ക്കൂൾ വിദ്യാഭ്യാസം ലഭിക്കാതെ പഠനം അവസാനിപ്പിച്ചിരുന്നു.

1984ൽ ആണ് നീണ്ടകര സെന്റ് ആഗ്നസ് യു.പി.എസ് ഗേൾസ് ഹൈസ്ക്കൂളാക്കി അപ്ഗ്രേഡ് ചെയ്തത്. ആൺകുട്ടികൾക്ക് പഠിക്കാനുള്ള ഒരു ഹൈസ്ക്കൂൾ ഇപ്പോഴും ഈ പഞ്ചായത്തിൽ ഇല്ലെന്നുള്ളത് ഒരു ദുഃഖസത്യമായി അവശേഷിക്കുന്നു. ഇവിടെ പൊതുമേഖലയിൽ ഒരു ഹൈസ്ക്കൂൾ ഉണ്ടാകേണ്ടത് ഈ നാട്ടുകാരുടെ ഒരു ചിരകാലാഭിലാഷമാണ്. മത്സ്യത്തൊഴിലാളികളും കർഷകതൊഴിലാളികളും കയർപിരി തൊഴിലാളികളും തിങ്ങിപ്പാർക്കുന്ന ഈ പ്രദേശത്ത് സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളോ, ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളോ ഒന്നും തന്നെയില്ല. ഇത് ഇവിടുത്തെ വിദ്യാഭ്യാസ വളർച്ചയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

## പ്രീപ്രൈമറി വിദ്യാഭ്യാസം

പൊതുമേഖലയിൽ പ്രീപ്രൈമറി വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒന്നും തന്നെ ഈ പഞ്ചായത്തിലില്ല. സ്വകാര്യമേഖലയിൽ 3, 5 എന്നീ വാർഡുകളിൽ രണ്ടു പ്രീപ്രൈമറി വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നു. സമഗ്രമായ കുടുംബസർവ്വേയുടെ അടിസ്ഥാനത്തിൽ പഞ്ചായത്തിലെ അഞ്ചുവയസ്സിനു താഴെയുള്ള മുഴുവൻ കുട്ടികളെയും കണ്ടെത്തി അവർക്കു പ്രീപ്രൈമറി വിദ്യാഭ്യാസം നൽകണം.

## പൊതുവിദ്യാഭ്യാസം (പൊതുസ്ഥിതി)

പഞ്ചായത്തിൽ സ്വാകര്യമേഖലയിലും പൊതുമേഖലയിലുമായി ആകെ അഞ്ചു വിദ്യാലയങ്ങൾ

പ്രവർത്തിക്കുന്നു. ഈ സ്കൂളുകൾ രണ്ടെണ്ണം പൊതുമേഖലയിലും മൂന്നെണ്ണം സ്വാകര്യമേഖലയിലുമാണ്.

എൽ.പി.എസ്., യു.പിഎസ്., എച്ച.എസ് എന്നീ അനുപാതത്തിൽ പഠിക്കാനാവശ്യമായ സ്കൂളികളില്ല. പരിമണത്ത് രണ്ട് എൽ.പി സ്കൂളുകൾ ഉള്ളത് സ്വകാര്യ മേഖലയിലുള്ള എൽ.പി.എസിൽ ഒന്നും രണ്ടും ക്ലാസ്സുകളും പൊതുമേഖലയിലുള്ള എൽ.പി.എസ്സിൽ മൂന്നും നാലും അഞ്ചും ക്ലാസ്സുകളാണ് നടന്നുവരുന്നത്. ഇങ്ങനെയുള്ള സംവിധാനം മൂലം രണ്ടു സ്കൂളുകളിൽ ഹെഡ്മാസ്റ്റർ തസ്തിക നിർത്തലാക്കിയതിനാൽ സ്കൂളിന്റെ പ്രവർത്തനം സുഗമമായി നടത്താൻ പ്രയാസം നേരിടുന്നു.

## ഭൗതിക സൗകര്യങ്ങൾ

സ്ഥല സൗകര്യത്തിന്റെ കാര്യത്തിൽ മിനിമം സൗകര്യം

പോലും ഇല്ലാത്ത സ്കൂളുകളാണ് ഈ പഞ്ചായത്തിലുള്ളത്. സ്വന്തമായി കളിസ്ഥലമോ കുട്ടികളെ വെളിയിലിരുത്തി പഠിപ്പിക്കാനുള്ള സൗകര്യമോ ഇല്ല.

### S.S.L.C. വിജയശതമാനം

| സ്കൂളിന്റെ പേര് | 1991 92 | 92 93 | 93 94 | 94 95 | 95 96 |
|---|---|---|---|---|---|
| സെന്റ് ആഗ്നസ് എച്ച്.എസ്. | 70 | 72 | 72 | 70 | 75 |

### നിർദ്ദേശങ്ങൾ

പഞ്ചായത്തിലെ മുഴുവൻ വിദ്യാലയങ്ങൾക്കും മിനിമം സ്ഥലസൗകര്യം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. മൂന്നോ നാലോ വിദ്യാലയങ്ങൾക്ക് പ്രാപ്യമായ ഒരു സ്ഥലത്ത് പഞ്ചായത്തു തന്നെ ഇടത്തരം കളിസ്ഥലങ്ങൾ സ്ഥാപിക്കുന്നതു നല്ലതാണ്. ലബോറട്ടറി, ലൈബ്രറി, ലാട്രിൻ, വൈദ്യുതി സൗകര്യം എന്നിവ ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുക.

### കുട്ടികളുടെ പ്രവേശനം

സാധാരണ സ്കൂളുകളിൽ ഒന്നാം ക്ലാസ്സിലേക്കുള്ള പ്രവേശനം വളരെ കുറവാണ്. ഇതിനു പ്രധാന കാരണം ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലേക്കുള്ള ഒഴുക്കാണ്. സ്കൂൾ പ്രായമായ കുട്ടികളെ പരിസരത്തുള്ള സ്കൂളിൽതന്നെ ചേർക്കുക. സ്കൂൾ പ്രായമാകാത്ത കുട്ടികളെ സ്കൂളിൽ ചേർക്കുന്ന ഏർപ്പാട് നിരുത്സാഹപ്പെടുത്തണം. ഇവ നടപ്പാക്കുന്നത് സ്കൂൾ P.T.A. മാതൃസംഗമം എന്നിവ ഉണർന്നു പ്രവർത്തിക്കേണ്ടതാണ്.

### വിദ്യാഭ്യാസ രംഗത്തെ പ്രശ്നങ്ങൾ

1. വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സൗകര്യപ്രദമായി പ്രവർത്തിക്കാനുള്ള സ്ഥലസൗകര്യം ഇല്ല.
2. കുട്ടികൾക്കിരുന്നു വിദ്യാഭ്യാസം ചെയ്യാനുള്ള സൗകര്യപ്ര ദമായ കെട്ടിടങ്ങൾ ഇല്ല.
3. വിദ്യാർത്ഥികളെ വേണ്ട വിധത്തിൽ അഭ്യസിപ്പിക്കുന്നതിന് ആവശ്യമായ അദ്ധ്യാപകരില്ല.
4. ആവശ്യമായ പഠനോപകരണങ്ങൾ ഇല്ല.
5. സ്കൂളും, പരിസരവും വിദ്യാർത്ഥികളുടെ ഭൗതിക സാഹചര്യത്തിന് അനുസൃതമല്ല.
6. പാഠപുസ്തകങ്ങൾ വേണ്ടവിധത്തിൽ തയ്യാറാക്കുന്നില്ല.
7. പാഠ്യവിഷയങ്ങളിലേക്ക് വിദ്യാർത്ഥികളെ ആകർഷിച്ച് അഭ്യസിപ്പിക്കുന്നതിനുള്ള പഠനരീതികളില്ല.
8. കുട്ടികളുടെ വിദ്യാഭ്യാസത്തിൽ അദ്ധ്യാപകരും രക്ഷകർത്താക്കളും വേണ്ടത്ര ശ്രദ്ധിക്കുന്നില്ല.
9. തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനും, പഠനസൗകര്യം വർദ്ധിപ്പിക്കുന്നതിനും വേണ്ടി ശ്രദ്ധിക്കുന്നില്ല.
10. സ്കൂൾ അധികൃതരുടെ പരിശോധന പരിമിതമാണ്.
11. ശാസ്ത്രീയമായ രീതിയിൽ പരീക്ഷാസമ്പ്രദായം പരിഷ്കരിക്കുന്നില്ല.
232. വിദ്യാഭ്യാസ വകുപ്പ് ഒരു കാര്യവും വേണ്ടതുപോലെ നടത്താൻ കഴിയാത്ത അവസ്ഥയിലാണ്.
13. സർവ്വേ നടത്തി യഥാസമയം സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നില്ല.
14. കായിക പരിശീലനത്തിനുവേണ്ട സൗകര്യങ്ങളോ അദ്ധ്യാപകരോ ഇല്ല.

### പരിഹാര നിർദ്ദേശങ്ങൾ

1. സ്കൂളുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് ജനപങ്കാളിത്തത്തോടുകൂടി മുൻക്രമം നിശ്ചയിച്ച് വേണ്ട നടപടികൾ സ്വീകരിക്കുക.
2. ഗ്രാമപഞ്ചായത്തും ബ്ലോക്ക് പഞ്ചായത്തും ജില്ലാ പഞ്ചായത്തും വിദ്യാഭ്യാസരംഗത്തിന് ഊന്നൽ നൽകി പ്രവർത്തിക്കുക.
3. പഠനരീതിയും പാഠ്യപദ്ധതിയും കാലാനുസൃതമായി പരിഷ്ക്കരിക്കുക.
4. പഠിപ്പിക്കുന്നതിനാവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കുക.
5. രക്ഷകർത്താക്കൾ സജീവമായി വിദ്യാഭ്യാസ കാര്യങ്ങളിൽ ശ്രദ്ധിക്കുക.
6. ഡിപ്പാർട്ടുമെന്റ് അധികൃതർ പരിശോധനകൾ വിപുലപ്പെടുത്തുകയും പോരായ്മകൾ കണ്ടെത്തി ആവശ്യമായ നിർദ്ദേശങ്ങൾ കൊടുക്കുകയുംചെയ്യുക.
7. പരീക്ഷാരീതിയിൽ സമഗ്രമായ മാറ്റം വരുത്തി വിദ്യാർത്ഥികളുടെ കഴിവുകൾ കണ്ടെത്താനുള്ള മൂല്യനിർണ്ണയം ശാസ്ത്രീയമായ രീതിയിൽ ഏർപ്പെടുത്തുക.
8. അദ്ധ്യാപക പരിശീലനം കുറ്റമറ്റതാക്കുക.
9. പുസ്തകങ്ങൾ സ്കൂൾ വർഷാരംഭത്തിൽ തന്നെ വിതരണം ചെയ്യുക.
10. വിദ്യാഭ്യാസ വകുപ്പ് കാര്യക്ഷമമായി പ്രവർത്തിക്കുക.

### വിദ്യാഭ്യാസമേഖലയിലെ സാധ്യതകൾ

1. നാലാം വാർഡിൽ പ്രവർത്തിക്കുന്ന അഞ്ചാം സ്റ്റാൻഡേർഡു വരെയുള്ള ഗവൺമെന്റ് എൽ.പി.എസ്., യു.പി.എസ്. ആയി ഉയർത്തുക. കഴിഞ്ഞ അധ്യയന വർഷത്തിൽ ഈ സ്കൂൾ അപ്ഗ്രേഡ് ചെയ്തതായി സർവ്വേ റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തിയതാണ്. ചില സാങ്കേതികകാരണങ്ങളാൽ പിന്നീടത് താല്ക്കാലികമായി നിർത്തി വയ്ക്കുകയാണ് ഉണ്ടായത്. ഈ സ്കൂൾ അപ്ഗ്രേഡ് ചെയ്ത് ഒരു സമ്പൂർണ്ണ യു.പി.എസ്.ആയി ഉയർത്തി അടുത്ത അധ്യയന വർഷം മുതൽ പ്രവർത്തനം ആരംഭിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.
2. തുടർവിദ്യാഭ്യാസ സൗകര്യമില്ലാത്ത പഞ്ചായത്ത് ആയ

## 9.3 സ്കൂളിന്റെ ഭൗതിക സൗകര്യങ്ങളുടെ വിവരം

| സ്കൂളിന്റെ പേര് | [illegible] | കെട്ടിടങ്ങൾ എണ്ണം | | | മുറികളുടെ എണ്ണം | | | [illegible] | [illegible] | [illegible] | [illegible] | [illegible] | [illegible] | [illegible] | [illegible] | [illegible] | [illegible] | [illegible] | [illegible] | ഇനി ആവശ്യമായവയുടെ എണ്ണം | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | [illegible] | [illegible] | [illegible] | [illegible] | [illegible] | [illegible] | | | | | | | | | | | | | ബെഞ്ച് | ഡെസ്ക് | മേശ | [illegible] | [illegible] |
| | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 | 20 | 21 | 22 | 23 | 24 | 25 |
| ST. AGNES School. നീണ്ടകര | 19 | 1 | — | — | 10 | — | — | 5 | 1 (ട്രൂ) ഉണ്ട് | 3 | 12 | 4 | — | 1 | ഉണ്ട് | ഉണ്ട് | — | ഉണ്ട് | ഇല്ല | 24 | 24 | 5 | 5 | 5 2 |
| A.S. U.P.S പുത്തൻതുറ | 14 | 14 | – | – | 17 | — | – | – | – | 2 | 4 | 3 | 2 | 4 | ✓ | ✓ | — | ✓ | — | 25 | 30 | 5 | 4 | 4 3 2 |
| സെന്റ് സെബാസ്റ്റ്യൻസ് എൽ.പി.എസ് | 13 | 2 | – | – | 11 | — | — | 4 | — | 2 | 15 | 2 | 2 | 2 | ✓ | ✓ | ✓ | — | — | | | 13 | 13 | 5 2 2 4 25 |
| ഗവ: L.P. സ്കൂൾ നീണ്ടകര | 3 | 2 | — | 1 | 4 | – | – | 3 | — | 1 | 10 | 2 | 1 | — | ✓ | — | — | — | — | 10 | 15 | 3 | 4 | 1 |
| L.V.L. സ്കൂൾ പരിമണം | 2 | 1 | 1 | — | 1 | — | — | 2 | — | — | — | 1 | — | — | ✓ | ✓ | — | — | — | — | 10 | 2 | 3 | 1 |

1.7. വിദ്യാഭ്യാസ സ്ഥാപനങ്ങളെ സംബന്ധിച്ച വിവരങ്ങൾ
Ref. AV G.

| വാർഡ് | സ്കൂളുകളുടെ എണ്ണം | | | | | | | | | | | | | | | | | | | സാങ്കേതിക വിദ്യാലയങ്ങൾ (ഏതെന്ന് ബ്രാക്കറ്റിൽ) | | | കോളേജുകൾ | | | പാരലൽ കോളേജ് | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | H.S.S./H.S | | | | | U.P.S. | | | | | L.P.S. | | | | | നഴ്സറി | | | | | | | | | | | | |
| | സർക്കാർ | എയിഡഡ് | അൺ. എയിഡഡ് | മറ്റുള്ളവ | ആകെ | സർക്കാർ | എയിഡഡ് | അൺ. എയിഡഡ് | മറ്റുള്ളവ | ആകെ | സർക്കാർ | എയിഡഡ് | അൺ. എയിഡഡ് | മറ്റുള്ളവ | ആകെ | സർക്കാർ | പഞ്ചാ.വക | സ്വകാര്യം | ആകെ | സർക്കാർ | സ്വകാര്യം | ആകെ | സർക്കാർ | സ്വകാര്യം | ആകെ | സ്കൂൾ ക്ലാസ്സുകൾ നടത്തുന്നവ | കോളേജ് ക്ലാസ്സുകൾ മാത്രം നടത്തുന്നവ | സ്കൂൾ-കോളേജ് ക്ലാസ്സുകൾ നടത്തുന്നവ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 | 20 | 21 | 22 | 23 | 24 | 25 | 26 | 27 | 28 | 29 |
| VI | | | | | | 1 | | | | 1 | | 1 | | | 1 | | | | | | | | | | | | | |
| IV | | | | | | | | | | | 1 | | | | 1 | | | | | | | | | | | | | |
| VII | | 1 | | | 1 | | | | | | | 1 | | | 1 | | | | | | | | | | | | | |
| V | | | | | | | | | | | | | | | | | | 1 | 1 | | | | | | | | | |
| ആകെ | | 1 | | | 1 | 1 | | | | 1 | 1 | 2 | | | 3 | | | 1 | 1 | | | | | | | | | |

## 1.8 അദ്ധ്യാപകരേയും വിദ്യാർത്ഥികളേയും സംബന്ധിച്ച വിവരങ്ങൾ

Ref. A V F. G

| സ്കൂളുകൾ | അദ്ധ്യാപകർ | | | വിദ്യാർത്ഥികൾ | | | മറ്റ് സൗകര്യങ്ങൾ | | | |
|---|---|---|---|---|---|---|---|---|---|---|
| | | | | | | | കെട്ടിടം | | ഫർണിച്ചർ | |
| | ആണ് | പെണ്ണ് | ആകെ | ആണ് | പെണ്ണ് | ആകെ | വേണ്ടത്ര ഉള്ളവ | വേണ്ടത്ര ഇല്ലാത്തവ | വേണ്ടത്ര ഉള്ളവ | വേണ്ടത്ര ഇല്ലാത്തവ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| H. S. | 1 | 12 | 13 | Nil | 354 | 354 | | ഷീറ്റ് | | 1 |
| U. P. S. | 3 | 14 | 17 | 241 | 198 | 439 | ഷീറ്റ് 1. ഓടുനില | 1 | | 1 |
| L. P. S. | 0 | 5 | 5 | 357 | 332 | 689 | — | 2 | | 2 |
| Pre-primary | | | | | | | | | | |
| ആകെ | 4 | 31 | 35 | 598 | 884 | 1482 | | 4 | | 4 |

വിദ്യാഭ്യാസ ആവശ്യത്തിന് പഞ്ചായത്ത് ചെലവഴിച്ച തുക :

## 9.4. അക്കാദമിക് സൗകര്യങ്ങൾ

✓ ഉണ്ട്  × ഇല്ല.
✓ പ്രവർത്തിക്കുന്ന × സജീവമല്ല.

| സ്കൂളിന്റെ പേര് | [illegible] | [illegible] | [illegible] | ദൃശ്യ-ശ്രാവ്യ ഉപകരണങ്ങൾ-എണ്ണം | | | | | | | | ബ്ലാക്ക് ബോർഡ് | | [illegible] | [illegible] | [illegible] | [illegible] | [illegible] |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | [illegible] | [illegible] | [illegible] | [illegible] | [illegible] | [illegible] | [illegible] | [illegible] | [illegible] | [illegible] | | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 |
| ST Agnes GHS Neendakera | ✓✓ | ✓✓ | × | ✓× | ✓ | × | × | × | × | × | × | 5 | 19 | 194 | ഇല്ല | 2 | × | ✓ |
| ASUPS Puthenthura | ✓✓ | ✓ | × | ✓ | ✓ | ✓ | × | × | × | × | × | 5 | 14 | 196 | × | 3 | സജീവം | ✓ |
| Govt LPS Neendakara | ✓✓ | × | × | ✓ | ✓ | × | × | × | × | × | × | 3 | 3 | 193 | × | 2 | × | ✓ |
| St. Sebastin LPS Neendakera | × | × | × | ✓ | ✓ | × | × | × | × | × | × | 4 | 10 | 194 | × | 2 | ✓ | ✓ |
| LVLPS Neendaka-ra | × | × | × | ✓ | ✓ | × | × | × | × | × | × | 3 | 2 | 193 | × | 2 | × | ✓ |

തിനാൽ ഒരു പഞ്ചായത്തിൽ ഒരു ഹൈസ്ക്കൂൾ എന്ന ആശയം സാക്ഷാത്കരിക്കാൻ പൊതുമേഖലയിൽ ഒരു ഹൈസ്ക്കൂൾ അനുവദിക്കുക.

3. മത്സ്യത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന പഞ്ചായത്തായതിനാൽ ഇവിടെ ഒരു ഫിഷറീസ് ടെക്നിക്കൽ സ്കൂൾ അനുവദിക്കേണ്ടത് അനിവാര്യമാണ്. ഇതിനാവശ്യമായ അടിയന്തിര നടപടി സ്വീകരിക്കണം.

4. സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനമില്ലാത്ത പഞ്ചായത്തായതിനാൽ ഒരു സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനം അനുവദിച്ച് ഇവിടുത്തെ പാവപ്പെട്ട കുട്ടികളുടെ തൊഴിലില്ലായ്മ പരിഹരിക്കേണ്ടതാണ്.

5. ഈ പഞ്ചായത്തിലെ 1, 3 4, 7, 8, 9 എന്നീ വാർഡുകളിൽ പുതുതായ അംഗനവാടികൾ അനുവദിക്കണം. നിലവിലുള്ള അംഗനവാടികളുടെ പരിസരത്ത് വെള്ളം കെട്ടിക്കിടക്കുന്നതിനാൽ കുട്ടികൾക്ക് പകർച്ചവ്യാധികൾ ഉണ്ടാകാൻ സാധ്യതയുണ്ട്. ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കണം.

6. ഈ പഞ്ചായത്തിലെ എല്ലാ സ്കൂളുകളും ദേശീയപാതയുടെ സമീപത്താണ് സ്ഥിതി ചെയ്യുന്നത്. വാഹനബാഹുല്യം നിമിത്തം കുട്ടികൾക്ക് അപകടമുണ്ടായിക്കൊണ്ടിരിക്കുകയാണ്. ഇതിനെ നിയന്ത്രിക്കാൻ ട്രാഫിക്പോലീസിന്റെ സേവനം ഏർപ്പെടുത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം.

7. നീണ്ടകര പഞ്ചായത്തിൽ നഴ്സറി സ്കൂളിന് ആവശ്യമായ സ്ഥലം എടുത്തിട്ടുണ്ട്. അവിടെ കെട്ടിടം നിർമ്മിച്ച് നഴ്സറി സ്കൂൾ പ്രവർത്തനം ആരംഭിക്കണം. മറ്റു വാർഡുകളിലും നഴ്സറി സ്കൂളുകൾ ആവശ്യമുള്ളിടത്തു സ്ഥാപിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണം.

8. നീണ്ടകര ഗവൺമെന്റ് എൽ.പി.എസിനോട് ചേർന്ന്ഒ.ബി.എസ് സ്കീമിൽ ഉൾപ്പെടുത്തി പണിത കെട്ടിടത്തിന് കതകില്ലാത്തതുമൂലം സാമൂഹ്യവിരുദ്ധരുടെ ശല്യം നിരന്തരം ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. അതിനാൽ കെട്ടിടങ്ങൾക്ക് കതകിട്ട് സുരക്ഷിതമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണം.

9. നീണ്ടകര പഞ്ചായത്തിലെ 15 അംഗനവാടികളും ശോചനീയാവസ്ഥയിലാണ്. മിക്ക കേന്ദ്രങ്ങളും സ്വകാര്യ വ്യക്തികൾ പണിഞ്ഞുകൊടുത്ത ഷെഡുകളിലാണ് നടക്കുന്നത്. ഈ അംഗനവാടികൾക്ക് സ്വന്തമായി സ്ഥലവും കെട്ടിടങ്ങളും ഉണ്ടാകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണം.

10. വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന ഒരു പഞ്ചായത്താണ് നീണ്ടകര. വേണ്ടത്ര സാമ്പത്തികം ഇല്ലാത്തതിനാൽ പഠനം നിർത്തുന്ന സാഹചര്യമാണുള്ളത്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് ജാതിമതഭേദമന്യേ ധനസഹായം നൽകാൻ വേണ്ട ഏർപ്പാടുകൾ ഉണ്ടാകണം.

11. നീണ്ടകര പഞ്ചായത്തിലെ നവസാക്ഷരർക്ക് തുടർ വിദ്യാഭ്യാസം നൽകുന്നതിനായി അഞ്ചു നവസാക്ഷര കേന്ദ്രങ്ങൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥാപിക്കുകയും കൂടാതെ വയോജന വിദ്യാഭ്യാസകേന്ദ്രങ്ങൾ സ്ഥാപിക്കുകയും വേണം. ഇവിടുത്തെ ഇൻസ്ട്രക്ടർമാർക്ക് മതിയായ പ്രതിഫലം നൽകാനാവശ്യമായ നടപടി കൈക്കൊള്ളണം.

13. നീണ്ടകര ഗവൺമെന്റ് എൽ.പി.എസിനോട് ചേർന്ന് ഒരു പ്രീപ്രൈമറി സ്കൂൾ കൂടി സ്ഥാപിച്ച് വിദ്യാഭ്യാസ നിലാവാരം മെച്ചപ്പെടുത്തണം.

13. നീണ്ടകര സെന്റ് ആഗ്നസ് ഹൈസ്ക്കൂളിൽ കക്കൂസും മൂത്രപ്പുരയും നിർമ്മിച്ച് വിദ്യാർത്ഥിനികളുടെ ബുദ്ധിമുട്ട് ഒഴിവാക്കണം.

14. പഞ്ചായത്തടിസ്ഥാനത്തിൽ പഞ്ചായത്ത് കമ്മിറ്റിയും വിദ്യാഭ്യാസ വിദഗ്ദ്ധന്മാരും ഉൾപ്പെടുന്ന വിദ്യാഭ്യാസ ഉപദേശക സമിതി രൂപീകരിക്കുകയും അതുവഴി വിദ്യാഭ്യാസത്തിലുള്ള ഗുണമേന്മ വർദ്ധിപ്പിക്കാൻ സഹായിക്കുകയും ചെയ്യും.

# 10

# ഭവനനിർമ്മാണവും സാമൂഹ്യക്ഷേമവും

വർഷങ്ങൾക്കപ്പുറത്ത് നമ്മുടെ നീണ്ടകര പഞ്ചായത്തിലുണ്ടായിരുന്ന വീടുകൾ അധികവും ശില്പഭംഗിയോടുകൂടിയ നിരയും അറയും ഉള്ള വീടുകളായിരുന്നു. കുറച്ചു വീടുകൾ നാലുകെട്ടുകളും എട്ടുകെട്ടുകളും ഒക്കെയായിരുന്നു. ഈ വീടുകൾ മിക്കവയും ഓലകൊണ്ടു മേയുന്നവയായിരുന്നു. എന്നാൽ അന്നു നമ്മുടെ തീരപ്രദേശങ്ങളിൽ മൊത്തം ചെറ്റക്കുടിലുകളായിരുന്നു. കാലത്തിന്റെ മാറ്റത്തിൽ ഇന്ന് നാം ഭവന നിർമ്മാണരംഗത്ത് വളരെ ദൂരം മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുകയാണ്. പണ്ടത്തെ ഓലമേഞ്ഞ വീടുകളുടെ സ്ഥാനത്ത് നമ്മുടെ കഠിനാധ്വാനം കൊണ്ടും സർക്കാരിന്റെ സഹായത്തോടുകൂടിയും വളരെ മനോഹരവും വലിപ്പമുള്ളതുമായ കെട്ടിടങ്ങളാണ് നിർമ്മിച്ചുകൊണ്ടിരിക്കുന്നത്. സമൂഹത്തിൽ ദുർബല വിഭാഗക്കാർക്ക് വാസയോഗ്യമായ വീടുകൾ നിർമ്മിച്ചുനൽകുന്നതിന് സർക്കാർ പലവിധ പദ്ധതികളും ആവിഷ്ക്കരിച്ചതിന്റെ ഫലമായി നമ്മുടെ പഞ്ചായത്തിൽ ഫിഷർമെൻ കോളനി, ലക്ഷം വീടു കോളനി, ഹരിജൻ കോളനി തുടങ്ങി പദ്ധതികൾ വഴി വീണ്ടും കുറച്ചു മാറ്റങ്ങൾ ഈ രംഗത്തു വന്നിട്ടുണ്ട്. നാം വികസനത്തിന്റെ പാതയിൽ വളരെ വേഗം മുന്നോട്ടു നടന്നു അടുത്തു കൊണ്ടിരിക്കുന്ന ഈ അവസരത്തിൽ ഒന്നുതിരിഞ്ഞു നോക്കിയാൽ വളരെ വേദന ഉണ്ടാക്കുന്ന ചിത്രങ്ങളാണ് നമുക്ക് കാണുവാൻ കഴിയുന്നത്. സ്വന്തമായി സ്ഥലം ഇല്ലാതെയും കിടപ്പാടം ഇല്ലാതെയും വലയുന്ന കുറെ പാവം മനുഷ്യർ നമ്മുടെ പഞ്ചായത്തിൽ അലഞ്ഞുതിരിയുകയാണ്. ഇതു നമുക്ക് കണ്ടില്ലെന്ന് നടക്കുവാൻ കഴിയുകയില്ല. ഇന്നു നാം വളരെ ഗൗരവപൂർവ്വം ചിന്തിക്കേണ്ടിയിരിക്കുന്നു.

**വീടുകളുടെ തരം**

| വാർഡ് | ഓല | ഓട് | ടെറസ് |
|---|---|---|---|
| I | 105 | 149 | 104 |
| II | 137 | 236 | 98 |
| III | 165 | 181 | 106 |
| IV | 175 | 146 | 94 |
| V | 264 | 180 | 100 |
| VI | 224 | 167 | 53 |
| VII | 400 | 165 | 176 |
| VIII | 314 | 105 | 107 |
| IX | 135 | 105 | 59 |

## നിർദ്ദേശങ്ങൾ ഭവനനിർമ്മാണം

1. നാലുസെന്റ് കോളനികളിലും അല്ലാതെയും നിർമ്മിച്ചുകൊടുത്ത വർഷങ്ങളുടെ പഴക്കമുള്ള വീടുകൾ അടിയന്തിരമായി അറ്റകുറ്റപ്പണികൾ ചെയ്തുകൊടുത്ത് ജനങ്ങളുടെ ജീവനും സ്വത്തിനും ഉറപ്പുവരുത്തുക.

2. നമ്മുടെ പഞ്ചായത്തിൽ ഇപ്പോൾ നിലവിലുള്ള സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാത്ത അംഗനവാടികൾക്ക് കെട്ടിടം നിർമ്മിക്കുകയും ആവശ്യമായ ഉപകരണങ്ങൾ നൽകുകയും ചെയ്യണം.

3. വളരെ മുൻപ് ഇൻഡോ നോർവീജിയൻകാർ നിർമ്മിച്ചു നൽകിയ 10 മുറികളോടുകൂടിയ കക്കൂസ് ഇവിടെ ഉണ്ടാ

യിരുന്നു. ഇത് കടൽക്ഷോഭത്തിൽ നശിച്ചു പോയിട്ടുള്ളതാണ്. തീരദേശത്ത് അടിയന്തിരമായി കക്കൂസ് നിർമ്മിച്ചു നൽകണം.

4. സ്വന്തമായി ഭൂമിയുള്ള ഹരിജനങ്ങൾക്ക് വീടു നിർമ്മിച്ചു നൽകുക.

## പ്രശ്നങ്ങൾ

1. വ്യക്തിപരമായ ലോണുകൾ ഉയർന്ന പലിശ നൽകിയാണ് ഭവന നിർമ്മാണ വായ്പ കിട്ടിക്കൊണ്ടിരിക്കുന്നത്. ഭവനനിർമ്മാണത്തിന് വായപ്കൾ ലഭിക്കുവാൻ വളരെ കാലതാമസം നേരിടുന്നു.

2. വീടു നിർമ്മാണത്തിനാവശ്യമായ സാധനങ്ങളുടെ വില ക്രമാതീതമായി വർദ്ധിച്ചുവരുന്നു.

3. കൂലിനിരക്കിലെ വർദ്ധനവും സാധനസാമഗ്രികളുടെ വിലക്കയറ്റവും കാരണം പാവപ്പെട്ടവർക്ക് വീട് ഒരു സ്വപ്നമായി മാറുന്നു.

4. ഭവന നിർമ്മാണത്തിനാവശ്യമായ തൊഴിലാളികളുടെ അഭാവം അനുഭവപ്പെടുന്നു.

5. പുറംപോക്കുകളിൽ താമസിക്കുന്നവർക്ക് പട്ടയം നൽകാത്തതുമൂലം അവർക്ക് ഭവന നിർമ്മാണത്തിന് ആവശ്യമായ ലോണോ മറ്റു ആനുകൂല്യമോ ലഭിക്കുന്നില്ല.

## സാധ്യതകൾ

1. ലോൺ കിട്ടാനുണ്ടാകുന്ന കാലതാമസം ഒഴിവാക്കുക.

2. സാധാരണക്കാരനോട് അമിതമായ പലിശ ഈടാക്കാതിരിക്കുക.

3. പഞ്ചായത്തുതലത്തിൽ ഭവന നിർമ്മാണ സഹകരണ സംഘങ്ങൾ രൂപീകരിക്കുക.

4. ബുദ്ധിമുട്ടു കൂടാതെ സാധാരണക്കാരനെ ഭവന നിർമ്മാണ വായ്പ ലഭിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുക.

5. ഭൂരഹിത കർഷക തൊഴിലാളികൾക്ക് ഭൂമി പതിച്ചു നൽകുന്നതിനോടൊപ്പം തന്നെ വീടു നിർമ്മാണത്തിനാവശ്യമായ ധനസഹായവും ഗ്രാന്റായി നൽകണം.

6. വീടു കൂടുതൽ ആഡംബരപൂർവ്വമായി മാറ്റുന്ന പ്രവണത തടയുന്നതിന് ബോധവല്ക്കരണം നടത്തുക.

# 10 (2)

# സാമൂഹ്യക്ഷേമം

നമ്മുടെ രാജ്യം പുരോഗതിയുടെ , വികസനത്തിന്റെ പടവുകൾ ചവുട്ടിക്കയറുമ്പോൾ സ്വന്തമായി ജോലി ഇല്ലാതെയും, തലചായ്ക്കാൻ ഒരിടവുമില്ലാതെയും കഷ്ടപ്പെടുന്ന അനേക സഹോദരങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്. നാലുസെന്റ് കോളനികളിലും മറ്റു പുറമ്പോക്കുകളിൽ താമസിക്കുവന്നവർക്കും പട്ടയം നൽകുന്നിതിൽ ഗവൺമെന്റ് വൈമനസ്യം കാട്ടുന്നു. അപ്പോൾ നമ്മുടെ ക്ഷേമ പ്രവർത്തനങ്ങൾ എവിടെവരെയെത്തി നിൽക്കുന്നു? നാം ഇതു വളരെ ഗാഢമായി ചിന്തിക്കേണ്ടതുണ്ട്.

സാമൂഹ്യക്ഷേമ പ്രവർത്തനത്തിന്റെ ഭാഗമായി നമ്മുടെ പഞ്ചായത്തിലിപ്പോൾ 200 കക്കൂസുകൾ നിർമ്മിച്ചു നൽകി. ഗവണമെന്റ് സാമൂഹ്യക്ഷേമത്തിനു വേണ്ടി സംയോജിത ഗ്രാമ വികസന പരിപാടി (ഐ.ആർ.ഡി.പി) എന്ന സ്കീം നടപ്പിലാക്കി. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളെ സഹായിക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. പ്രതിവർഷം കുടുംബ വരുമാനം 11,000 രൂപയിൽ കുറവുള്ള ഗ്രാമീണരെയാണ് ദരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരായി കണക്കാക്കുന്നത്. ഇങ്ങനെയുള്ളവർക്ക് ബാങ്കിന്റെ ലോണും സർക്കാരിന്റെ സബ്സിഡിയും നൽകി കുടുംബവരുമാനം വർദ്ധിപ്പിക്കാൻ ഉതകുന്ന പദ്ധതി നടപ്പിലാക്കുകയാണ് ഇതിന്റെ ലക്ഷ്യം. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരെ തിട്ടപ്പെടുത്തുന്നതിന് വേണ്ടി സർവ്വേ നടത്തി, ഈ സർവ്വേയിൽ കണ്ടെത്തുന്നവർക്ക് ഐ.ആർ.ഡി.പി. സഹായം നൽകുന്നതാണ്.

ഐ.ആർ.ഡി.പി. ധനസഹായം ലഭിക്കുന്ന കുടുംബത്തിന് ഇപ്പോൾ 4,000 രൂപ സബ്സിഡി ലഭിക്കുന്നുണ്ട്. എന്നാൽ പട്ടികജാതിക്കാർക്കും, വികലാംഗർക്കും 6,000 രൂപ സബ്സിഡി നൽകുന്നുണ്ട്. ഐ.ആർ.ഡി.പി. വായ്പ എടുക്കുന്ന ഗുണഭോക്താവിന് സൗജന്യമായി ഇൻഷ്വർ ചെയ്യുന്നുണ്ട്. ഗുണഭോക്താവ് മരിക്കുകയാണെങ്കിൽ 5,000രൂപ അവകാശിക്ക് ലഭിക്കുന്നതാണ്. അപകടമാണെങ്കിൽ 10,000 രൂപ വരെ ലഭിക്കും. ഐ.ആർ.ഡി.പി. ധനസഹായം ലഭിക്കുന്നതിൽ ചെറിയ ശതമാനം വായ്പ ദുരുപയോഗം ചെയ്യുന്നതായി കാണുന്നു. അതുപോലെ തിരിച്ചടവിന്റെ കാര്യത്തിലും വീഴ്ചകൾ വരുത്തുന്നുണ്ട്. ആയതിനാൽ ഗുണഭോക്താക്കൾ കുറെക്കൂടി നല്ലരീതിയിൽ കൃത്യബോധത്തോടെ പ്രവർത്തിക്കേണ്ടതുണ്ട്. ഇപ്പോൾ നിലവിലുള്ള ക്ഷേമപദ്ധതികൾക്കും പുറമേ പല നല്ല പദ്ധതികളും ഇവിടെ ഇനിയും നടപ്പാക്കാവുന്നതാണ്. വിദേശവിപണിയിലേക്ക് നമ്മുടെ ശ്രദ്ധ പിടിച്ചുപറ്റിയ മത്സ്യമേഖല ഇനിയും സജീവമാക്കേണ്ടതുണ്ട്. നമ്മുടെ പഞ്ചായത്തിൽ 15 അംഗനവാടികൾ ഉള്ളതിൽ 3 എണ്ണം മാത്രമേ സ്വന്തമായി സ്ഥലവും കെട്ടിടവുമുള്ളു. മറ്റ് അംഗനവാടികൾക്ക് സ്ഥലവും കെട്ടിടവും ഇനിയും കണ്ടെത്തേണ്ടതുണ്ട്. നമ്മുടെ പഞ്ചായത്തിന്റെ ക്ഷേമഐശ്വര്യത്തിനുവേണ്ടി, നാം കൈകോർത്തു പിടിച്ചു നിന്നുകൊണ്ട് വളരെയധികം യത്നിക്കേണ്ടിയിരിക്കുന്നു.

## നീണ്ടകര പഞ്ചായത്തിൽ 1992 93 മുതൽ ഐ.ആർ.ഡി.പി ധനസഹായം കിട്ടിയ കുടുംബങ്ങൾ

പട്ടിക 1

| വർഷം | ധനസഹായം കിട്ടിയ ഗുണഭോക്താക്കളുടെ എണ്ണം | | ലോൺതുക | സബ്സിഡി തുക |
|---|---|---|---|---|
| | ആകെ | പട്ടികജാതി | | |
| 1992-93 | 39 | 7 | 1.94 (ലക്ഷം) | 0.85 ലക്ഷം |
| 1993-94 | 58 | 2 | 3.03 " | 1.67 " |
| 1994-95 | 50 | 10 | 4.26 " | 2.36 " |
| 1995-96 | 44 | 1 | 4.84 " | 1.78 " |
| 1996-97 | കണക്കാക്കപ്പെട്ടിട്ടില്ല. | | | |

പട്ടിക 2

1992-93 മുതൽ 96-97 വരെ TRYSEM പരിശീലനം കിട്ടിയവരുടെ എണ്ണം

| വർഷം | പരിശീലനം കിട്ടിയവരുടെ എണ്ണം | തൊഴിൽ കണ്ടെത്തിയവരുടെ എണ്ണം |
|---|---|---|
| 1992-93 | 4 | 4 |
| 1993-94 | 4 | 4 |
| 1994-95 | 11 | 11 |
| 1995-96 | 4 | 4 |
| 1996-97 | കണക്കാക്കപ്പെട്ടിട്ടില്ല. | |

പട്ടിക 3

DWCRA സഹായംകിട്ടിയവരുടെ എണ്ണം

| വർഷം | യൂണിറ്റിന്റെ എണ്ണം | യൂണിറ്റിലെ അംഗങ്ങളുടെ എണ്ണം |
|---|---|---|
| 1992-93 | ഇല്ല | ഇല്ല |
| 1993-94 | 2 | 24 |
| 1994-95 | ഇല്ല | |
| 1995-96 | 1 | 12 |
| 1996-97 | കണക്കാക്കപ്പെട്ടിട്ടില്ല | കണക്കാക്കപ്പെട്ടിട്ടില്ല |

## പട്ടിക 4
## CRSP പ്രകാരം കക്കൂസ് ലഭിച്ചവർ

| വർഷം | കക്കൂസ് ലഭിച്ചവരുടെ എണ്ണം |
|---|---|
| 1992–93 | ഇല്ല |
| 1993–94 | 8 |
| 1994–95 | 4 |
| 1995–96 | 8 |
| 1996–97 | കണക്കാക്കപ്പെട്ടിട്ടില്ല. |

## പട്ടിക 5
## MWS വീടുകിട്ടിയവരുടെ എണ്ണം

| വർഷം | വീടുലഭിച്ചവരുടെ എണ്ണം |
|---|---|
| 1992–93 | 5 |
| 1993–94 | ഇല്ല |
| 1994–95 | ഇല്ല |
| 1995–96 | ഇല്ല |
| 1996–97 | കണക്കാക്കപ്പെട്ടിട്ടില്ല. |

## പട്ടിക 6
## IAY, JRY വീടുകിട്ടിയവരുടെ എണ്ണം

| വർഷം | IAY | JRY |
|---|---|---|
| 1991-92 | ഇല്ല | 18 |
| 1992–93 | ഇല്ല | 2 |
| 1993–94 | 2 | 6 |
| 1994–95 | 4 | ഇല്ല |
| 1995–96 | 7 | 1 |

പട്ടിക 7

MWS പ്രകാരം കിണർ ലഭിച്ചവരുടെ എണ്ണം

| വർഷം | കിണർ കിട്ടിയവരുടെ എണ്ണം |
|---|---|
| 1992–93 | ഇല്ല |
| 1993–94 | 4 |
| 1994–95 | ഇല്ല |
| 1995–96 | 1 |
| 1996–97 | കണക്കാക്കപ്പെട്ടിട്ടില്ല. |

## വിധവാപെൻഷൻ

ഈ പഞ്ചായത്തിലെ 69 പേർക്ക് വിധവാ പെൻഷന്റെ ആനുകൂല്യം ലഭിക്കുന്നുണ്ട്.

## വാർദ്ധക്യകാല പെൻഷൻ

32 പേർക്ക് വാർദ്ധക്യകാല പെൻഷൻ ലഭിക്കുന്നുണ്ട്. അതിൽ 4 പുരുഷന്മാരും 28 സ്ത്രീകളുമാണ്

## വികലാംഗപെൻഷൻ

6 പേർക്ക് വികലാംഗപെൻഷൻ ലഭിക്കുന്നുണ്ട്. 3 പുരുഷൻമാരും 3 സ്ത്രീകളുമാണ്.

## രോഗികൾക്കുള്ള പെൻഷൻ

ക്ഷയരോഗികൾക്കുള്ള പെൻഷൻ 3 പുരുഷൻമാരും 2 സ്ത്രീകളും ഉൾപ്പടെ 5 പേർക്ക് ലഭിക്കുന്നു. കാൻസർ രോഗത്തിനുള്ള പെൻഷൻ 3 സ്ത്രീകൾക്ക് ലഭിക്കുന്നു.

## പ്രശ്നങ്ങൾ

1. അർഹരായ കുടുംബങ്ങളെ ഐ.ആർ.ഡി.പി ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. ധനസഹായം ലഭിക്കുന്നതിനുള്ള സാങ്കേതിക ബുദ്ധിമുട്ട്

3. കക്കൂസുകളുടെ അഭാവം

4. അംഗനവാടികൾക്ക് സ്വന്തമായ സ്ഥലം കെട്ടിടം ലഭ്യമല്ല.

5. പോഷകാഹാരം, കളിക്കോപ്പുകൾ എന്നിയുടെ അഭാവം.

6. സാമൂഹ്യ ക്ഷേമ പെൻഷനുകൾ എല്ലാവരിലും എത്തുന്നില്ല.

7. മഹിളാസമാജം മുതലായ സന്നദ്ധസേവാ സമിതികളുടെ പ്രവർത്തനത്തിലുള്ള കുറവ്.

## സാധ്യതകൾ

1. പുതിയ സർവ്വേ നടത്തി അർഹരായ എല്ലാ കുടുംബങ്ങളേയും ഐ.ആർഡി.പി. ലിസ്റ്റിൽ ഉൾപ്പെടുത്തുക.

2. ധനസഹായം ലഭിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ ലഘൂകരിക്കുക.

3. എല്ലാ കുടുംബങ്ങൾക്കും കക്കൂസ് എന്ന ലക്ഷ്യം കൈവരിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കുക.

4. 12 അംഗനവാടികൾക്ക് സ്വന്തമായ സ്ഥലവും കെട്ടിടവും നിർമ്മിക്കുക.

5. പോഷകാഹാരം, കളിക്കോപ്പുകൾ എന്നിവ നൽകണം.

6. സാമൂഹ്യ ക്ഷേമപെൻഷനുകൾക്കുള്ള സർക്കാർ കൂടുതൽ തുക പഞ്ചായത്തുകൾക്ക് നൽകണം.

7. മഹിളാസമാജം തുടങ്ങിയ സന്നദ്ധസംഘടനകളുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തണം.

# 11
# പൊതുജനാരോഗ്യം, കുടിവെള്ളം

ആരോഗ്യമുള്ള ഒരു ജനത രാജ്യത്തിന്റെ സമ്പത്താണ്. ആരോഗ്യരംഗത്ത് ഒരു മാതൃകാസംസ്ഥാനമാണ് കേരളം. ആരോഗ്യ സംരക്ഷണത്തിന്റെ ചിലവ് കൂടിക്കൊണ്ടിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ പൊതുഉടമയിലുള്ള ആരോഗ്യ സേവന സംവിധാനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും, ജനകീയമാക്കുകയും ചെയ്യുന്നത് പ്രാദേശിക ഭരണകൂടങ്ങൾക്ക് ഒരു പങ്കുണ്ട്. ഈ സാഹചര്യത്തിൽ നീണ്ടകര പഞ്ചായത്തിലെ ആരോഗ്യസ്ഥിതിയെക്കുറിച്ച് ഒന്നു വിലയിരുത്താം.

ആദ്യ കാലഘട്ടത്തിൽ ആധുനിക ചികിത്സാ സമ്പ്രദായങ്ങൾ ഒന്നുംതന്നെ പഞ്ചായത്തിൽ ഇല്ലായിരുന്നു. അപരിഷ്കൃതരീതികളായ മന്ത്രം ചെയ്യലും, നാട്ടുവൈദ്യ ചികിത്സകളും, ദേവാലയങ്ങളിൽ വഴിപാടുകൾ നടത്തിയും രോഗശമനത്തിന് ശ്രമിച്ചിരുന്നു. ആധുനിക ശാസ്ത്രവും ചികിത്സാരീതികളും വളരെയേറെ പുരോഗമിച്ച ഈ കാലഘട്ടത്തിലും ചുരുക്കം ചിലരെങ്കിലും ഈ പ്രാകൃതരീതി തുടർന്നുവരുന്നു.

1950വരെ ഈ പ്രദേശത്തെ ജനങ്ങൾ ആരോഗ്യപരമായ കാര്യങ്ങളിൽ വളരെ പിന്നിലായിരുന്നു. കോളറ, ക്ഷയം, വിളർച്ച തുടങ്ങിയ രോഗങ്ങൾക്ക് അടിമകളായിരുന്നു. ജനങ്ങളുടെ ആരോഗ്യനില മെച്ചപ്പെടുത്തുന്നതിനു വേണ്ടി സംസ്ഥാന സർക്കാർ നോർവേ ഗവൺമെന്റിന്റെ സഹായത്തോടുകൂടി 1953ൽ ഒരു ആശുപത്രി ഇവിടെ സ്ഥാപിതമായി. അന്നുമുതൽ ആണ് ഇവിടുത്തെ പാവപ്പെട്ട കയർ,മത്സ്യ,കരിമണൽ മേഖലയിലെ തൊഴിലാളികൾക്ക് ആതുരസേവനം ലഭ്യമായത്. വളരെ സ്തുത്യർഹമായി സേവനം നടത്തിയിട്ടുള്ള ഒരു സ്ഥാപനമായിരുന്നു ഇൻഡോ നോർവീജിയൻ ആശുപത്രി. കേരളത്തിന്റെ വിവിധഭാഗങ്ങളിൽ നിന്നും ധാരാളം രോഗികൾ ഈ ആതുരാലയത്തിന്റെ ഗുണഭോക്താക്കളായിട്ടുണ്ട്. കുട്ടികൾ സ്ത്രീകൾ തുടങ്ങിയവരുടെ വിഭാഗങ്ങളും, ത്വക്ക്രോഗം, ക്ഷയരോഗം, കുഷ്ഠരോഗം, പല്ലു വിഭാഗം, പ്രതിരോധ വിഭാഗം തുടങ്ങിയവയ്ക്ക് വിദഗ്ദ്ധമായ രീതിയിൽ ചികിത്സ ലഭ്യമായിരുന്നു. തുറസ്സായ സ്ഥലങ്ങളിൽ മലവിസർജ്ജനം നടത്തുന്നതിൽ നിന്നുണ്ടാകുന്ന ദോഷവശങ്ങൾക്ക് ബോധവൽക്കരണവും വീടുകൾക്ക് കക്കൂസുകൾ നിർമ്മിച്ചു കൊടുക്കുകയും ചെയ്തിരുന്നു.

1973ൽ ഈ സ്ഥാപനം നോർവേ ഗവൺമെന്റിന്റെ കരാർ അവസാനിക്കുകയും മെഡിക്കൽ കോളേജിന് കൈമാറുകയും തുടർന്ന് മെഡിക്കൽ കോളേജ് ഹെൽത്ത് യൂണിറ്റ് എന്ന പുതിയ പേര് നിലവിൽ വരുകയും ചെയ്തു. മെഡിക്കൽ കോളേജ് ഏറ്റെടുത്തശേഷവും വളരെക്കാലം നല്ലരീതിയിൽ പ്രവർത്തിച്ചിരുന്ന ഈ സ്ഥാപനം 1993 കാലഘട്ടത്തോടെ അധഃപതനം ആരംഭിച്ചു. തുടർന്ന് 1993ൽ 73 സ്റ്റാഫുകൾ ഉണ്ടായിരുന്ന ഈ സ്ഥാപനത്തെ 10 കിടക്കകളുള്ള മിനി ഹെൽത്ത് സെന്ററായി തരംതാഴ്ത്തി. നാട്ടുകാരുടെ ശക്തമായ പ്രക്ഷോഭണത്തെത്തുടർന്ന് അന്നത്തെ സർക്കാർ വീണ്ടും ആറു ഡോക്ടർമാരും, 60 കിടക്കകളുമുള്ള ഒരു ഗവൺമെന്റ് ആശുപത്രിയായി ഉയർത്തുകയും ചെയ്തു. 1994ൽ കോസ്റ്റൽ ഹെൽത്ത് പ്രോഗ്രാമിന്റെ പരിധിയിൽ ആശുപത്രിയെ ഉൾപ്പെടുത്തുകയും കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾക്കും, മരുന്നുകളും, ഉപകരണങ്ങളും വാങ്ങുന്നതിന് സാമ്പത്തിക സഹായം നൽകുകയും ചെയ്തു.

അലോപ്പതി ചികിത്സ മാത്രം ആശ്രയിച്ചു കഴിഞ്ഞിരുന്ന ഈ പഞ്ചായത്തിനെ 1983 കാലഘട്ടത്തോടെ ഒരു ആയുർവേദ ആശുപത്രിക്ക് അനുമതി ലഭിക്കുകയുണ്ടായി. ഇപ്പോൾ അത് ഒരു വാടക കെട്ടിടത്തിൽ പ്രവർത്തിച്ചു വരികയും ചെയ്യുന്നു. ഇവയ്ക്ക് പുറമേ സ്വകാര്യമേഖലയിൽ മൂന്ന് അലോപ്പതി നഴ്സിംഗ് ഹോമുകളും മൂന്ന് ആയുർവേദ ഡിസ്പെൻസറികളും നിലവിലുണ്ട്. സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ 15 അംഗൻവാടികളും ഇവിടെ പ്രവർത്തിക്കുന്നു.

| നമ്പർ | സ്ഥാപനം | വാർഡ് | ജീവനക്കാർ | സ്ഥാപിച്ച വർഷം | കെട്ടിടം | |
|---|---|---|---|---|---|---|
| | | | | | സ്വന്തം | വാടക |
| 1 | ഗവൺമെന്റ് ആശുപത്രി | VI | 44 | 1954 | സ്വന്തം | |
| 2 | ഗവൺമെന്റ് ആയൂർവേദ ഡിസ്പെൻസറി | IV | 4 | 1983 | | വാടക |
| 3 | പി.പി.യൂണിറ്റ്, നീണ്ടകര ആശുപത്രി | VI | 3 | 1994 | സ്വന്തം | |
| 4 | കുടുംബക്ഷേമ കേന്ദ്രം പരിമണം | V | 1 | | | വാടക |
| 5 | കുടുംബക്ഷേമ കേന്ദ്രം, ദളവാപുരം | VII | 1 | | | വാടക |

## കിടത്തി ചികിത്സാ വിഭാഗത്തിൽ ചികിത്സ ലഭിച്ചവർ

| | |
|---|---|
| 1991-92 | Nil |
| 1992-93 | Nil |
| 1993-94 | " |
| 1994-95 | " |
| 1995-96 | 320 |

## കഴിഞ്ഞ രണ്ടു വർഷമായി ഒ.പി.വിഭാഗത്തിൽ ചികിത്സ നേടിയവർ

| വർഷം | ആൺ | പെൺ | ആകെ |
|---|---|---|---|
| 1994–95 | 13086 | 14382 | 27468 |
| 1995–96 | 18138 | 22350 | 40448 |

## പകർച്ചവ്യാധി വിവരങ്ങൾ

| വർഷം | ജലജന്യ രോഗങ്ങൾ | വായുജന്യ രോഗങ്ങൾ | പ്രാണജന്യ രോഗങ്ങൾ |
|---|---|---|---|
| 1993–94 | 12 | 15 | – |
| 1994–95 | 13 | 36 | – |
| 1995–96 | 15 | 28 | – |

കഴിഞ്ഞ മൂന്നുവർഷത്തിനുള്ളിൽ ഈ പഞ്ചായത്തിൽ ചാപിള്ള ജനനം ഒന്നുംതന്നെ ഉണ്ടായിട്ടില്ല. മൂന്നു വർഷങ്ങളിലെ ജനന നിരക്കു പരിശോധിച്ചാൽ 1993–94 1ഉം, 1995–96ൽ 1ഉം കുട്ടികളുടെ ജനനം മാത്രമേ നടന്നിട്ടുള്ളൂ. ഈ പഞ്ചായത്തിൽ ഗവൺമെന്റ് ആശുപത്രിയുടെ ഗൈനക്കോളജി ഡോക്ടറെ നിയമിക്കാതിരുന്നാതിനാലും ആശുപത്രി പ്രവർത്തനം മോശമായിരുന്നാതിനാലും ഗർഭിണികൾ പഞ്ചായത്തിനു പുറത്തുള്ള ആശുപത്രിയിൽ ചികിത്സയ്ക്കു പോകുന്നതു മൂലമാണ് ഈ പഞ്ചായത്തിൽ ജനനങ്ങൾ നടക്കാതിരിക്കുന്നത്. ഈ പ്രശ്നം ഗൗരവമായി കണക്കിലെടുത്ത് ഗവൺമെന് ആശുപത്രിയിൽ ഗൈനക്കോളജി വിഭാഗം ഉടൻതന്നെ ആരംഭിക്കേണ്ടതാണ്.

## ജനനമരണ വിവരങ്ങൾ

| വർഷം | ജനനം | മരണം | ചാപിള്ള ജനനം |
|---|---|---|---|
| 1993–94 | 1 | 42 | – |
| 1994–95 | – | 54 | – |
| 1995–96 | 1 | 63 | – |

### കക്കൂസ്

പൊതുജനാരോഗ്യത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ പ്രാധാന്യമർഹിക്കുന്ന കാര്യമാണ് ശുചിത്വം. പരിസര ശുചിത്വം പാലിക്കുവാൻ പ്രഥമമായി വേണ്ടുന്ന ഒന്നാണ് കക്കൂസ്. 1626 വീടുകളിൽ കക്കൂസുകൾ ഇല്ല.

### പരിസരശുചിത്വം

ഈ പഞ്ചായത്തുടനീളം ദേശീയപാത കടന്നുപോകുന്നതിനാൽ വാഹനങ്ങളിൽ നിന്നും വമിക്കുന്ന പുക അന്ത

രീക്ഷ മലിനീകരണത്തിന് കാരണമാകുന്നു. കരിമണൽ ശേഖലിൽ കയറ്റുന്നതിനായി കൊണ്ടുപോകുന്നത് ദേശീയപാതയിലൂടെ ആയതിനാൽ വഴിയാത്രക്കാരുടെ കണ്ണിലും, മൂക്കിലും മണ്ണ് അടിച്ചുകയറി വളരെയേറെ ബുദ്ധിമുട്ടുണ്ടാക്കുന്നു. വളത്തിനായി കൊണ്ടുപോകുന്ന ചീഞ്ഞ മത്സ്യാവശിഷ്ടങ്ങളും കന്നുകാലികളുടെ അഴുകിയ എല്ലും മറ്റും ദേശീയപാതയിലൂടെ ദുർഗന്ധം പരത്തിക്കൊണ്ടുള്ള യാത്ര വളരെ ദുസ്സഹമാണ്. വെള്ളം കെട്ടിക്കിടന്ന് കൊതുകുശല്യവും, വെള്ളം ദുഷിച്ച് പലരോഗങ്ങൾക്കും കാരണമാകുകയും ചെയ്യുന്നു.

## പ്രശ്നങ്ങൾ

1. നീണ്ടകര ഗവൺമെന്റ് ആശുപത്രിയിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ഒരു ട്രോമാ കെയർ യൂണിറ്റ് ആരംഭിക്കുന്നതിനുവേണ്ട ക്രമീകരണങ്ങൾ ഏർപ്പെടുത്തുക.

2. മെഡിസിൻ, സർജറി, പീഡിയാട്രീഷ്യൻ, ഗൈനക്കോളജി, അനസ്തീഷ്യാ തുടങ്ങിയ സ്പെഷ്യലിസ്റ്റ് തസ്തികകൾ സ്ഥിരപ്പെടുത്തുകയും, ബോൺ, ഇ.എൻ.റ്റി, സ്കിൻ തുടങ്ങിയ വിഭാഗങ്ങൾക്ക് പുതിയ തസ്തികകൾ സൃഷ്ടിക്കുക.

3. ദന്ത ഡോക്ടറുൾപ്പടെ ആറു ഡോക്ടർമാരും, 60 കിടക്കകളും ഉള്ള ഈ ആശുപത്രിയുടെ പ്രവർത്തനം ഉച്ചക്ക് 1 മണി വരെ മാത്രമാണ് എന്ന തീരുമാനത്തിനു മാറ്റം വരുത്തുക.

4. പലതരത്തിലുള്ള രോഗങ്ങൾ കൊണ്ട് ഈ ഗ്രാമത്തിലെ ആളുകൾ വലയുകയും തീരെ നിവൃത്തിയില്ലാതെ സ്വകാര്യ ആശുപത്രികളെ സമീപിക്കുകയും ചെയ്യുന്നു. രോഗികളെ കിടത്തി ചികിത്സിക്കുന്നതിന് എല്ലാവിധ സൗകര്യവും ഉള്ള നീണ്ടകര ഗവൺമെന്റാശുപത്രിയിൽ നാമമാത്രമായി രോഗികളെ കിടത്തുകയും ഉച്ചക്കു ശേഷം യാതൊരു ചികിത്സയും കിട്ടാതെ ഡിസ്ചാർജ്ജ് വാങ്ങി പോകേണ്ട അവസ്ഥ നിലനിൽക്കെ കിടക്കാൻ രോഗികളില്ല എന്ന വ്യാജ പ്രചരണം പുനർചിന്തനം ചെയ്യുക.

5. കൊല്ലത്തിനും കരുനാഗപ്പള്ളിക്കുമിടയിൽ നാഷണൽ ഹൈവേയ്ക്ക് തൊട്ടടുത്തു കിടക്കുന്ന ഗവൺമെന്റ് ആശുപത്രി എന്ന നിലയിൽ അവിചാരിതമായി ഉണ്ടാകുന്ന റോഡപകടങ്ങൾ ഉൾപ്പടെ എല്ലാ അത്യാഹിതങ്ങൾക്കും ഏക ആശ്രയമായ നീണ്ടകര ഗവൺമെന്റ് ആശുപത്രി ഒരു നോക്കുകുത്തിയായി നിൽക്കുന്നു. ഈ അവസ്ഥയ്ക്ക് അടിയന്തിരമായ മാറ്റം ഉണ്ടാക്കുക.

6. മെയിന്റനൻസ് കഴിഞ്ഞ് കിടക്കുന്ന ചിൽഡ്രൻസ് വാർഡ്, പ്രസവ വാർഡ് എന്നിവയുടെ പ്രവർത്തനം എത്രയും വേഗം ആരംഭിക്കുക. ഓപ്പറേഷൻ തിയേറ്ററിന് വേണ്ട അത്യാവശ്യ ഉപകരണങ്ങൾ എത്രയും വേഗം എത്തിക്കുകയും അതിന്റെ പ്രവർത്തനത്തിന് അനുയോജ്യമായ ഡോക്ടറെ ഉടൻ നിയമിക്കുക.

7. പേപ്പട്ടി കടി, പാമ്പു കടി എന്നിവ മൂലം വിഷബാധ ഏൽക്കുന്നവർക്ക് തക്കതായ ചികിത്സയ്ക്ക് ആവശ്യമായ മരുന്നു ലഭ്യമാക്കുക. പേപ്പട്ടി കടിക്ക് തക്കതായ ചികിത്സ ലഭിക്കാതെ പേ ബാധിച്ച് മരിച്ച ഒരു സംഭവം നമ്മുടെ പഞ്ചായത്തിൽ അടുത്തകാലത്ത് ഉണ്ടായി. കടിയേറ്റ ഒരു കൂട്ടം ആളുകൾ ചികിത്സയ്ക്കായി പലസ്ഥലങ്ങളിൽ പോയതും പ്രത്യേകം ശ്രദ്ധേയമാണ്.

8. ഗവൺമെന്റ് തലത്തിൽ ഒരു മെഡിക്കൽ സ്റ്റോർ, ബ്ലഡ് ബാങ്ക്, എക്സ്റേ യൂണിറ്റ്, ഇന്റൻസീവ് കെയർ യൂണിറ്റ് തുടങ്ങിയവ ആരംഭിക്കണം.

9. ആശുപത്രിയിൽ മാലിന്യ നിർമ്മാർജ്ജനത്തിന് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുക. പഴയ മരങ്ങൾ രോഗകാരിയായ അക്കേഷ്യ മരങ്ങൾ, കെട്ടിടങ്ങൾക്ക് ദോഷം ചെയ്യുന്ന കാറ്റാടി മരങ്ങൾ ഉൾപ്പടെയുള്ള മരങ്ങൾ നീക്കം ചെയ്യുകയും ഫല വൃക്ഷങ്ങൾ വെച്ചു പിടിപ്പിക്കുകയും ചെയ്യുക.

10. കരിമണൽ പ്രദേശത്ത് താമസിക്കുന്ന ആളുകൾക്ക് ത്വക്ക് രോഗം, കാൻസർ തുടങ്ങിയ രോഗങ്ങൾ ഉണ്ടാകാൻ സാധ്യതയുള്ളതുകൊണ്ട് അതിനെക്കുറിച്ചു പഠിക്കുന്നതിനും, പരിഹാരമാർഗങ്ങൾ നിർദ്ദേശിക്കുന്നതിനും ആയി ഇവിടെ പ്രവർത്തിച്ചിരുന്ന ബാബാ അറ്റോമിക് റിസർച്ച് സെന്ററിന്റെ യൂണിറ്റ് പുനരാരംഭിക്കുക. ആശുപത്രിയിൽ ഒരു ഫാർമസി കോളേജോ നഴ്സിംഗ് സ്കൂളോ ആരംഭിക്കുക.

11. ഇപ്പോൾ വാടകക്കെട്ടിടത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ആയുർവേദ ഡിസ്പെൻസറി 25 കിടക്കകളെങ്കിലുമുള്ള ഒരു ആശുപത്രിയായി ഉയർത്തുകയും ആശുപത്രിക്ക് സ്വന്തമായി ഒരു കെട്ടിടം പണിയുകയും, അതിനോട് ചേർന്ന് ഒരു ഔഷധ സസ്യത്തോട്ടവും നിർമ്മിക്കുക. ആയുർവേദ ആശുപത്രിയിൽ കഷായം ഉണ്ടാക്കുന്നതിന് വിറകിനു പകരം ഗ്യാസ് സൗകര്യങ്ങൾ ഏർപ്പെടുത്തുക. ആശുപത്രിക്ക് ആവശ്യമായ ഫർണിച്ചറുകൾ, ഒ.പി.ടിക്കറ്റ് എന്നിവ ലഭ്യമാക്കുക.

12. കുട്ടികൾക്ക് വളരെ പ്രയോജനപ്രദമായ ഹോമിയോ ചികിത്സ നടത്തുന്നതിന് പഞ്ചായത്തിൽ ഒരു ഹോമിയോ ഡിസ്പെൻസറിയെങ്കിലും സ്ഥാപിക്കുക.

13. ഡോക്ടർമാർ കോർട്ടേഴ്സിൽ താമസിക്കാൻ വേണ്ട ക്രമീകരണങ്ങൾ നടപ്പാക്കുക.

14. മത്സ്യത്തൊഴിലാളികൾക്കും, കയർ തൊഴിലാളികൾക്കും പ്രത്യേകം പ്രത്യേകം വാർഡുകൾ ആരംഭിക്കുക.

15. പ്രകൃതി ചികിത്സാകേന്ദ്രം ആരംഭിക്കുക.

## സാധ്യതകൾ

1. ഗവൺമെന്റ് ആശുപത്രിയിൽ വളരെക്കാലമായി ഉപയോഗമില്ലാതെ കിടക്കുന്ന ലക്ഷക്കണക്കിനു രൂപയുടെ സാധനങ്ങൾ ലേലം ചെയ്ത് കിട്ടുന്ന തുക വികസനത്തിനായി ഉപയോഗിക്കുക.

2. കോമ്പൗണ്ടിൽ കെട്ടിടങ്ങൾക്ക് നാശം ഉണ്ടാക്കുന്നതും ആസ്തമാ മുതലായ ശ്വാസകോശ രോഗങ്ങൾ ഉണ്ടാക്കുന്നതും ആയ പാഴ്മരങ്ങൾ നിലയ്ക്കുനിർത്തി ലേലം ചെയ്യുകയും കിട്ടുന്ന തുക ഒരു എക്സ്റേ യൂണിറ്റ് തുടങ്ങുന്നതിനുവേണ്ടി ഉപയോഗിക്കുക.

3. ജില്ലയിൽ പല ഭാഗത്തും ബ്ലഡ്ബാങ്ക് തുടങ്ങാൻ സ്ഥലം അന്വേഷിക്കുന്ന ഈ സമയത്ത് പഴയ ഓഫീസ്കെട്ടിടം അറ്റകുറ്റപ്പണികൾ നടത്തി അതിനുവേണ്ട ക്രമീകരണങ്ങൾ ചെയ്യുക.

4. മുൻകാലങ്ങളിൽ ഹൗസ്സർജൻസ് താമസിച്ചിരുന്ന അറ്റാച്ച് മുറികൾ പേവാർഡായി രൂപപ്പെടുത്തി കിട്ടുന്നതുക ഒരു ഇന്റൻസീവ് കെയർ യൂണിറ്റ് തുടങ്ങാൻ ഉപയോഗിക്കുക.

5. നാലര ഏക്കർ പുരയിടം ഉള്ള ആശുപത്രിക്ക് പ്രവർത്തനത്തിനാവശ്യമായ സ്ഥലം മാറ്റിയശേഷം ബാക്കിസ്ഥലത്ത് ഒരു ഫാർമസികോളേജോ, നഴ്സിംഗ് സ്കൂളോ സ്ഥാപിക്കാവുന്നതാണ്.

6. ഐ.ആർ.ഇയിൽ നിന്നും മണ്ണുകയറ്റി തുറമുഖത്തേക്കു കൊണ്ടുപോകുമ്പോൾ നനഞ്ഞ ടാർപാളിൻകൊണ്ടു മൂടിക്കൊണ്ടു പോകുക.

7. മത്സ്യ വേസ്റ്റു പോലെ ദുർഗന്ധമുണ്ടാക്കുന്ന സാധനങ്ങൾ ദേശീയപാതയിൽ കൂടി രാത്രികാലങ്ങളിൽ കൊണ്ടുപോകാൻ അനുവദിക്കുക.

8. കൊല്ലം ആശുപത്രിയിൽ നിന്നും ട്രാൻസ്ഫർ ആകുന്ന ഉദ്യോഗ്സ്ഥൻമാരുടെ വിശ്രമസ്ഥലമായി നീണ്ടകര ആശുപത്രിയെ കണക്കാക്കുന്ന പ്രവണത അവസാനിപ്പിക്കുക.

## കുടിവെള്ളം

നാലുഭാഗവും വെള്ളത്താൽ ചുറ്റപ്പെട്ട ഈ പഞ്ചായത്തിൽ കുടിവെള്ളക്ഷാമം വളരെ കൂടുതലായി അനുഭവിക്കുന്നു എന്നതാണ് വസ്തുത. നീണ്ടകര, ശക്തികുളങ്ങര തുടങ്ങിയ പഞ്ചായത്തുകളിൽ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിന് വേണ്ടിയാണ് ശാസ്താംകോട്ട ശുദ്ധജലപദ്ധതി നോർവേ ഗവൺമെന്റിന്റെ സഹായത്തോടെ നടപ്പാക്കിയത്. ഈ പ്രദേശത്തെ ശുദ്ധജലക്ഷാമത്തിന് ശാശ്വതമായ ഒരു പരിഹാരത്തിന് തുടക്കം കുറിച്ചത് ഈ പദ്ധതി മൂലം ആണ് എന്ന് എടുത്തു പറയേണ്ടതാണ്. പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിനു മുമ്പായി ശുദ്ധജലം ലഭിക്കുന്നതിന് പല ഭാഗത്തായി ഏതാനും കിണറുകളും സ്വകാര്യ കുളങ്ങളും ഉണ്ടായിരുന്നു എങ്കിലും കാലക്രമേണ ഇവ ഉപയോഗശൂന്യമായി. ഈ പഞ്ചായത്തിൽ ചില ഭാഗങ്ങളിൽ ജല വിതരണത്തിനായി കുഴൽകിണറുകൾ ഉപയോഗിച്ചിരുന്നു. കാലക്രമേണ അവയും പ്രവർത്തനരഹിതമായി. ഈ പ്രദേശത്തേ നിലവിലുള്ള കിണറുകളിൽ ഭൂരിഭാഗവും കടുപ്പമുള്ളതും, ഉപ്പുകലർന്നതുമായ ജലം ആയതിനാൽ കുടിവെള്ളിനായി ഉപയോഗിക്കുന്നില്ല. ഈ ജലം കൃഷിക്കും മറ്റാവശ്യങ്ങൾക്കുമായി ഉപയോഗിക്കുന്നു. ശാസ്താംകോട്ടയിൽ നിന്നും ജലം വഹിച്ചുകൊണ്ടു പോകുന്ന പൈപ്പുകൾ റോഡുകളുടെയും കായലിന്റെയും അടിയിൽ കൂടി ആയതിനാൽ റോഡിൽകൂടി വാഹനങ്ങളുടെ ബാഹുല്യംമൂലം പലപ്പോഴും പൈപ്പുലൈൻ പൊട്ടുകയും ഈ അവസരത്തിൽ ഈ പ്രദേശത്തെ കുടിവെള്ളക്ഷാമം വളരെ ദുരിതപൂർണവുമാണ്.

ശാസ്താംകോട്ട ശുദ്ധജലതടാകത്തിൽ നിന്നും ലഭിക്കുന്ന വെള്ളമാണ് കുടിവെള്ളത്തിനുള്ള ഏകമാർഗം. ഈ പഞ്ചായത്തിൽ 4250 കുടുംബങ്ങളാണ് നിവസിക്കുന്നത്. 1526 വീടുകളിൽ പൈപ്പു കണ്കഷനുകളുണ്ട്. പഞ്ചായത്തിൽ 208 പൊതുടാപ്പുകളും നിലവിലുണ്ട്. കുറച്ച് പൊതുടാപ്പുകൾ കൂടി സ്ഥാപിക്കുന്നതോടുകൂടി ജനങ്ങൾക്ക് 200 മീറ്റർ അകലത്തിനുള്ളിൽ നിന്നും ജലം ലഭ്യമാകും.

## പ്രശ്നങ്ങൾ

1. ശാസ്താംകോട്ടയിൽ നിന്നും ലഭിക്കുന്ന ജലം സ്ഥിരമായി ലഭിക്കുന്നതിന് വാട്ടർടാങ്കിന്റെ അപര്യാപ്തത.

2. നമ്മുടെ പഞ്ചായത്തിലുള്ള സ്രോതസ്സുകളായ കുളങ്ങളും, കിണറുകളും ഉപയോഗിക്കാതെ കിടന്ന് വൃത്തിഹീനമായിക്കൊണ്ടിരിക്കുന്നു. അവ വേണ്ടവിധത്തിൽ ശുചിയാക്കി സംരക്ഷിക്കുകയാണെങ്കിൽ ഗാർഹികാവശ്യങ്ങൾക്ക് അടിയന്തിരഘട്ടങ്ങളിൽ പ്രയോജനപ്പെടുത്താവുന്നതാണ്.

3. ഗ്രാമപഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും വിവിധ ഭാഗങ്ങളിൽ പൈപ്പു പൊട്ടിയും ടാപ്പില്ലാതെയും ടാപ്പുകൾ കേടായും വാൽവില്ലാതെയും ആയിരക്കണത്തിന് ലിറ്റർ അമൂല്യ വെള്ളം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. ഇത് ദേശീയ നഷ്ടമാണ്. ഭാവി തലമുറയോടുള്ള ക്രൂരതയുമാണ്.

4. ജലാശയങ്ങളിലൂടെ കടന്നുപോകുന്ന പൈപ്പും പാലങ്ങളിലൂടെ കടന്നുപോകുന്ന ലൈനും പൊട്ടിയൊഴുകുന്നത് നിത്യസംഭവമാണ്.

5. പഞ്ചായത്തിൽ ഏതേതു വാർഡിൽ എപ്പോൾ കുടിനീർ തകരാറുകൾ, വൃത്തികേടാക്കൽ ഉൾപ്പടെയുള്ള കാര്യങ്ങൾ അപ്പഴപ്പോൾ കേന്ദ്രങ്ങളിൽ അറിവു ലഭിക്കാനുള്ള സംവിധാനം ഉണ്ടാക്കണം.

6. അമൂല്യമായ കുടിവെള്ളം പാഴാകാതെ ശ്രദ്ധിച്ച് ഉപയോഗിക്കേണ്ടതാണ്.

7. വാഹനങ്ങൾ കഴുകുന്നതിനും ഉള്ള ജലസേചനത്തിനും കുടിവെള്ളം ഉപയോഗിക്കാതിരിക്കുക.

8. നീണ്ടകര പഞ്ചായത്തിൽ പലഭാഗത്തായി സ്ഥാപിച്ചിട്ടുള്ള ബോർവെല്ലുകൾ കേടായി കിടക്കുകയാണ്.

9. എല്ലാ വാർഡുകളിലും ട്യൂബ്വെല്ലുകളില്ല.

## സാദ്ധ്യതകൾ

1. നീണ്ടകര ഗ്രാമഞ്ചായത്തിൽ ഒമ്പതാം വാർഡിൽ പണിപൂർത്തിയാകാതെ കിടക്കുന്ന വാട്ടർടാങ്കിന്റെ പണിയുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിച്ച് ജലവിതരണം സുഗമമാക്കാനുള്ള നടപടികൾ സ്വീകരിക്കുക.

2. പഞ്ചായത്തിന്റെ ഭൂപ്രകൃതിയനുസരിച്ച് വിസ്തൃതി കുറവാണെങ്കിലും ജനസാന്ദ്രത വളരെ കൂടുതലാണ്. അതിനാൽ ഇപ്പോൾ നിലവിലുള്ള ടാപ്പുകൾ തീരെ അപര്യാപ്തമായതിനാൽ ഇനിയും കൂടുതൽ ടാപ്പുകൾ സ്ഥാപിക്കേണ്ടത് അത്യാവശ്യമാണ്.

ഈ പഞ്ചായത്തിൽ നാളിതുവരെ ടാപ്പുകൾ സ്ഥാപിച്ചിട്ടില്ലാത്ത സ്ഥലങ്ങളിൽ ടാപ്പുകൾ സ്ഥാപിക്കുകയും ജീർണ്ണി

ച്ചതും വ്യാസം കുറഞ്ഞതുമായ പൈപ്പുകൾ മാറ്റി വ്യാസം കൂടിയ പൈപ്പുകൾ സ്ഥാപിച്ച് ജലവിതരണം മെച്ചപ്പെടുത്തുക. എല്ലാ വാർഡുകളിലുമായി നൂറോളം ടാപ്പുകൾ സ്ഥാപിക്കേണ്ടതാകുന്നു.

പൈപ്പുകളിലൂടെ ഒഴുകുന്ന ജലത്തിന്റെ ഒഴുക്കിന്റെ ശക്തി കൂട്ടുന്നതിന് താഴെപ്പറയുന്ന സ്ഥലങ്ങളിൽ വ്യാസമുള്ള പൈപ്പുകൾ സ്ഥാപിക്കേണ്ടതാണ്.

1. പള്ളാക്കൽ മുക്കിനു തെക്കോട്ട് എൻ.എച്ച് കിഴക്കുവശം കൂടി ജോയിന്റ് ജംഗ്ഷൻ വരെ നീട്ടി ജലക്ഷാമം പരിഹരിക്കേണ്ടതാണ്.

2. മാമൻ തുരുത്തിൽ നിന്നും കായൽ കടന്നുവരുന്ന പൈപ്പുപൊട്ടി വെള്ളം ഒഴുകിക്കൊണ്ടിരിക്കുകയാണ്. അത് നിർത്തുന്നതിന് വ്യാസം കൂടിയ പൈപ്പ് സ്ഥാപിക്കേണ്ടതാണ്.

3. പള്ളാക്കൽ മുക്കിൽ നിന്നും വടക്കോട്ട് കേച്ചേരിമുക്കു വഴി പള്ളോടുംതറ വീടിന്റെ മുമ്പിൽ നിലവിലുള്ള ലൈനിൽ മുട്ടിച്ച് ഒരു ലൈൻ സ്ഥാപിക്കുക.

4. നീണ്ടകര അഞ്ചാം വാർഡിൽ ടാഗോർ നഗറിൽ നിന്നും റേഷൻകടയുടെ സമീപത്തു സ്ഥാപിച്ചിരിക്കുന്ന പൈപ്പിൽ നിന്നും വടക്കോട്ട് പൈപ്പുലൈൻ നീട്ടി ഡയറിഫാമിന് കിഴക്കുവശം വന്നുനിൽക്കുന്ന പൈപ്പുമായി ബന്ധിപ്പിക്കുക. ഇതുപോലെ ജലദൗർലഭ്യമുള്ള ആവശ്യമുള്ള വാർഡുകളിലെ ആവശ്യമായ പരിഗണന നൽകി. പൈപ്പുലൈൻ നീട്ടി ശുദ്ധജലവിതരണം നടത്തേണ്ടതാണ്.

5. കുടിവെള്ള ക്ഷാമം നേരിടുന്ന വെളിത്തുരുത്ത് മനോഹരവിലാസം വീടിന്റെ ഭാഗത്തു ടാപ്പു സ്ഥാപിക്കുക.

6. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കേടായികിടക്കുന്ന ബോർവെല്ലുകൾ അടിയന്തിരമായി റിപ്പയർചെയ്ത് ഉപയുക്തമാക്കുക.

7. ജലാശയങ്ങളിലൂടെ കടന്നുപോകുന്ന പൈപ്പുകൾ ക്വാളിറ്റിയും വ്യാസവും ഉള്ളത് ആയിരിക്കണം.

8. ടാപ്പുകളുടെയും പൈപ്പുകളുടെയും കേടുപാടുകൾ തീർക്കുന്നതിന് പഞ്ചായത്തിൽ ഉടൻതന്നെ പരിഹരിക്കുന്നതിനുള്ള അധികാരവും ധനസഹായവും പഞ്ചായത്തിനു നൽകുക

9. നിലവിലുള്ള ടാപ്പുകളിൽ വെള്ളം സുലഭമായി കിട്ടുന്നതിന് നാഷണൽ ഹൈവേയ്ക്ക് കുറുകെ പൈപ്പുലൈൻ സ്ഥാപിച്ച് വെള്ളം റോഡിന്റെ കിഴക്കു ഭാഗത്തേക്കു കൊണ്ടുപോയി നിലവിലുള്ള വിതരണകുഴലുകളുമായി ബന്ധിപ്പിക്കേണ്ടതാണ്.

10. നിലവിലുള്ള ടാപ്പുകളിൽ ഇപ്പോൾ മതിയായ മർദ്ദത്തിൽ വെള്ളം ലഭിക്കുന്നില്ല. കേരളാ വാട്ടർ അതോറിറ്റി ഇപ്പോഴത്തെ ജലവിതാന സംവിധാനത്തിലുള്ള പോരായ്മകൾ പഠിച്ച് സിസ്റ്റം റീഡിസൈൻ ചെയ്ത് എല്ലാ ടാപ്പുകളിലും വെള്ളം ലഭിക്കുന്നതിനുള്ള സാഹചര്യം സ്വീകരിക്കേണ്ടതാണ്.

11. നീണ്ടകര മൂന്നാം വാർഡിൽ പരിമണം മുതൽ കിഴക്കോട്ട് പന്നക്കൽ തുരുത്തുവരെയുള്ള നിലവിൽ കിടക്കുന്ന വ്യാസം കുറഞ്ഞ പൈപ്പുമാറ്റി വ്യാസം കൂടിയ പൈപ്പു സ്ഥാപിച്ച് ശുദ്ധജലക്ഷാമം പരിഹരിക്കുക.

12. ഫിഷർമാൻ കോളനിയിലെ എല്ലാ ടാപ്പുകളും റിപ്പയർ ചെയ്യുക.

13. ആറാം വാർഡിൽ കുടിവെള്ളം ശരിയായ രീതിയിൽ കിട്ടാത്ത ടാപ്പുകൾ മാറ്റുകയും വ്യാസമുള്ള പൈപ്പുകൾ സ്ഥാപിച്ച് ജലക്ഷാമം പരിഹരിക്കുക.

ഇപ്പോൾ ഒരു ടാപ്പിന് പഞ്ചായത്തിൽനിന്നും 875 രൂപയാണ് വാട്ടർ അതോറിറ്റിക്ക് അടയ്ക്കുന്നത്. ഇത് ശാസ്ത്രീയമായ രീതിയിൽ പുനഃക്രമീകരിച്ച് ചാർജ്ജും കാലോചിതമായി കുറയ്ക്കേണ്ടതാണ്. പൈപ്പുകളുടെ മെയിന്റനൻസ് യഥാസമയം നടക്കുന്നില്ല.

അഞ്ചാം വാർഡിൽ വളരെക്കൂടുതൽ മത്സ്യത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന ആനാംകണ്ടം, വടക്കേക്കുന്നേൽ എന്നീഭാഗങ്ങളിൽ പൈപ്പ്ലൈനും, പബ്ലിക് ടാപ്പും സ്ഥാപിക്കേണ്ടതാണ്.രിച്ച് കപ്പ

# 12

# വനിതാക്ഷേമം

മനുഷ്യസമൂഹത്തെ മെച്ചമായ രീതിയിൽ കരുപിടിപ്പിക്കുവാൻ കഴിവുള്ള സ്ത്രീകൾ തന്നെയാണ് കുടുംബജീവിതത്തിന് അത്താണിയായി പ്രവർത്തിക്കുന്നതും കുടുംബത്തിൽ വളർന്നു വരുന്ന കുഞ്ഞുങ്ങൾക്ക് രൂപവൽക്കരണം നടത്തുന്നതും. കുടുംബത്തിന് സമാധാനവും, സന്തോഷവും, ശാന്തിയും പകരുന്നതും എന്ന വസ്തുതയെ മറച്ചുവെച്ചുകൊണ്ടാണ് പഴയ കാലത്ത് ''നഃസ്ത്രീ സ്വാതന്ത്ര്യമർഹതി'' എന്ന മനുവിന്റെ ആശയം ഏതാണ്ട് പുരുഷസമൂഹം സമ്മതിച്ചതുപോലെ സ്ത്രീയെ അടുക്കളയിലെ അകത്തളത്തിലേക്ക് മാറ്റിയിരുന്നതായുള്ള പൂർവകാല അനുഭവം നമ്മുടെ ഏവരുടെയും മനോമുകരങ്ങളിൽ വേദനയോടെ കിടപ്പുണ്ടായിരുന്നു. എന്നാൽ ബ്രിട്ടീഷുകാരന്റെ നിറതോക്കിനു മുന്നിൽ ഇന്ത്യൻ ജനം അമരേണ്ടിവന്നപ്പോഴാണ് സരോജിനി നായിഡു, വിജയലക്ഷ്മി പണ്ഡിറ്റ്, ത്സാൻസി റാണി തുടങ്ങിയ ധീരവനിതകൾ പുരുഷൻമാരോടൊപ്പം ശക്തമായി മുന്നോട്ടിറങ്ങിയത്. അപ്പോൾ സ്ത്രീയെ അടുക്കളയിൽ തളയ്ക്കേണ്ടവളല്ലെന്ന് സമൂഹം മനസ്സിലാക്കിയത്. അതിനെത്തുടർന്ന് വനിതാവികസനം അനിവാര്യമാണെന്ന് മനസ്സിലാക്കുകയും രാഷ്ട്രപിതാവായ മഹാത്മാഗാന്ധിജിയും സ്വാതന്ത്ര്യലബ്ധിക്കുശേഷം ഇന്ന് ഭരണകൂടങ്ങളും സാമൂഹ്യക്ഷേമത്തിനു വേണ്ടി ചെറിയ ചെറിയ കാൽപ്പാടുകൾ വച്ചുതുടങ്ങി. ശ്രീമതി ഇന്ദിരാഗാന്ധി പ്രധാനമന്ത്രിയായപ്പോൾ ലോകത്തിലാദ്യമായി മാതൃശിശുസംരക്ഷണ പരിപാടി (ICDS പ്രോഗ്രാം) നടപ്പിലാക്കി. സാധാരണ കുടുംബങ്ങളിൽ പോഷകാഹാരങ്ങൾ സുലഭമായി ലഭിക്കുവാൻ സാധ്യമല്ലാത്ത ഗർഭസ്ഥകളായ സഹോദരിമാർക്കും മുലയൂട്ടുന്ന അമ്മമാർക്കും അഞ്ചു വയസ്സുവരെയുള്ള കുഞ്ഞുങ്ങൾക്കും പോഷകാഹാരം നൽകാനും കുഞ്ഞുങ്ങൾക്ക് ചെറിയ രീതിയിൽ വിദ്യാഭ്യാസ പ്രവർത്തനം നടത്തി സഹായിക്കുകയുമായിരുന്നു ഇതിന്റെ ലക്ഷ്യം. ഇതിനുവേണ്ടി സേവനസന്നദ്ധരായ സ്ത്രീകളെയും രംഗത്തെത്തിച്ചു. അവരാണ് ഇന്ന് അറിയപ്പെടുന്ന അംഗനവാടി വർക്കർമാരും, ഹെൽപ്പർമാരും. തുടർന്ന് കലാകാലങ്ങളിൽ വരുന്ന കേന്ദ്രഗവൺമെന്റും സംസ്ഥാന ഗവൺമെന്റും വനിതോദ്ധാരണത്തിനുവേണ്ടി പല പരിപാടികളും അസൂത്രണം ചെയ്തിട്ടുണ്ടെങ്കിലും അതർഹിക്കുന്ന ലക്ഷ്യപ്രാപ്തിയിൽ എത്തിയിട്ടില്ലെന്നു വേണം പറയാൻ. വനിതകളുടെ ക്ഷേമ ഐശ്വര്യങ്ങൾക്കുവേണ്ടി ഒരു കോർപ്പറേഷൻ തന്നെ രൂപീകരിച്ചിട്ടുണ്ട്. വനിതാസമാജം, വനിതാ സഹകരണസംഘങ്ങൾ എന്നിവയിലൂടെയും കുറെയൊക്കെ സാമൂഹ്യപരിവർത്തനം നടത്തിയിട്ടുണ്ട്. രാഷ്ട്രീയ സാമൂഹ്യ രംഗങ്ങളിൽ സ്ത്രീകൾക്ക് പങ്കാളിത്തം ഉറപ്പിക്കുന്നതിനായി കേന്ദ്രഗവൺമെന്റ് 73 74 ഭരണഘടനാ ഭേദഗതിയിലൂടെ സ്ത്രീകൾക്ക് 33% സീറ്റുകൾ പഞ്ചായത്തു ഭരണസംവിധാനത്തിൽ ലഭിക്കുകയുണ്ടായി. നിയമസഭാ, പാർലമെന്റ് എന്നീ സഭകളിലേക്ക് ഈ രീതിയിൽ സംവരണം നൽകുന്ന നിയമം പാസ്സാക്കുന്നതിൽ സർക്കാർ പിന്നോക്കം പോകുന്ന അവസ്ഥയാണ് ഇന്നുള്ളത്. സാമൂഹ്യ സാംസ്കാരിക രാഷ്ട്രീയ രംഗങ്ങളിൽ വനിതകളെ മുൻപന്തിയിൽ കൊണ്ടുവരുന്നതിന് കേവലം നിയമനിർമ്മാണം കൊണ്ടു മാത്രം കഴിയുകയില്ല. ആയതിനാൽ വനിതകൾ ഈ രംഗത്ത് കൂടുതലായി ആകർഷിക്കപ്പെടുന്നതിലേയ്ക്ക് ആവശ്യമായ ബോധവൽക്കരണപരിപാടികൾ ആവിഷ്ക്കരിക്കേണ്ടത് ഇന്നത്തെ സൂമഹത്തിന്റെ ഒരു ബാധ്യതയാണ്.

ആകെ 15424 ജനങ്ങൾ ഉള്ള ഈ പഞ്ചായത്തിൽ 7697 സ്ത്രീകളാണുള്ളത്. സ്ത്രീകൾക്ക് പുരുഷൻമാരോടൊപ്പം തന്നെ തുല്യപങ്കാളിത്തം എങ്ങനെ ഉറപ്പാക്കും എന്നതാണ് വികസന പ്രക്രിയയിൽ ഇന്ന് അഭിമുഖീകരിക്കുന്ന വെല്ലുവിളി. സ്ത്രീകളോടുള്ള അവഗണന ഒഴിവാക്കുക എന്നതാണ് ജനകീയാസൂത്രണത്തിന്റെ മുഖ്യ ലക്ഷ്യം. നമ്മുടെ രാജ്യത്തെ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് നോക്കുമ്പോൾ കേരളത്തിൽ എല്ലാ തുറകളിലും വനിതാ പ്രാതിനിധ്യം വളരെ കൂടുതലാണ്. ജീവിതത്തിന്റെ എല്ലാ മേഖലകളിലും അധ്വാനത്തിന്റെ ഒരു പങ്ക് വഹിക്കുന്നത് സ്ത്രീകളാണ്. ഈ പ്രദേശത്ത് അല്പാല്പമായി നടത്തുന്ന പച്ചക്കറി കൃഷിയിലും കന്നുകാലി വളർത്തലിലും സ്ത്രീകൾ വളരെ പ്രധാനപ്പെട്ട പങ്കുവഹിക്കുന്നു. ഈ പ്രദേശത്ത് വളരെ കൂടുതൽ സ്ത്രീകൾ ജോലി ചെയ്യുന്നത് കയർ മേഖലയിലാണ്. പുരുഷന്മാരുടെ വേതനവുമായി തട്ടിച്ചുനോക്കുമ്പോൾ കഠിനാദ്ധ്വാനികളായ സ്ത്രീകളുടെ വേതനം വളരെ കുറവാണ് എന്നതാണ് വസ്തുത. കയർമേഖല കഴിഞ്ഞാൽ കൂടുതൽ സ്ത്രീകൾ

ജോലി ചെയ്യുന്നത് മത്സ്യമേഖലയിലാണ്. ഇവിടെ ജോലി ചെയ്യുന്ന പുരുഷന്മാരുടെ എണ്ണത്തിന് ഏതാണ്ട് തുല്യമായ സ്ത്രീകളും മത്സ്യത്തൊഴിലിൽ ഏർപ്പെട്ടിരിക്കുകയാണ്. കച്ചവടത്തിനാവശ്യമായ മീൻ കിട്ടായ്കയും ഇടത്തട്ടുകാരുടെ ചൂഷണവും സാമൂഹ്യമായ പിന്നോക്കാവസ്ഥ, അനാരോഗ്യവും, ശുചിത്വമില്ലായ്മയും സൃഷ്ടിക്കുന്ന രോഗങ്ങളിൽ നിന്നും സ്ത്രീകൾക്ക് പരിഹാരം കാണേണ്ടതാണ്. സ്ത്രീകളുടെയും കുട്ടികളുടെയും ആരോഗ്യസംരക്ഷണം കണക്കിലെടുത്ത് ഈ പഞ്ചായത്തിൽ 15 അംഗനവാടികൾ പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ മൂന്നെണ്ണം ഒഴികെ സ്വന്തമായി സ്ഥലമോ, കെട്ടിടമോ ഇല്ലാത്തവയാണ് എന്നതാണ് പ്രത്യേകത. സ്ത്രീകളിൽ വൻതോതിൽ കാണുന്ന ഗർഭാശയരോഗങ്ങൾ, മൂത്രാശയരോഗങ്ങൾ എന്നിവയ്ക്ക് ഒരു പ്രാഥമിക ചികിത്സയ്ക്കുപോലും ഒരു സ്പെഷ്യലിസ്റ്റ് ഡോക്ടർ നീണ്ടകരയിലെ ഗവൺമെന്റ് ആശുപത്രിയിൽ ഇല്ല. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും പ്രസവത്തിനായി ഇവിടുത്തെ ഗവൺമെന്റ് ആശുപത്രിയെ ഒരുകാലത്ത് അഭയം തേടിയിരുന്നെങ്കിൽ ഇന്ന് ഈ പ്രദേശത്തെ സ്ത്രീകൾ പ്രസവത്തിന് അന്യസ്ഥലങ്ങളെ ആശ്രയിക്കേണ്ടിയിരിക്കുന്നു. 24 കിടക്കകളോടെ എല്ലാ സൗകര്യവുമുള്ള ഗവൺമെന്റാശുപത്രിയിലെ പ്രസവവാർഡ് അടച്ചിട്ട് വർഷങ്ങളായി. വർദ്ധിച്ചുവരുന്ന ജീവിത ചിലവുകളും സർക്കാർ ആശുപത്രിയിലെ പരിമിതികളും പ്രവർത്തന വൈകല്യങ്ങളും സ്വന്തം ആരോഗ്യം സംരക്ഷിക്കാൻ കാണിക്കുന്ന അവഗണനയും ഈ പ്രദേശത്തെ സ്ത്രീകളുടെ ആരോഗ്യനില മോശമാക്കിയിട്ടുണ്ട്. പ്രൊഫഷണൽ മേഖലയിൽ പഠിക്കുന്ന പെൺകുട്ടികളുടെ എണ്ണം വളരെ കുറവാണെങ്കിലും ഉയർന്ന നിലവാരത്തോടെ ഉന്നതവിദ്യാഭ്യാസം നേടിയ വളരെ കൂടുതൽ സ്ത്രീകൾ ഈ പ്രദേശത്തുണ്ട്. സമ്പൂർണ്ണ സാക്ഷരത കൈവരിച്ച നീണ്ടകര പഞ്ചായത്തിലെ പ്രവർത്തനത്തിന് ഇൻസ്ട്രക്ടർമാരായി പ്രവർത്തിച്ചവരിൽ 80%ത്തോളം സ്ത്രീകൾ തന്നെയാണ് എന്നത് എടുത്തു പറയേണ്ട ഒരു വസ്തുതയാണ്. ഈ പ്രദേശത്തെ സ്ത്രീസാക്ഷരതാ നിരക്ക് 76.23% ആണ്. ഈ പ്രദേശത്തെ സ്കൂളുകളിൽ നിന്നും കൊഴിഞ്ഞുപോകുന്ന കുട്ടികളിൽ അധികവും പെൺകുട്ടികളാണ്. അവരിൽതന്നെ ഭൂരിഭാഗവും പട്ടികജാതി, പട്ടികവർഗത്തിലും മത്സ്യത്തൊഴിലാളി വർഗത്തിലും പെട്ടവരാണ്. ഐ.ആർ.ഡി.പി., ട്രൈസം, ഇന്ദിരാമഹിളാ യോജന, ഐ.സിഡി.എസ് എന്നിവയിലൂടെ കൂടുതൽ വനിതകൾക്ക് തൊഴിൽ പരിശീലന പ്രവർത്തനങ്ങൾ നടത്തുന്നതുവഴി കൂടുതൽ പ്രയോജനം ലഭിക്കുന്നതാണ്. സ്ത്രീപീഡനം കൈകാര്യം ചെയ്യുന്നതിന് പഞ്ചായത്തു തലത്തിൽ സമിതികൾ രൂപീകരിക്കുന്നത് നന്നായിരിക്കും. കഴിയുന്നത്ര മേഖലകളിൽ സ്ത്രീകളുടെ സഹകരണസംഘങ്ങൾ രൂപീകരിക്കാവുന്നതാണ്. ഈ കാര്യങ്ങളിൽ മഹിളാ പ്രസ്ഥാനങ്ങൾക്കും മഹിളാസമാജങ്ങൾക്കും വലിയൊരു പങ്കു വഹിക്കാനുണ്ട്. സ്ത്രീകളുടെ സാമ്പത്തിക വരുമാനം വർദ്ധിപ്പിക്കുന്നതോടൊപ്പം സാമൂഹികവും സാംസ്കാരികവുമായ മാറ്റങ്ങൾക്കു കൂടി സഹായിക്കും എന്നതിൽ സംശയമില്ല. നീണ്ടകരയിൽ ഒരു വനിതാബാങ്ക് പ്രവർത്തിക്കുന്നതിൽ സന്തോഷമുണ്ട്. എന്നാൽ മത്സ്യത്തൊഴിലാളികളായ പാവപ്പെട്ട സ്ത്രീകളുടെ കച്ചവടത്തിനാവശ്യമായ സാമ്പത്തികം നൽകി അവരെ സഹായിക്കുവാൻ ബാങ്കിനു കഴിയുന്നില്ല. അവർക്കു കൂടുതലായുള്ള സഹായം കിട്ടി അവർ കൂടുതൽ ഉയരങ്ങളിലേക്ക് വരേണ്ടതിന് ഈ വനിതാ ബാങ്ക് വലിയരീതിയിൽ വിപുലീകരിക്കേണ്ടത് അത്യാവശ്യമാണ്. നമ്മുടെ സമൂഹത്തിൽ വളരെയധികം വേദനിക്കുന്ന വിധവകൾക്കും അനാഥരായ പെൺകുട്ടികൾക്കും ആശ്വാസകരമായ ക്ഷേമപ്രവർത്തനങ്ങൾ നടപ്പാക്കണം. മത്സ്യത്തൊഴിലാളി പെൻഷൻ, കർഷകപെൻഷൻ, കയർതൊഴിലാളി പെൻഷൻ, വിധവാ പെൻഷൻ, വാർദ്ധക്യകാല പെൻഷൻ, വികലാംഗ പെൻഷൻ, മറ്റു മാരകമായ രോഗങ്ങൾക്കുള്ള പെൻഷൻ എല്ലാം തന്നെ കിട്ടുന്ന സ്ത്രീകൾക്കും മറ്റുള്ളവർക്കും അവരുടെ അർഹമായ പെൻഷൻ തുക അവരവരുടെ വീട്ടിൽ എത്തിച്ചു കൊടുക്കുന്ന നടപടി ഉണ്ടാവണം.

## പ്രശ്നങ്ങൾ

1. സ്ത്രീകൾക്ക് സാമ്പത്തിക നില മെച്ചപ്പെടുത്തുന്നതിനാവശ്യമായ തൊഴിൽമേഖലകളില്ല.

2. മത്സ്യബന്ധനം, കയർമേഖലയുമായി ബന്ധപ്പെട്ട് തൊഴിലെടുക്കുന്ന സ്ത്രീകളുടെ തൊഴിൽ സൗകര്യങ്ങൾ ശോചനീയമാണ്. അതുമൂലം നിരവധി ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കപ്പെടുന്നു.

3. മത്സ്യ സംസ്കരണ (ഉണക്കമീൻ) പദാർത്ഥങ്ങൾ വിറ്റഴിക്കുന്നതിനുള്ള ഒരു വിപണി ഇല്ല. തലച്ചുമടായി മറ്റു പ്രദേശങ്ങളിൽ കൊണ്ടുപോയി വിറ്റഴിക്കുകയാണ് ചെയ്യുന്നത്.

4. കയർമേഖലയിൽ വിപണനം കൃത്യസമയത്ത് നടക്കാത്തതു കൊണ്ട് തൊഴിൽ സ്തംഭനാവസ്ഥ ഉണ്ടാകുന്നു.

5. യന്ത്രവൽക്കൃത സൗകര്യങ്ങളുടെ അപര്യാപ്തത.

6. അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ രൂക്ഷമായിക്കൊണ്ടിരിക്കുന്നു.

7. സ്ത്രീകളുടെ തൊഴിലിന് മതിയായ വേതനം ലഭിക്കുന്നില്ല.

8. സ്ത്രീകൾക്ക് സൗകര്യാർത്ഥം ഒരു പൊതുമാർക്കറ്റോ, മാവേലിസ്റ്റോറോ, പച്ചക്കറി സ്റ്റാളോ പഞ്ചായത്തിലില്ല.

9. ഉന്നതവിദ്യാഭ്യാസ രംഗത്ത് വിദ്യാർത്ഥിനികളുടെ പങ്കാളിത്തം കുറവാണ്.

10. സാമൂഹ്യസേവന രംഗത്ത് കടന്നുവരാൻ പറ്റിയ സാമൂഹികാന്തരീക്ഷം ഇല്ല.

11. വനിതാ ചെറുകിട വ്യവസായ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള ഒരു വിപണിയില്ല.

12. വനിതകൾക്ക് സ്വയംതൊഴിൽ ചെയ്യുന്നതിന് ഗവൺമെന്റ് ആവിഷ്ക്കരിച്ചു നടപ്പാക്കുന്ന പദ്ധതികളെക്കുറിച്ചുള്ള അറിവില്ലായ്മ കൊണ്ട് ശരിയായ ഗുണം ലഭിക്കുന്നില്ല.

13. പുരുഷമേധാവിത്വം സ്ത്രീകളെ പൊതുരംഗത്ത് പ്രവേശിക്കുന്നതിൽ തടസ്സം സൃഷ്ടിക്കുന്നു.

14. രൂക്ഷമായ ഇന്ധനക്ഷാമം നേരിടുന്നു.

15. മഹിളാസമാജങ്ങളുടെ പ്രവർത്തനം ശരിയായ രീതിയിൽ നടക്കുന്നില്ല.

16. അംഗനവാടികൾക്ക് മതിയായ സൗകര്യങ്ങളില്ല.

17. കൂട്ടായ്മയിലൂടെ തൊഴിൽ സംഭരണത്തിനുള്ള മാർ

ഗങ്ങൾകുറവാണ്.

18. വനിതാക്ഷേമത്തിനു വേണ്ടി ഒരു വനിതാ സഹക രണസംഘമില്ല.

19. പെൺകുട്ടികൾക്ക് സ്കൂളുകളിൽ പ്രാഥമികാവശ്യ സൗകര്യങ്ങൾ അപര്യാപ്തമാണ്

20. വനിതകളുടെ സൈ്വര്യജീവിതത്തിനും പുരോഗതി ക്കും തടസ്സം സൃഷ്ടിക്കുന്ന മദ്യപാൻമാരായ പുരുഷന്മാരുടെ എണ്ണം കൂടുന്നു.

21. ഓപ്പറേഷൻ സൗകര്യമോ, ഒരു ലേഡി ഗൈനക്കോ ളജിസ്റ്റോ നീണ്ടകര ഗവൺമെന്റാശുപത്രിയിലില്ല.

22. ബോധവൽക്കരണത്തിന്റെ കുറവുകൊണ്ട് വനിത കൾക്കായി ഗവൺമെന്റ് നൽകി വരുന്ന പല ആനുകൂല്യങ്ങ ളും ലഭിക്കുന്നില്ല.

23. പൊതുസ്ഥലങ്ങൾ, സ്ഥാപനങ്ങൾ എന്നിവിടങ്ങ ളിൽ സ്ത്രീകൾക്ക് വേണ്ടത്ര പ്രാഥമിക ആവശ്യ സൗകര്യങ്ങളി ല്ല.

24. തുല്യജോലിക്ക് തുല്യവേതനം നിഷേധിക്കപ്പെടു ന്നു.

25. വനിതാ സഹകരണസംഘങ്ങൾ തീരെയില്ല.

26. മഹിളാ സമാജങ്ങൾ, അംഗനവാടികൾ എന്നിവയു ടെ പ്രവർത്തനം പ്രാധാന്യമനുസരിച്ച് ഉയർന്നിട്ടില്ല.

27. അഗതിസംരക്ഷണ കേന്ദ്രവും വൃദ്ധസംരക്ഷണ കേ ന്ദ്രവും ഇല്ല.

28. സ്വയം തൊഴിൽ സംരംഭങ്ങൾ വളർത്തിയെടുക്കാൻ സംഘടിത ശ്രമമില്ല.

## സാദ്ധ്യതകൾ

1. സർക്കാർ തലത്തിലോ പഞ്ചായത്തുതലത്തിലോ സ്ത്രീ കൾക്ക് തൊഴിൽ ലഭിക്കുന്നതിനുള്ളള്ള പദ്ധതികൾ ആസൂത്രണം ചെയ്യണം.

2. മത്സ്യസംസ്ക്കരണ പദാർത്ഥങ്ങൾ വിറ്റഴിക്കുന്നതി നുള്ള വിപണി പഞ്ചായത്തിൽ തന്നെ ഉണ്ടാകണം.

3. തൊഴിൽ മേഖലയുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ മാർഗങ്ങൾ ഉണ്ടാകണം. ഹാർബറിൽ സ്ത്രീകൾക്ക് പ്രാഥമികാവശ്യങ്ങൾ നിർവഹിക്കുന്നതിനുള്ള സൗകര്യം ഉണ്ടാകണം.

4. കയർമേഖലയിൽ സ്തംഭനാവസ്ഥ ഉണ്ടാകാതിരിക്കാൻ വിപണന സംവിധാനങ്ങൾ വിപുലീകരിക്കണം.

5. യന്ത്രവൽക്കരണം അനുയോജ്യമായ മേഖലകളിൽ ഉൾപ്പെടുത്തണം.

6. സ്ത്രീകളുടെ വേതനനിരക്കിലുള്ള അന്തരം കുറയ്ക്ക ണം.

7. അഭ്യസ്തവിദ്യരായ വനിതകൾക്ക് തൊഴിൽ ലഭിക്കു ന്നതിനാവശ്യമായ പദ്ധതികൾ പഞ്ചായത്തിൽ നടപ്പിലാക്കണം. (കൂട്ടായ്മയിലൂടെ)

8. പഞ്ചായത്തിൽ ഒരു പൊതുമാർക്കറ്റ്, മാവേലിസ്റ്റോർ, പച്ചക്കറിസ്റ്റാൾ ഇവയുണ്ടായാൽ സ്ത്രീകൾക്ക് സൗകര്യം, സമ യലാഭവും ഉണ്ടാകും.

9. പെൺകുട്ടികൾക്ക് ഉന്നതവിദ്യാഭ്യാസത്തിനുവേണ്ട പ്രോത്സാഹനം ആവശ്യമാണ്.

10. സാമൂഹ്യസേവന രംഗത്തേക്ക് സ്ത്രീകൾ കടന്നുവരു ന്നതിനാവശ്യമായ ബോധവൽക്കരണവും പശ്ചാത്തലവും ഉണ്ടാ കണം.

11. വനിതകൾ സ്വയം തൊഴിൽ പദ്ധതിയിലൂടെ ഉല്പാദി പ്പിക്കുന്ന ഉല്പന്നങ്ങൾക്ക് വിപണന സൗകര്യം പഞ്ചായത്തടി സ്ഥാനത്തിൽ ഉണ്ടാകണം.

12. സർക്കാരിന്റെ തൊഴിൽ പരിശീലന പദ്ധതിയിൽ വ നിതകൾക്ക് കൂടുതൽ അവസരങ്ങൾ നൽകുക.

13. ഇന്ധനക്ഷാമം പരിഹരിക്കുന്നതിനാവശ്യമായ നട പടികൾ അത്യന്താപേക്ഷിതമാണ്.

14. പഞ്ചായത്തിലെ വനിതകളെ ഉൾപ്പെടുത്തി ഒരു പ ഞ്ചായത്തു വനിതാ സമാജം രൂപീകരിക്കുക.

15. അംഗനവാടികളുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്ന തിനാവശ്യമായ നടപടികൾ ഉണ്ടാകണം.

16. വനിതാസഹകരണ സംഘങ്ങൾ വഴി തൊഴിൽ മേ ഖലകൾ സൃഷ്ടിക്കുക.

17. സ്കൂളുകളിൽ പെൺകുട്ടികളുടെ പ്രാഥമികാവശ്യ സൗകര്യങ്ങൾ വർദ്ധിപ്പിക്കുക.

18. പഞ്ചായത്തുകളിൽ നിന്നും മദ്യം പൂർണ്ണമായും നി രോധിക്കുക.

19. സ്ത്രീകൾക്ക് വായനാശീലം വർദ്ധിപ്പിക്കുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുക.

20. നീണ്ടകരയിലെ 60 കിടക്കകളോടുകൂടിയ അശുപത്രി യോടുള്ള അവഗണന ഒഴിവാക്കി ഓപ്പറേഷൻ വിഭാഗവും, ഗൈ നക്കോളജി വിഭാഗവും അടിയന്തിരമായി പ്രവർത്തിപ്പിക്കുക യും 24 മണിക്കൂറും സേവനം ലഭ്യമാക്കുകയും ചെയ്യുക.

# 13

# പട്ടികജാതി പട്ടികവർഗ ക്ഷേമം

നീണ്ടകര ഗ്രാമപഞ്ചായത്ത് പ്രദേശത്ത് വിവിധ കോളനികളിലും അല്ലാതെയുമായി 1180 പട്ടികജാതിയിൽ പെടുന്നവരും 5 പട്ടികവർഗ വിഭാഗത്തിൽപെടുന്ന ജനവിഭാഗങ്ങളും ഉണ്ട്.

വെളുത്തുരുത്തി കോളനി, മൂലയിൽ കിഴക്കതിൽ ഫോർ സെന്റ് കോളനി, വല്ലിലാത്ത് കോളനി, പന്നയ്ക്കൽ തുരുത്ത് കോളനി, പയ്യക്കശ്ശേരി തോപ്പ് കോളനി, ലക്ഷംവീടുകോളനി, നീലേശ്വരം തോപ്പ് കോളനി തുടങ്ങിയ കേന്ദ്രങ്ങളിൽ ഇവർ താമസിക്കുന്നു.

മറ്റു ജനവിഭാഗങ്ങളെ അപേക്ഷിച്ച് നോക്കുമ്പോൾ പട്ടികജാതി പട്ടികവർഗ വിഭാഗങ്ങൾ വിദ്യാഭ്യാസ രംഗത്തിൽ നിന്നും പിന്നിൽതന്നെയാണ്. വിദ്യാലയങ്ങളിൽ നിന്നും പല ജീവിത സാഹചര്യങ്ങളിലായി കൊഴിഞ്ഞുപോകുന്ന വിദ്യാർത്ഥികളിൽ ഏറിയ പങ്കും പ്രസ്തുത വിഭാഗത്തിൽപെട്ടവാരണന്ന് കാണാൻ കഴിയും. സെക്കണ്ടറി സ്കൂൾ വിദ്യാഭ്യാസത്തിൽ പരാജയപ്പെടുന്ന വിദ്യാർത്ഥികൾ വീണ്ടും അതിൽ വിജയിക്കാൻ ആഗ്രഹിക്കാതെ ഏതെങ്കിലും തൊഴിൽ തേടി പോകുന്നു എന്നതാണ് യാഥാർത്ഥ്യം. വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളം നിലവിലുള്ള ആനുകൂല്യം വളരെ പരിമിതമാണ്. രക്ഷകർത്താക്കളുടെ പരിമിതമായ വരുമാനം കൊണ്ട് വിദ്യാഭ്യാസം പൂർത്തീകരിക്കുവാൻ സഹായകകരമല്ല.

നീണ്ടകര ഗ്രാമപഞ്ചായത്തിലുള്ള പട്ടികജാതി പട്ടികവർഗക്കാരിൽ ഭൂരിഭാഗവും മരംകയറ്റ തൊഴിലാളികളാണ്. ശേഷിക്കുന്നവർ മത്സ്യമേഖലയിലും കയർ മേഖലയിലുമായി ജോലിചെയ്യുന്നു. അപൂർവ്വമായി മരപ്പണിക്കാരും വരിച്ചിൽ പണിക്കാരും ഉണ്ട്.

ഈ വിഭാഗത്തിൽ പെട്ട ചുരുക്കം ചിലരുടെ കഠിനമായ പ്രയത്നം കൊണ്ട് സാമൂഹ്യരംഗത്തും സാംസ്കാരികരംഗത്തും വളരെ മാറ്റങ്ങൾ ഉണ്ടാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. എങ്കിലും മറ്റു സമുദായങ്ങളോടു തുല്യത നേടുവാൻ ഇനിയും വളരെ നാളത്തെ ശ്രമം വേണ്ടിയിരിക്കുന്നു.

മുകളിൽ സൂചിപ്പിച്ച കോളനികളിൽ നിരവധി പ്രശ്നങ്ങളുണ്ട്. കോളനി നിവാസികൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ പൂർണ്ണമായും ഏർപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ല. കുടിവെള്ള ലഭ്യത പോലും ഉറപ്പാക്കിയിട്ടില്ല. വൈദ്യുതി ലഭിയ്ക്കായ്കയും ലഭിച്ചിടത്ത് വോൾട്ടേജ് ക്ഷാമം അതിരൂക്ഷവും. വൈദ്യുതി എത്തിച്ചു തരുന്നതിന് തടസ്സമായി നിൽക്കുന്നത് ലൈൻ കടന്നുപോകുന്ന പുരയിടക്കാരന്റെ പൂർണ്ണമായ അനുവാദം ലഭിക്കാത്തതാണ്. ഈ ഭാഗങ്ങളിൽ കൂട്ടായ്മയുടെ കുറവ് അനുഭവപ്പെടുന്നു.

കോളനികളിലേക്കുള്ള റോഡുകൾ പലതും സഞ്ചാരയോഗ്യമല്ല. ഡോ.ബി.ആർ.അംബേദ്ക്കറുടെ നാമത്തോടുകൂടിയ ഒരു സ്പോർട്ട്സ്&ആർട്ട്സ് ക്ലബ് അല്ലാതെ ഒരു സാംസ്ക്കാരിക കേന്ദ്രം നിലവിലുള്ള ഒരു കോളനികളിലും ഇല്ല.

പഞ്ചായത്തിന്റെ കിഴക്കുപ്രദേശത്ത് ഈ വിഭാഗം ആളുകളുടെ താമസസൗകര്യം ദുഷ്ക്കരവും ദുരിത പൂർണ്ണവും ആക്കിക്കൊണ്ട് മഴക്കാലത്ത് വെള്ളം കെട്ടികിടക്കുന്നത് സാധാരണമാണ്. ജലജന്യരോഗം ഈ പ്രദേശത്തെ കടന്നാക്രമിക്കാറുണ്ട്.

ലക്ഷംവീടു കോളനികളിലും മറ്റുകോളനികളിലും പൊതു കക്കൂസ് സംവിധാനങ്ങളുടെയും മാലിന്യനിർമ്മാർജ്ജനത്തിന്റെയും അഭാവം വളരെ വലുതാണ്.

ഈ വിഭാഗത്തിൽപ്പെട്ടവരുടെ ഭവനനിർമ്മാണ സഹായ പദ്ധതികൾക്കായി അനുവദിക്കുന്ന തുക ഇപ്പോഴത്തെ ഭവന നിർമ്മാണ വസ്തുക്കളുടെ വിലയുമായി താരതമ്യപ്പെടുത്തിയാൽ

വളരെ അപര്യാപ്തമാണെന്ന് കാണാൻ കഴിയും. മാത്രമല്ല നില വിലുള്ള ഭവനനിർമ്മാണ നിയമം പലരെയും കടകെണിയിൽ എത്തിക്കുകയും ചെയ്യുന്നു.

## പ്രശ്നങ്ങൾ

1. പട്ടികജാതി പട്ടികവർഗക്കാരുടെ തൊഴിലില്ലായ്മ രൂക്ഷ മാണ്.
2. വിദ്യാഭ്യാസം സിദ്ധിച്ചവർക്ക് സ്വയംതൊഴിൽനേടാൻ ക ഴിഞ്ഞിട്ടില്ല.
3. വിദ്യാഭ്യാസ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല.
4. വിദ്യാർത്ഥികൾ കൊഴിഞ്ഞുപോകുന്നു.
5. പാർപ്പിടസൗകര്യം ഇല്ല.
6. ഭവന നിർമ്മാണത്തിന് അനുവദിക്കുന്ന തുക അപര്യാ പ്തം.
7. അനുവദിക്കുന്ന തുക ദുർവിനിയോഗം ചെയ്യുന്നു.
8. കുടിവെള്ളം, വൈദ്യുതി, ആരോഗ്യസംരക്ഷണ സംവി ധാനം എന്നിവ മെച്ചപ്പെട്ടതല്ല.
9. കോളനികളിൽ ഇടറോഡുകൾ കുറവാണ്.
10. ഉള്ളറോഡുകൾ സഞ്ചാരയോഗ്യമല്ല.
11. നിർദ്ധനകുടുംബാംഗങ്ങളുടെ ചികിത്സയ്ക്കും പെൺകു ട്ടികളുടെ വിവാഹത്തിനും കൊടുക്കുന്ന തുക വർദ്ധി പ്പിക്കണം. അതിനുള്ള നടപടികൾ ഉണ്ടാകേണ്ടതാണ്.
12. 1, 2, 3, 5, 8, 9 എന്നി വാർഡുകളുടെ തീരദേശങ്ങളിൽ കടൽ ആക്രമണം മൂലവും കായലിൽ കൂടെ അഴിമുഖം കടന്ന് സമുദ്രത്തിലെത്താൻ വേണ്ടി യമഹാ ഘടിപ്പിച്ച വള്ളങ്ങൾ അതിവേഗത്തിൽ ചീറിപായുമ്പോൾ ഉണ്ടാ കുന്ന അലയിളക്കം ശക്തിയായി വെള്ളവും കരയും സന്ധിക്കുന്നിടത്ത് തട്ടുന്നതുമൂലവും വളരെവേഗം മണ്ണ് ഇടിഞ്ഞിടിഞ്ഞ് കര നഷ്ടപ്പെട്ട് പോകുന്നു.
13. ഒൻപതാം വാർഡിലെ പട്ടികജാതി കോളനിയിൽ ഐ. സി.ഡി.എസ്. അംഗനവാടികൾ ഇല്ല.
14. നീലേശ്വരം തോപ്പിൽ നിന്ന് കുട്ടികൾക്ക് ഇക്കരെ വന്ന് അംഗനവാടികളിലിരുന്ന് പഠിക്കുവാനുള്ള യാത്രാസൗ കര്യം ഇല്ലാത്തതിനാൽ നീലേശ്വരം തോപ്പിൽതന്നെ ഒരു അംഗനവാടി തുറന്നു പ്രവർത്തിക്കുന്നത് അവിടെയുള്ള പട്ടികജാതി കുഞ്ഞുങ്ങൾക്കുകൂടി ഗുണകരമായിരിക്കും.
15. നീലേശ്വരം തോപ്പിൽ പട്ടികജാതിക്കാർ കൂടുതലുണ്ടെ ങ്കിലും അവിടെ കോളനി രൂപീകൃതമായിട്ടില്ല.
16. പട്ടികജാതി പട്ടികവർഗക്കാരുടെയിടയിൽ മദ്യപാനാ സക്തി കൂടുതലാണ്.

## സാധ്യതകൾ.

1. ഐ.ആർഡി.പി., ട്രൈസം, ജെ.ആർ.വൈ. തുടങ്ങിയ പദ്ധതികൾ ഫലപ്രദമായി നടപ്പാക്കുക.
2. ലെംസ്ഗ്രാന്റ് വർദ്ധിപ്പിക്കുകയും യഥാസമയം കൊടു ക്കുകയും ചെയ്യുന്നതോടൊപ്പം ബോധവൽക്കരണപ്രവർ ത്തനവും കാര്യക്ഷമമാക്കുക.
3. കുടിവെള്ളം, വൈദ്യുതി, ആരോഗ്യസംരക്ഷണം എന്നി വയ്ക്ക് ശാശ്വതമായ നടപടികൾ ഏർപ്പെടുത്തുക.
4. കോളനികളിൽ താമസിക്കുന്നവർക്കുണ്ടാകുന്ന പകർ ച്ചവ്യാധികൾ തിരിച്ചറിഞ്ഞ് ഫലപ്രദമായ നിവാരണമാർ ഗങ്ങൾ സ്വീകരിക്കുക.
5. ഈ വിഭാഗത്തിൽപെട്ടവർക്കുവേണ്ടി സർക്കാർ അനു വദിക്കുന്ന സഹായങ്ങൾ ദുരുപയോഗം ചെയ്യാതിരിക്കാൻ ആവശ്യമായ നിയമനിർമ്മാണവും ബോധവൽക്കരണ വും നടത്തുക.
6. നിലവിലുള്ള റോഡുകൾ ഗതാഗതയോഗ്യമാക്കുന്നതോ ടൊപ്പം കോളനിവാസികൾക്ക് ഗതാഗതം സുഗമമാ ക്കത്തക്ക രീതിയിൽ ഇടറോഡുകൾ നിർമ്മിക്കുക.
7. കോളനികളിൽ താമസിക്കുന്നവരുടെ ആരോഗ്യം കണ ക്കിലെടുത്ത് പൊതു കളിസ്ഥലവും ഉദ്യാനവും നിർമ്മി ക്കുക.
8. സഹകരണ മേഖലകളിൽ ആവശ്യക്കാർക്കു സ്വയംതൊ ഴിൽ ചെയ്യുന്നതിന് സാമ്പത്തിക സഹായം ചെയ്യുക.
9. ഈ വിഭാഗത്തിൽ ഇവിടെയുള്ള കലാകാരന്മാരെ ക ണ്ടെത്തുകയും അവർക്കാവശ്യമായ പ്രോത്സാഹന നൽകുകയും ചെയ്യുക.
10. കോളനികളിലുള്ള ഭവനങ്ങളുടെ അറ്റകുറ്റപ്പണികൾ സർ ക്കാർ സഹായത്തോടെ ചെയ്യുന്നതിന് സത്വര നടപടി കൾ സ്വീകരിക്കുക.
11. നീലേശ്വരംതോപ്പ് കോളനി പട്ടികജാതി കോളനിയാ യി അംഗീകരിക്കുക.
12. തീരപ്രദേശങ്ങൾ കടലാക്രമണത്തിൽ നിന്നും കായൽ തീരം അലയടിയിൽ നിന്നും സംരക്ഷിക്കുന്നതിന് പാറ യിടുകയും ബണ്ടു നിർമ്മിക്കുകയും ചെയ്യുക.
13. നീലേശ്വരം തോപ്പിൽ അടിയന്തിരമായ അംഗനവാടി കൾ സ്ഥാപിക്കുക.
14. കോളനികളിലെ ഇടറോഡുകൾ ടാർ ചെയ്യുക.
15. വിദ്യാർത്ഥികൾ കൊഴിഞ്ഞുപോകുന്നത് ഒഴിവാക്കുവാൻ ബോധവൽക്കരണം നടത്തി പ്രോത്സാഹിപ്പിച്ചു നില നിർത്തുക.
16. കോളനികളുടെ സമീപപ്രദേശത്ത് മദ്യഷാപ്പുകൾ സ്ഥാ പിക്കാതിരിക്കുക.

ഈ പഞ്ചായത്തിൽ വളരെ വർഷങ്ങളായി താമസിച്ചു വരുന്ന പല പട്ടികജാതി കുടുംബങ്ങൾക്കും ഇപ്പോഴും സർ ക്കാരിൽ നിന്നും ലഭിക്കുന്ന സൗജന്യ ഭവനം ലഭിക്കുവാൻ

സാഹചര്യമോ സന്ദർഭമോ കിട്ടാതെ കഴിയുന്നുണ്ട്. ഇവരുടെ ഭൂമി സംബന്ധമായ പ്രശ്നങ്ങൾക്ക് ഒരവസാനമുണ്ടാകേണ്ടത് വളരെ അത്യാവശ്യമാണ്. ജനകീയാസൂത്രണ പ്രക്രിയയിലൂടെ പരിഹാരമാർഗം ഉണ്ടാക്കുവാനുള്ള നടപടികൾ ഉണ്ടാകണം.

നിലവിലുള്ള അംഗീകരിച്ച പട്ടികജാതി കോളനിയുടെ പട്ടിക

| | | | |
|---|---|---|---|
| 1. | വെളിത്തുരുത്ത് കോളനി | 24 വീട് | ഐ.എച്ച്.ഡി.പി |
| 2. | വല്ലിലാത്ത്തോപ്പ്കോളനി | 26 | " " |
| 3. | മുരിക്കിനാൻ കോളനി | 14 | " " |
| 4. | പന്നയ്ക്കൽ തുരുത്ത് കോളനി | 10 | " " |
| 5. | കണ്ണാട്ടുകുടി കോളനി | 17 | " " |
| 6. | ലക്ഷംവീടു കോളനി | 20 | " " |
| 7. | പള്ളാക്കുമുക്ക് കോളനി | 12 | " " |

## പുതിയതായി ഉൾപ്പെടുത്തുവാനുള്ള പട്ടികജാതി കോളനി

| | | | |
|---|---|---|---|
| 1. | നീലേശ്വരം തോപ്പ്കോളനി | 12 വീട് | ഐ.എച്ച്.ഡി.പി ഉൾപ്പെടുത്തുക |
| 2. | ശിവശക്തികോളനി | 15 | " |
| 3. | ഗുരുകുലം കോളനി | 16 | " |
| 4. | ഉപ്പൂട്ടിൽ മഹാത്മാ കോളനി | 12 | " |

നമ്മുടെ പഞ്ചായത്തിൽ പട്ടികജാതി പട്ടികവർഗക്കാരായ സമുദായ അംഗങ്ങളുടെ ഉന്നമനത്തിനായി പ്രവർത്തിക്കുന്ന കേരളാ തണ്ടാർ മഹാസഭകളും, കേരളാ പുലയ മഹാസഭകളും സാംബവ മഹാസഭയുടെ ശാഖയും, മണ്ണാൻ മഹാസഭയുടെ ശാഖയും ഈ പഞ്ചായത്തിലുണ്ട്.

## ഗ്രാമസഭയിൽ ഉന്നയിച്ച ആവശ്യങ്ങൾ

| ക്രമ നമ്പർ | കോളനികളുടെ പേര് | വീടിന്റെ സ്വഭാവം | ആവശ്യമുള്ള വീടുകളുടെ എണ്ണം | ആവശ്യമുള്ള കക്കൂസുകളുടെ എണ്ണം. |
|---|---|---|---|---|
| 1. | വെളിത്തുരുത്ത് കോളനി | കട്ടകെട്ടി ഓടുമേഞ്ഞത് | 5 | 5 |
| 2. | വല്ലിലാത്ത്തോപ്പ്കോളനി | " " | 3 | 3 |
| 3. | മുരിക്കിനാൽ കോളനി | " " | 2 | 2 |
| 4. | പന്നയ്ക്കൽ തുരുത്ത് കോളനി | " " | 2 | 2 |
| 5. | കണ്ണാട്ടുകുടികോളനി | " " | 4 | 4 |
| 6. | പള്ളിക്കൂടംതോപ്പ കോളനി | " " | 4 | 3 |
| 7. | ലക്ഷംവീടു കോളനി | " " | 4 | 5 |
| 8. | പയ്യക്കശ്ശേരിതോപ്പ്കോളനി | " " | 3 | 3 |
| 9. | സംഘംകോളനി | " " | 3 | 2 |

# 14
# സംസ്കാരം

നീണ്ടകര എന്ന ഈ കൊച്ചു ഗ്രാമത്തിന് ഒരു നല്ല സാംസ്കാരിക പൈതൃകമുണ്ട്. ഇവിടെ വിവിധ സമുദായങ്ങളിൽ പെട്ടവർ ഏകോദരസഹോദരങ്ങളായിട്ടാണ് കഴിഞ്ഞുകൂടുന്നത്. നീണ്ടകരപ്പള്ളിയിലെ പെരുന്നാളും, പരിമണം ദുർഗാദേവിക്ഷേത്രത്തിലെ ഉത്സവവും ജാതിമത ഭേദമന്യേ കൊണ്ടാടുന്നു. ഇവിടുത്തെ സാംസ്കാരിക അഭിവൃദ്ധിക്കുവേണ്ടി കലാസാംസ്കാരിക സ്ഥാപനങ്ങളും പ്രവർത്തിച്ചുവരുന്നു. നീണ്ടകര സെന്റ് സെബാസ്റ്റ്യൻ എൽ.പി.എസും, പുത്തൻ തുറ ഏ.എസ്.യു.പി.എസും. ഈ നാടിനെ ആദ്യകാലഘട്ടത്തിൽ സാംസ്കാരിക പുരോഗതിയിലേക്കുയിച്ച സ്ഥാപനങ്ങളാണ്. തുടർന്ന് ഉപരിവിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉണ്ടായതോടുകൂടി ഈ രംഗത്ത് സാംസ്കാരികപരമായി കൂടുതൽ നേട്ടങ്ങൾ കൈവരിക്കുവാൻ കഴിഞ്ഞു. നമ്മുടെ നാടിനെ സാംസ്കാരികതയിലേക്ക് നയിച്ച ഒരു പ്രധാന ഗോവണിയാണ് ഇവിടുത്തെ വായനശാലകളും, ഗ്രന്ഥശാലകളും കലാസാംസ്കാരിക സ്ഥാപനങ്ങളും ഇതിലേറ്റവും ആദ്യമായി രൂപംകൊണ്ടത് ഗവൺമെന്റ് റൂറൽ ലൈബ്രറിയായി തുടങ്ങിയ ഇന്നത്തെ ബാപ്പുജി സ്മാരക ഗ്രന്ഥശാലയാണ്. അതിനുശേഷം പുത്തൻതുറയിൽ ദേശോദ്ധാരണി ഗ്രന്ഥശാല സ്ഥാപിക്കപ്പെട്ടു. വളരെ വിലപിടിപ്പുള്ളതും വിജ്ഞാനപ്രദവുമായ ധാരാളം ഗ്രന്ഥങ്ങൾ ഈ ലൈബ്രറികളിൽ ഉണ്ട്. ഈ നാട്ടിലെ ജനങ്ങൾക്ക് വായനാശീലം വളർത്തിയെടുക്കുവാനും കൂടുതൽ വിജ്ഞാനം പ്രദാനം ചെയ്യുവാനും മേൽപ്പറഞ്ഞ ഗ്രന്ഥശാലകൾക്ക് ഒരു പരിധിവരെ കഴിഞ്ഞിട്ടുണ്ട്. നമ്മുടെ സാംസ്കാരിക പുരോഗതിക്ക് ആക്കം കൂട്ടുന്നതിന് ആരാധനാലയങ്ങളുടെ സംഭാവനകൾ വളരെ വിലപ്പെട്ടതാണ്. വിശുദ്ധ ഋഷിവരനായ വില്വംമംഗലം സ്വാമികൾ ഗുരുവായൂരിൽ നിന്നും തിരുവനന്തപുരത്തേക്കുള്ള യാത്രാമദ്ധ്യേ നീണ്ടകര പരിമണം ദേവിക്ഷേത്ര സന്നിധിയിൽ വിശ്രമിച്ചു. ആ സമയത്ത് അദ്ദേഹത്തിന് ഒരു പ്രത്യേക ദേവീചൈതന്യവും സൗരഭ്യവും അനുഭവപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഈ സ്ഥലത്തിനു പരിമണം എന്ന് പേരു നൽകി എന്നൊരൈതിഹ്യമുണ്ട്. കേരളത്തിലെ മറ്റുക്ഷേത്രങ്ങളിലൊന്നും ഇല്ലാത്ത ആറുപറ വഴിപാട് ഈ ക്ഷേത്രത്തിലെ ഒരു പ്രത്യേകതയാണ്. എല്ലാവർഷവും കുംഭമാസത്തിലെ കാർത്തിക നാളിലാണ് ഇത് നടത്തപ്പെടുന്നത്. ഈ നാട്ടിലെ ജനങ്ങളുടെ ആരോഗ്യസമ്പദ് സമൃദ്ധിക്കും ഐശ്വര്യത്തിനും ഉപകരിക്കുമെന്നു വിശ്വസിച്ചു പോരുന്നു. ഈ പ്രദേശത്തെ പ്രധാനപ്പെട്ട ആരധനാലയങ്ങളാണ് കണ്ണാട്ടുകുടി ദേവിക്ഷേത്രം, മണ്ണാത്തറ ദേവിക്ഷേത്രം, ആൽത്തറമൂട് ശിവക്ഷേത്രം, തോട്ടത്തിമഠം ശിവക്ഷേത്രം , സെന്റ്സെബാസ്റ്റ്യൻ ദേവാലയം. ഈ ദേവാലയം പോർട്ടുഗീസുകാർ നിർമ്മിച്ചതാണ്. ആ കാലഘട്ടത്തിൽ സമീപപ്രദേശത്തുള്ള ആളുകൾ എല്ലാംതന്നെ ആരാധന നടത്തിയത് ഈ ദേവാലയത്തിലായിരുന്നു. നമ്മുടെ നാട്ടിൽ ഇത്രയും സാംസ്കാരിക സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നെങ്കിലും നാം ഇനിയും ഉയരേണ്ടതായുണ്ട്. ഈ അടുത്തകാലത്ത് നീണ്ടകര പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ഒരു സാംസ്കാരിക നിലയം സ്ഥാപിക്കുകയുണ്ടായി. ഇത് ഇവിടുത്തെ ജനങ്ങളുടെ സാംസ്കാരിക പുരോഗതിയെ ലക്ഷ്യമാക്കി പ്രവർത്തിക്കുന്നു. നല്ല ഒരു ഗ്രന്ഥശാലയും പ്രധാന പ്രസിദ്ധീകരണങ്ങളുള്ള ഒരു വായനശാലയും ഇതിൽ പ്രവർത്തിച്ചുവരുന്നു.

കാലാകാലങ്ങളിൽ സാംസ്കാരിക സംഘടനകൾ കലാകായിക മത്സരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടു വാർഷികാഘോഷങ്ങൾ സംഘടിപ്പിക്കുന്നതുകൊണ്ട് കലാകായിക പ്രതിഭകൾക്കു പ്രചോദനം നൽകുവാൻ സഹായകമാണ്.

## പ്രശ്നങ്ങൾ

1. വളരെയധികം വായനശാലകൾ ഉണ്ടാകേണ്ടിയിരിക്കുന്നു. ഈ പ്രദേശത്തെ ജനങ്ങളിൽ നല്ലൊരു ശതമാനം ആളുകൾക്ക് ഇപ്പോൾ പത്രം വായിക്കുവാൻ സൗകര്യമില്ല.
2. സാംസ്കാരിക സംഘടനകൾക്കും ഗ്രന്ഥശാലകൾക്കും സർക്കാരിൽ നിന്നും മതിയായ സാമ്പത്തിക സഹായം ലഭിക്കാത്തതിനാൽ മിക്ക പ്രസ്ഥാനങ്ങളുടെയും പ്രവർത്തനങ്ങൾ നിലച്ചുകൊണ്ടിരിക്കുന്നു.
3. ഇപ്പോൾ ഇവിടെ പ്രവർത്തിക്കുന്ന ഗ്രന്ഥശാലകൾക്ക്

സ്വന്തമായി കെട്ടിടങ്ങളില്ല.

4. സാംസ്കാരിക ഉന്നമനത്തിത് ഇന്ന് വളരെ പ്രയോജന പ്പെടുന്ന ഒന്നാണ് ഇലക്ട്രോണിക് മാദ്ധ്യമങ്ങൾ. ഇ പ്പോൾ പല വാർഡുകളിലും ടി.വി.സെന്ററുകളില്ല. ഉള്ളത് പ്രവർത്തന രഹിതമാണ്.

5. പരിശീലന കേന്ദ്രങ്ങളും കളിസ്ഥലങ്ങളുമില്ല.

6. സ്ത്രീകളുടെ വായനാശീലം പ്രോത്സാഹിപ്പിക്കുവാൻ ആ വശ്യമായ സംവിധാനമില്ല.

7. മൊബൈൽ ലൈബ്രറിയുടെ അഭാവം ഉണ്ട്.

8. കുട്ടികളുടെ സാംസ്കാരിക ഉന്നമനത്തിന് ഉതകുന്ന ബാലവേദികൾ കുറവാണ്.

9. പുരാണ പാരായണം തുടങ്ങി പ്രാചീന കലകൾ പ്രോ ത്സാഹിപ്പിക്കുന്നില്ല.

## സാധ്യതകൾ

1. ഗ്രന്ഥശാലകളില്ലാത്ത സ്ഥലങ്ങളിൽ പുതിയതായ ഗ്ര ന്ഥശാലകൾ സ്ഥാപിക്കുക.

2. സാംസ്കാരികസംഘടനകളുടെ പ്രവർത്തനത്തിന് ആ വശ്യമായ സാമ്പത്തിക സഹായം നൽകണം.

3. സ്വന്തമായി കെട്ടിടങ്ങളില്ലാത്ത ഗ്രന്ഥശാലകൾക്ക് സ്വ ന്തമായി കെട്ടിടം നിർമ്മിച്ചു നൽകുക.

4. എല്ലാ വാർഡുകളിലും ടി.വി.സെന്ററുകൾ സ്ഥാപിക്കു കയും നിലവിലുള്ള പ്രവർത്തിക്കാത്ത ടി.വിസെറ്ററുകൾ പ്രവർത്തിപ്പിക്കുകയും ചെയ്യണം.

5. ഈ പഞ്ചായത്തിൽ കലാകായിക പരിശീലനത്തിന് ആ വശ്യമായ പൊതുസ്ഥലങ്ങളില്ല. അടിയന്തിരമായി ഇ വിടെ ഒരു മിനി സ്റ്റേഡിയം നിർമ്മിക്കണം.

6. സ്ത്രീകളുടെ വായനാശീലം പ്രോത്സാഹിപ്പിക്കുന്നതിന് വനിതാ വായനാശാലകൾ സ്ഥാപിക്കുക.

7. പുസ്തകങ്ങൾ വിതരണം ചെയ്യുന്നതിനും ശേഖരിക്കുന്ന തിനും മൊബൈൽ ലൈബ്രറികൾ ഏർപ്പെടുത്തണം.

8. കുട്ടികളുടെ സാംസ്കാരിക ഉന്നമനത്തിനായി കുട്ടിക ളുടെ പാർക്ക്, കിന്റർ ഗാർഡൻ സെന്ററുകൾ, ബാ ലഭവനുകൾ തുടങ്ങിയവ സ്ഥാപിക്കണം.

## നമ്മുടെ പഞ്ചായത്തിലെ കലാംകായികംസാംസ്കാരിക സംഘടനകൾ

| പേര് | സ്ഥാപിതം |
|---|---|
| 1. ബാബുജി സ്മാരക ഗ്രന്ഥശാല | 1948 |
| 2. ദേശോദ്ധാരണി വായനശാല | 1957 |
| 3. കേരളാ ലൈബ്രറി&റീഡിംഗ് റൂം | 1957 |
| 4. ബാലസമാജം നീണ്ടകര | 1953 |
| 5. ഐ.എം.എം.എ. നീണ്ടകര | 1953 |
| 6. ഉഷസ് കലാകേന്ദ്രം ടാഗോർനഗർ നീണ്ടകര | 1975 |
| 7. ചൈതന്യ ആർട്ട്സ്&സ്പോർട്ട്സ് ക്ലബ് | 1984 |
| 8. ശാന്തിനികേതൻ സ്പോർട്ട്സ്&ആർട്ട്സ് ക്ലബ് | |
| 9. ഉപ്പൂട്ടിൽ ബ്രദേഴ്സ് ആർട്ട്സ് സ്പോർട്ട്സ് ക്ലബ് | |
| 10. ന്യൂ ചലഞ്ചേഴ്സ് സ്പോർട്ട്സ്&ആർട്ട്സ് ക്ലബ് | 1983 |
| 11. അംബേദ്ക്കർ മെമ്മോറിയൽ കലാകേന്ദ്രം | 1981 |
| 12. സദ്ഗുരു സംഘടന വെളിത്തുരുത്ത് | |
| 13. ഇലവൻ ബ്രദേഴ്സ് സ്പോർട്ട്സ് ആർട്ട്സ് ക്ലബ് | |
| 14. വേദവ്യാസാ ആർട്ട്സ് സ്പോർട്ട്സ് ക്ലബ് | |
| 15. നവഭാവനാ ആർട്ട്സ് സ്പോർട്ട്സ് ക്ലബ് | |
| 16. ഡാൻസ് സ്കൂൾ നീണ്ടകര | 1989 |

# 15

# സഹകരണമേഖല

നമ്മുടെ സംസ്ഥാനത്ത് സഹകരണപ്രസ്ഥാനം ആഴത്തിൽ വേരൂന്നി പടർന്നു പന്തലിച്ച് ജനജീവിതത്തിന്റെ എല്ലാ മേഖലകളിലും വ്യാപിച്ചു കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ നീണ്ടകര പഞ്ചായത്തിലെ ഗ്രാമമേഖലകളിൽ പ്രവർത്തിച്ചിട്ടുള്ളതും പ്രവർത്തിക്കുന്നതുമായ സഹകരണസംഘങ്ങളുടെ കാര്യം ഇതിൽനിന്നും വളരെ വ്യത്യസ്തമാണ്.

ഈ പ്രദേശത്തിന്റെ പ്രധാന തൊഴിലായ കയർ ഉല്പാദന രംഗത്ത് ആദ്യമായി ഒരു കയർ സഹകരണസംഘം നിലവിൽ വന്നു. ഉദ്ദേശം 100 അംഗങ്ങളോട് പ്രവർത്തനമാരംഭിക്കുകയും എന്നാൽ കുറെവർഷങ്ങൾക്കുശേഷം പ്രവർത്തന രഹിതവുമായിരുന്നു. തുടർന്ന് പലമേഖലകളിലും സഹകരണസംഘം നിലവിൽ വന്നു. ബാങ്കിംഗ് രംഗത്തും കക്ക മത്സ്യ കയർ എന്നീ രംഗങ്ങളിലും സംഘങ്ങൾ രൂപീകൃതമായിട്ടുണ്ട്. ഇവയെല്ലാം കക്ഷിരാഷ്ട്രീയത്തിന്റെ സങ്കുചിതത്വത്തിൽ സഹകരണ ജനാധിപത്യത്തിന്റെ പ്രകാശം കെട്ടുപോയി എന്ന് പറയാതിരിക്കുവാൻ നിർവാഹമില്ല.

സ്വാകര്യമേഖലകളിൽ നടക്കുന്ന മൃഗീയ മത്സരങ്ങളിൽ നിന്നും ജനങ്ങളെ രക്ഷിക്കാനും ക്രിയാത്മകവും ലക്ഷ്യബോധമുള്ളതുമായ ഉല്പാദനങ്ങളിലേക്ക് ജനങ്ങളെ നയിക്കാനും നമ്മുടെ സഹകരണപ്രസ്ഥാനങ്ങളെ ജനകീയ ആസൂത്രണത്തിലൂടെ ശക്തിപ്രാപിക്കണം എന്ന ഉറച്ച വിശ്വാസത്തോട് നമ്മുടെ പഞ്ചായത്തിലെ സഹകരണസംഘങ്ങളുടെ പ്രശ്നങ്ങളും പരിഹാരമാർഗങ്ങളും നിർദ്ദേശിക്കട്ടെ.

## പ്രശ്നങ്ങൾ

1963ൽ രൂപീകരിക്കപ്പെട്ട നീണ്ടകര സർവീസ് സഹകരണസങ്കം ക്ലിപ്തം Q 289ന്റെ പ്രവർത്തനം ഈ പ്രദേശത്തുള്ള വിവിധ തൊഴിൽ മേഖലകളിൽ പ്രവർത്തിക്കുന്നവർക്ക് അംഗത്വമോ ധനസഹായങ്ങളോ ലഭിക്കാത്തതുമൂലം തൊഴിൽ വ്യവസായ രംഗങ്ങൾ മുരടിച്ചിരിക്കുകയാണ്.

2. ഈ പ്രദേശത്തുനിന്നും ലഭ്യതയുള്ള കക്ക, മത്സ്യ, ചെമ്മീൻ, നാളീകേരം, കയർ, രംഗങ്ങൾ സ്വാകര്യമേഖലകളിൽ സംസ്ക്കരിക്കുന്നതു മൂലം കർഷകർക്കും മത്സ്യത്തൊഴിലാളികൾക്കും അവർ നേടുന്ന ഗുണം ലഭക്കുന്നില്ല.

3. സ്വയംതൊഴിൽ ചെറുകിട വ്യവസായം എന്നീ സംരംഭങ്ങൾക്ക് കൂടുതൽ വായ്പാസൗകര്യം ഉദാരവൽക്കരിക്കുക.

4. കയർ സഹകരണസംഘങ്ങളെല്ലാം പ്രവർത്തനരഹിതമാണ്.

5. ഉപഭോക്തൃ സാധനങ്ങളുടെ പൊതുവിതരണ മേഖല ഈ പ്രദേശത്തില്ല.

6. ഇവിടെ ഒരു ക്ഷീര സഹകരണസംഘം മാത്രമേയുള്ളൂ.

7. ഭവന നിർമ്മാണ സഹകരണസംഘങ്ങൾ ഒന്നും തന്നെയില്ല.

| ക്രമനമ്പർ | സ്ഥാപനത്തിന്റെ പേര് | ആരംഭിച്ച വർഷം | അംഗങ്ങളുടെ എണ്ണം | ജീവനക്കാർ പു | ജീവനക്കാർ സ്ത്രീ | മറ്റുള്ളവർ | നിക്ഷേപം 1993 94 | നിക്ഷേപം 1994 95 | നിക്ഷേപം 1995 96 | വായ്പകൾ 1993 94 | വായ്പകൾ 1994 95 | വായ്പകൾ 1995 96 | നഷ്ടം രൂപ | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1. | നീണ്ടകര സർവീസ് സഹകരണബാങ്ക് Q 289 | 29.8.1963 | 4400 | 4 | | | 564540 | 584673 | 395782 | 670400 | 1866000 | 961700 | 1454000 | |

8. ഈ പ്രദേശത്തിന്റെ പ്രധാന ഉല്പന്നമായ കയറിൽ നിന്നും ഉണ്ടാക്കാവുന്ന മറ്റുസാധനങ്ങളുടെ നിർമ്മാണം സഹകരണ മേഖലാടിസ്ഥാനത്തിൽ ഇല്ല.

9. ആട്ടോ തൊഴിലാളി സഹകരണസംഘം നിലവിലില്ല.

10. പഴം, പച്ചക്കറി സമാഹരണ വിപണന സഹകരണ സംഘം നീണ്ടകര പഞ്ചായത്തിലില്ല.

11. സഹകരണ അടിസ്ഥാനത്തിൽ വാഴക്കൃഷി ചെയ്യുന്നതിനുള്ള സൗകര്യം ഇവിടെ ഉണ്ടായിട്ടില്ല.

12. കേര കർഷകർക്കും കർഷക തൊഴിലാളികൾക്കും വേണ്ടി പ്രവർത്തിക്കുന്ന സംഘ നീണ്ടകരയിൽ ഇല്ല.

13. സഹകരണാടിസ്ഥാനത്തിൽ വർക്ക് വീടുകളിൽ എത്തിച്ചുകൊടുക്കുന്ന ചെറുപ്പക്കാരുടെ ഒരു സഹകരണസംഘം നീണ്ടകര പഞ്ചായത്തിലില്ല.

14. മത്സ്യബന്ധന ഉപകരണങ്ങൾ, ബോട്ടുനിർമ്മാണം ഉൾപ്പടെ സഹകരണ അടിസ്ഥാനത്തിൽ നടക്കുന്ന സംഘം നമ്മുടെ പഞ്ചായത്തിലില്ല.

15. ചിപ്പി, കക്ക വളർത്തൽ സഹകരണ അടിസ്ഥാനത്തിൽ അഷ്ടമുടിക്കായലിൽ നടത്തുവാൻ കഴിഞ്ഞിട്ടില്ല.

16. സഹകരണഅടിസ്ഥാനത്തിൽ ബോട്ടുകൾക്കും വള്ളങ്ങൾക്കും ഡീസൽ, ലൂബ്രിക്കേഷൻ ഓയിൽ, മണ്ണെണ, പെട്രോൾ ഇവ വിൽക്കുന്നതിനുള്ള ഒരു കേന്ദ്രം നീണ്ടകര ഗ്രാമപഞ്ചായത്തിലില്ല.

## നിർദ്ദേശങ്ങൾ

### ബാങ്കിംഗ് സഹകരണസംഘം

1. നീണ്ടകരയിൽ ഇപ്പോൾ നിലനിൽക്കുന്ന സർവീസ് സഹകരണ സംഘത്തിൽ രാഷ്ട്രീയത്തിന് അതീതമായി എല്ലാ ജനങ്ങൾക്കും അംഗത്വം ലഭ്യമാക്കുക. വ്യവസായിക കാർഷിക അഭിവൃദ്ധിക്കുവേണ്ടി കൂടുതൽ വായ്പാ സൗകര്യം ഏർപ്പെടുത്തണം. ജനസംഖ്യാ വർദ്ധനവിനനുസരിച്ച് ഇവിടെ രണ്ടു ബാങ്കിംഗ് സഹകരണസംഘങ്ങൾ കൂടി സ്ഥാപിക്കേണ്ടതുണ്ട്.

### 2. കയർ സഹകരണ സംഘം

നീണ്ടകര പഞ്ചായത്തിൽ രണ്ടു കയർ സംഘങ്ങളാണുള്ളത്. ഇവ രണ്ടും ഇപ്പോൾ പ്രവർത്തിക്കുന്നില്ല. പ്രവർത്തനക്ഷമമാക്കുന്നതിന് ഈ സംഘങ്ങളിൽ തൊഴിലറിയാവുന്ന അംഗങ്ങളെ ഉൾപ്പെടുത്തിയും ഈ പ്രദേശത്തു നിന്നും ലഭിക്കുന്ന തൊണ്ട് സംഘങ്ങൾ വഴി ന്യായവിലയ്ക്ക് വാങ്ങി സംസ്കരിക്കുക. കൂടുതൽ തൊഴിൽ ദിനങ്ങൾ ഉണ്ടാക്കുന്നതിന് സംഘം വഴി തൊണ്ടഴുക്കൽ, തൊണ്ടുതല്ലി നാരാക്കൽ, കയർമാട് തുടങ്ങിയ ജോലികൾ സംഘം തൊഴിലാളികളെ കൊണ്ടു നടത്തിക്കേണ്ടതാണ്. സംഘം നേരിട്ടുതന്നെ കയർ വിൽക്കുന്നതിന് വേണ്ടി ശ്രമിക്കുകയും വേണം.

### 3. നാളികേര ശേഖരണ വിപണന സംഘം

ഈ പഞ്ചായത്തിലെ പ്രധാന കാർഷിക വിളയാണ് നാളികേരം. ഇതു സ്വകാര്യ മേഖലയിൽ സംസ്കരിക്കുന്നതു മൂലം കർഷകർക്ക് അവരുടെ ഉല്പന്നത്തിന്റെ ന്യായവില ലഭിക്കുന്നില്ല. ഇതു കുറച്ചൊക്കെ പരിഹരിക്കപ്പെടണമെങ്കിൽ പഞ്ചായത്തു തലത്തിൽ നാളികേര ശേഖരണ സംഘം രൂപീകരിക്കുയും ന്യായമായ വിലയ്ക്ക് നാളികേരം സംസ്ക്കരിക്കുകയും ഈ സംഘങ്ങൾ വഴി ഈ പ്രദേശത്തുള്ള ഉപഭോക്താക്കൾക്ക് ന്യായവിലയ്ക്ക് നാളികേര വിതരണ സംവിധാനവും ഉണ്ടാകണം. സംഘത്തിന്റെ ചുമതലയിൽ തന്നെ വെളിച്ചെണ്ണ , കൊപ്ര, പിണ്ണാക്ക് മറ്റ് ഉല്പന്നങ്ങളും ഉണ്ടാക്കി വിതരണം നടത്താനുള്ള സംവിധാനങ്ങളും ഉണ്ടാക്കി തൊഴിലില്ലായ്മ ഉൾപ്പടെയുള്ള അവസ്ഥയ്ക്കും ഒരു പരിധി വരെ പരിഹാരമുണ്ടാക്കാവുന്നതാണ്.

### ക്ഷീരസഹകരണ സംഘം

4. ക്ഷീരസഹകരണസംഘങ്ങൾ കൂടുതലായി ഏർപ്പെടുത്തി ഈ പ്രദേശത്തെ പോഷകാഹാര നിലവാരം ഉയർത്തുകയും അതുവഴി ഇവിടെയുള്ള കാലിവളർത്തു കർഷകരെ സഹായിക്കാനും കഴിയും. അവർ ഉല്പാദിപ്പിക്കുന്ന പാൽ, കൂടുതൽ പ്രദേശങ്ങളിലെത്തിച്ചു വിറ്റഴിക്കുവാനും കഴിയും. മറ്റു പ്രദേശത്തുള്ള ക്ഷീരവ്യവസായ സഹകരണ സംഘങ്ങളിലെ വിപണന തൊഴിലാളികൾ നമ്മുടെ പഞ്ചായത്തു പ്രദേശത്തു വന്ന് അമിതവിലയ്ക്ക് പാൽ വിൽക്കുന്നതു തടയാനും സാധിക്കും.

### ഭവനനിർമ്മാണ സഹകരണസംഘം

5. വർദ്ധിച്ചുവരുന്ന നമ്മുടെ നാട്ടിലെ ജനങ്ങൾക്ക് താമസിക്കുവാനുള്ള പാർപ്പിടമില്ലായ്മ പരിഹരിക്കുന്നതിന് നീണ്ടകര പഞ്ചായത്ത് കേന്ദ്രമാക്കി ഭവനനിർമ്മാണ സഹകരണ സംഘം സ്ഥാപിച്ച് പ്രവർത്തിച്ച് നാട്ടുകാരുടെ ഭവനനിർമ്മാണം ത്വരിതപ്പെടുത്തുവാൻ നടപടികൾ ഉണ്ടാകേണ്ടതാണ്.

9 നമ്മുടെ പഞ്ചായത്തിലിപ്പോൾ എല്ലാ വീടുകളിലെയും സാധാരണ ചെറുപ്പക്കാർ ഓട്ടോ സ്വന്തമായി വിലയ്ക്കുവാങ്ങിയും അല്ലാതെയും ഓട്ടോ ഓടിക്കൽ തൊഴിലിൽ വ്യാപകമായി ഏർപ്പെട്ടിരിക്കുയാണല്ലോ. ആ വിഭാഗത്തിന്റെ തൊഴിൽരംഗത്തെ കൂട്ടായ സുരക്ഷാ സംവിധാനത്തിനായി നമ്മുടെ പഞ്ചായത്തു തലത്തിൽ ഒരു ഓട്ടോ തൊഴിലാളി സഹകരണസംഘം സ്ഥാപിക്കുക. അങ്ങനെ സഹകരണത്തിന്റെ അടിസ്ഥാനത്തിൽ അവർക്ക് കൂടുതൽ ഓട്ടോ വിലയ്ക്കുവാങ്ങി ഓടിക്കുവാൻ ഉള്ള സൗകര്യം വന്നു ചേരുന്നതാണ്.

10. നമ്മുടെ പ്രദേശത്തുള്ള ആളുകൾ പണ്ടുകാലം മുതൽക്കെ വിവിധതരം ഭക്ഷണം ഭക്ഷിച്ചു ജീവിച്ചു പോന്നവരാണ്. പച്ചക്കറി, മത്സ്യം, മാംസം, കിഴങ്ങുവർഗങ്ങൾ, മുതലായവ. പലവിധമായ രോഗങ്ങളിൽ നിന്നും മോചനം ലഭിക്കുന്നതിന് നമ്മുടെ ആഹാര സാധനങ്ങളിൽ പച്ചക്കറിയുടെ ഘടകം വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. അതിനുവേണ്ടി നമ്മുടെ ഗ്രാമപഞ്ചായത്തിൽ ഒരു സഹകരണമേഖലയിൽ പഴം, പച്ചക്കറി വിപണന സംഘം തുറന്നു പ്രവർത്തിക്കുന്നത് അത്യന്താപേക്ഷിതമാണ്.

11. സംഘങ്ങൾ അവയ്ക്ക് ലഭിക്കുന്ന വായ്പാതുക പ്രഖ്യാപിത ആവശ്യങ്ങൾക്കുതന്നെ വിനിയോഗിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്ന സംവിധാനം ഏർപെടുത്തേണ്ടതാണ്. ലാഭകരമായി പ്രവർത്തിക്കുവാൻ കഴിയുന്ന തുറകളിലേക്ക് പ്രവർ

ത്തനം വ്യാപിപ്പിക്കേണ്ടതാണ്.

12. സഹകരണാടിസ്ഥാനത്തിൽ വിറകു വിതരണത്തിന് വനിതാ സഹകരണസംഘം സ്ഥാപിച്ച് വിറകു ക്ഷാമം പരിഹരിക്കാവുന്നതാണ്.

13. അഷ്ടമുടിക്കായിലിന്റെ നീണ്ടകര പഞ്ചായത്തിനോടു തൊട്ടുകിടക്കുന്ന ജലാശയം പ്രയോജനപ്പെടുത്തുന്നതിനും തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും മുരിങ്ങ, ചിപ്പി, കക്ക വളർത്തൽ പരിശീലനം ലഭിച്ചവരെ ഉൾപ്പെടുത്തി ഒരു സഹകരണ സംഘം സ്ഥാപിക്കേണ്ടത് അത്യാവശ്യമാണ്.

14. കേരകർഷകർക്കും കർഷക തൊഴിലാളികളുടെ ക്ഷേമ ഐശ്വര്യത്തിന് വിത്ത്, വളം, മറ്റു സംരക്ഷണം കണക്കിലെടുത്ത് പോരായ്മ പരിഹരിക്കുന്നത് ഒരു സഹകരണ സംഘം സ്ഥാപിക്കേണ്ടതാവശ്യമാണ്. കേരകർഷകനും കർഷകതൊഴിലാളിയും പ്രസ്തുത രംഗത്തെ കുറവുകൾ എന്തെല്ലാമെന്ന് കൂട്ടായി ചർച്ചചെയ്ത് പരിഹാരമാർഗം കണ്ടുപിടിക്കുവാൻ ഇടയാകും.

15. ഭൂരിഭാഗം ജനങ്ങളും മത്സ്യബന്ധ തൊഴിൽ രംഗത്തു കഴിയുന്ന ഈ പ്രദേശത്ത് തൊഴിലാളികളുടെയും ബോട്ടുടമയുടെയും സൗകര്യം കണക്കിലെടുത്ത് സഹകരണമേഖലയിൽ ഒരു പെട്രോൾ, ഡീസൽ, മണ്ണെണ്ണ പമ്പുകൾ സ്ഥാപിച്ച് വിതരണം ചെയ്യുന്ന ഒരു സ്ഥാപനം ആരംഭിക്കുക.

## 9. ഓട്ടോറിക്ഷാ തൊഴിലാളി സഹകരണസംഘം

നീണ്ടകര പഞ്ചായത്തിൽ അഭ്യസ്തവിദ്യരായ വളരെയധികം ചെറുപ്പക്കാർ ഓട്ടോറിക്ഷ തൊഴിൽ മേഖലയിൽ കൂടുതലായി കണ്ടുവരുന്നു. ഇവർ മിക്കവരും കൂലിക്ക് ഓടുന്നവരാണെന്ന് അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞു. ഇവരുടെ തൊഴിൽ അഭിവൃദ്ധിപ്പെടുത്തുന്നതിന്റെ ഭാഗമായി ഇതിന്റെ അടിസ്ഥാനത്തിൽ സഹകരണസംഘങ്ങൾ രൂപീകരിക്കുകയും ഈ തൊഴിലാളികളെ സംഘടിപ്പിച്ച് സംഘങ്ങൾ വഴി ഇവരുടെ തൊഴിൽ ഉപകരണം ലഭ്യമാക്കിയാൽ ഒരു പരിധി വരെ തൊഴിൽ പ്രശ്ന ം ഒഴിവാക്കുവാൻ കഴിയും.

മത്സ്യബന്ധന ഉപകരണമായ വള്ളം, ബോട്ട്, മറ്റുപകരണങ്ങൾ നർമ്മിക്കുന്നതിന് മത്സ്യബന്ധനം അന്താരാഷ്ട്ര രംഗത്ത് ശ്രദ്ധപിടിച്ചുപറ്റിയ നീണ്ടകരയിൽ നമ്മുടെ പഞ്ചായത്തിൽ സഹകരണ അടിസ്ഥാനത്തിൽ നാടൻവള്ളം, മത്സ്യബന്ധന ബോട്ട് ഇവ നിർമ്മിക്കുന്നതിന് എല്ലാ വിധ സംവിധാനങ്ങളോടുകൂടി തുടങ്ങുന്നതിന് സാധ്യത നിറഞ്ഞുനിൽക്കുന്നു. ആകയാൽ അടിയന്തിരമായി അതിന് ആരംഭം കുറിക്കേണ്ടതാണ്.

സ്ഥാപനത്തിന്റെ പേര് നീണ്ടകര സർവീസ് സഹകരണ ബാങ്ക് Q289

ആരംഭിച്ച വർഷം 29.8.1963

അംഗങ്ങളുടെഎണ്ണം 4400

ജീവനക്കാർ 4

നിക്ഷേപം

93 94 564540

94 95 584673

95 96 395782

ലാഭം 145400

വായ്പകൾ 670400

1866000

961700

കയർസഹകരണ സംഘങ്ങൾ

# 16
# വിഭവസമാഹരണം

പഞ്ചായത്തിൽ നടപ്പിലാക്കേണ്ട വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമായ പ്രധാന ഘടകം വിഭവങ്ങളാണ്. ആയതിനാൽ വിഭവസമാഹരണം എന്ന വിഷയം ഏറ്റവും പ്രാധാന്യമർഹിക്കുന്ന വിഷയമാണ്. ജനകീയ സഭകളിൽ നിന്നും ഉരുത്തിരിഞ്ഞുവന്ന പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നിതന് വിഭവങ്ങൾ കണ്ടെത്തിയെങ്കിൽ മാത്രമേ കഴിയൂ.

പഞ്ചായത്തുകളുടെ വിഭവങ്ങളിൽ പ്രധാനമായത് സ്വന്തം വരുമാനമാണ്. പദ്ധതിവിഹിതമായ സർക്കാരിൽ നിന്നും ഗ്രാന്റുകൾ മറ്റു വകുപ്പുകളിൽ നിന്നു ലഭിക്കുന്ന ധനസഹായം, വിവിധ ഏജൻസികളിൽ നിന്നു ലഭിക്കുന്ന വായ്പകൾ മുതലായവയാണ് മറ്റു വരുമാനങ്ങൾ. ഗുണഭോക്താക്കളിൽ നിന്നും ലഭിയ്ക്കുന്ന ധനസഹായം, തൊഴിൽ ദാനം മുതലായ ഇനത്തിലും വിഭവങ്ങൾ സമാഹരിക്കാൻ കഴിയും.

ഈ പഞ്ചായത്തിന്റെ സ്വന്തം വരുമാനം പരിശോധിച്ചാൽ കെട്ടിടനികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീസ്, വിനോദ നികുതി മുതലായവയാണ് പ്രധാന വരുമാന മാർഗങ്ങൾ. ഭരണചെലവ്, വൈദ്യുതി ചാർജ്ജ് മറ്റ് അത്യാവശ്യ ചെലവുകൾ നടത്തുന്നതിനു മാത്രമേ സ്വന്തം വരുമാനം കൊണ്ടു കഴിയുകയുള്ളൂ. ഗവൺമെന്റ് ഗ്രാന്റുകൾ ലഭിക്കുന്നതിനനുസരിച്ച് മാത്രമേ വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്താൻ കഴിയുന്നുള്ളൂ. കഴിഞ്ഞ മൂന്നുകൊല്ലത്തെ വരവു ചിലവു പട്ടിക പരിശോധിച്ചതിൽ ഇതു മനസ്സിലാക്കാൻ കഴിയും.

### പഞ്ചായത്തിലെ ചെലവു സംബന്ധിച്ച കണക്കുകൾ

| ക്രമനമ്പർ ഇനവിവരം | 1993 94 | 94 95 | 95 96 |
|---|---|---|---|
| 1. സ്ഥാപന ചെലവ് | 321609 | 279342 | 440390 |
| 2. പൊതുമരാമത്തു പണിക്കുള്ള ചെലവ് | 150220 | 278809 | 116023 |
| 3. വിദ്യാഭ്യാസ ചെലവ് | 13821 | 8393 | 9420 |
| 4. ജലവിതരണം, ഡ്രെയിനേജ്, പബ്ലിക്ഹെൽത്ത് എന്നിവയ്ക്കുള്ള ചെലവ് | 22893 | 9365 | 33434 |
| 5. തെരുവിളക്കുകൾക്കു വേണ്ടി മാത്രമുള്ള ചെലവ് | 58814 | 63024 | 63024 |
| 6. മറ്റു വൈദ്യുതി ചെലവ് | 9067 | 4576 | 4576 |
| 7. മറ്റിനം പലവക ചെലവ് | 348253 | 182530 | 449959 |
| ആകെ | 924677 | 826039 | 1116826 |

കെട്ടിടനികുതി അഞ്ചുവർഷത്തിലൊരിക്കലാണ് നിശ്ച യിക്കുന്നത്. ഈ ഇനത്തിൽ 25 ശതമാനത്തോളം വർദ്ധനവ് വരുത്താൻ കഴിയും. തൊഴിൽ നികുതി രണ്ട് അർദ്ധവർഷങ്ങ ളായി ചുമത്തിവരുന്നു. വ്യക്തികളിൽ നിന്നോ സ്ഥാപനങ്ങ ളിൽ നിന്നോ ഒരു അദ്ധ്യാന വർഷം പരമാവധി ചുമത്താവുന്ന നികുതി 1250രൂപയാണ്. ഈ പരിധി ഉയർത്താൻ നിർവാഹമി ല്ലാത്തതിനാലും ഈ ഇനത്തിൽ അധികവരുമാനം ലഭിക്കാനി ടയില്ല. ഈ പഞ്ചായത്തിൽ ഒരു തിയേറ്റർ നിലവിലുണ്ട്. ടി ക്കറ്റ് നിരക്കിനെ പരമാവധി ഉയർത്താവുന്ന ശതമാനം നിര ക്കിലാണ് നികുതി ചുമത്തിയിരിക്കുന്നത്. ടിക്കറ്റ് നിരക്കിന്റെ വർദ്ധന അനുസരിച്ച് ഈ ഇനത്തിൽ വരുമാന വർദ്ധനവ് ലഭിക്കുന്നുണ്ട്.

പരസ്യനികുതി ഇനത്തിൽ കാര്യമായ കാര്യമായ വരു മാനം ലഭിക്കുന്നില്ല. നിരക്കുകൾ വർദ്ധിപ്പിക്കുന്നതിനുള്ള ബൈലാ പാസ്സാക്കി നികുതി നിർണ്ണയം നടത്തി അധിക വരുമാനം കണ്ടെത്താൻ കഴിയുന്നതാണ്.

എട്ടാം വാർഡിൽ ഉള്ള ഷോപ്പിംഗ് കോംപ്ലക്സിൽ 7 മുറി കൾ വാടകയ്ക്ക് നൽകിയിട്ടുണ്ട് ടി ഇനത്തിൽ കഴിഞ്ഞ വർഷം 20700 രൂപ വരുമാനം ലഭിച്ചു. മുൻകൊല്ലത്തെ നിരക്കിൽ നി ന്നും 5% കൂട്ടിയാണ് ഓരോ വർഷവും വാടക നിശ്ചയിക്കുന്ന ത്. കാലപ്പഴക്കം കൊണ്ട് കെട്ടിടം ജീർണ്ണിച്ച അവസ്ഥയാണ് ഇത് റിപ്പയർ ചെയ്തും പുതിയ ഷോപ്പിംഗ് കോംപ്ലക്സ് നിർ മ്മിച്ചും വരുമാനത്തിൽ വർദ്ധനവ് വരുത്താൻ കഴിയും.

ലൈസൻസ് ഫീസ് ഇനത്തിൽ കഴിഞ്ഞവർഷം വരെ 5000 രൂപയാണ് ലഭിച്ചിരുന്നത്. ഗവൺമെന്റ് ഇതിന്റെ നിരക്കു ർ പുതുക്കി നിശ്ചയിച്ചിട്ടുള്ളതിനാൽ ഈ വർഷം ടി തുക 30000 രൂപ വരെ ഉയർത്താൻ കഴിഞ്ഞിട്ടുണ്ട്.

മാർക്കറ്റ് നിർമ്മിക്കാൻ എട്ടാം വാർഡിൽ സ്ഥലം ക ണ്ടെത്തിയിട്ടുണ്ടെങ്കിലും മാർക്കറ്റിന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. ഇപ്പോൾ നാമമാത്രമായ തുക മാത്രമേ ഈ ഇനത്തിൽ ലഭിക്കുന്നുള്ളൂ. മാർക്കറ്റ് സ്ഥാപിച്ചു പ്രവർത്തനം ആരംഭിച്ചാൽ അധിക വരുമാനം ലഭിക്കുന്നതാണ്.

നീണ്ടകര തുറമുഖത്തിന്റെ കൂടുതൽ ഭാഗവും ഈ പ ഞ്ചായത്തിലാണ് സ്ഥിതി ചെയ്യുന്നത്. ലേലഹാളിന്റെയും ആഫീ സ് കെട്ടിടത്തിന്റെയും കെട്ടിട നികുതി മാത്രമാണ് പഞ്ചായ ത്തിന് ലഭിക്കുന്നത്. മറ്റ് യാതൊരു വരുമാനവും ഈ ഇതിൽ ലഭിക്കുന്നില്ല. ഫിഷറീസ് വകുപ്പിന് ഇവിടെ നിന്നും ലഭിക്കുന്ന വരുമാനത്തിന്റെ ഒരു നിശ്ചിത ശതമാനം നൽകണമെന്ന് പല തവണ ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും ഇന്നുവരെ ലഭ്യമായിട്ടില്ല. അതുപോലെ തന്നെ മത്സ്യലേലത്തിന്റെ പാസ്സ് ലഭിച്ചവരിൽ നിന്നും ബോട്ടുടമകളിൽ നിന്നും ഇപ്പോൾ പഞ്ചായത്തിന് വരു മാനം ഒന്നും തന്നെ ലഭിക്കുന്നില്ല. ഇവർക്ക് തൊഴിൽ നികുതി ഏർപ്പെടുത്തി പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കാൻ കഴി യുന്നതാണ്.

## ധനകാര്യസ്ഥാപനങ്ങൾ

ഈ പഞ്ചായത്തിൽ ഫെഡറൽ ബാങ്കിനെ ഒരു ശാഖ യും നീണ്ടകര സർവ്വീസ് സഹകരണബാങ്ക് എന്നിവ പ്രവർ ത്തിക്കുന്നു.

## നിക്ഷേപവായ്പയുടെ കണക്ക്

| ക്രമനമ്പർ സ്ഥാപനത്തിന്റെ പേര് | നിക്ഷേപം | വായ്പ |
|---|---|---|
| 1. ഫെഡറൽ ബാങ്ക് | 2 കോടി 70 ലക്ഷം | 1 കോടി 70 ലക്ഷം |
| 2. സർവ്വീസ് സഹകരണബാങ്ക് | | |

1995 96 വർഷം പഞ്ചായത്തിന്റെ വരുമാനം 983642.20 രൂപയും 1116826 രൂപയുമാണ് ചെലവ്. വരുമാനത്തിൽ മുൻ കൊല്ലത്തേതിൽ നിന്നും നേരിയ കുറവ് വന്നിട്ടുണ്ട്. മൊത്തം വരുമാനത്തിനെ 40% ഭരണചെലവിനായും 10.5% പൊതുമാര മത്തു പണിക്കും 6% വൈദ്യുതി ചാർജ്ജ് ഇനത്തിലും ചെലവഴി ക്കുന്നു. മറ്റ് ഏജൻസികളിൽ നിന്നും ഒന്നും തന്നെ പഞ്ചാ യത്ത് ലോണുകളെടുത്തിട്ടില്ല. നികുതി പരിവിന്റെ കാര്യത്തിൽ കഴിഞ്ഞ മൂന്നുകൊല്ലവും പഞ്ചായത്ത് നൂറ് ശതമാനം നികുതി കളും, ഫീസുകളും പിരിച്ചെടുത്തിട്ടുണ്ട്.

## മനുഷ്യവിഭവം

വികസന പ്രവർത്തനങ്ങൾക്കാവശ്യമായ പ്രധാന ഘട കമാണ് കായികാധ്വാനം. ഇന്ന് നമുക്ക് ഏറ്റവും അധികം ലഭ്യ മാണ് മനുഷ്യവിഭവം. എന്നാൽ പൂർണമായ തോതിൽ ഈ സാധ്യത ഉപയോഗപ്പെടുത്തിയിട്ടിലഭ എന്നതാണ് പ്രധാനവ സ്തുത.

സാക്ഷരതാ പ്രവർത്തനം, വിഭവ ഭൂപട നിർമ്മാണം മുതലായ മേഖലകളിൽ ജനങ്ങളുടെ സേവനം ലഭ്യമായിട്ടു ണ്ട്. എന്നാൽ റോഡു നിർമ്മാണം, റോഡിന്റെ അറ്റകുറ്റപ്പണി കൾ, പരിസരശുചീകരണം മുതലായ തുറകളിൽ കായിക സേ വനം പ്രയോജനപ്പെടുത്തിയാൽ വികസന പ്രവർത്തനങ്ങളിൽ 100% വർദ്ധനവ് വരത്താൻ കഴിയും.

## സാധ്യതകൾ

1. പബ്ലിക് മാർക്കറ്റും ഷോപ്പിംഗ് കോംപ്ലക്സും നിർമ്മി ക്കുക.
2. നീണ്ടകര തുറമുഖത്തുനിന്നും ലഭിക്കുന്ന വരുമാനത്തി ന്റെ 25% പഞ്ചായത്തിനു ലഭ്യമാക്കണം.
3. ഹാർബറിലെ മത്സ്യം ലേലക്കാരിൽ നിന്നും ബോട്ടുടമ കളിൽ നിന്നും തൊഴിൽ നികുതി ഈടാക്കാവുന്നതാ ണ്.
4. സന്നദ്ധപ്രവർത്തകരുടെ സേവനം ലഭ്യമാകണം.

## നീണ്ടകര ഗ്രാമപഞ്ചായത്ത് വരവ് സംബന്ധിച്ച കണക്കുകൾ

| ക്രമനമ്പർ | ഇനവിവരം | 1993-94 | 1994-95 | 1995-96 |
|---|---|---|---|---|
| 1. | കെട്ടിടനികുതി | 95722.92 | 148730.00 | 150183.00 |
| 2. | സർവ്വീസ് നികുതി | 17695.80 | 27627.00 | 27770.00 |
| 3. | വിനോദ നികുതി | 16579.00 | 33452.55 | 34910.00 |
| 4. | അധികവിനോദനികുതി | 10747.00 | 22301.70 | 23140.00 |
| 5. | കാഴ്ചനികുതി | 993.00 | 2134.00 | 2098.00 |
| 6. | കാഴ്ചനികുതിയിൻമേലുള്ള സർചാർജ്ജ് | 250.00 | 533.50 | 524.50 |
| 7. | തൊഴിൽനികുതി | 103604.00 | 115090.00 | 128595.00 |
| 8. | ചന്തയിൽ നിന്നുള്ള വരവ് | 11720.00 | 10606.00 | 33990.00 |
| 9. | ലൈസൻസ് ഫീസ് | 5143.00 | 5917.00 | 5981.00 |
| 10. | വസ്തുകൈമാറ്റനികുതി 75 % | 353458.00 | 219394.00 | 15831.00 |
| 11. | മറ്റുവരവുകൾ | 55189.63 | 41730.80 | 114567.70 |
| 12. | വിവിധയിനം ഗ്രാന്റുകൾ | 219456.00 | 372367.00 | 446052.00 |
| | ആകെ വരവ് | 890558.35 | 999883.55 | 983642.20 |

## ഉപസംഹാരം

ഒൻപതാം പദ്ധതി ജനകീയ പദ്ധതി എന്ന ലക്ഷ്യത്തോടുകൂടി പ്രവർത്തനം ആരംഭിച്ച നാം അതിന്റെ രണ്ടാംഘട്ട പ്രവർത്തനത്തിന്റെ പരിസമാപ്തിയിലാണ്. മുൻകാല സമീപനങ്ങളിൽ നിന്നുവ്യത്യസ്തമായി പദ്ധതികൾ മുകളിൽ നിന്നും അടിച്ചേല്പിക്കുന്നതിൽനിന്നും പകരം മായി ജനങ്ങൾ അഭിലാഷങ്ങൾക്കനുസരിച്ചുള്ള പദ്ധതികൾ രൂപീകരിക്കുന്നതിന്റെ ഘട്ടമായാണ് ഈ വികസന റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്.

ആദ്യമായി നടപ്പിലാക്കുന്ന ഒരു സംഭവം എന്ന നിലയിൽ നമുക്ക് മുൻകാല പ്രവർത്തനങ്ങൾ ചൂണ്ടുപലകയാക്കുവാൻ സാധ്യമല്ലല്ലോ. പ്രവർത്തകർക്ക് പര്യാപ്തമായ പരിശീലനം ലഭിക്കാത്തതിനാലും ധൃതിപടിച്ച് ചെയ്യേണ്ടി വന്നതിനാലും പല പാകപ്പിഴകൾക്കും കാരണമായിട്ടുണ്ട്. ആയതിനാൽ ഈ വികസന റിപ്പോർട്ട് ഈ പഞ്ചായത്തിലെ എല്ലാ പ്രശ്നങ്ങളും ഉൾപ്പെടുത്താനായിട്ടുണ്ട് എന്ന അവകാശവാദമൊന്നും ഞങ്ങൾക്കില്ല. ഈ നാടിന്റെ വികസനം എന്ന ലക്ഷ്യം മുന്നിൽക്കണ്ടുകൊണ്ട് ജാതി മത രാഷ്ട്രീയ ചിന്തകൾക്കതീതമായ നടത്തിയ ഒരു എളിയ ശ്രമമാണ് ഈ റിപ്പോർട്ട്. അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾക്കും സജീവചർച്ചകൾക്കുമായി ഈ റിപ്പോർട്ട് അവതരിപ്പിക്കുന്നു.

ഈ വികസന രേഖ തയ്യാറാക്കാൻ സഹായിച്ചവരോട് കടപ്പാട് ഹൃദയത്തിൽ സൂക്ഷിച്ചുകൊണ്ട് ഈ രേഖ നിങ്ങൾക്കായി സമർപ്പിക്കുന്നു.